ഒമ്പതാം പദ്ധതി ജനകീയ പദ്ധതി




# ജനകീയാസൂത്രണം
# വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്
# വികസന രേഖ



''ഒരുപിടി ആളുകൾക്ക് അധികാരം കൈയാളാൻ അവസരം ലഭിക്കുമ്പോഴല്ല, മറിച്ച് ആ അധികാരം തെററായി ഉപയോഗിക്കുന്നതിനെ നേരിടാൻ ജനങ്ങൾ ശക്തിസംഭരിക്കുമ്പോഴാണ് യഥാർത്ഥ സ്വരാജ്യം കരഗതമാകുന്നത്''

മഹാത്മാഗാന്ധി

# ആമുഖം

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേരളത്തിലെ ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 30-40 ശതമാനം തുക പഞ്ചായത്ത് സമിതികൾ നിശ്ചയിക്കുന്ന പദ്ധതികൾക്കു വേണ്ടി വിനിയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇന്ത്യ സ്വാതന്ത്രമായ കാലഘട്ടം മുതൽ അധികാര വികേന്ദ്രീകരണത്തെപ്പററിയും മഹാത്മാഗാന്ധി വിഭാവന ചെയ്ത ഗ്രാമസ്വാരജിന്പ്പററിയും ആസൂത്രണം താഴെ തട്ടിൽ നിന്നും ആരംഭിക്കണമെന്നും ഉള്ള ചർച്ച വിവിധ തലങ്ങളിൽ നടന്നുവന്നിരുന്നുവെങ്കിലും പൂർണ്ണമായി യാഥാർത്ഥ്യമാകുന്നത് ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടത്തിലാണ്. 73-74ഉം ഭരണഘടന ഭേദഗതിപ്രകാരം 1996 ഒക്ടോബർ 2-ാം തീയതി അധികാരത്തിൽ വന്ന പഞ്ചായത്ത് സമിതികൾക്കും ജനങ്ങളുടെആവശ്യത്തിന് അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനോ നടപ്പിലാക്കുന്നതിനോ ഉള്ള സാമ്പത്തിക ശേഷിയോ മററ് അധികാരങ്ങളോ പൂർണ്ണമായി കൈമാറികിട്ടിയിട്ടില്ല.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പുഷ്ഠിപ്പെടുത്തുന്നതിനും കേരള സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് അഭിനന്ദനീയമാണ്. കേരളത്തിലെ ഗ്രാമ പ്രദേശങ്ങളുടെ മുഖഛായമാററുന്ന പ്രവർത്തികളിൽ നമുക്ക് പങ്കാളികൾ ആകാം. നമ്മുടെ പ്രദേശത്തിന്റെ വിവിധ മേഖലകളിലെ ഉല്പാദന വർദ്ധനവിലും ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ഒരു സംരംഭവുമായി ഈ ജനകീയാസൂത്രണ പദ്ധതി വളരട്ടെ. സമ്പൂർണ്ണ സാക്ഷരത പദ്ധതിയ്ക്കുശേഷം സമസ്തജനവിഭാഗങ്ങളേയും കൂട്ടിയോജിപ്പിച്ച് ഇതുപോലൊരു വികസന പ്രവർത്തനത്തിന് രൂപം നൽകുന്ന ഈ പ്രസ്ഥാനം ഇന്ത്യയ്ക്ക് മാതൃകയാണ്.

ജനങ്ങൾ ഉത്തരവാദിത്വത്തോടുകൂടി അവരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും അതിൽ പങ്കാളികളാകുന്നതിന്റെയും തുടക്കമാണ് ഈ മഹൽപ്രസ്ഥാനം. വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേക്കുവേണ്ടിയുള്ള ആദ്യചുവടു വയ്പാണ് ഈ പുതിയ സംരംഭം.

വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾ 1996 സെപ്ററംബർ മാസം 17-ാം തീയതി ഒന്നാംഘട്ടപഞ്ചായത്ത് പരിശീലന ശില്പശാലയോടു കൂടി ആരംഭിച്ചു. ഈ ഗ്രാമപഞ്ചായത്തിലെ 10 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ സെപ്ററംബർ 21-ാം തീയതി മുതൽ ഒക്ടോബർ 13 വരെ അതത് വാർഡുകളിൽ വച്ചുനടത്തി. രണ്ടാംഘട്ട ശില്പശാല നവംബർ 22ന് നടന്നു. ഗ്രാമസഭകളിൽ സജീവ ജനപങ്കാളിത്തവും ഓരോ വാർഡിന്റെയും പരിതസ്ഥിതിക്കനുസരിച്ച് പല വികസന ആവശ്യങ്ങളും ഉയർന്നു വരികയുണ്ടായി. വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ ക്രോഡീകരിച്ച് വിഭവ ശേഷിയുടെ അടിസ്ഥാനത്തിൽ മുൻഗണനപ്രകാരം അംഗീകരിച്ചിട്ടുള്ള വികസന റിപ്പോർട്ട് ഈ സെമിനാറിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

# സമർപ്പണം

ഗ്രാമസഭകളിൽ ഉയർന്നുകേട്ട ജനകീയാവശ്യങ്ങളും ലഭ്യമായ സ്ഥിതിവിവര കണക്കുകളും വച്ചുകൊണ്ട്

വിളവൂർക്കൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് എല്ലാ അർത്ഥത്തിലും

നാളിതുവരെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച മഹാരഥൻമാരെആദരപൂർവ്വംസ്മരിച്ചുകൊണ്ട്

വികസനത്തിനായി അവർ കാട്ടിത്തന്ന പാതയിൽ ഒമ്പതാം പദ്ധതി ഒരു ജനകീയ പദ്ധതി ആക്കികൊണ്ട് വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ വേണ്ടി യത്നിക്കുന്ന മുഴുവൻ ജനങ്ങൾക്കുമായി ഈ വികസന റിപ്പോർട്ട്.

സവിനയം സമർപ്പിക്കട്ടെ.

സ്നേഹാദരപൂർവ്വം

മലയം ഗോപൻ
പ്രസിഡൻറ്

# മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



പൊന്നയ്യൻ നാടാർ 1979—'80



കൃഷ്ണൻ നായർ
1980—'86



C. S. ശ്രീനിവാസൻ
1987—'95

# വിളവൂർക്കൽ പഞ്ചായത്ത് ഭരണസമിതി-1995-2000



മലയം ഗോപൻ
പ്രസിഡൻറ്



R. കുമാരൻ
വൈസ് പ്രസിഡൻറ്



സജിനകുമാർ
സ്റ്റാൻറിംഗ് കമ്മിററി
ചെയർമാൻ



ചന്ദ്രികാ ചന്ദ്രസേനൻ
മെമ്പർ
വാർഡ്-1



കവിത
മെമ്പർ
വാർഡ്-4



വാസുദേവൻ
മെമ്പർ
വാർഡ്-5



സുഭാഷിണിയമ്മ
മെമ്പർ
വാർഡ്-6



വിജയകുമാർ
മെമ്പർ
വാർഡ്-7



സതീഷ്കുമാർ
മെമ്പർ
വാർഡ്-8



ഷീലാ പ്രസാദ്
മെമ്പർ
വാർഡ്-10



ശൈലജാ ദേവി
സെക്രട്ടറി

# ത്രിതല പഞ്ചായത്ത് സാരഥികൾ



V. K. മണികണ്ഠൻനായർ
ജില്ലാ പഞ്ചായത്ത് മെമ്പർ



പേയാട് ശശി
ബ്ലോക്ക് മെമ്പർ



മൂങ്ങോട് രാജൻ
ബ്ലോക്ക് മെമ്പർ

# ജനകീയാസൂത്രണസമിതി വിളവൂർക്കൽ പഞ്ചായത്ത്



T. R. വിജയരാജ്
കൺവീനർ
ജനകീയാസൂത്രണ സമിതി
വിളവൂർക്കൽ പഞ്ചായത്ത്



അശോകൻ
D.R.P.



പ്രദീപ് കുമാർ
D.R.P.



പ്രേമചന്ദ്രൻ
D.R P.



ജോയ്മോൻ
D.R P.

# പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | വിളവൂർക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് മണ്ഡലം | : | 1. വിളവൂർക്കൽ<br>2. പേയാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| ജില്ലാപഞ്ചായത്ത് മണ്ഡലം | : | മലയിൻകീഴ് |
| അസംബ്ളി മണ്ഡലം | : | നേമം |
| പാർലമെന്റ് മണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | നെയ്യാററിൻകര |
| ജില്ല | : | തിരുവനന്തപുരം |
| പോലീസ് സ്റ്റേഷൻ | : | മലയിൻകീഴ് |
| പോസ്റ്റ് ഓഫീസ് | : | 1. പേയാട്<br>ബ്രാഞ്ച് : പെരുകാവ്<br>2. മലയിൻകീഴ്<br>ബ്രാഞ്ച് : മലയം |
| ഇലക്ട്രിക്കൽ സെക്ഷൻ | : | 1. പേയാട്<br>2. നേമം |
| ഇലക്ട്രിക്കൽ ഓവർസീയർ ആഫീസ് | : | പൊററയിൽ |
| പ്രൈമറി ഹെൽത്ത് സെൻറർ | : | പൊററയിൽ |
| മൃഗാശുപത്രി | : | വിഴവൂർ |
| കൃഷിഭവൻ | : | വിളവൂർക്കൽ |
| പഞ്ചായത്ത് ഓഫീസ് | : | പൊററയിൽ |
| വിസ്തീർണ്ണം | : | 12.5 ചതുരശ്രകിലോമീററർ |
| ജനസംഖ്യ | : | 22748 (1991) |
| വാർഡുകളുടെ എണ്ണം | : | 10 |
| അതിർത്തി | : | കിഴക്ക്- മലയിൻകീഴ് പഞ്ചായത്ത്<br>തെക്ക്- പള്ളിച്ചൽ പഞ്ചായത്ത് (മൂക്കുന്നിമല)<br>പടിഞ്ഞാറ്- കരമനയാറ്<br>വടക്ക്- തിരുവനന്തപുരം - നെയ്യാർ ഡാം റോഡ് (വിളപ്പിൽ മലയിൻകീഴ് പഞ്ചായത്തുകൾ) |
| പ്രസിഡൻറ് | : | ശ്രീ. മലയം ഗോപൻ |
| വൈസ് പ്രസിഡൻറ് | : | ശ്രീ. ആർ. കുമാരൻ |
| സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ | : | ശ്രീ. ജി. സജീനകുമാർ |

31.5 ച: കി: മീററർ ചുററളവും 22748 ജനസംഖ്യയും ഉണ്ടായിരുന്ന വിളപ്പിൽ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമായിരുന്നു ഇന്നത്തെ വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്. ഒന്നായിരുന്ന വിളപ്പിൽ പഞ്ചായത്തിൽ അന്ന് പതിനൊന്ന് വാർഡുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ജനസംഖ്യാനുപാതിക ക്രമത്തിൽ ജനപ്രതിനിധികളെ തെരഞ്ഞെടുക്കാനോ, ജനങ്ങളുടെ ആവശ്യങ്ങൾ യഥാവസരം നിറവേററാനോ ഭരണ പരമായ സൗകര്യമോ, ഈ പ്രദേശത്തുള്ളവർക്ക് അന്ന് ലഭ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ വിളപ്പിൽ പഞ്ചായത്തിനെ വിഭജിച്ച് രണ്ടു പഞ്ചായത്തുകൾ ആക്കണമെന്ന ആവശ്യം ഉയർന്നുവന്നു. ഈ ആവശ്യം 1979-ൽ ഫലപ്രാപ്തിയിലെത്തുകയും വിളവൂർക്കൽ പഞ്ചായത്ത് എന്ന പേരിൽ ഈ പഞ്ചായത്ത് നിലവിൽ വരുകയും ചെയ്തു. വിളപ്പിൽ പഞ്ചായത്തിൻെറ ഭാഗമായിരുന്ന കളത്തിൽ തെക്ക്, കളത്തിൽ വടക്ക്, വിളവൂർക്കൽ, ഈഴക്കോട്, കുരിശുമുട്ടം തെക്ക് എന്നീ വാർഡുകൾ ഉൾപ്പെടുത്തികൊണ്ടാണ് വിളവൂർക്കൽ പഞ്ചായത്ത് രൂപീകൃതമായത്. അന്നത്തെ വിളപ്പിൽ പഞ്ചായത്ത് പ്രസിഡൻറും കളത്തിൽ തെക്ക് വാർഡിലെ മെമ്പറുമായിരുന്ന ശ്രീ. കെ. പൊന്നയ്യൻ നാടാർ, കളത്തിൽ വടക്ക് വാർഡിലെ മെമ്പർ ശ്രീ. കെ. പി. ഭാസ്കരപിള്ള, വിളവൂർക്കൽ വാർഡു മെമ്പർ ശ്രീ. വേലായുധൻ നായർ, ഈഴക്കോട് വാർഡ് മെമ്പർ ശ്രീ. എസ്. ദാമോദരൻ നാടാർ കുരിശുമുട്ടം തെക്ക് വാർഡിലെ മെമ്പർ ശ്രീ. എസ്. തങ്കപ്പൻ നായർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ സാംസ്കാരിക നായകന്മാർ, വിവിധ സംഘടനാ പ്രതിനിധികൾ ബഹുജനങ്ങൾ ഇവരൊക്കെ ഈ പഞ്ചായത്ത് രൂപീകരണത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

30-3-1979-ലെ G. O. M. S. 52/79 / L. A. & S. W. D. ഗവൺമെൻറു ഉത്തരവനുസരിച്ച് രൂപീകൃതമായ വിളവൂർക്കൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്യപ്രതിജ്ഞ 6-4-1979-ൽ ആദ്യത്തെ പഞ്ചായത്ത് ഓഫീസായ വിളവൂർക്കൽ മഹാത്മാഗാന്ധി മെമ്മോറിയൽ ഗ്രന്ഥശാലയിൽ വച്ച് നടന്നു. ഈ പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ് ശ്രീ. കെ. പൊന്നയ്യൻ നാടാരും ശ്രീമാന്മാർ, കെ. പി. ഭാസ്കരപിള്ള, എസ്. ദാമോദരൻ, എസ്. തങ്കപ്പൻ നായർ, സി. ശിവൻകുട്ടി നായർ, പി. രാമസ്വാമി, എം. അബ്ദുൾ ഗനി, ശ്രീമതി. രത്നദീപം എന്നിവർ അംഗങ്ങളുമായിരുന്നു. ഈ കമ്മററി ഗവൺമെൻറ് നിയോഗിച്ചതായിരുന്നു. ഈ കമ്മററിയുടെ കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു എങ്കിലും വാർഡുവിഭജനം തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്ത കാരണത്താൽ വിളവൂർക്കൽ പഞ്ചായത്തിൽതെരഞ്ഞെടുപ്പ് നടന്നില്ല. ഗവൺമെൻറ് നിയോഗിച്ച കമ്മിററി 31-3-1980-ൽ പിരിച്ചുവിടപ്പെടുകയും പഞ്ചായത്ത് ഇൻസ്പെക്ടർ സ്പെഷ്യൽ ഓഫീസറായി ചുമതല ഏൽക്കുകയും ചെയ്തു.

1980 സെപ്തംബർ മാസത്തിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പോടുകൂടിയാണ് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അധികാരത്തിൽ വന്നത്. ശ്രീമാന്മാർ. വി. ബാലകൃഷ്ണൻ, എൽ. രാജരത്തിനം, കെ. സോമൻ നായർ, ആർ. കെ. മധുസൂദനൻ നായർ, ജി. കൃഷ്ണൻ നായർ, സി. ശിവൻകുട്ടി നായർ, ദാമോദരൻ നായർ, പി. രാമസ്വാമി ശ്രീമതി. കെ. സരോജിനി എന്നിവരായിരുന്നു ആദ്യമായി തെരഞ്ഞെടുപ്പിലൂടെ ഈ പഞ്ചായത്തിൽ അധികാരത്തിൽ വന്ന അംഗങ്ങൾ. ഇവരിൽ ശ്രീ. ജി. കൃഷ്ണൻ നായരെ പ്രസിഡൻറായും ശ്രീ. ആർ. കെ. മധുസൂദനൻ നായരെ വൈസ് പ്രസിഡൻറായും തെരഞ്ഞെടുത്തു.

1980-ൽ പഞ്ചായത്ത് കമ്മിററി നിലവിൽ വന്നു എങ്കിലും സ്വന്തമായ വരുമാനം യാതൊന്നും തന്നെയില്ലാത്ത ഒരു സെക്കൻറ് ഗ്രേഡ് പഞ്ചായത്ത് എന്ന നിലയിൽ സർക്കാർ ഗ്രാൻറുപോലും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട സ്ഥിതിയിലായിരുന്നു. എന്നിരുന്നാലും വിളവൂർക്കൽ മഹാത്മാ ഗാന്ധി മെമ്മോറിയൽ ഗ്രന്ഥശാലയിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്തിന്, പഞ്ചായത്തു മെമ്പറായിരുന്ന ശ്രീമതി. കെ. സരോജിനിയുടെ ഭർത്താവ് ശ്രീ. ഗോപി, പൊററയിൽ ജംഗ്ഷനിൽ സൗജന്യമായി നൽകിയ 10 സെൻറ് സ്ഥലത്ത് സ്വന്തമായി പഞ്ചായത്ത് മന്ദിരം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനും വിളവൂർക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രം പൊററയിൽ സ്ഥാപിക്കുന്നതിനും ഈ കമ്മിററിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പഞ്ചായത്ത് സമിതി 30-9-1985-ൽ പിരിഞ്ഞുപോകുകയും 1-10-1985 മുതൽ 1988 വരെ പഞ്ചായത്ത് ഉദ്യോഗസ്ഥ ഭരണത്തിൻ കീഴിലാകുകയും ചെയ്തു.

1988 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. സി.എസ്. ശ്രീനിവാസൻ പ്രസിഡൻറായും, ശ്രീമതി കെ. സരസമ്മ വൈസ് പ്രസിഡൻറായും ശ്രീമാന്മാർ, വി. ബാലകൃഷ്ണൻ, എൻ. ജി. മിൽട്ടൻ. സി. രാമൻകുട്ടിനായർ, കെ. വാസുദേവൻ, ജെ. ഫ്രാൻസിസ്, വി. രാജേന്ദ്രൻ, ശ്രീമതി, കെ. സരോജിനി എന്നിവർ അംഗങ്ങളുമായ ഭരണ സമിതി നിലവിൽ വന്നു. പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിപൂർത്തിയാക്കിയതും,

പെരുകാവിൽ കളി സ്ഥലം നിർമ്മിച്ചതും ഈഴക്കോട് സാംസ്കാരിക നിലയം സ്ഥാപിച്ചതും വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയതും. കുന്നിൻ മുകളം വാട്ടർസപ്ലൈ സ്കീമിന്റെ നടത്തിപ്പിനാവശ്യമായ വസ്തുവാങ്ങികൊടുത്തതും വിളവൂർക്കൽ വില്ലേജ് ഓഫീസ് കെട്ടിടത്തിന് നാട്ടുകാരുടെ കമ്മിററി രൂപീകരിച്ച് പണം സ്വരൂപിച്ച്, വസ്തു വാങ്ങികൊടുക്കുന്നതിനും ഈ കമ്മിററിയാണ് നേതൃത്വം നൽകിയത്, ഇക്കാര്യങ്ങളിൽ സംസ്ഥാന തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. ജെ. തങ്കപ്പൻ അകമഴിഞ്ഞ് സഹായിക്കുകയുണ്ടായി.

# സാമൂഹ്യ സാംസ്കാരിക ചരിത്രം

തിരുവനന്തപുരം സിറ്റി കോർപ്പറേഷനുമായി തൊട്ടുരുമ്മി കിടക്കുന്ന പ്രദേശമാണ് വിളവൂർക്കൽ പഞ്ചായത്തെങ്കിലും 1966-67 കാലഘട്ടം വരെ ഭരണപരമായ ആവശ്യങ്ങൾക്ക് ഈ പ്രദേശത്തുള്ളവർ ബന്ധപ്പെട്ടിരുന്നത് നേമവുമായിട്ടാണ്. പോലീസ് സ്റ്റേഷൻ, സബ്‌രജിസ്റ്റാർ ഓഫീസ് എന്നിവയൊക്കെ അന്ന് നേമത്തായിരുന്നു. മുളയറ മുതലുള്ള ആളുകൾക്ക് അന്ന് നേമത്തെത്തുന്നതിന് യാതൊരു ഗതാഗത മാർഗ്ഗവും ഉണ്ടായിരുന്നില്ല. പേയാട്, പെരുകാവ്, ചൂഴാററുകോട്ടവഴി കാൽനടയായിട്ടു മാത്രമേ നേമത്തെത്താൻ കഴിഞ്ഞിരുന്നുള്ളൂ. ആ കാലഘട്ടത്തിൽ ഈ പ്രദേശത്തുള്ള പ്രധാനപ്പെട്ട റോഡുകൾ കുണ്ടമൺ ഭാഗം-മലയിൻകീഴ് റോഡും മലയിൻകീഴ്-പാപ്പനംകോട് റോഡും മാത്രമായിരുന്നു. ഇതിൽ കുണ്ടമൺ ഭാഗം മലയിൻകീഴ് റോഡു മാത്രമായിരുന്നു ടാർ ചെയ്തിരുന്നത്. 1966-67 കാലഘട്ടങ്ങളിലാണ് മലയിൻകീഴ് പാപ്പനംകോട് റോഡ് ടാർ ചെയ്തത്. സ്വകാര്യമുതലാളിമാരുടെ ഉടമസ്ഥതയിലുള്ള വശങ്ങളിൽ അടമാനമില്ലാതിരുന്ന കമ്പി വണ്ടിയിൽ ആരംഭിച്ച ബസ് സർവ്വീസ് ഇന്ന് K.S.R.T.C. യുടെ സിറ്റിഫാസ്റ്റും, സൂപ്പർ ഫാസ്റ്റും അതോടൊപ്പം ടെംബോ, ട്രക്കർ, സമാന്തര സർവ്വീസും കൈയ്യടക്കിയിരിക്കുന്നു. 1958 കാലങ്ങളിൽ ചൂഴാററുകോട്ടയിൽ നിന്നും പെരുകാവിലേയ്ക്കും, മങ്കാട്ടുകടവിൽ നിന്നും പിടാരത്തേയ്ക്കും, വിളവൂർക്കൽ നിന്നും പിടാരത്തേയ്ക്കും കാൽ നടയ്ക്ക് യോഗ്യമായ റോഡുകളുണ്ടാക്കി. 1968-ൽ വിഴവൂർ പാലത്തിന്റെ നിർമ്മാണവും 1988-ൽ മങ്കാട്ടുകടവു പാലത്തിന്റെ പൂർത്തീകരണവും ഈ പഞ്ചായത്തു പ്രദേശത്തുള്ള ഗതാഗതമാർഗ്ഗങ്ങൾ കൂടുതൽ സുഗമമാക്കി. ''കട്ടയ്ക്കാൽ സർവ്വീസ്'' എന്ന അപര നാമധേയത്തിൽ അറിയപ്പെട്ട തച്ചോട്ടുകാവ്, ചൂഴാററുകോട്ട, പാപ്പനംകോട്, കിഴക്കേകോട്ട സർക്കുലർ ബസ് സർവ്വീസ് K. S. R. T. C ആരംഭിച്ചത് 1979-ൽ ആണ്. ഈ പഞ്ചായത്തിന്റെ ഉൾപ്രദേശത്തുകൂടെ ആദ്യമായി കടന്നുപോയ ബസ്സും ഇതുതന്നെയായിരുന്നു. ഇതിനുവേണ്ടിയുള്ള പ്രധാന പ്രവർത്തനം നടത്തിയിരുന്നത് അന്നത്തെ നേമം M.L.A. യും സംസ്ഥാന ധനകാര്യവകുപ്പു മന്ത്രിയുമായിരുന്ന അന്തരിച്ച ശ്രീ. എസ്. വരദരാജൻ നായരായിരുന്നു. 1988-ൽ മങ്കാട്ടുകടവു പാലം പണി പൂർത്തിയാക്കുന്നതിനും ഈ പാഞ്ചായത്തിന്റെ വിവിധ റോഡുകൾ ടാർ ചെയ്യുന്നതിനും ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചത് ശ്രീ. വി.ജെ. തങ്കപ്പൻ നേമം മണ്ഡലത്തിലെ M.L.A യും സംസ്ഥാന തദ്ദേശ സ്വയം ഭരണവകുപ്പുമന്ത്രിയും ആയിരുന്ന കാലഘട്ടത്തിലാണ്.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട് വമ്പിച്ച പ്രക്ഷോഭ പരിപാടികൾ നമ്മുടെ പ്രദേശത്ത് അലയടിച്ചിട്ടില്ലാ എങ്കിലും നമ്മുടെ പഞ്ചായത്തു പ്രദേശത്തുള്ള വിളവൂർക്കൽ കളത്തിൽ വീട്ടിൽ ശ്രീ. വേലായുധൻ നായർ, ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ശ്രീ. പൊന്നയ്യൻ നാടാർ പറമ്പിൻതല ദാമോധരൻ നായർ, കോളച്ചിറ ചെല്ലപ്പൻ, കീളത്ത് കോണത്ത് ജി. എസ്സ്. ശങ്കരൻ നായർ മംഗ്ലാവിൽ മുട്ടത്തറ വീട്ടിൽ ശ്രീ പി. കുമാരപിള്ള തുടങ്ങിയ മഹൽ വ്യക്തികൾ സജീവമായി പങ്കെടുത്തിരുന്നു.

ആദ്യ കാലഘട്ടങ്ങളിൽ ഈ പ്രദേശത്തെ ഭൂമിയിൽ കൂടുതലും ഏതാനും കുടുംബങ്ങളിലെ ജന്മിമാരുടെ കൈവശവും ബാക്കി ഉള്ളവർ അവരുടെ പാട്ടക്കാരും ആയിരുന്നു. 1985-ലെ ഭൂപരിഷ്ക്കരണ നിയമപ്രകാരവും, 1970-ലെ ഭൂപരിഷ്ക്കരണ ഭേദഗതി നിയമപ്രകാരവും മേല്പടി പാട്ടക്കാരും കുടികിടപ്പുകാരും ഭൂമിയുടെ ഉടമകളായിമാറി. 1952-53 കാലഘട്ടങ്ങളിൽ കുടികിടപ്പു

മായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളുടെ ഫലമായി പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഇവിടെ വേരോട്ടം ഉണ്ടാവുകയും, ഇന്ന് മേല്പടി പുരോഗമന പ്രസ്ഥാനങ്ങൾക്ക് വളക്കൂറ് ഉള്ള ഒരു പ്രദേശമായി മാറുകയും ചെയ്തു.

1984-ൽ നടന്ന വിഴവൂർ മിച്ചഭൂമി സമരമായിരുന്നു വളരെ ജനശ്രദ്ധ ആകർഷിച്ച ഒരു സമരപരിപാടി ഇതിന്റെ ഭാഗമായി ഭൂരഹിതരായിരുന്ന 26-ഓളം കുടുംബങ്ങൾക്ക് ടി മിച്ചഭൂമിയിൽ സ്വന്തമായി അവകാശം സ്ഥാപിച്ച് ലഭിക്കുകയും ചെയ്തു. ഇതിന് വേണ്ടി പുരോഗമന പ്രസ്ഥാനങ്ങളിലെ നിരവധി പ്രവർത്തകർക്ക് ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

80 വർഷങ്ങൾക്ക് മുമ്പ് ഒരു വീട്ടിൽ ആരംഭിക്കുകയും 1980-ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്ത വിളവൂർക്കൽ H.S. എന്ന ഒരു ഗവൺമെന്റ് സ്കൂളും, 75 വർഷങ്ങൾക്ക് മുമ്പ് കുണ്ടമൺ ഭാഗത്ത് സെന്റ് മേരീസ് L.P.S എന്ന പേരിൽ ക്രൈസ്തവ മിഷണറിമാർ സ്ഥാപിച്ചതും, പെരുകാവിലേക്ക് മാററി സ്ഥാപിക്കപ്പെട്ടതും കുണ്ടമൺ ഭാഗം സെൻമേരീസ് L.P.S എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന ഒരു സ്കൂളും 1978-ന് ശേഷം ഊഴക്കോട് സ്ഥാപിക്കപ്പെട്ട സെന്റ് ഫ്രാൻസിസ് L.P S ഉം, U.P.S ഉം ആണ് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

20 വർഷം മുമ്പുവരെ നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത കൃഷി നെല്ല്, തെങ്ങ്, മരച്ചീനി, കുരുമുളക്. വാഴ, പച്ചക്കറി എന്നിവയായിരുന്നു. ഇന്ന് നെൽകൃഷി നിലങ്ങൾ നികത്തുന്നതുമൂലം നശിച്ചുകൊണ്ടിരിക്കുന്നു. ധാന്യവിളകളുടെ സ്ഥാനം നാണ്യവിളകൾ കയ്യേറിയിരിക്കുന്നു.

ഐതിഹ്യങ്ങൾ കൊണ്ടും, ആചാരങ്ങൾ കൊണ്ടും പ്രസിദ്ധങ്ങളായ ഹൈന്ദവ ക്ഷേത്രങ്ങളും, വിവിധ വിഭാഗങ്ങളിൽപ്പെട്ട ക്രിസ്തീയ ദേവാലയങ്ങളും ഒരു മുസ്ലീം പള്ളിയും കൊണ്ടും അനുഗ്രഹിക്കപ്പെട്ടതും വിവിധ ജാതി മത വിഭാഗങ്ങൾ, ഇടകലർന്ന് ജീവിക്കുന്നതുമായ ഒരു പ്രദേശമാണ് വിളവൂർക്കൽ പഞ്ചായത്ത്. മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കപ്പെട്ട ഒരു പ്രദേശം കൂടി ആണ് ഇവിടം.

ഈ പ്രദേശത്തിന്റെ വികസനത്തിന് വേണ്ടി, ആദ്യഘട്ടങ്ങളിൽ വളരെ അധികം ത്യാഗങ്ങൾ അനുഷ്ഠിച്ചവരെ ഈ അവസരത്തിൽ സ്മരിക്കാതെ പോകുന്നത് ശരിയല്ല. ഒരു കുഗ്രാമമായിരുന്ന വിഴവൂർ പ്രദേശത്തെ ഇന്നത്തെ നിലയിലുള്ള വികസനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വേണ്ടിയും. റേഡിയോ കിയോസ്കിനും പൊതുകിണർ നിർമ്മിക്കുന്നതിനും ഭൂമി സൗജന്യമായി നൽകുകയും ചൂഴാററുകോട്ട, പെരുകാവ് റോഡ് നിർമ്മാണത്തിന് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത വിഴവൂർ ചെററാരിക്കൽ വീട്ടിൽ ശ്രീ. കേശവപിള്ള, വിളവൂർക്കൽ മഹാത്മാ ഗാന്ധി ഗ്രന്ഥശാലക്കുവേണ്ടി സ്ഥലം സംഭാവന ചെയ്ത വിളവൂർക്കൽ കളത്തിൽ വീട്ടിൽ ശ്രീ. വേലായുധൻ നായർ പെരുകാവ് യുവയോഗം ഗ്രന്ഥശാലയ്ക്ക് സ്ഥലം സംഭാവന ചെയ്ത കൂടുമഠത്തിൽ ജ്ഞാനമ്മ വിളവൂർക്കൽ പഞ്ചായത്താഫീസിന് സൗജന്യമായി ആദ്യകാലത്ത് പ്രവർത്തന സൗകര്യമുണ്ടാക്കിത്തന്ന വിളവൂർക്കൽ മഹാത്മാഗാന്ധി ഗ്രന്ഥശാലാ ഭാരവാഹികൾ, പഞ്ചായത്താഫീസ് മന്ദിര നിർമ്മാണത്തിന് സൗജന്യമായി സ്ഥലം സംഭാവന ചെയ്ത,പൊററയിൽ തോട്ടത്തിൽ വീട്ടിൽ ശ്രീ. കെ. ഗോപി എന്നിവരുടെയും പഞ്ചായത്തിന്റെ ചെറുതും വലുതുമായ പല സംരംഭങ്ങൾക്കും ഭൂമിആയും, മററുവിധത്തിലും സഹായങ്ങൾ ചെയ്തുതന്നവരുടെയും പ്രവർത്തനം ഈ നാടിന്റെ മാർഗ്ഗ ദീപമായി പ്രശോഭിക്കട്ടെ.

# ഭൂപ്രകൃതിയും വിഭവങ്ങളും

കുന്നുകളും സമതലങ്ങളും പാടശേഖരങ്ങളും പാറക്കൂട്ടങ്ങളും കൊണ്ട് അനുഗ്രഹീതമാണ് വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്. കരമനയാറും, വിളവൂർക്കൽ, കൊമ്പേററി, തോടുകളും അനേകം കുളങ്ങളും, കൊച്ചു, കൊച്ചു കൈത്തോടുകളും കൊണ്ട് നിറഞ്ഞ പ്രദേശമാണ് ഇവിടം. ഒരു ഭാഗത്ത് മൂക്കുന്നി മലയ റഡാർ സ്റ്റേഷനും ഒരു യോദ്ധാവിനെപ്പോലെ കാവൽ നിൽക്കുമ്പോൾ മറുഭാഗത്ത് കരമനയാറും ശാന്തഗംഭീര

യി ഒഴുകുന്നു. ഈ നദി ചില അവസരങ്ങളിൽ കരകവിഞ്ഞ് തന്റെ സാനിദ്ധ്യം പരിസരവാസികളെയും, കൃഷിഭൂമികളെയും അറിയിക്കാൻ എത്താറുണ്ട്.

വിവിധ ആചാരങ്ങൾ, ജീവിത നിലവാരങ്ങൾ, ജീവിത രീതികൾ ഉള്ള വിവിധ ജാതി മതങ്ങളിൽപ്പെട്ടവരാണ് ഇവിടത്തെ ജനങ്ങൾ. സാംസ്ക്കാരിക പൈതൃകം കൊണ്ടും സംപുഷ്ടമാണ്. കലാകാരൻമാർ, കായിക പ്രതിഭകൾ, വിവിധ തുറകളിൽ വൈദഗ്ദ്യം തെളിയിച്ചവർ ഇവരൊക്കെ ഈ പഞ്ചായത്തിന്റെ സമ്പത്തുകളാണ്.

കുറകോണം, വിളവൂർക്കൽ, മലയം, വെള്ളൈക്കോണം, വിഴവൂർ, പെരുകാവ്, തോവിക്കോണം, കല്ലിങ്കവിളാകം, തുറവൂർ, കീണയിൽ, പനങ്ങോട്, കുരിശുമുട്ടം എന്നീ പ്രദേശങ്ങൾ ഒരു കാലത്ത് ഈ നാടിന്റെ നെല്ലറകളായിരുന്നു. ഇന്ന് നിലം നികത്തി വീടുകൾ നിർമ്മിക്കുകയും വിവിധ ഇനം കൃഷികൾ ചെയ്തും കാണപ്പെടുന്നു. ചൂഴാററുകോട്ട, പെരുകാവ്, കീണയിൽ എന്നീ പ്രദേശത്തെ നെൽപ്പാടങ്ങൾ ഇഷ്ടിക ചൂളക്ക് മണ്ണ് എടുത്തതിന്റെ ഭാഗമായി അഗാധ ഗർത്തങ്ങളായി മാറി പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കയാണ്.

കുന്നുകളും സമതലങ്ങളും ഇടവിട്ട് ഇടവിട്ടുള്ള പ്രദേശമായ ഈ പഞ്ചായത്തിൽ സമതല ഭൂമി കുറവാണ്. ചരൽ കലർന്നതും മണൽ കലർന്നതും, ചെമ്മണ്ണ്, കളിമണ്ണ്, എക്കൽ എന്നിവകലർന്നതുമായ മണ്ണും, പാടങ്ങളും ഈ ഭൂപ്രദേശത്ത് ഉണ്ട്.

മണ്ണിന്റെയും, ഭൂപ്രദേശത്തിന്റെയും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലുള്ള കൃഷികളാണ് ഇവിടെ ഉള്ളത്. നാമമാത്രമായി നെല്ല്, റബ്ബർ, തെങ്ങ്, കമുക്, വാഴ, മരച്ചീനി, പച്ചക്കറികൾ, കശുമാവ്, വെറ്റില, കുരുമുളക്, ഇഞ്ചി, പയർ, എന്നിവയാണ് പ്രധാനമായി കാണുന്ന കൃഷികൾ, അപൂർവ്വമായി ഗ്രാമ്പ്, കൊക്കൊ, മാഞ്ചിയം, തേക്ക്, എന്നിവയും കൃഷി ചെയ്തു വരുന്നു. സംസ്ഥാനം ഒട്ടാകെ ശ്രദ്ധപിടിച്ചുപറ്റിയ ആന്തോറിയം, ഓർകീട്, എന്നിവയുടെ നഴ്സറി ഇവയുടെ സംസ്ക്കരണം വിപണനം എന്നിവ ഈ പഞ്ചായത്തിന്റെ മൂന്നാം വാർഡിൽ കാണാം. ധാന്യവിളകളുടെ സ്ഥാനത്ത് നാണ്യവിളകൾ കൃഷി ചെയ്യുന്ന പ്രവണത കൂടുതലായിവരുന്നു. കശുമാവിന് വളരാൻ യോജിച്ച മണ്ണാണ് ഈ പ്രദേശത്ത് ഉള്ളത്.

വ്യാവസായിക സംരംഭങ്ങൾ വിരളമായ ഈ പഞ്ചായത്തിൽ ആവശ്യമായ തൊഴിലവസരങ്ങൾ ലഭ്യമല്ല. കർഷകത്തൊഴിലാളികളുടെ എണ്ണം കുറവാണ്. കർഷകത്തൊഴിലാളികളെ ലഭിക്കാത്തത് കൊണ്ട് പരമ്പരാഗത കൃഷി ഉപേക്ഷിക്കേണ്ടിവന്നു എന്ന് കർഷകരും കൃഷിഭൂമിയില്ലാത്തത് കൊണ്ട് തൊഴിൽ ലഭിക്കുന്നില്ല എന്ന് കർഷകത്തൊഴിലാളികളും പരസ്പരം ആരോപിക്കുന്നു. പരമ്പരാഗതത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, നിർമ്മാണ തൊഴിലാളികൾ, പാറമടയിൽ ജോലി ചെയ്യുന്നവർ, ടാപ്പിങ് തൊഴിലിൽ ഏർപ്പെട്ടവർ, കരകൗശലപ്പണിക്കാർ, സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ചെറുകിടകച്ചവടക്കാർ, കലാരംഗം ജീവിത മാർഗ്ഗമാക്കിയവർ എന്നിവരാണ് ഇവിടെയുള്ളത്. പഞ്ചായത്തിന് പുറത്ത് പണി തേടിപ്പോകുന്നവരും ധാരാളമുണ്ട്. തിരുവനന്തപുരം നഗരം ഈ പഞ്ചായത്തോട് ചേർന്നതാണ്. നഗരത്തിന്റെഈ വളർച്ച പഞ്ചായത്തിന്റെ ഭൂവിസ്തൃതിയെ വാർത്ത് നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അന്യസംസ്ഥാനങ്ങളിലും, വിദേശ രാജ്യങ്ങളിലും, തൊഴിലിൽ തേടിപ്പോയിട്ടുള്ള ആളുകളുമുണ്ട്.

കരമനയാറ്, കുളങ്ങൾ, കിണറുകൾ, തോടുകൾ, കുഴൽ കിണറുകൾ എന്നിവയാണ് പ്രകൃതി ദത്തമായി ലഭ്യമാകുന്ന ജലസ്രോതസ്സുകൾ. മങ്കാട്ട് കടവിൽ നിന്ന് പമ്പ് ചെയ്ത് ഉയർന്ന പ്രദേശമായ വാളിയോട്ടുകോണം, കുന്നിൽ മുകൾ എന്നിവിടങ്ങളിൽ എത്തിച്ച് പഞ്ചായത്താകമാനം വിതരണം നടത്തത്തക്കവിധത്തിൽ വിളവൂർക്കൽ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിട്ടുള്ള ശുദ്ധ ജല വിതരണ പദ്ധതിക്ക് ആവശ്യമായ ജലം കരമനയാറിൽ നിന്ന് ലഭ്യമാണ്. എന്നാൽ പഞ്ചായത്താകമാനം ഈ ജലം പൂർണ്ണമായും എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന കാർഷിക വിളകളുടെ ആവശ്യത്തിന് മേൽപ്പറഞ്ഞ പ്രാദേശികമായി കിട്ടുന്ന ജല സ്രോതസുകളാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇത് കർഷകർ ആഗ്രഹിക്കുന്ന വിധത്തിൽ ആവശ്യമായ സമയത്ത് ലഭ്യമാകുന്നില്ല. പഞ്ചായത്തിന്റെ ഉൾഭാഗ

ങ്ങളിലുള്ള കുളങ്ങൾ വൃത്തിയാക്കിയും നീർച്ചാലുകൾ നിർമ്മിച്ചും കമ്മ്യൂണിററി ഇറിഗേഷൻ, ലീഫ്ററ് ഇറിഗേഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കിയും പ്രകൃതിദത്തമായ ജല സ്രോതസ്സ് കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്. മകാട്ട്കടവിലെ പമ്പിങ്ങ് സ്റ്റേഷനിലുള്ള പമ്പിൻെറ ക്ഷമത വർദ്ധിപ്പിച്ചും വോൾട്ടേജ്ക്ഷാമം പരിഹരിച്ചും കുടിവെള്ള ക്ഷാമവും പരിഹരിക്കാം.

## വിളവൂർക്കൽ പഞ്ചായത്ത്
## ഭൂമിസംബന്ധിച്ച വിവരങ്ങൾ (ഭാഗിക അടിസ്ഥാന വിഭവരജിസ്റ്റർ)

പട്ടിക 1

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 40 ഹെക്ററർ |
| പുരയിടം | 941 ,, |
| പുറമ്പോക്ക് | 5 ,, |
| കൃഷിയോഗ്യമായ തരിശ് | 11.3 ,, |
| കൃഷിയോഗ്യമല്ലാത്ത തരിശ് | — |
| ആകെ | 997.3 ഹെക്ടാർ |

അവലംബം

# കൃഷിയും ജലസേചനവും

ശാസ്ത്രപുരോഗതിയുടെ മാസ്മരിക ശക്തിയിൽ മരപ്പച്ചകൾ പോലും പിടിച്ചടക്കാനുള്ള മനുഷ്യൻെറ വ്യഗ്രത യുദ്ധകാലാടിസ്ഥാനത്തിലോ അതിലും വേഗതയിലോ മുന്നോട്ട് പോകുകയാണല്ലോ. അനന്ത സാഗരത്തിൻെറ അഗാധതയും വിശാല നീലാകാശത്തിൻെറ ഔന്നിത്യവും മനുഷ്യന് ഇന്ന് ഒന്നുമല്ലാതായിരിക്കുന്നു. പക്ഷെ പുരോഗതിയുടെ പടവുകൾ ചവിട്ടിക്കയറുമ്പോൾ മനുഷ്യ സ്വഭാവമെന്ന രീതിയിൽ നമ്മൾ മറന്നുപോയ നമ്മുടെ എല്ലാമെല്ലാമായ ഒരു അടിസ്ഥാന ഘടകമുണ്ട്. മണ്ണ്. ഇതിഹാസങ്ങളുടെയും പുരാണങ്ങളുടെയും കാലത്തുപോലും മണ്ണ് മനുഷ്യൻെറ കാർഷികോപാധിമാത്രമായിരുന്നു. വിതയ്ക്കാതെ കൊയ്യാതെ ജീവിച്ചിരുന്ന നമ്മുടെ പൂർവ്വികർ എന്നും നമിച്ചിരുന്നതും ഈ മണ്ണിനെ തന്നെയായിരുന്നു. മാതൃത്വം ഒരു സ്ത്രീയ്ക്ക് എത്രത്തോളം പ്രാധാന്യം അർഹിക്കുന്നുവോ അതുപോലെതന്നെ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യമർഹിക്കുന്ന വിഭവമാണ് മണ്ണ്. മാററം പ്രകൃതിയുടെ നിയമമാണ് എന്ന് വിശ്വസിക്കുന്ന നാം ഒരിക്കലും വിളഭൂമി മരുഭൂമിയാക്കുന്ന മാററം സ്വപ്നം കാണാൻ പാടില്ല. കേരളമെന്ന നമ്മുടെ കൊച്ചു സ്വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയ്ക്ക് ഒരിക്കലും മങ്ങാത്ത അനതിവിദൂര വികസന സാദ്ധ്യതകൾ ഉണ്ട്.

# കാർഷിക ചരിത്രം

വൈവിദ്ധ്യങ്ങളായ നിരവധി കാർഷിക വിളകളാൽ സമ്പന്നമായ ഒരു പ്രദേശമായാണ് കേരളം അറിയപ്പെടുന്നതെങ്കിലും ഈ വിള വൈവിദ്ധ്യത്തിൽ ഇന്ന് ഏറെ കുറവുവന്നിട്ടുണ്ടെന്നതാണ് വാസ്തവം.

സംയോജിത കൃഷിയുടെ ഉത്തമ ഉദാഹരണങ്ങളായിരുന്ന നമ്മുടെ കൃഷി തോട്ടങ്ങൾ ഇന്ന് ഏകവിള സമ്പ്രദായത്തിലേക്ക് ചുവട് മാററിയിരിക്കുന്നു. 25 സെൻറിനുതാഴെ മാത്രം ശരാശരി കൃഷി ഭൂമിയുള്ള നമ്മുടേതുതുപോലുള്ള ഒരു സംസ്ഥാനത്തെ സംബന്ധിച്ച് ഓരോ ഇഞ്ച് ഭൂമിയിൽ നിന്നും പരമാവധി ഉൽപന്നങ്ങൾ കിട്ടുന്ന ഒരു വിളരീതിയാണ് എന്നും അഭികാമ്യം. അതുകൊണ്ടു തന്നെ ഓരോ വിടുവളപ്പിനേയും, സ്വാശ്രയ യൂണിററുകളാക്കുക എന്ന ലക്ഷ്യം വച്ചുള്ള പദ്ധതികൾക്കാണ് രൂപം കൊടുക്കേണ്ടത്. ഇതോടൊപ്പം ഓരോ കൃഷിഭൂമിയിലും പററുന്നതായ സംയോജിത കൃഷി സമ്പ്രദായങ്ങളും അനുവർത്തിക്കേണ്ടിയിരിക്കുന്നു. കാർഷിക ഉൽപന്നങ്ങളുടെ സംഭരം, സംസ്കരണം വിപണനം എന്നിവയാണ് ഊന്നൽ നൽക്കേണ്ട മററു മേഖലകൾ.

കൂട്ടുകുടുംബങ്ങൾ വേർതിരിഞ്ഞ് ന്യൂക്ലിയർ കുടുംബങ്ങളായതോടെ നമ്മുടെ കർഷിക പാരമ്പര്യത്തിനും കാര്യമായ നേട്ടമുണ്ടായി.

വിദ്യാഭ്യാസ നിലവാരത്തിലും ജീവിത വീക്ഷണത്തിലും ഉണ്ടായ മാററങ്ങൾ കർഷകരെയും കർഷക തൊഴിലാളികളെയും കാർഷിക മേഖലയിൽ നിന്നും അകററി. കൃഷിമേഖലയുടെ തളർച്ചയും ഉല്പാദന ക്ഷമതയിലുണ്ടായ കുറവും തൊഴിലാളികളുടെ ലഭ്യത ഇല്ലായ്മയും ഉയർന്ന തൊഴിൽ കൂലിയുമൊക്കെയാണ് ഇതുണ്ടാക്കി പരിണിത ഫലങ്ങൾ. കൃഷിമേഖലയിൽ നിന്നും വേറിട്ടു നിൽകുന്ന തൊഴിൽ രഹിതരായ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ ഒരു വൻ ജനകീയ പദ്ധതിക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു.

വിളയുടെ നാടായ വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിന് പ്രസന്നമായ ഒരു സുവർണ്ണ കാർഷിക ഭൂതകാലമുണ്ടായിരുന്നു. ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയിൽ ഉപജീവനം നടത്തുന്നവർ ആയിരുന്നു. തെങ്ങ്, നെല്ല്, മരിച്ചീനി ഇവ ആയിരുന്നു പ്രധാന വിളകൾ. മററു വിളകളും നിലവിലുണ്ടായിരുന്നു. ഭൂഉടമകൾ മിക്കവരും ജന്മികൾ ആയിരുന്നു. പാട്ടകൃഷി ആയിരുന്നു നടത്തിയിരുന്നത്. ഇന്നത്തെ സ്ഥിതിയുമായി തട്ടിച്ച് നോക്കുകയാണെങ്കിൽ ഉൽപാദനക്ഷമ കുറവായിരുന്നു. എങ്കിലും കുറഞ്ഞ കൂലി നിരക്കും വിത്തിന്റേയും വളത്തിന്റേയും ലഭ്യതയും കൃഷി നഷ്ടമില്ലാത്ത ഒരു തൊഴിൽ ആയി മുന്നോട്ട് പോകുവാൻ സഹായിച്ചു. മാത്രമല്ല പാട്ടകൃഷി ആയതിനാൽ കൃഷിഭൂമി മിക്കവാറും കൈകാര്യം ചെയ്തിരുന്നത് കർഷകൻ ആയിരുന്നും. പക്ഷെ പിന്നീട് ഭൂവിനിമയ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ ജന്മി വ്യവസ്ഥ മാറുകയും ജന്മിയും അടിയാനും തുല്യരാകുകയും ചെയ്തു. കൂട്ടുകുടുംബങ്ങൾ വിഘടിച്ച് ന്യൂക്ലിയർ കുടുംബങ്ങൾ ആയി മാറിയതോടെ കൃഷിഭൂമി വിഘടിച്ചുപോകുകയും നെൽ കൃഷിയിൽ നിലനിന്നിരുന്ന കേന്ദ്രീകൃത രീതി അപ്രത്യക്ഷതമാകുകയും ചെയ്തു. തൻമൂലം കൃഷിഭൂമി കൈവശമുള്ളവർ അവരവരുടെ മനോധർമ്മം അനുസരിച്ച് കൂടുതൽ മെച്ചമുള്ള വിളകൾ കൃഷിചെയ്തു. പിന്നീട് വിത്തിന്റേയും വളത്തിന്റേയും ദുർലഭ്യതയും വേതന വർദ്ധനവും ഭൂഉടമകളെ ഹ്രസവിളകൃഷിയിൽ നിന്നും മാറി ദീർഘവിളകൾ കൃഷിചെയ്യാൻ നിർബന്ധിതരായി. പണത്തിന്റേ മൂല്യം കുറച്ച സർക്കാരിന്റെ നടപടി ഭൂമിയെ ഒരുകച്ചവടചരക്കായി രൂപാന്തരപ്പെടുത്തി. കൃഷി ഭൂമികൾ പോലും ചെറുകിട വൻകിട കെട്ടിടങ്ങളുടെ വിളനിലമായി മാറി, പക്ഷെ വിളവൂർക്കൽ പഞ്ചായത്തിന്റെ കാർഷികമേഖലയ്ക്ക് അല്പമെങ്കിലും ആശാവഹമായി നിലനില്കുന്ന ഘടകം നമ്മുടെ കൃഷി ഇടങ്ങൾ അധികമൊന്നും കെട്ടിടങ്ങൾ കൈയേറിട്ടില്ല എന്നുള്ളതാണ്. പല വാർഡുകളിലും നെൽപാടങ്ങൾ നികത്തി മാറുകൃഷികൾ ചെയ്തിരിക്കുന്നതായി കാണാമെങ്കിലും നിയമം ശക്തമാക്കിയാൽ വീണ്ടും ഈ വിളഭൂമികളെ പാടെ ഭൂമികളാക്കി മാററി നെൽകൃഷി പരിപോഷിപ്പിക്കാൻ നമുക്കും കഴിയും.

## ഇന്നത്തെ വിള ചേരുവ

പട്ടിക 2

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത ഹെക്ടറിന് |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാംവിള) | 40 ഹെക്ടർ | 128000 കി.ഗ്രാം | 3200 കി.ഗ്രാം |
| 2 | നെല്ല് (രണ്ടാംവിള) | 40 ഹെക്ടർ | 102400 കി.ഗ്രാം | 2560 കി.ഗ്രാം |
| 3 | നെല്ല് (മൂന്നാംവിള) | | | |
| 4 | പയർ | 20 ,, | 14000കി.ഗ്രാം | 700 കി.ഗ്രാം |
| 5 | എള്ള് | 3 ,, | 1500 ,, | 500 ,, |
| 6 | പച്ചക്കറി | 10 ,, | 160000 ,, | 16000 ,, |
| 7 | തെങ്ങ് | 777 ,, | 3926242 No | 5053 No |
| 8 | വാഴ | 50 ,, | 350000 കി.ഗ്രാം | 7000 കി.ഗ്രാം |
| 9 | മരച്ചീനി | 100 ,, | 1500000 കി. ഗ്രാം | 15000 കി.ഗ്രാം |
| 10 | കുരുമുളക് | 10 ,, | 3200 ,, | 320 ,, |
| 11 | പ്ലാവ് | 5 ,, | — | — |
| 12 | മാവ് | 10 ,, | — | — |
| 13 | കശുമാവ് | 5 ,, | — | — |
| 14 | കവുങ്ങ് | 2 ,, | — | — |
| 15 | റബ്ബർ | 100 ,, | 110000 കി.ഗ്രാം | 1100 കി.ഗ്രാം |

അവലംബം. കൃഷിഭവൻ

## ഇന്നത്തെ വിളചേരുവ

ഇപ്പോഴം നിലവിലുള്ള

ഒന്നാം വിള — നെല്ല്

രണ്ടാം വിള — നെല്ല്

മൂന്നാം വിള — പച്ചക്കറി / പയർ / ഉഴുന്ന്

# പ്രധാന വിളകളും ഇനങ്ങളും

പട്ടിക 3

| വിള | ഇനം |
|---|---|
| നെല്ല് | ജയ<br>ജോതി<br>ഭാരതി<br>PTB. 2<br>PTB. 20<br>PTB. 22 |
| തെങ്ങ് | WCT<br>T × D<br>D × T<br>Yellow Dwarf<br>Green Dwarf<br>Komadan |
| വാഴ | പാളയം കോടൻ<br>രസകദളി<br>റോബസ്റ്റ്, ചുവന്നകപ്പ, നേന്ദ്രൻ |
| മരച്ചീനി | M.4, കരിയിലപൊതിയൻ<br>മാം കൊഴുന്നൻ, H. 97 |
| കുരുമുളക് | കരിമുണ്ട, കൊററനാടൻ<br>പന്നിയൂർ 1. |
| റബ്ബർ | R R I I - 105<br>R R I M. 600<br>P. B. 28/59. |

## ഉത്പാദന ക്ഷമത

പട്ടിക 4

വിവിധ കാർഷിക വിളകളുടെ ഉത്പാദന ക്ഷമത പഞ്ചായത്തു തലത്തിലും സംസ്ഥാന തലത്തിലും താരതമ്യം ചെയ്യാൻ ചുവടെ ചേർത്തിരിക്കുന്ന പട്ടിക സഹായകമാകും

| വിള | പഞ്ചായത്തു തലം | സംസ്ഥാന തലം ഹെക്ടറർ ഒന്നിന് |
|---|---|---|
| നെല്ല് | 2880 kg | 1943 kg |
| തെങ്ങ് | 3926242 | 5888 No |
| മരച്ചീനി | 15 ടൺ | 19.85 ടൺ |
| കുരുമുളക് | 320 kg | 276 kg |
| റബ്ബർ | 1100 kg | 999 kg |

## ജലസേചന സൗകര്യങ്ങൾ

പട്ടിക 5

### ജലസേചന സംവിധാനങ്ങൾ

| പൊതു ജല സേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കെട്ട് ഹെക്ടറർ |
|---|---|---|---|---|
| 10 | 5 | 24 | .... | 40 ഹെക്ടറർ |

# നിലവിലുള്ള കുളങ്ങളുടെ വിവരം

പട്ടിക 6

| വാർഡ് നമ്പർ | കുളത്തിൻെറ പേര് | വിസ്തീർണ്ണം | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| I | വെള്ളക്കോണം | 12 cent | 12 |
| I | ഐത്തിക്കോണം | 20 ,, | 20 |
| II | പീച്ചോട്ടുകോണം | 11 ,, | 11 |
| II | വിഴവൂർ | 75 ,. | 75 |
| II | വേങ്കൂർ | 12 ,, | 12 |
| III | വഴുതോട്ടുവിള | 14 ,, | 14 |
| III | പുലവന്നിയൂർക്കോണം | 22 ,, | 22 |
| III | അരുവിച്ചിറ | 75 ,, | 75 |
| IV | തലപ്പംകോട് | 25 ,, | 25 |
| IV | വഴുതൂർക്കോണം | 54 ,, | 54 |
| IV | തെങ്ങത്താംകോട് | 45 ,, | 45 |
| IV | ആമക്കുളം | 75 ,, | 75 |
| IV | കോണത്തുകുളം | 26 ,, | 26 |
| V | തോട്ടത്തിൽകുളം | 18 ,, | 18 |
| V | മായിക്കോണത്തുകുളം | 12 ,. | 12 |
| V | മയിലോട്ടുകോണം | 51 ,, | 51 |
| V | വേങ്ങോട്ടുകോണം | 37 ,, | 37 |
| VI | തുറവൂർ | 61 ,, | 61 |
| VI | തേവീക്കോണം | 36 ,, | 36 |
| VI | കുശവൂർകോണം | 71 ,, | 71 |
| VII | കൊല്ലൂർക്കോണം | 75 ,, | 75 |
| VII | തൊടുപ്പോട്ടുകോണം | | |
| VII | ഈഴക്കോട് | 59 ,, | 59 |
| VII | കാവിൻകുളം | 27 ,, | 27 |
| VII | വഞ്ചിക്കോട് | | |
| VIII | കീണയിൽകുളം | 50 ,, | 50 |
| VIII | കളിയിൽവിളാകം | 46 ,, | 46 |
| IX | വാളിയോട്ടുകോണം | 57 ,, | 57 |
| IX | താഴച്ചിറയ്ക്കൽ | 14 ,, | 14 |
| IX | ആലന്തറകോണം | 41 ,, | 41 |
| IX | കട്ടച്ചൽക്കോണം | 14 ,, | 14 |
| X | ചിറക്കോണം | 25 ,, | 25 |
| X | മാരാത്തംകോണം | 28 ., | 28 |
| X | പെരുങ്ങോട്ടുകോണം | 43 ,, | 43 |

## ഉത്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിൽ കാർഷികോൽപന്നങ്ങളുടെ സംഭരണവും വിപണനവും കൈകാര്യം ചെയ്യുന്ന റിംഗ് സൊസൈററികൾ ഒന്നും തന്നെയില്ല. ചെറുകിട കർഷകർ പട്ടിക 7-ൽ വിവരിക്കുന്ന ം വഴിയാണ് ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത്.

പട്ടിക 7

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചന്തകളുടെ വിവരം

| ക്രമ നമ്പർ | വാർഡ് നമ്പർ | ചന്തയുടെ പേര് | പ്രവർത്തന ദിവസം |
|---|---|---|---|
| 1 | I | ചൂഴാററുകോട്ട | എല്ലാദിവസവും |
| 2 | II | വിഴവൂർ | ,, |
| 3 | III | വിളവൂർക്കൽ | ,, |
| 4 | V | പൊററയിൽ | ,, |
| 5 | VI | പെരുകാവ് | ,, |
| 6 | IX | വാളിയോട്ടുകോണം | ,, |

## കാർഷികബന്ധങ്ങൾ

പട്ടിക 8

കൈവശ ഭൂമി വിസ്തീർണ്ണം

| നാമമാത്ര കർഷകർ (1 ഹെക്ററിനു താഴെ) | ചെറുകിടകർഷകർ (1-2 ഹെക്ററർ) | വൻകിടകർഷകർ (2 ഹെകക്റ്ററിനു മുകളിൽ |
|---|---|---|
| 3166 No. | 641 No. | 150 No. |

## കാർഷിക നടീൽ വസ്തു വിതരണം

പട്ടിക 9

| ക്രമ നമ്പർ | ഇനം | എണ്ണം 1993—94 | 94—95 | 1995—96 |
|---|---|---|---|---|
| 1 | തെങ്ങ് | 925 | 425 | 300 |
| 2 | കുരുമുളക് | 3000 | 5000 | 4625 |
| 3 | വാഴകന്ന് | 200 | — | 1500 |
| 4 | ജാതി | 100 | — | — |
| 5 | കറുവാപട്ട | — | — | 20 |
| 6 | ഗ്രാമ്പ് | 30 | 50 | 20 |
| 7 | മാവ് (ഗ്രാഫ്ററ്) | — | 50 | 33 |
| 8 | പ്ലാവ് ( ,, ) | — | 50 | 154 |
| 9 | പപ്പയ | — | 10 | — |
| 10 | പൈനാപ്പിം | — | 60 | — |
| 11 | കൊക്കോ(ഗ്രാഫ്ററ്) | — | 50 | — |
| 12 | സപ്പോട്ട | — | 15 | 33 |
| 13 | വടുകപുളി | — | 10 | 6 |
| 14 | പേര | — | 10 | 48 |
| 15 | ചെറി | — | 10 | 9 |
| 16 | ജാമ്പ | — | 55 | 55 |

## കാർഷികോപകരണങ്ങൾ

പട്ടിക 10

| ക്രമനമ്പർ | ഉഴവ് ഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയററ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്കർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | താപ സാക് സ്പ്രേയർ | മററുള്ളവ | | | |
| | — | 1 | 10 | 2 | 10 | — | 1 | 2 | — |

## ദുരിതാശ്വാസ വിതരണം

പട്ടിക 11

| വർഷം | പ്രശ്നബാധിതപ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടറർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുംകാററ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993—94 | — | — | — | — | 22 | 300 kg. seed |
| 1994—95 | — | — | — | — | 11 | 1080.00 |
| 1995—96 | — | — | — | — | 18 | 10750.00 |

## തെങ്ങുകൃഷിയെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക 12

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 No. | 4 No. | 5 No | 5 No. | 7 No. | 8 No. | 9 No. | 10 | 11 No. |
| Total | 777. He | 59811 | 90509 | 150320 | Nil | 425 | 100 | 600 | Nil | 1125 |

## വളം ഉപയോഗം

രാസവള - കീടനാശിനി വിപണനം

പട്ടിക 13

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം Lit | കീടനാശിനി ഖരം Kg | രാസ വളം കി.ഗ്രാം | കീടനാശിനി ദ്രവം Lit | കീടനാശിനി ഖരം Kg | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം Lit | കീടനാശിനി ഖരം Kg |
| 1 | സഹകരണം വിളപ്പിൽ സർവീസ് സഹകരണ സംഘം. No.2522 പേയാട് | 98. MT | 40 | 525 | 102MT | 30 | 500 | 126MT | 45 | 850 |
| 2 | Department. കൃഷിഭവൽ | — | 3.7 | 1 | 7090 | 3.05 | 0.400 | 4900 | 1.5 | 0.5 |
| 3 | സ്വകാര്യം. | Nil | — | — | — | — | — | — | — | — |

# നടപ്പു പദ്ധതികളുടെ അവലോകനം

പഞ്ചായത്തിലെ കാർഷിക വികസന പ്രവർത്തനങ്ങളിൽ കൃഷി ഭവനുകൾ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കാർഷിക വികസനത്തിന്റെ ഏററവും പ്രധാനഘടകമായ വിജ്ഞാന വ്യാപാരത്തിൽ കൃഷി ഉദ്യോഗസ്ഥനും വേണ്ടും വണ്ണം ശ്രദ്ധ ചെലുത്തുവാൻ കഴിയാത്ത സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. പഞ്ചായത്ത് രാജ് നടപ്പിലാക്കുന്ന ഈ ഘട്ടത്തിൽ ഇപ്പോഴുള്ള പ്രവർത്തനരീതി പുനർ സംവിധാനം ചെയ്തു വിജ്ഞാന വ്യാപാരത്തിനും മററു വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും വേണ്ട ഉദ്യോഗസ്ഥരുടെ അപര്യാപ്തനികത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുമാണ്. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ 8.ാം പദ്ധതിക്കാലത്ത് വിവിധ സ്കീമുകൾ നടപ്പിലാക്കിയിരുന്നു.

### 1 സമഗ്ര നാളികേര വികസന പദ്ധതി

നാളികേര ഉത്പാദനവും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത് ഈ പദ്ധതിയുടെ പ്രധാനഘടകമായ കിണർ കുഴിച്ച് പമ്പുസെററ് സ്ഥാപിച്ചു തെങ്ങിനു ജലം സേചനം നടത്തുന്നതിനുവിപരീതമായി കുടിവെള്ളത്തിനും, വീട്ടാവശ്യങ്ങൾക്കുവേണ്ടിയുമാണ് ഇവ ഉപയോഗപ്പെടുത്തുന്നത്. പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള പല പമ്പുസെററുകൾക്കും വൈദ്യുതി ലഭിക്കാത്ത ഒരു സ്ഥിതി വിശേഷമാണ് ഇപ്പോൾ വന്നുചേർന്നിരിക്കുന്നത്. കമ്മ്യൂണിററി ഇറിഗേഷൻ ഘടകവും രാസവളകിററുകൾ നൽകുന്ന ഘടകവും ഗുണകരമായിട്ടാണ് കണ്ടുവരുന്നത്.

### ഊർജിത ധാന്യ ഉത്പാദന പരിപാടി

ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന നെൽകൃഷിക്കുള്ള സംയോജിത കീട നിയന്ത്രണ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്യുന്ന ഉപകരണങ്ങളും ചിലവാക്കുന്ന തുകയും പാഴായി പോകുന്നതായിട്ടാണ് വിലയിരുത്തപ്പെടുന്നത്.

### പ്രത്യേക ഘടകപദ്ധതി

സമൂഹത്തിൽ പിന്നോക്കംനിൽക്കുന്ന ഹരിജന ഗിരിജന വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന ഈ പദ്ധതിയി

ഖെ ഘടകങ്ങൾ പലതും വളരെയധികം ഉപയോഗപ്രദമായാണ് കണ്ടുവരുന്നത്.

## യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽ ദാനപദ്ധതി

യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുവാൻ ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ടോ എന്നുള്ളത് ഇന്നും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

## ഗ്രൂപ്പ് ഫാമിംഗ് പദ്ധതി

പാട ശേഖര സമിതികൾ വഴി നടപ്പിലാക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സംരംഭങ്ങൾ നെൽകൃഷിക്കാരെ യാതൊരുവിധ പുരോഗതിയിലേക്കും നയിക്കുന്നതായി കാണുന്നില്ല.

## വിള ഇൻഷ്വറൻസ് പദ്ധതി

വിള ഇൻഷ്വറൻസ് പദ്ധതിയിലെ അപ്രായോഗികമായുള്ള വ്യവസ്ഥകളും കൃഷിഭവനുകളിലെ ഉദ്യോഗസ്ഥൻമാരുടെ അപര്യാപ്തതയും കർഷകന് ഈ പദ്ധതിയോടുള്ള വിശ്വാസക്കുറവും ഇതിൻെറ നടത്തിപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്.

## ബയോഗ്യാസ് പദ്ധതി

ഈ പദ്ധതിപ്രകാരം നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാൻറുകൾ കർഷകന് വളരെയധികം ഉപയോഗപ്രദമായാണ് കണ്ടുവരുന്നത്.

## ഊർജിത സുഗന്ധവിള വികസന പദ്ധതി

ഈ പദ്ധതി മുഖേന സൗജന്യമായി വിതരണം ചെയ്യുന്ന കുരുമുളകു വള്ളികളും ഗ്രാമ്പ് തൈകളും, ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്നതിന് നൽകിവരുന്ന ധന സഹായവും കർഷകർക്ക് ഉപകാരപ്രദമായിട്ടാണ് കാണുന്നത്.

അതാതു പ്രദേശത്തെ കർഷകരുടെ അഭിരുചിക്ക് അനുസൃതമായിട്ടുള്ള പദ്ധതികൾ മാത്രം ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ് എത്രയും അഭികാമ്യം.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ കാർഷികരംഗത്തെ പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. നെൽകൃഷി ഇന്നു മിക്കവാറും കൃഷിക്കാർക്ക് നഷ്ടം ഉളവാക്കുന്നതാണ്. നാണ്യവിളകൾക്ക് ലഭിക്കുന്ന സംരക്ഷണം നെൽകൃഷിക്ക് ലഭിക്കുന്നില്ല. നിലവിലുള്ള പാടശേഖര കമ്മിററികളുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാകേണ്ടിയിരിക്കുന്നു.

2. നെൽവയലുകൾ പാർപ്പിട സൗകര്യങ്ങൾക്കായും മറ്റു നാണ്യവിളകൾ കൃഷിചെയ്യുന്നതി...ുമായി ഉപയോഗപ്പെടുത്തുന്നു.

3. ജലസേചന സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്.

4. ഉല്പാദന ക്ഷമത കുറഞ്ഞതും വളരെ പ്രായം ചെന്നതുമായ തെങ്ങുകൾ നിലനിർത്തുന്നു.

5. കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന് ആനുപാതികമായി വില ലഭിക്കുന്നില്ല. കാർഷിക വിളകളുടെ, സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങളും അപര്യാപ്തമാണ്.

6. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്. അതുമൂലം മണ്ണിൻെറ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നു.

7. നിലവിലുള്ള മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്.

8. വളങ്ങളുടെയും കീടനാശിനികളുടേയും മററ് ഉപാധികളുടേയും വില ദൈനംദിനം കൂടിക്കൊണ്ടിരിക്കുന്നു.

9. തെങ്ങിനും, നെല്ലിനും, പച്ചക്കറിക്കും, മരച്ചീനിക്കും വൻതോതിൽ കീടരോഗ ബാധ അനുദിനം വർദ്ധിച്ചുവരുന്നു.

10. ഉല്പാദനശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും വേണ്ടവിധം ലഭിക്കുന്നില്ല.

11. കാർഷികമേഖലയിലെ കാലോചിതമായ നൂതന സാങ്കേതിക മുറകളും കാർഷിക ഉപകരണങ്ങളും ഇന്നും സാധാരണ കർഷകന് ഒരു വിളിപ്പാടകലെയാണ്. വിവിധ വിളകളുടെ ഇനങ്ങളെയും, കൃഷിരീതികളേയും, കാർഷികരംഗത്തെ നൂതന പ്രവണതകളേയും സംബന്ധിച്ച് കർഷകർ അജ്ഞരാണ്.

12. കാർഷിക ആവശ്യത്തിനുള്ള ജലസേചന പമ്പുസെറ്റുകൾ വൈദ്യുതീകരിക്കുന്നതിനുള്ള കാലതാമസവും, ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കർഷകർ നേരിടേണ്ടിവരുന്ന ദുർഘടമായ നടപടിക്രമങ്ങളും വളരെയേറെയാണ്.

13. കൃഷി ഇടത്ത് ഇടവിളയായും വീട്ടുവളപ്പിലും പച്ചക്കറികൃഷിവേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

14. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വേണ്ടരീതിയിൽ വേണ്ട സമയത്ത് കുറഞ്ഞ പലിശക്ക് ധനസഹായം ലഭിക്കുന്നില്ല.

15. പ്രകൃതിക്ഷോഭം മൂലം നശിച്ചുപോകുന്ന വിളകൾക്ക് നഷ്ടപരിഹാരവും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം വളരെ വലുതാണ്.

16. കർഷകതൊഴിലാളികളുടെ കൂലിനിരക്ക് വളരെ കൂടുതലാണ്. കൂലി നിരക്ക് വളരെ ഉയർന്നതിനും പുറമെ സേവന മേന്മ വളരെ കുറഞ്ഞിട്ടും ഉണ്ട്.

17. കർഷക വൃത്തിക്കാവശ്യമായ കാർഷിക ഉപകരണ ങ്ങൾ, പണി ആയുധങ്ങൾ, നൂതന കാർഷിക യന്ത്രങ്ങൾ, ഇവ വാടകയ്ക്കു ലഭിക്കുന്നതിനുള്ള സംവിധാനമില്ലായ്മ.

18. അസംഘടിതവും അപര്യാപ്തവുമായ കാർഷിക വിജ്ഞാപനപ്രവർത്തനങ്ങൾ.

19. തേനീച്ചവളർത്തൽ, പുഷ്പകൃഷി, കൂൺ കൃഷി, മത്സ്യകൃഷി, പട്ടുനൂൽ പുഴു വളർത്തൽ തുടങ്ങിയ കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ ഇല്ലായ്മ.

20. കാർഷിക ഗവേഷണസ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ, സേവനങ്ങൾ, എന്നിവഫലപ്രദമായരീതിയിൽ യഥാസമയം കർഷകരിലെത്തിക്കുവാനുള്ള സംവിധാന ങ്ങളുടെ കുറവ്.

# പരിഹാരങ്ങൾ, സാദ്ധ്യതകൾ

. നെൽകൃഷിക്കുള്ള ഉല്പാദന ബോണസ് ഹെക്ടറി ന് 2500 രൂപയായി വർദ്ധിപ്പിക്കുക.

. ജലസേചന പ്രാധാന്യമുള്ള കുളങ്ങൾ എല്ലാം ജനപ കാളിത്തത്തോടെ നവീകരിക്കുകയും ചോർച്ച അടയ്ക്കു കയും സംരക്ഷിക്കാൻ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെ ടുത്തുക. ജലസേചനത്തിന് പ്രധാന ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ച് പമ്പുസെററുകൾ സ്ഥാപിക്കുക.

. നെൽ വയലുകൾ നികത്തുന്നതിനും ദീർഘകാല കൃ ഷികൾക്കായി മാററുന്നത് നിയന്ത്രിക്കുന്നതിനും ബോ ധവത്ക്കരണവും വേണ്ട നിയമ നിർമ്മാണം വഴി നിലവി ലുള്ള നിലം നികത്തുന്നത് തടയുന്നതിനും വേണ്ട കർ ശന നടപടികളുണ്ടാക്കണം.

കർഷക തൊഴിലാളികളുടെ കൂലി നിരക്ക് Minimum Wages Act ന് അനുസൃതമായി ഏകോപിപ്പിക്കുക.

. മണ്ണുപരിശോധനാ സൗകര്യം ഏർപ്പെടുത്തി ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വളപ്രയോഗരീതി നിർദ്ദേശിക്കണം.

. വിവിധ വിളകളുടെ പുതിയ വിത്തിനങ്ങളുടേയും ആധുനിക കൃഷി സമ്പ്രദായങ്ങൾ കോർത്തിണക്കിക്കൊ ണ്ടുള്ള പ്രദർശന തോട്ടങ്ങൾ ഓരോ വാർഡിലും സംഘ ടിപ്പിക്കുക.

വളങ്ങൾ. വിത്ത്, കീടനാശിനി ഇവ പ്രത്യേകിച്ച് ചെറുകിട നാമമാത്രമായ കർഷകർക്ക് സബ്സിഡി നി രക്കിൽ നൽകുക. ജൈവവളം, മണ്ണിര, കമ്പോസ്റ്റ്, ജൈവ കീടനാശിനികൾ തുടങ്ങിയവയുടെ ഉപയോഗം പ്രോ ത്സാഹിപ്പിക്കുന്നതിന് സൗജന്യമായിട്ട് ഈ ഉല്പാദന ഉപാധികൾ കൃഷിക്കാർക്ക് ലഭ്യമാക്കുക.

അധികം പ്രായം ചെന്നതും ഉല്പാദന ക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടി മാററുന്നതിന് ധന സഹായം നല്കുകയും അത്യുല്പാദന ശേഷിയുള്ള സ ങ്കരയിനം തെങ്ങിൻ തൈകൾ സൗജന്യമായി ലഭ്യമാക്കുക.

രോഗപ്രതിരോധശേഷിയുള്ള അത്യുല്പാദന വിത്തി നങ്ങളുടെ ഗുണങ്ങൾ പ്രചരിപ്പിക്കുകയും ലഭ്യമാക്കുക യും ചെയ്യുക.

. വിള ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ വിളകളേ യും ഉൾപ്പെടുത്തുകയും കർഷകരെ ബോധവാന്മാരാക്കു കയും അവരെ അംഗങ്ങളായി ചേർക്കേണ്ടതുമാണ്. പ്ര കൃതിക്ഷോഭം മൂലം നശിക്കുന്ന വിളകൾക്കുള്ള ഇൻഷ്വ റൻസ് തുക വർദ്ധിപ്പിക്കുകയും വ്യവസ്ഥകൾ ഉദാര വൽക്കരിക്കുകയും അതു ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും അത് യഥാസമയം കൃഷി ക്കാർക്ക് എത്തിക്കുന്നതിന് വേണ്ട സംവിധാനം ഏർപ്പെ ടുത്തുകയും ചെയ്യുക.

11. മുഴുവൻ വീടുകളിലും ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് വേണ്ട വിത്തും വളവും സാങ്കേ തിക ഉപദേശവും വാർഡ് കർഷക സമിതികൾ മുഖേന സൗജന്യമായി നല്കുക.

12. വായ്പാസൗകര്യങ്ങൾ ഉദാരമാക്കണം. കാർഷിക മേഖലയെ മാത്രം കേന്ദ്രീകരിച്ചുള്ള സഹകരണ സ്ഥാ പനം സ്ഥാപിക്കുകയും എല്ലാ കൃഷിക്കാരെയും അംഗ ങ്ങളായി ചേർക്കുകയും വേണം. കൃഷിക്കാവശ്യമായ വി ത്ത്, വളം, കീടനാശിനി, ധനസഹായം മുതലായവ ഈ കേന്ദ്രം വഴി നല്കുകയും കാർഷികേതര ഉപകരണ ങ്ങൾ, പണിയായുധങ്ങൾ നൂതന കാർഷിക യന്ത്രങ്ങൾ ഈ കേന്ദ്രം വഴി കൃഷിക്കാരന് കുറഞ്ഞ വാടകയ്ക്ക് നല്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണം.

13. വിവിധ ഇനം വിളകളുടെ അത്യുല്പാദന ശേഷി യുള്ള പുതിയ ഇനം സങ്കര വിത്തിനങ്ങളും, നടീൽ വ സ്തുക്കളും ഉല്പാദിപ്പിക്കുന്നതിലേക്കായി ഒരു മാതൃ കാ നേഴ്സറി ഈ പഞ്ചായത്തിൽ സ്ഥാപിക്കുകയും അതിലേക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർ പ്പെടുത്തുന്നതിനായി വേണ്ട ധനസഹായവും നൽകേണ്ട താണ്.

14. വൈദ്യുതി കണക്ഷൻ വ്യവസ്ഥകൾ ഉദാരമാക്കുക യും, യഥാസമയം കൃഷിക്കാരന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും, സ്ഥിരവോൾട്ടേജ് ഉറപ്പുവരുത്തുന്ന തിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

15. കാർഷിക ഉല്പന്നങ്ങൾ കൃഷിക്കാരിൽ നിന്നും ന്യാ യമായവില നല്കി സംഭരിക്കാനും അവ വേണ്ടുംവിധം സംസ്കരണം ചെയ്യുവാനും, വിപണനം നടത്താനുമായി ഒരു കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ടതും അതിൽ കൃഷിക്കാരെ എല്ലാം അംഗങ്ങളായി ചേർക്കേണ്ട തുമാണ്.

16. ഭൂപ്രകൃതി അനുസരിച്ചും മണ്ണ്, ജലം സംരക്ഷിക്കുന്നതിനുള്ള നീരൊഴുക്ക് സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും, വിവിധയിനം വിളകൾക്കും ഉള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

17. വിവിധയിനം കാർഷിക വിളകളെ പ്രതിനിധീകരിച്ചുള്ള കർഷകരെ ഉൾപ്പെടുത്തി വാർഡുതല കർഷക സമിതികൾ രൂപീകരിക്കുക, സന്നദ്ധ-കലാ-കായിക സംഘടനകൾ, മഹിളാ സംഘടനകൾ എന്നിവയുടെ നിലവിലുള്ള സാമ്പ്രദായിക പ്രവർത്തന പരിപാടികളിൽ നിന്നും ഉല്പാദനരംഗത്തേക്ക് കൂട്ടിക്കൊണ്ടുവരേണ്ടതുണ്ട്.

18. കാർഷികമേഖലയിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനും, കാർഷികവൃത്തിയിലേക്ക് യുവതലമുറയിൽ അഭിരുചി വളർത്തുന്നതിനും, സ്കൂളുകളെ കേന്ദ്രീകരിച്ച് കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുകയും, കൃഷിതോട്ടങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നത് അഭികാമ്യമാണ്. ഇതിന്റെ ഭാഗമായി സ്കൂൾ കാർഷികമേളകൾ സംഘടിപ്പിക്കുകയും, 'Study tour' കൾ നടത്തുകയും, പരിശീലന പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുന്നത് ഉത്തമമായിരിക്കും.

19. കൂൺകൃഷി, പട്ടുനൂൽപുഴുവളർത്തൽ, തേനീച്ച വളർത്തൽ, ഔഷധ സസ്യകൃഷി, പുഷ്പകൃഷി തുടങ്ങിയ നൂതന കൃഷിരീതികൾ നടപ്പിലാക്കുക.

20. കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ, സേവനങ്ങൾ എന്നിവ ഫലപ്രദമായ രീതികൾ കർഷകരിലെത്തിക്കുവാൻവേണ്ടി കൃഷി Departmentന്റെയും കാർഷിക സർവ്വകലാശാലകളിലേയും, മററു ഗവേഷണ സ്ഥാപനങ്ങളുടേയും സാങ്കേതിക വൈദഗ്ദ്യം സിദ്ധിച്ചിട്ടുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കർഷക സെമിനാറുകളും, ശില്പശാലകളും, ചർച്ചാ ക്ലാസുകളും, കർഷകമേളകളും സംഘടിപ്പിക്കേണ്ടതാണ്. ഓരോ വാർഡിലും വിവിധ വിളകൾ കൃഷിചെയ്യുന്ന കർഷകരെ അതിന്റെ നൂതന സാങ്കേതിക വശങ്ങളിലെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പിന്റേയും സർവ്വകലാശാലയുടേയും മററ് ഗവേഷണ കേന്ദ്രങ്ങളുടേയും പരിശീലന കേന്ദ്രങ്ങളിലേയ്ക്ക് അയച്ച് പരിശീലിപ്പിക്കുന്നത് അഭികാമ്യമാണ്.

21. മാതൃകാ കൃഷിതോട്ടങ്ങൾക്ക് പഞ്ചായത്ത്/വാർഡുതലത്തിൽ അർഹമായ അംഗീകാരവും മികച്ച കർഷകർക്കും/ കർഷക തൊഴിലാളികൾക്കും പ്രോത്സാഹനവും അംഗീകാരവും എല്ലാവർഷവും നല്കണം.

ചുരുക്കത്തിൽ ഒരു കാർഷിക-ഭക്ഷ്യ-തൊഴിൽ സംസ്കാരം വാർത്തെടുക്കുന്നതിനും അതിനായി മററ് മേഖലകളുമായി ബന്ധപ്പെടുത്തി സമഗ്രമായൊരു കാർഷിക പരിപാടി പഞ്ചായത്തുതലത്തിൽ ആവിഷ്കരിക്കുകയും വേണം.

# മൃഗസംരക്ഷണം

കഴിഞ്ഞ മൂന്നു ദശാബ്ദകാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണമേഖല തനതായ സംഭാവനകൾ നല്കിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും വ്യവസായ സംരംഭങ്ങളുടെ മുരടിപ്പുമൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്.

സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. വികസനമെന്നത്. ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണമേഖലയുടെ ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്നുള്ളത് തർക്കമററ വസ്തുതയാണ്. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്ത് മൃഗസംരക്ഷണ രംഗത്ത് കുററമററ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവ ദ്ധനവും ജനിതക ഗുണമേന്മ വർദ്ധനവും ഉൽപാദ ക്ഷമത വർദ്ധനവും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്

1960 കളുടെ മധ്യത്തിൽ മൊത്തം പാൽ ഉൽപാദന ഏതാണ്ട് 2 ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 12 ലക്ഷ ടണ്ണിലേറെ വർദ്ധിച്ചിരിക്കുന്നു. ഇതിൽ ശ്രദ്ധിക്കേണ്ട വസ്തുത നാടൻ പശുക്കളിൽ നിന്നുള്ള ഉൽപാദനം 3 ശതമാനം മാത്രം കൂടിയപ്പോൾ ഈ കാലയളവിൽ സങ്ക യിനംപശുക്കളിൽ നിന്നുള്ള ഉൽപാദനം 80 ശതമാനംവ ഉയരുകയുണ്ടായി എന്നുള്ളതാണ്. ചുരുക്കത്തിൽ ഒ നോട്ടത്തിൽ ഗംഭീരമെന്ന് തോന്നാവുന്ന ഒരുപാട് നേ ങ്ങൾ കേരളത്തിലെ മൃഗസംരക്ഷണ, ക്ഷീര ഉൽപാദന മേ ഖലകൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ ഈ നേട്ടങ്ങൾ സമ ഹത്തിന്റെ താഴേത്തട്ടിലേക്ക് എത്രത്തോളം എത്തിച്ചേ ട്ടുണ്ട് എന്ന കാര്യം സൂക്ഷ്മമായി പരിശോധിക്കപ്പെ ണ്ടതാണ്. ഇനിയും വളരെയധികം വികസനം നേടേണ്ട യിരിക്കുന്ന ഈ മേഖലയുടെ സാദ്ധ്യതകൾ ഏറെയ ണ്.

1. പാൽ, മുട്ട, മാംസം എന്നീ പോഷകാഹാരങ്ങളുടെ സ്രോതസാണ് ഈ മേഖല.

2. വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാററിൻ കൊഴുപ്പ് എന്നിവയുടെ സ്രോതസ്.

3. ഔഷധ വ്യവസായത്തിനുള്ള ഹോർമോൺ, വാക്സിൻ എൻസൈമുകൾ മുതലായവയുടെ.

4. പല മരുന്നുകളും ആദ്യമായി പരീക്ഷിക്കപ്പെടുന്നതും മൃഗങ്ങളിലാണ്.

5. പരസ്പരപൂരകങ്ങളായ സസ്യജന്തുലോകങ്ങളുടെ സംയോജിത കൃഷി - ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തിയുടെ ഉറവിടം

6. ഊർജസ്രോതസ് (Biogas)

7. പേവിഷനിയന്ത്രണം, മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോല്പാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധിയായ സേവനങ്ങൾ.

8 തൊഴിൽ സാദ്ധ്യത, ദേശീയവരുമാനവർദ്ധനവ്.

9. കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലായതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണസമ്പദ്ഘടന ശക്തമാക്കും.

10. ഈ മേഖലയിൽ 60 ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു.

## A. വിളവൂർക്കൽ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

പണ്ടുകാലത്ത് ഉൽപാദനക്ഷമത കുറഞ്ഞ കറവമാടുകളിൽ നിന്നും വളരെ ചെറിയ പാത്രങ്ങളിൽ പാൽ കറന്നെടുത്ത അനുഭവമാണ് നമുക്കുള്ളത്. കുളമ്പുരോഗം, അടപ്പൻ, കുരലടപ്പൻ തുടങ്ങിയ അസുഖങ്ങൾ വന്ന് കാലികൾ ചത്തൊടുങ്ങിയിരുന്നു. എന്തിനും നാട്ടുചികിത്സയും ശരിയായ പരിജ്ഞാനമില്ലാത്തവരുടെ സഹായവുമാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്.

ഇന്ന് ആ സ്ഥിതി പാടെ മാറി. കൃത്രിമ ബീജസങ്കലനം, അത്യുൽപാദനശേഷിയുള്ളപശുക്കൾ, ആധുനിക ചികിൽസാ സമ്പ്രദായങ്ങൾ എല്ലാം നിലവിൽ വന്നു.

1996 ലെ സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ കന്നുകാലികളുടെ വിവരങ്ങൾ.
24, 25, 26 എന്നീ പേജുകളിൽ വിവരിക്കുന്ന പ്രകാരമാണ്.

## B. വിളവൂർക്കൽ പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായ മൃഗാശുപത്രി 1996 മാർച്ച് മാസം 19-ാം തീയതി ഉദ്ഘാടനം ചെയ്തു പ്രവർത്തനമാരംഭിച്ചു. ഒരു വെററിനറി സർജൻ, ഒരു ലൈവ്സ്റ്റോക് ഇൻസ്പെക്ടർ, ഒരു അററൻറ്ൻറ് ഒരു പാർട്ട്ടൈം സ്വീപ്പർ എന്നിങ്ങനെ നാല് തസ്തികകളാണുള്ളത്.

മൃഗാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത് ഒരു വാടകക്കെട്ടിടത്തിലാണ്. വെള്ളം, കറൻറ് തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങൾ ഇപ്പോഴുണ്ട്. നമ്മുടെ മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉടനടി അനുവദിക്കപ്പെടേണ്ടതാണ്. കൂടാതെ വാക്സിനുകളും മററും സൂക്ഷിക്കുന്നതിന് ഒരു റെഫ്രിജറേറർ അത്യാവശ്യമാണ്. ഇവിടെ ഇപ്പോൾ ലബോറട്ടറി സൗകര്യങ്ങൾ ഒന്നും ഇല്ല. ഒരു മൈക്രോ സ്കോപ്പ്, ഗ്ലാസ് സ്ലൈഡ്സ്, റീ ഏജൻററുകൾ ഇവ ലഭ്യമാക്കുക വഴി രക്തം, പാൽ, മൂത്രം, ചാണകം ഇവ ഇവിടെത്തന്നെ പരിശോധിച്ച് വേണ്ട ചികിൽസാഹിധികൾ നിശ്ചയിക്കാവുന്നതാണ്. മേൽപറഞ്ഞ കാര്യങ്ങൾക്ക് ഇപ്പോൾ ജില്ലാ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. കൂടാതെ പട്ടി, ആട് തുടങ്ങിയവക്ക് ഓപ്പറേഷനുവേണ്ടി ഒരു ഓപ്പറേഷൻ ടേബിൾ, കന്നുകാലികളെ നിർത്തി പരിശോധിക്കുന്നതിന് ഒരു ട്രെവിസ്, ഫോൺ, വാഹന സൗകര്യം ഇവ ഏർപ്പെടുത്തേണ്ടത് നമ്മുടെ സേവനമേഖലയെ മെച്ചപ്പെടുത്താൻ അവശ്യം അവശ്യമാണ്. കണുകാലികളിൽ കൃത്രിമബീജസങ്കലനം നടത്തുന്നതിനുള്ള സൗകര്യം ഇപ്പോൾ ഇവിടെ ഇല്ല. ഇത് എത്രയും പെട്ടെന്ന് ഏർപ്പെടുത്തേണ്ടതാണ്.

കൂടാതെ ആശുപത്രിയിൽ ലഭിക്കുന്ന മരുന്നുകൾ ആവശ്യത്തിന് തികയാറില്ല. ആൻറിബയോട്ടിക്കുകൾ തുടങ്ങിയ അത്യാവശ്യമരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ഉണ്ടെങ്കിലും കന്നുകാലിരോഗ ചികിൽസ, വാക്സിന്റെ ലഭ്യതയനുസരിച്ച് കോഴിക്ക് കുത്തിവയ്പ്, പേവിഷത്തിനെതിരായ കുത്തിവയ്പ് ഇവ മൃഗാശുപത്രി വഴി ചെയ്തുകൊടുന്നു.

നമ്മുടെ മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നൂതന വിദ്യകൾ പ്രയോഗിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് പ്രവർത്തിക്കുക്കണം. പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായുള്ള സമിതിയിൽ മൃഗസംരക്ഷണ വകുപ്പിലെ ബദ്ധപ്പെട്ട ഉദ്യോഗസ്ഥർ, കർഷകർ, ജനപ്രതിനിധികൾ സന്നദ്ധസംഘടനകൾ ബാങ്കുകൾ, മററു ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയെ ഉൾപ്പെടുത്താം.

മൃഗാശുപത്രി കൂടാതെ 1986 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു ഉപകേന്ദ്രവും ഈ പഞ്ചായത്തിലുണ്ട്. ഇതിനും സ്വന്തമായി ഒരു കെട്ടിടമില്ല. ഈ കേന്ദ്രത്തിൽ നിന്നും കന്നുകാലികൾക്ക് കൃത്രിമ ബീജസങ്കലനം നടത്തിക്കൊടുക്കുന്നു. ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറാണ് ഇവിടെയുള്ളത്.

ഈ ബ്ലോക്കിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി ആവശ്യമാണ്.

## വളർത്തു മൃഗസംഖ്യ

| വാർഡ് നമ്പർ | കാളനാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | | | | 11 | | | 106 | 51 | 30 | 17 | 7 | 218 | 292 | |
| II | | 2 | | 26 | 3 | 4 | 155 | 41 | 8 | 53 | | 225 | 145 | |
| III | | | | 12 | | | 106 | 108 | 6 | 54 | | 248 | 107 | |
| IV | | | | 22 | | | 144 | 70 | 7 | 2 | | 145 | 383 | |
| V | | | | 10 | | | 117 | 61 | 10 | 3 | 1 | 308 | 92 | |
| VI | | | | | | | 91 | 19 | | | | 243 | 408 | |
| VII | | | | | | | 26 | 20 | | | | 105 | 73 | |
| VIII | | | | 4 | | | 87 | 73 | 10 | 7 | | 124 | 294 | |
| IX | | | | 59 | | | 175 | 171 | 29 | 17 | 4 | 257 | 371 | |
| X | | | | | 17 | 23 | 122 | 19 | | 4 | | 156 | 106 | |

## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മററുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| I | 277 | 898 | 1582 | | | |
| II | 226 | 580 | 1137 | | | |
| III | 501 | 1020 | 92 | 12 | 23 | 38 |
| IV | 596 | 1728 | 408 | | | |
| V | 655 | 2468 | 455 | | | |
| VI | 165 | 1909 | 227 | | | |
| VII | 255 | 1954 | 179 | | | |
| VIII | 91 | 1383 | 298 | | | |
| IX | 373 | 1595 | 545 | 2 | 3 | |
| X | 338 | 601 | 325 | | 56 | 30 |

4.3 രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ<br>Digestive disorders | 52 | 3 | 66 | | 13 | 20 | | | | |
| 2 | ശ്വാസകോശസംബന്ധം<br>Respiratory diseases | 5 | | 3 | | 5 | 18 | | | | |
| 3 | ഉപാപചയ സംബന്ധം<br>Metabolic diseases | 3 | | | | | | | | | |
| 4 | ത്വക് രോഗങ്ങൾ<br>Skin diseases | 22 | 1 | 3 | | 3 | | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | | | | | | 1 | | | | |
| 6 | പരാദരോഗങ്ങൾ<br>Parasitic diseases | 81 | 2 | 14 | | 18 | 9 | | | | |
| 7 | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 4 | | 2 | | 1 | | | | | |
| 8 | വന്ധ്യത<br>Infertility | | | | | | | | | | |
| 9 | അകിടുവീക്കം<br>Mastitis | 9 | | 3 | | | | | | | |
| 10 | മുടന്തൻ പനി<br>Ephemeral Fever | 25 | | 2 | | | | | | | |
| 11 | പകർച്ച വ്യാധികൾ<br>Contagion diseases | | | | | | | | | | |
| 12 | Other condition | 106 | 12 | 20 | 2 | 1 | 88 | | | | |

## വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്

### 4.4 പേവിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മററുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം | | | | 88 | | |
| കടിയേററതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | | | | 1 | | |

## വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

### 4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു കിടാരി | 1809 | 549 | 15 |
| എരുമ | 257 | 66 | 3 |

## പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പാക്കിയ പദ്ധതികൾ

### 1. SLBP

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി അനുസരിച്ച് വിളവൂർക്കൽ സൊസൈററി വഴി 35 കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീററ കൊടുക്കുന്നു. കൂടാതെ ഇവക്ക് മരുന്ന്, ഇൻഷ്വറൻസ് പരിരക്ഷ ഇവയുണ്ട്.

### 2. പേവിഷ നിയന്ത്രണപദ്ധതി

വിളവൂർക്കൽ മൃഗാശുപത്രി വഴി 89 നായ്ക്കളെ പേവിഷബാധയ്ക്കെതിരായ കുത്തിവയ്പിന് വിധേയമാക്കിയിട്ടുണ്ട്. അതിനാവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഒരു കുത്തിവയ്പിന് 11/ രൂപ എന്ന സൗജന്യ നിരക്കിലാണ് നൽകിയിട്ടുള്ളത്.

## പാൽ ഉൽപാദന രംഗം

വിളവൂർക്കൽ പഞ്ചായത്തിൽ പാൽ ഉൽപാദനത്തിനും വിപണനത്തിനും ഏററവും ഉപകരിക്കുന്ന മൂന്നു സൊസൈററികളാണ് വിളവൂർക്കൽ പുതുവീട്ടുമേലെ, പേയാട് ഇവ. വിളവൂർക്കൽ, സൊസൈററിയിൽ ദിവസം 150 ലിറ്ററും പുതുവീട്ടുമേലെ 110 ലിററും പേയാട് 400 ലിററും പാൽ സംഭരിക്കുന്നു. കൊഴുപ്പിന്റെ അളവനുസരിച്ച് ഉൽപാദകന് വില നൽകുകയാണ് ചെയ്യുന്നത്. ഇതു കൂടാതെ ഇവിടെ നിന്നും സമീപ പഞ്ചായത്തുകളായ മലയിൻകീഴ് വിളപ്പിൽ എന്നിവിടങ്ങളിലെ സൊസൈറ്റികളിൽ പാൽ നല്കാറുണ്ട്. മൊത്തം പാൽ ഉൽപാദനത്തിന്റെ ഏകദേശം 30-50 ശതമാനം വരെ അടുത്ത വീടുകളിലും ഹോട്ടലുകളിലും വിൽക്കുന്നു. സ്വന്തം ആവശ്യത്തിനായി ഉൽപാദകരുടെ വീടുകളിൽ ഉപയോഗിക്കുന്ന പാൽ ഏകദേശം 10-20 ശതമാനം വരെ വരും. ഇതു വച്ച് പഞ്ചായത്തിലെ മൊത്തം പാൽ ഉൽപാദനം 5,28, 120 ലിററാണ് ഒരുവർഷം. ഇതിന്റെ മൂല്യം ലിറ്ററിന് 11 രൂപ വച്ച് 58,09,320/- രൂപയാണ്.

ഗുണനിലവാരമുള്ള തീററയുടെ ദൗർലഭ്യം അനിയന്ത്രിയമായ വില, ഗുണനിലവാര നിർണ്ണയ ലബോററ്ററികളുടെ അഭാവം ഇവ ഈ രംഗത്ത് കർഷകൻ നേരിടുന്ന കനത്ത വെല്ലുവിളികളാണ്. ഇതുമൂലം ഉൽപാദകന് കിട്ടുന്ന പാൽ വില ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക പാൽ ലഭ്യമല്ല.

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീററ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക വഴി ഉൽപാദനരംഗത്ത് വരുന്ന ചിലവിനെ കുറയ്ക്കാനും അതുവഴി ആദായം കൂട്ടാനും ഉപകരിക്കും.

ഈ രംഗത്തെ വികസനത്തിന് ചെറുകിട നാമമാത്ര കർഷകരെയും കർഷകത്തൊഴിലാളികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുക, കാലിവളർത്തൽ മുഖ്യ തൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോൽസാഹനം നൽകുക, വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിക്കുക ഇവ ലക്ഷ്യമാക്കി.

a മിനി ഡയറി യൂണിററുകൾ മൂന്നു പശുക്കൾ അടങ്ങിയ ഒരു യൂണിററ്

b കന്നുകുട്ടി പരിപാലന പരിപാടി

ഈ പരിപാടിയുടെ പ്രയോജനം ഒരു വിഭാഗം കർഷകർക്ക് മാത്രമെ ഇപ്പോൾ ലഭ്യമാകുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളെയും (4 മുതൽ 32 മാസംവരെ പ്രായമുള്ളവയെ) 2 മുതൽ 42 മാസംവരെ എല്ലാ എരുമക്കുട്ടികളെയും ഉൾപ്പെടുത്തി സൗജന്യ നിരക്കിൽ കാലിത്തീററമരുന്ന്, ഇൻഷ്വറൻസ് സൗകര്യം ഇവ നല്കണം.

## മാംസ ഉൽപാദന രംഗം

ഈ പഞ്ചായത്തിൽ ഒരു അംഗീകൃത അറവുശാലയില്ല. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മാടുകളെ അറവു നടത്തുന്നുണ്ട്.

| | | | | |
|---|---|---|---|---|
| വിളവൂർക്കൽ | - എല്ലാ ഞായറാഴ്ചയും | ഓരോ | കാളവീതം | |
| വിഴവൂർ | - | ,, | ,, | ,, |
| പൊററയിൽ | - ,, | ,, | ,, | ,, |
| പേയാട് | - ,, | ,, | ,, | ,, |
| പേയാട് | - എല്ലാ ദിവസവും | ഒരോ | കാള വീതം | " |

ഇതനുസരിച്ച് ശരാശരി വർഷം 550-575 കാളകൾ കശാപ്പു ചെയ്യപ്പെടുന്നു. ലഭിക്കുന്ന മാംസത്തിന്റെ അളവ് 575,00 kg ഉം ഇതിന്റെ മൂല്യം 23,00, 000/-രൂപയുമാണ്.

മാംസ വില്പനശാലകളുടെ അവസ്ഥ ദയനീയമാണ്. തുറസായ സ്ഥലത്ത് വൃത്തിഹീനമായ സാഹചര്യങ്ങളിൽ വയസായതും രോഗം ബാധിച്ചതുമായ കാലികളെ അറവുനടത്തി മാംസം വിപണനം നടത്തുന്നു. സാധാരണഗതിയിൽ ഈ അറവുമാടുകളിൻ 80-90 ശതമാനം പുറത്തുനിന്നും വരുന്നു. അതിൽ നല്ലൊരു പങ്കും രോഗബാധിതരും. ഇതുമൂലം നമ്മുക്കുണ്ടാകുന്ന നഷ്ടത്തെപ്പററി ചിന്തിച്ചിട്ടുണ്ടോ?

ഇതിന് പരിഹാരമായി ആദ്യം തന്നെ ശാസ്ത്രീയമായ അറവുശാലകൾ ബ്ലോക്ക് തലത്തിൽ സ്ഥാപിക്കേണ്ടതാണ്. വെററിനറി ഡോക്ടർ പരിശോധന നടത്തിയ രോഗവിമുക്തമായ കാലികളെ കശാപ്പു ചെയ്തു പഞ്ചായത്തു മാംസ വില്പന കേന്ദ്രങ്ങളിൽ എത്തിയ്ക്കേണ്ടതാണ്.

മാംസോൽപാദന രംഗത്ത് നമ്മുടെ പഞ്ചായത്തിനെ ഒരു പരിധിവരെയെങ്കിലും സ്വയംപര്യാപ്തമാക്കുവാൻ താഴെ പറയുന്ന പദ്ധതികളെ പ്രയോജനപ്പെടുത്താവുന്നതാണ്.

## 1. ആടുവളർത്തൽ

ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം രണ്ടായിരത്തോളം ആടുകളെ വിളവൂർക്കൽ പഞ്ചായത്തിൽ വളർത്തുന്നു. അതായത് ആടുവളർത്തലിന് ഏറെ സാദ്ധ്യതയുള്ള പ്രദേശമാണിവിടം. നല്ലയിനം ആട്ടിൻ കുട്ടികൾ ലഭ്യമല്ല. അതുപോലെ പച്ചിലത്തീററയുടെ ദൗർലഭ്യവും പോരായ്മയാണ്. ആട്ടിൻ കുട്ടികളെ ലഭ്യമാക്കുകയും പ്ലാവ്, സുബാബുകൾ തുടങ്ങിയ ഇവയ്ക്ക് വേണ്ട പച്ചിലത്തീററ കൃഷി വ്യാപകമാക്കുകയും വേണം. വീട്ടമ്മമാരുടെയും കുട്ടികളുടെയും അദ്ധ്വാനശേഷി ഉപയോഗപ്പെടുത്തി കുറഞ്ഞ മൂലധന മുടക്കിൽ ചെയ്യാമെന്നുള്ളത് അനുകൂലമായ സാഹചര്യമാണ്.

## 2. മൂരികുട്ടി/പോത്തിൻകുട്ടി വളർത്തൽ

ഇവയെ വളർത്താൻ താൽപര്യമുള്ളവരുണ്ടെങ്കിൽ 2-3 മാസം പ്രായമായ കുട്ടികളെ സൊസൈററികൾ വഴി തിരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കാം. ഇവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയാൽ കർഷകർക്ക് ഉപകാരപ്രദമായിരിക്കും.

3 പന്നി, മുയൽ, കാട, ടർക്കി, താറാവ് ഇവ വളർത്താൻ താൽപര്യമുള്ളവർക്ക് ആവശ്യമായ മേൽത്തരം കുഞ്ഞുങ്ങളെ ലഭ്യമാക്കി അവയുടെ ശാസ്ത്രീയമായ പരിചരണത്തിന് പരിശീലനം നൽകണം. കൂടാതെ ഇവയുടെ മാംസം കൂടുതൽ വിപണന സാദ്ധ്യതയുള്ള നഗരപ്രദേശങ്ങളിൽ വിററഴിക്കുന്നതിന് സാഹചര്യം ഒരുക്കിക്കൊടുക്കണം.

4. വിളവൂർക്കൽ പഞ്ചായത്തിൽ ഒരു മാംസോൽപാദക സഹകരണസംഘം സ്ഥാപിക്കുകയും സംഘം വഴി, ശാസ്ത്രീയമായി അറവു ചെയ്ത, അതായത് മുൻപിൻ മാംസ പരിശോധന നടത്തി വൃത്തിയുള്ളതും രോഗവിമുക്തവുമെന്ന് ഉറപ്പാക്കിയ മാംസം ജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം. 3-4 വില്പന ശാലകൾ പഞ്ചായത്തിൽ ആരംഭിക്കണം.

5. മാംസോൽപാദനം, സംസ്കരണം, വിപണനം ഇവയിൽ തൽപരരായവരെ കണ്ടെത്തി അവർക്ക് ആവശ്യമായ ധനസഹായം, പരിശീലനം ഇവ നൽകണം.

## G. കാലിത്തീററ ഉൽപാദന രംഗം

ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം കന്നുകാലികൾ ശാസ്ത്രീയമായ പരിപാലനവും പോഷക സമൃദ്ധമായ തീററയും ആവശ്യപ്പെടുന്നു. പോഷകസമൃദ്ധമായ കാലിത്തീററ ചെലവേറിയതാണ് എന്നുള്ളതിനാൽ സാധാരണക്കാരന് അപ്രാപ്യമാണ്. വിളവൂർക്കൽ സൊസൈററിയിൽ നിന്നും ഉദ്ദേശം 50 ചാക്ക് (50×50kg) പുതുവീട്ടുമേലെ 30 ബാഗ്, പേയാട് സംഘത്തിൽ നിന്നും 90ബാഗ് വീതം കാലിത്തീററശരാശരിഒരുമാസം ചിലവാകുന്നു. ഇതുകൂടാതെ മററു വില്പനക്കാരിൽ നിന്നും ആളുകൾ തീററ വാങ്ങുന്നു. അതും താങ്ങാവുന്നതിലും വലിയ വില കൊടുത്ത്. ഇതിന് എന്താണ് ഒരു പരിഹാരം?

1. പഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, തെങ്ങിൻ തോപ്പുകൾ, വഴിയോരങ്ങൾ, ഓഫീസ്, സ്കൂ വളപ്പിലെ സ്ഥലങ്ങൾ ഇവയിൽ തീററപുൽ കൃഷി ന പ്പാക്കണം. ഗുണമേന്മയുള്ള പുൽവിത്ത് ഇതിലേക്ക സൗജന്യമായി നൽകണം.

2. പഞ്ചായത്തിന്റെ നെൽകൃഷി പ്രോൽസാഹിപ്പിക്കണം. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന വൈക്കോൽ ഇവി ടെത്തന്നെ ലഭ്യമാക്കണം.

3. ബ്ലോക്ക് തലത്തിൽ സഹകരണസംഘങ്ങൾ രൂപീക രിച്ച് കാലിത്തീററ മിശ്രണ യൂണിററുകൾ ആരംഭിക്കണം. നമ്മുടെ ഗ്രാമത്തിൽ ലഭ്യമായ കപ്പ, പിണ്ണാക്ക്, പ ളിങ്കുരു ഇവയും ഇനിയും വേണ്ട അസംസ്കൃത വസ്തുക്കൾ ഉൽപാദകരിൽ നിന്നു നേരിട്ട് വാങ്ങിയും തീറ ഉണ്ടാക്കിയാൽ (ഇടനിലക്കാരെ ഒഴിവാക്കി) മാർക്കററി ലഭ്യമായതിനേക്കാൾ കുറഞ്ഞവിലക്ക് കൂടുതൽ പോഷക ഗുണമുള്ള തീററ ഉൽപാദിപ്പിക്കുവാൻ കഴിയും. അതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

4. കൂട്ടായ്മയിലൂടെ തീററപുൽകൃഷി നടത്തി ഒരു നിശ്ചിത വിലയ്ക്ക് വിൽക്കാവുന്നതാണ്.

5. ഈ രംഗത്തു വരാൻ താൽപര്യമുള്ളവർക്ക് ആവശ്യമായ പരിശീലനം നല്കണം.

## H. ബ്രോയിലർ കോഴി വളർത്തൽ

പ്രത്യേക പ്രജനന പ്രക്രിയകൾ വഴി മാംസോൽപാദനത്തിന് വേണ്ടി മാത്രം വികസിപ്പിച്ചെടുത്ത വ ർഗ്ഗത്തെയാണ് ബ്രോയിലർ കോഴികൾ എന്ന് പറയുന്നത്. ഈ പഞ്ചായത്തിൽ 2 ബ്രോയിലർ യൂണിററുകൾ പ്രവർത്തിച്ചുവരുന്നു. 50-60 ദിവസത്തിൽ ഒരിക്കൽ 2×250=500 കോഴികൾ ഉൽപാദിക്കപ്പെടുകയും ഭൂരി ഭാഗവും പഞ്ചായത്തിന് വെളിയിൽ വിററഴിക്കപ്പെടു യും ചെയ്യുന്നു. കൂടാതെ ഈ പഞ്ചായത്തിലെ മുട്ടയുൽ പാദനത്തിനുള്ള കോഴികളിൽ 20 ശതമാനവും പൂവൻ കോഴികൾ ഏകദേശം 100 ശതമാനവും മാംസാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നു. അതായത് 12,502kg കോഴി മാംസം ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നു.

ഇറച്ചിക്കോഴി വളർത്തലിന് തയ്യാറുള്ളനിരവധിപേർ ഈ പഞ്ചായത്തിലുണ്ട്. ഈ മേഖല തികച്ചും അസംഘടിതമാണ്. തീററയുടെയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതമായ വിലയും ഇടത്തട്ടുകാരുടെ ചൂഷണവും മു ഖ്യപ്രശ്നങ്ങളാണ്. ഇത് ഒരു പരിധിവരെ ഒഴിവാക്കാൻ ഈ രംഗത്ത് താൽപര്യമുള്ളവർ ചേർന്ന് പഞ്ചായത്തിൽ സഹകരണസംഘം സ്ഥാപിച്ച് അതിൽകൂടി നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും തീററയും ലഭ്യമാക്കണം. കൂടാതെ ഈ സൊസൈററി വഴി മാംസവിപണനത്തിനുള്ള സ കര്യങ്ങൾ ചെയ്യണം. വിപണനകേന്ദ്രങ്ങൾ രണ്ടോ മൂന്നോ ആരംഭിക്കുക. തൽപരരായവർക്ക് പരിശീലനംനല്കുക

## I മുട്ടയുൽപാദന രംഗം.

വിളവൂർക്കൽ പഞ്ചായത്തിൽ ഉദ്ദേശം 10297 നാടൻ പിടക്കോഴികളും 7254 സങ്കരയിനം പിടക്കോഴികളും വളർത്തപ്പെടുന്നു. ഈ കിട്ടുന്ന മുട്ടയിൽ ഭൂരിഭാഗവും വീടുകളിൽ ഉപയോഗിക്കുന്നു. (30,8910 നാടൻ 725400 സങ്കരയിനം)

ഇറച്ചിക്കോഴിയുടെ കാര്യത്തിലെന്നതുപോലെമുട്ടവിപണിയും പുറമെനിന്നുള്ള ഇറക്കുമതിയെ ആശ്രയിച്ചാണിരിക്കുന്നത്. ഈ രംഗത്തും സ്വയം പര്യാപ്തരാകുവാൻ നാം ശ്രമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇവിടെയും സഹകരണ സംഘങ്ങളെ പ്രയോജനപ്പെടുത്താം. മുട്ടയുൽപാദനം കൂടുന്നതിന് നടപ്പാക്കാവുന്ന പദ്ധതി.

### 1. എഗ്ഗർനേഴ്സി

ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ശാസ്ത്രീയമായ രീതിയിൽ 60 ദിവസംവരെ വളർത്തി വിപണനത്തിന് തയ്യാറാക്കുന്നു. ഇതിലേക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇവ ലഭ്യമാക്കണം. ഈ പദ്ധതി മറ്റു മുട്ടക്കോഴി വളർത്തൽ പദ്ധതികളുമായി ബന്ധിപ്പിച്ച് പ്രവർത്തിക്കണം. തൽപരരായവർക്ക് പരിശീലനം നല്കണം.

### 2. അടുക്കള മുററത്തെ കോഴിവളർത്തൽ

വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നു. ഭക്ഷണത്തിൽ മാംസത്തിന്റെ തോത് ഉയർത്തുന്നു. വീട്ടമ്മമാർക്ക് വരുമാനമാർഗ്ഗം ലഭിക്കുന്നു. 45-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ആവശ്യക്കാർക്ക് ലഭ്യമാക്കണം. 1000 യൂണിററ് കുറഞ്ഞത് സ്ഥാപിക്കണം, ഒരു യൂണിററ് (5 കോഴിക്കുഞ്ഞ്.)

### 3. സ്കൂൾ പൗൾട്രി ക്ലബ്

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. 5 രൂപ അംഗത്വഫീസ് നൽകി അംഗമാകുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തി 60 ദിവസം പ്രായമായ 3 കോഴികുഞ്ഞുങ്ങളെ വീതം സൗജന്യമായി നൽകണം.

## J അറവുശാല ഉപോൽപന്ന സംസ്കരണം

ഇറച്ചിക്കുവേണ്ടി അറവുനടത്തുന്ന ആടുമാടുകളുടെ തുകൽ, എല്ല് തുടങ്ങിയ എല്ലാ ഉപോൽപന്നങ്ങളും ഓരോ ആവശ്യത്തിലേക്ക് ഉപയോഗപ്പെടുന്നു. മാംസം കഴിഞ്ഞാൽ ഏറെ ഡിമാൻറുള്ളതാണ് തുകൽ. കാള, പശു, എരുമ, പോത്ത് ഇവയുടെ തുകലിന് ഏകദേശം 600/- രൂപയും ആട്ടിൻ തുകലിന് 120/- രൂപയും ഉണ്ട്. വളം നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ് എല്ല്.

ഈ പഞ്ചായത്തിൽ ഒരു ഉപോൽപന്ന സംസ്കരണ യൂണിററിനുള്ള സാദ്ധ്യതകൾ കുറവാണ്. കിട്ടുന്ന തുകൽ ഉടൻതന്നെ വിററഴിക്കുകയാണ് ഉത്തമം.

## K ജൈവവളം

ഏററവും പുതിയ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിൽ 2200 കന്നുകാലികൾ (പശു, കാള, എരുമ, പോത്ത്) ഉണ്ട്. അവയിൽ നിന്നും ലഭിക്കുന്ന ചാണകവും മൂത്രവും ഈ കാർഷികമേഖലയിൽ ജൈവവളമായി ഉപയോഗിക്കുന്നു. ഒരു കുട്ട ചാണകത്തിൽ 15രൂപ വിലയുണ്ട്.

കാർഷിക വിളകൾക്ക് ജൈവവളം കൂടുതലായി ഉപയോഗിക്കാൻ കർഷകരെ ബോധവൽക്കരിക്കണം.

## L ഊർജം. (Biogas)

വിളവൂർക്കൽ പഞ്ചായത്തിൽ ധാരാളം ആളുകൾ ചാണകത്തിൽ നിന്നും Biogas ഉൽപാദിപ്പിക്കുകയും അത് വീട്ടിലെ പാചക ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.

നമ്മുടെ നാട്ടിലെ വർദ്ധിച്ചുവരുന്ന ഊർജത്തിന്റെ ആവശ്യവും വിറകിന്റെ ദൗർലഭ്യവും പശുക്കൾ ഉള്ള വീടുകളിൽ എളുപ്പം നിർമ്മിക്കാവുന്നതും ചെലവുകുറഞ്ഞതുമായ ബയോഗ്യാസ് പ്ലാൻറുകൾ പ്രാധാന്യം എടുത്തുകാണിക്കുന്നു.

ഇവിടെ കിട്ടുന്ന ചാണകം ബയോഗ്യാസ് ഉൽപാദനത്തിന് ഉപയോഗിക്കുവാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. പശുക്കൾ ഉള്ള ഓരോ വീട്ടിലും Biogas plant തുടങ്ങുന്നതിനുള്ള സബ്സിഡി അനുവദിക്കണം. Biogas ഉൽപാദനത്തിനു ശേഷം ലഭിക്കുന്ന Slurry വളരെ നല്ല ജൈവവളമാണ്.

## M മൃഗശക്തി

വിളവൂർക്കൽ പഞ്ചായത്തിൽ 16 കാളകൾ ജോലിക്കായി മാത്രം ഉപയോഗിക്കപ്പെടുന്നു എന്നാണ് സെൻസസ് റിപ്പോർട്ട്. കാളവണ്ടികൾ നവീകരിക്കുകയും കുറഞ്ഞ അദ്ധ്യാനത്തിൽ കൂടുതൽ ജോലി നിർവ്വഹിക്കപ്പെടുന്നതിനുള്ള രീതികൾ ആവിഷ്കരിക്കപ്പെടുകയും വേണം. (ചക്രത്തിൽ ടയർ ഉപയോഗിക്കുന്നത് പോലുള്ളവ) വയലുകളിൽ പോത്തുകളെ കൂടുതലായി ഉപയോഗിക്കണം.

## N കർഷക പരിശീലനം

മൃഗസംരക്ഷണ മേഖലയിൽ ആവശ്യമായ പ്രാഥമിക പരിജ്ഞാനം കർഷകനിൽ എത്തിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി.

തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിലുള്ള ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെൻറർ ഈ രംഗത്ത് എടുത്തുപറയത്തക്ക സേവനമാണ് കാഴ്ചവക്കുന്നത്. വിവിധ വിഷയങ്ങളിൽ ഒരു ദിവസം മുതൽ ഒരാഴ്ചവരെയുള്ള ട്രെയിനിംഗ് നടത്തി സർട്ടിഫിക്കററ് നൽകുന്നു. വിളവൂർക്കൽ പഞ്ചായത്തിലേക്ക് എൽ. എം. ററി. സിയിൽ നിന്നുള്ള വിദഗ്ദ്ധ സംഘത്തെ വരുത്തി താൽപര്യമുള്ള കർഷകർക്ക് പരിശീലനം കൊടുക്കാവുന്നതാണ്.

## O വന്ധ്യത നിവാരണം

മൃഗ ചികിൽസാരംഗത്ത് അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു വലിയ പ്രശ്നമാണ് കറവമാടുകളിലെ വന്ധ്യത. വന്ധ്യത വന്നുഭവിക്കുന്നതിനുള്ള കാരണങ്ങൾ അനവധിയാണ്.

ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബ്ലോക്ക് തലത്തിൽ ഒരു task force രൂപീകരിച്ച് ഗൈനക്കോളജിയിൽ വിദഗ്ധരായവരുടെ സേവനം ലഭ്യമാക്കണം. ഈ task forceന്റെ സഹായത്തോടെ വർഷംതോറും 2 പ്രാവശ്യമെങ്കിലും ഈ പഞ്ചായത്തിൽ വന്ധ്യത നിവാരണ ക്യാമ്പും ചികിത്സയും നടത്തേണ്ടതാണ്.

## P പേവിഷബാധ നിർമ്മാജനം

മനുഷ്യനും മൃഗങ്ങളും ഒരു പോലെ നേരിടുന്ന മഹാവിപത്താണ് പേവിഷബാധ. എന്നാൽ ചികിത്സയില്ലാത്തതും മരണം സുനിശ്ചിതവുമായ ഈ രോഗത്തിന്റെ അന്ത്യം ഭയാനകവും വേദനാജനകവുമാണ്.

ഈ പഞ്ചായത്തിൽ 1996 ലെ സെൻസസ് അനുസരിച്ച് 2270 ഉടമസ്ഥനുള്ള നായ്ക്കളും 80 ഓളം ഉടമസ്ഥനില്ലാത്ത നായ്ക്കളുമാണുള്ളത്.

മൃഗാശുപത്രിയിൽ നിന്നും പേവിഷത്തിനെതിരായ കുത്തിവയ്പ് സൗജന്യ നിരക്കിൽ ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോൾ കുത്തിവയ്പ് നിർബന്ധമല്ല. എന്താണ് ചെയ്യേണ്ടതെന്നാൽ

1 അലഞ്ഞുതിരിയുന്ന നായ്ക്കളെയും ഉടമസ്ഥനില്ലാത്തവയെയും നശിപ്പിക്കുക.

2 വർഷംതോറുമുള്ള പ്രതിരോധ കുത്തിവയ്പും, ലൈസൻസും വളർത്തുനായ്ക്കൾക്ക് നിർബന്ധമാക്കുക.

3 വാക്സിൻ സൗജന്യമായോ പകുതി വിലയ്ക്കോ നൽകുക.

4 പേവിഷബാധയെക്കുറിച്ച് സെമിനാറുകളും ചർച്ചാ ക്ലാസും സംഘടിപ്പിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

5 ചപ്പുചവറുകളും ഭക്ഷണാവശിഷ്ടങ്ങളും തെരുവിൽ വലിച്ചെറിയുന്നത് വിലക്കുക തന്നെ ചെയ്യുക.

6 ജില്ലാ ആസ്ഥാനത്ത് പേവിഷനിർണയകേന്ദ്രം സ്ഥാപിക്കുക.

## Q കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകാവുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷ

വീട്ടിൽ വളർത്തുന്ന കറവമാടുകളെ ആശ്രയിച്ച് കഴിയുന്ന കർഷകന് അവയുടെ പെട്ടെന്നുണ്ടാവുന്ന മരണം സ്ഥിരമായ ഉൽപാദനശേഷി നഷ്ടം (P.T.D) ഇവമൂലം താങ്ങാനാവാത്ത സാമ്പത്തിക നഷ്ടം വന്നുകൂടുന്നു ഇതിന് പരിഹാരമായി എല്ലാ കറവമാടുകളെയും കാളകളെയും മററും ഇൻഷ്വർ ചെയ്യേണ്ട നടപടികൾ ഉണ്ടാവേണ്ടതുണ്ട്. അതുവഴി സാമ്പത്തിക നഷ്ടം നികത്തുവാൻ സാധിക്കുന്നു.

## R കർഷകർക്ക് അംഗീകാരം

മൃഗ സംരക്ഷണ മേഖലയിൽ നേട്ടങ്ങളുണ്ടാക്കുന്ന കർഷകരെ ഉചിതമായി ആദരിക്കാറില്ല എന്നുതന്നെ പറയാം. ഇതിന് മാററം വരേണ്ടിയിരിക്കുന്നു. തീർച്ചയായും ഹതക്ക് അംഗീകാരം കൊടുക്കണം. ഓരോ രംഗത്തും മികച്ച നേട്ടങ്ങൾ ഉണ്ടാക്കുന്ന കർഷകരെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാന തലത്തിൽ അംഗീകരിച്ച് ആദരിച്ചേ മതിയാകൂ.

## S വിളവൂർക്കൽ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1 വിളവൂർക്കൽ മൃഗാശുപത്രിക്ക് സ്വന്തമായി, സ്ഥലം, കെട്ടിടം ഇവ അനുവദിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. (A. I medicines, refrigirator, tre[illegible] laboratory facilities, Phone, Vehicle etc.)

ഉപകേന്ദ്രത്തിനും വാടകയില്ലാതെ കെട്ടിടം, സ്ഥലം നല്കുക.

2 മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് [illegible]വർത്തിക്കുക.

3 S. L. B. P പദ്ധതി വരുമാന പരിധിയില്ലാതെ[illegible]പ്പാക്കുക. എരുമക്കുട്ടികളെ കൂടി ഉൾപ്പെടുത്തുക. [illegible]ലിത്തീററ വിലവർദ്ധനവ് അനുസരിച്ച് സബ്സി[illegible] സഹായം വർദ്ധിപ്പിക്കുക.

4 പേവിഷ പ്രതിരോധ കുത്തിവയ്പ് നിർബന്ധ[illegible]ക്കുക. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കു[illegible] ലൈസൻസ് ഏർപ്പെടുത്തുക. വാക്സിൻ സൗജന്യ[illegible]യോ പകുതി വിലയ്ക്കോ ലഭ്യമാക്കുക.

5 പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് മിനി [illegible]റി യൂണിററ് ബാങ്ക് വായ്പയോടെ അനുവദിക്കു[illegible] പാൽ ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണന[illegible] പ്രോത്സാഹിപ്പിക്കുക.

6 പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീററപ്പുൽ[illegible]ഷിക്ക് ഉപയോഗിക്കുക. പുൽവിത്ത് സൗജന്യമ[illegible] നൽകുക.

7 പ്രാദേശിക തീററ നിർമ്മാണ യൂണിററ് ആരംഭി[illegible]ക, (സഹകരണാടിസ്ഥാനത്തിൽ) കാലിതീററക്ക് സ[illegible] സിഡി അനുവദിക്കുക.

8 പാൽ വിപണന സൊസൈററികൾ പ്രായോഗികമായ രീ[illegible]യിൽ പുനസംഘടിപ്പിക്കുക.

9 മാംസോൽപാദന വർദ്ധനവിന് അനധികൃത അറ[illegible] ശാലകൾ നിരോധിക്കുക, ശാസ്ത്രീയമായ അറവുശാ[illegible]കൾ സ്ഥാപിക്കുക, മുൻപിൻ മാംസപരിശോധന നി[illegible]ബന്ധമാക്കുക. കാളകുട്ടി/പോത്തിൻകുട്ടി പരിപാല[illegible]

പദ്ധതിയിൽ സബ്സിഡി നിരക്കിൽ കാലിത്തീററ നൽകി നടത്തുക. മാംസോൽപാദക സഹകരണ സംഘം സ്ഥാപിക്കുക, വില്പന ശാലകൾ ആരംഭിക്കുക. ആട് വളർത്തൽ പ്രോൽത്സാഹിപ്പിക്കുക, ഇറച്ചിക്കോഴി, പന്നി, മുയൽ വളർത്തൽ യൂണിററുകൾ ആരംഭിച്ച് തൽപരരായവർക്ക് പരിശീലനം നൽകുക.

10. മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിന് പ്രഗ്ഗർ നേഴ്സറി തുടങ്ങുക. അടുക്കള മുററത്തെ കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക, സ്കൂൾ പൗൾട്രി ക്ലബ് തുടങ്ങുക.

11. 500 കന്നുകാലികൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

12. ചികിൽസ രജിസ്ട്രേഷനുള്ളവർക്ക് മാത്രമാക്കുക,

13. അറവുശാല ഉപോൽപന്നങ്ങൾക്ക് ഇടനിലക്കാരില്ലാതെ വിപണനം സാദ്ധ്യമാക്കുക.

14. ചാണകം കൃഷിക്ക് കൂടുതലായി ഉപയോഗിക്കാൻ പ്രേരണ ചെലത്തുക.

15. ലഭ്യമായ ചാണകം ഉപയോഗിച്ച് കൂടുതൽ Biogas plant ആരംഭിക്കുക. അതിനായി സബ്സിഡി നൽകുക.

16. ആവശ്യമുള്ളവർക്ക് മൃഗസംരക്ഷണ മേഖലയിൽ പരിശീലനം നൽകുക.

17. വന്ധ്യത പരിശോധനക്കും ചികിത്സയ്ക്കുമായി ബ്ലോക്ക് തലത്തിൽ task force രൂപീകരിക്കുക. സേവനം ഉറപ്പാക്കുക.

18. കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുക.

19. അർഹരായ കന്നുകാലി കർഷകരെ അംഗീകരിച്ച് ആദരിക്കുക.

മൃഗസംരക്ഷണ രംഗത്തെ പ്രവർത്തനങ്ങളെ പരിശോധിച്ച് ഒരു സമഗ്ര ആസൂത്രണം നടത്തി പദ്ധതികൾ രൂപപ്പെടുത്തി അതിനെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷക ലഭ്യത, അദ്ധ്വാനം ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായകമാക്കുക എന്നതായിരിക്കട്ടെ ഈ രംഗത്തെ വികസനത്തിൻെറ ലക്ഷ്യം ഗ്രാമതല ആസൂത്രണത്തിലൂടെ അത് തീർച്ചയായും സാധിതമാക്കാം.

# മത്സ്യബന്ധനം

തിരുവനന്തപുരം നഗരവുമായി തൊട്ടുകിടക്കുന്ന ഒരു പ്രദേശമാണ് വിളവൂർക്കൽ പഞ്ചായത്ത്. ഇവിടെ നിന്നും 17 കി.മി. തെക്കോട്ട് സഞ്ചരിച്ചാൽ വിഴിഞ്ഞം കടൽ തീരവും ഉദ്ദേശം 14 കി. മി. പടിഞ്ഞാറോട്ടു സഞ്ചരിച്ചാൽ ശംഖുമുഖം കടൽ തിരത്തും എത്തിച്ചേരാം. അതുകൊണ്ടുതന്നെ പ്രത്യക്ഷത്തിലല്ലെങ്കിലും പരോക്ഷമായിട്ട് മത്സ്യബന്ധനവുമായിട്ടോ വിപണനവുമായിട്ടോ ബന്ധപ്പെടാറുള്ളതല്ലാതെ ഈ പഞ്ചായത്തിനുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല. ഈ പഞ്ചായത്തിൻെറ ഭൂരിഭാഗം വാർഡുകളിലും എല്ലാ ദിവസവും പ്രവർത്തിക്കുന്ന ചന്തകൾ സ്ഥിതി ചെയ്യുന്നതിനാലും ഭൂരിഭാഗം ആളുകളും മത്സ്യം ആഹാരപദാർത്ഥമായി ഉപയോഗിക്കുന്നതിനാലും ഈ പ്രദേശത്തുള്ളവരിൽ ഒരു ന്യൂനപക്ഷം മേൽപറഞ്ഞ കടൽ തീരങ്ങളിൽ എത്തി മത്സ്യം വാങ്ങി ഈ പഞ്ചായത്തിൽ കൊണ്ടുവന്ന് വിററ് ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നു.

മത്സ്യം വാങ്ങുന്നതിന് ധാരാളം പണം നമ്മുടെ നാട്ടിലെ ജനങ്ങൾ ചിലവഴിക്കുന്നുണ്ട്. പലപല കൈകൾ മറിഞ്ഞ് നമ്മുടെ നാട്ടിലെത്തുന്ന മത്സ്യത്തിന് യഥാർത്ഥ വിലയെക്കാൾ കൂടുതൽ വില നാം നൽകുന്നു.

ഏകദേശം ചെറുതും വലതുമായി മുപ്പത്തിരണ്ടോളം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കൃഷി ഭൂമി കുറഞ്ഞു വരുന്ന ഈ കാലഘട്ടത്തിൽ ഈ കുളങ്ങൾ ആരാലും സൂക്ഷിപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും നശിച്ചുപോകാൻ സാധ്യതയുണ്ട്. ഈ കുളങ്ങളെ ശുദ്ധീകരിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്തിയാൽ പഞ്ചായത്തിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന പണത്തെ ഇവിടെ തന്നെ പിടിച്ചു നിറുത്താൻ കഴിയും. മാത്രമല്ല തൊഴിലില്ലായ്മക്ക് നാമമാത്രമായിട്ടെങ്കിലും ഒരു പരിഹാരവും ഉണ്ടാകും. ഇതുമായി ബന്ധപ്പെടാൻ താൽപര്യമുള്ള ആളുകളെ കണ്ടെത്തുകയും മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം, മത്സ്യകുഞ്ഞുങ്ങൾ, തീററ ഇവ നൽകി കുളങ്ങൾ മത്സ്യകൃഷിക്കനുയോജ്യമാക്കി കുറഞ്ഞ വാടകയ്ക്ക് നൽകാവുന്നതാണ്. ഇതിലൂടെ നശിച്ചുപോകുമായിരുന്ന നമ്മുടെ പ്രകൃതിദത്തമായ ജലസ്രോതസ്സിനെ സംരക്ഷിക്കാൻ കഴിയുന്നു. കുറച്ചെങ്കിലും കുടുംബങ്ങൾക്ക് ജീവിത മാർഗ്ഗമാകുന്നു. ശുദ്ധമായ മത്സ്യം ലഭ്യമാകുന്നു. പഞ്ചായത്തിൻെറ വരുമാനത്തിന് ഇത് ഒരു ഘടകവുമാകുന്നു.

# വ്യവസായം

ആധുനിക സമൂഹത്തിൽ ഏതൊരു വികസിത രാഷ്ട്രത്തിന്റെയും സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനം വ്യവസായവത്കരണമാണെന്ന് കാണാം. ഒരു വശത്ത് കൃഷിക്ക് അപചയം സംഭവിച്ചപ്പോൾ മറുവശത്ത് വ്യവസായം ഉയർത്തെഴുന്നേൽക്കുകയായിരുന്നു. ജനപ്പെരുപ്പവും വിദ്യാഭ്യാസ പുരോഗതിയും ശരവേഗത്തിൽ മുന്നേറുന്ന ഇന്നത്തെ സമൂഹത്തെ സംബന്ധിച്ചിടത്തോളം വ്യവസായം ഇല്ലാത്ത ഒരവസ്ഥ ചിന്തിക്കാൻ പോലും നമുക്ക് കഴിയില്ല. രൂക്ഷമായ തൊഴിലില്ലായ്മയും അറ്റമില്ലാത്ത ഉപഭോഗവശ്യങ്ങളും പരിഹരിക്കാൻ വ്യവസായവത്കരണമല്ലാതെ മറ്റൊരുവഴിയും നമ്മുടെ മുന്നിലില്ല. രാഷ്ട്രീയവും, സാംസ്കാരികവും, സാമൂഹികവുമായ കാരണങ്ങളാൽ തകർന്നടിഞ്ഞുപോയ പലരാഷ്ട്രങ്ങളും ഉയർത്തെഴുന്നേറ്റത് വ്യവസായവത്കരണം ഒന്നുകൊണ്ട് മാത്രമാണെന്ന് ഈ സമയം നാം ഓർക്കുന്നത് നന്നായിരിക്കും. പക്ഷെ വൈദ്യുതി ക്ഷാമവും തൊഴിൽ തർക്കങ്ങളും ഇത്രയേറെ രൂക്ഷമായ നമ്മുടെതുപോ
ലെ ഒരു സംസ്ഥാനത്തെ സംബന്ധിച്ചേടത്തോളം വ
കിട വ്യവസായങ്ങൾക്കുള്ള സാദ്ധ്യത പ്രതീക്ഷജനകമ
എന്നറിയാമല്ലോ. ഇങ്ങനെ ഒരു സാഹചര്യത്തിൽ വ്യവസ
യപുരോഗതിക്ക് വേണ്ടി നമുക്ക് ആശ്രയിക്കാവുന്ന ഒ
ഒരു മാർഗ്ഗം പരമ്പരാഗത ചെറുകിട വ്യവസായങ്ങളെ
ണ്. അത്തരം ഒരു സംരംഭംവാർത്തെടുക്കാനുള്ള ഏററവ
അനുയോജ്യമായ സമയമാണ് ഇപ്പോൾ സംജാതമായി
ക്കുന്നത്.

വിളവൂർക്കൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തേ
ളം പരമ്പരാഗത ചെറുകിട വ്യവസായത്തിന് അവല
മായ സാഹചര്യമാണിന്ന്. പരമ്പരാഗത തൊഴിലുകളാ
തുണിനെയ്ത്ത്, കുട്ടനെയ്ത്ത്, മൺപാത്ര നിർമ്മാണ
ഈററ പരമ്പ് നിർമ്മാണം കരകൗശല വസ്തു നിർമ
ണം എന്നിവ ഇന്നും ഈ പഞ്ചായത്തിൽ ചിലകുടുംബ
ളിൽ മാത്രം ഒതുങ്ങിയെങ്കിലും കാണാവുന്നതാണ്.

ഈ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വ്യവസായസ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു

| വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | ആൺ | പെൺ |
|---|---|---|---|
| 1. തീപ്പെട്ടിനിർമ്മാണ യൂണിററ് | 11 | 1 | 10 |
| 2. മെഴുക്തിരി നിർമ്മാണ യൂണിററ് | 6 | — | 6 |
| 3. നെയ്ത്ത് നിർമ്മാണ ശാല | 8 | — | 8 |
| 4. സോപ്പ് നിർമ്മാണ യൂണിററ് | 5 | — | 5 |
| 5. റബ്ബർ നിർമ്മാണ യൂണിററ് | 8 | — | 8 |
| 6. തേയില ഫുഡ് പ്രോഡക്ററ് യൂണിററ് | 9 | 5 | 4 |
| 7. ഹോളോ ബ്രിക്സ് | 4 | 4 | |
| 8. ഫ്ളവർമിൽ 5 | 5 | 5 | |
| 9. റൈസ്മിൽ | 10 | 2 | 8 |
| 10. ഓയിൽമിൽ | 2 | 7 | |
| ഇൻജിനീയറിംഗ് വർക്ക്ഷോപ്പുകൾ | 26 | 26 | — |
| പ്രിൻറിംഗ് പ്രസ്സ് | 12 | 4 | 8 |
| സോഡാ നിർമ്മാണം | 3 | 3 | — |

മേൽപ്പറഞ്ഞിട്ടുള്ള വ്യവസായങ്ങളിൽ തീപ്പെട്ടി നിർമ്മാണ യൂണിറ്റൊഴികെ ബാക്കിയെല്ലാം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളാണ്. തീപ്പെട്ടി നിർമ്മാണ യൂണിറ്റ് ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിലാണ്. പൊതുമേഖലയിലുള്ള വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. മേൽപറഞ്ഞ വ്യവസായങ്ങളെല്ലാം തന്നെ ലാഭകരമായ രീതിയിൽ നടക്കുന്ന വ്യവസായങ്ങളാണ്. സർക്കാർ തലത്തിൽ നിന്നും ഇവപരിപോഷിപ്പിക്കുന്നതിനുള്ള നടപടി ഉണ്ടാവുകയാണെങ്കിൽ ഒരുവൻ വ്യവസായ സാദ്ധ്യതയാണ് ഈ പഞ്ചായത്തിൽ ഒളിഞ്ഞ് കിടക്കുന്നത്. ഇവയ്ക്ക് പുറമേകുടിൽ വ്യവസായങ്ങളും നിലവിലുണ്ട്. മെഴുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, ഫർണിച്ചർ നിർമ്മാണം, സോഡാ നിർമ്മാണം, കരകൗശലവാസ്തു ശിൽപ്പ നിർമ്മാണം തുടങ്ങിയവ കുടിൽ വ്യവസായങ്ങൾക്ക് ഉദാഹരണമാണ്. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും ചൂള വ്യവസായവും, കരിങ്കൽ വ്യവസായവും നിലവിലുണ്ട്.

വിജയകരമായി നടക്കുന്ന മറ്റൊരു വ്യവസായമാണ് അച്ചടി വ്യവസായം. 3 പ്രസ്സുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ മേഖലക്ക് കഴിഞ്ഞിട്ടുണ്ട്. തടിമിൽ വ്യവസായവും വിജയകരമായി മുന്നോട്ട് പോകുന്ന വ്യവസായമാണെങ്കിലും തൊഴിലാളികളെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്ന് ഉള്ളവരായതിനാൽ തൊഴിലിന്റെ കാര്യത്തിൽ പഞ്ചായത്ത് വാസികൾക്ക് പ്രയോജനപ്പെടുന്നില്ല.

വിജയികളായ വ്യവസായ സംരംഭകർക്ക് ക്ഷാമം ഇല്ലാ എന്നുള്ളത് മേൽപ്പറഞ്ഞിരിക്കുന്ന വ്യവസായങ്ങളുടെ വിജയത്തിൽ നിന്നും മനസ്സിലാക്കാമല്ലോ. എങ്കിലും വിപുലമായ രീതിയിലുള്ള വ്യവസായ പുരോഗതിക്ക് ആവശ്യമായ സാമ്പത്തിക ഭദ്രത ഇല്ലാത്തത് കാരണം പലരും ഈ വ്യവസായങ്ങളുമായി ഒതുങ്ങികഴിയുകയാണ്. പുതിയ വ്യവസായം ആരംഭിക്കാനുള്ള സ്ഥലസൗകര്യം ഈ പഞ്ചായത്തിനെ സംബന്ധിച്ച് പ്രശ്നമുള്ള കാര്യമല്ല. പക്ഷെ വായ്പാ സൗകര്യങ്ങളുടെ അഭാവവും വ്യവസായ ലൈസൻസുകൾ ലഭിക്കാനുള്ള തടസ്സങ്ങളും വ്യവസായ മേഖലയിലെ പ്രശ്നങ്ങളാണ്. വ്യവസായത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളിൽ മുൻഗണന കൊടുക്കേണ്ടത് ചെറുകിടകുടിൽ വ്യവസായങ്ങളെയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഇൻറസ്ട്രിയൽ എസ്റ്റേറ്റിനാണ്.

നെയ്ത്തു വ്യവസായമാണ് മുൻഗണന കൊടുക്കേണ്ട മറ്റൊരു വ്യവസായം. പരിശീലനം ലഭിച്ചവരും, പ്രാഗത്ഭ്യം തെളിയിച്ചവരുമായ 150-ളം നെയ്ത്തു തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലാഭകരമായ രീതിയിൽ ലഭ്യമാക്കുവാൻ നമുക്ക് സാധിക്കും. മാത്രമല്ല ഒരു വ്യവസായശാലയുടെ സുഗമമായ പ്രവർത്തനത്തിന് സന്നദ്ധ സംഘടനാടിസ്ഥാനത്തിൽ ഭൂരിഭാഗം ജനങ്ങളെയും പങ്കെടുപ്പിക്കുവാനും കഴിയും എന്ന് ഉറപ്പുണ്ട്. ഈ പഞ്ചായത്തിൽ ധാരാളം വിപണന കേന്ദ്രങ്ങൾ ഉള്ളതിനാൽ ഇവിടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സാദ്ധ്യതയും വളരെ വിപുലമാണ്. മാത്രമല്ല മറ്റു സ്ഥലങ്ങളിലും വിപണന സാദ്ധ്യതയ്ക്കുള്ള സജ്ജീകരണങ്ങളുമുണ്ട് ഇങ്ങനെയൊരു വ്യവസായ സ്ഥാപനത്തിന്റെ പ്രവർത്തനം നിയന്ത്രിക്കാൻ പഞ്ചായത്ത് തലത്തിൽ ശക്തമായ ഒരു മാനേജ്മെന്റിന് രൂപം കൊടുക്കുവാനും നമുക്ക് കഴിയും. ഇത്തരത്തിൽ ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുകയാണെങ്കിൽ അത് ഈ വാർഡിന്റെ മാത്രമല്ല ഈ പഞ്ചായത്തിന്റെ ഒന്നടങ്കം വികസനത്തിന് അടിസ്ഥാന ഘടകമാകും.

ധവള വിപ്ലവം എന്ന ആശയം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കാൻ സാധിക്കുന്ന ഒരു പഞ്ചായത്താണ് ഇത്. കറവയുള്ള ആയിരത്തോളം കാലികൾ ഇവിടെയുണ്ട്. പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും വർദ്ധിച്ച തോതിലുള്ള ഉപഭോഗവും നമുക്കിവിടെ കാണാൻ കഴിയും. ഇവിടെ കന്നുകാലി കർഷകരെ സഹായിക്കാൻ പാൽ പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുകയാണെങ്കിൽ ഇവിടത്തെ പാൽ ഉൽപ്പാദനം വർദ്ധമാനമായ തോതിൽ വർദ്ധിപ്പിക്കാൻ കഴിയും. മാത്രമല്ല പാലുൽപ്പന്നങ്ങളായ ഐസ്ക്രീം, വെണ്ണ, നെയ്യ് തുടങ്ങിയവ ഉണ്ടാക്കുവാൻ ആവശ്യമായ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ അത്തരമൊരു സ്ഥാപനം ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സ്വീകരിച്ച് വിപണനം നടത്തുവാൻ പൂർണ്ണമായും തയ്യാറാണെന്ന് ഇവിടത്തെ മൊത്ത - ചില്ലറ വ്യാപാരികൾ സമ്മതിച്ചിട്ടുണ്ട്.

മുട്ടക്കോഴി വളർത്തലിന് ഏറ്റവും അനുയോജ്യമായ ഘടകങ്ങളാണ് ഇവിടെ ഉള്ളത്. ഈ സംരംഭം ഒരു കുടിൽ വ്യവസായം എന്ന രീതിയിൽ കോഴി വളർത്തലിന് സന്നദ്ധരായവർക്ക് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളും കോഴിക്കൂടും നൽകിയാൽ അതിൽ നിന്ന് കിട്ടുന്ന മുട്ടകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വിറ്റഴിക്കുവാൻ ഉള്ള സജ്ജീകരണങ്ങൾ ഉണ്ടെന്ന് മാത്രമല്ല പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം നടത്തിക്കൊള്ളാമെന്ന് സമ്മതിക്കുന്നു. പാൽ സഹകരണ സംഘത്തോടൊപ്പം മുട്ടയും ശേഖരിച്ച് വിൽക്കാനുള്ള സംവിധാനം രൂപം കൊള്ളുകയും അതുമൂലം വ്യവസായ വികസനവും മാത്രമല്ല എല്ലാവർക്കും പോഷക ആഹാരം എന്ന ആശയവും നടപ്പാവുകയും ചെയ്യും.

## ഗ്രാമ സഭയിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. ചെറുകിട കുടിൽ വ്യവസായങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ഇൻറസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
2. വ്യാവസായിക അടിസ്ഥാനത്തിൽ ഒരു തീപ്പെട്ടി നിർമ്മാണശാല സ്ഥാപിക്കുക.
3. അനർട്ടിന്റെ കീഴിൽ വരുന്ന ഇലക്ട്രോണിക് ഉൽപ്പാദനങ്ങളുടെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

4. പോൾട്രി ഫോമുകൾ, പന്നിവളർത്തൽ ശാലകൾ സ്ഥാപിക്കുക.

5. കൊപ്ര സംഭരണ യൂണിററ് സ്ഥാപിക്കുകയും, അതോടൊപ്പം വെളിച്ചെണ്ണ നിർമ്മാണത്തിന് ഒരു യൂണിററ് സ്ഥാപിക്കുക.

6. ഒരു അച്ചടിശാല ആരംഭിക്കുക.

7. എല്ലാ വാർഡിലും റെഡിമെയ്ഡ് ഗാർമെൻറ്സ് സ്ഥാപിക്കുക.

8. ഇൻജിനീയറിംഗ് വർക്ക്ഷോപ്പ്, സോഡ നിർമ്മാണ ഫാക്ടറി നിർമ്മിക്കുക.

9. ടെലിഫോൺ ബൂത്ത് (STD, ISD, Local) സ്ഥാപിക്കുക.

10. റബ്ബർ, തോൽ ഇവകൊണ്ട് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളും അവയുടെ വിപണനവും നടത്തുവാനുള്ള ഒരു സ്ഥാപനം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

11. ഹോളോ ബ്രിക്സ്, കോൺക്രീറ്റ് ജനൽ, ഡോ[ർ] ഇവയുടെ നിർമ്മാണം നടത്തുന്നതിന് ഒരു യൂണി[റ]ററ് സ്ഥാപിക്കുക.

12. പച്ചക്കറികളുടെ ശേഖരണവും വിപണനവും ന[ട]ത്തുവാൻ എല്ലാ വാർഡിലും യൂണിററുകൾ സ്ഥ[ാ]പിക്കുക.

13. റെഡിമെയ്ഡ് തുണിത്തരങ്ങളുടെ നിർമ്മാണവും വിപണനവും നടത്തുവാനുള്ള യൂണിറ്റുകൾ എല്ല[ാ] വാർഡിലും സ്ഥാപിക്കുക.

14. വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത സ[ാ]ധനങ്ങൾ ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്ത[്] തലത്തിൽ ഒരു യൂണിററ് സ്ഥാപിക്കുക.

15. പാറപൊട്ടിക്കൽ സഹകരണാടിസ്ഥാനത്തിൽ വാ[ർ]ഡുകൾ തോറും നടപ്പിലാക്കുക.

# ഊർജ്ജം

ഊർജ്ജ രൂപങ്ങളുടെ പരസ്പര പൂരകങ്ങളായ പ്രവർത്തനം കൊണ്ട് നിലനില്ക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്. പുതിയതായി സൃഷ്ടിക്കാനോ നശിപ്പിക്കാനോ കഴിയാത്ത ഈ അത്ഭുത ശക്തി അനശ്വരമാണെന്നതുകൊണ്ടു മാത്രം ആശ്വാസ്യമായ ജീവിതം നമുക്ക് ലഭ്യമാകുന്നില്ല. സാഹചര്യങ്ങളുടെ പ്രവർത്തനം ഏററവും കൂടുതൽ ബാധിക്കുന്ന മേഖല ഊർജ്ജമാണെന്ന സത്യംഇനിയും നാം അംഗീകരിക്കേണ്ടിയിരിക്കുന്നു.മാനുഷികോർജ്ജം മുതൽ ന്യൂക്ലിയർ ശക്തിവരെ മനുഷ്യൻെറ രക്ഷകനും ശിക്ഷകനും ആയി വിലസുമ്പോൾ ആരെയും അറിയിക്കാതെയും ഉള്ള ഊർജ്ജമാററം കൂടുതലും ശിക്ഷകൻെറ രൂപത്തിലായിരിക്കും പരിണമിക്കുക. താപത്തിൻെറയും, പ്രകാശത്തിൻെറയും വൈദ്യുതിയുടേയും രൂപത്തിൽ മനുഷ്യൻെറ നിത്യോപയോഗ വസ്തുക്കളിൽ ഒന്നായി ഊർജ്ജം മാറുമ്പോൾ ദീർഘകാലാടിസ്ഥാനത്തിൽ ഈ ഊർജ്ജത്തെ എങ്ങനെ സംരക്ഷിക്കാമെന്ന് നാം ആലോചിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻെറ ശ്രദ്ധയില്ലാത്ത പരിചരണംമൂലം നമ്മുടെ ആവശ്യത്തിൻെറ രൂപത്തിലുള്ള ഊർജ്ജം മററൊരു രൂപത്തിലേക്ക് മാററപ്പെടുകയും ഉപയോഗശൂന്യമാകുകയും ചെയ്യുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ നമ്മുടെ ഊർജ്ജ പ്രതിസന്ധിയും ഉപഭോഗ രീതിയും തമ്മിൽ തട്ടിച്ചുനോക്കുന്നത് നന്നായിരിക്കും. എന്നും ഊർജ്ജത്തെ മനുഷ്യൻെറ മിത്രമാക്കി കൂടെ കൂട്ടേണ്ടത് നമ്മുടെ ഏററവും വലിയ ആവശ്യമാണെന്നു ഓർക്കുക

ഒരു പഞ്ചായത്തെന്ന രീതിയിൽ നമ്മുടെ പ്രദേശത്തെ ഊർജ്ജ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിന് മുമ്പ് പ്രധാന ഊർജ്ജ സ്രോതസ്സുകളെക്കുറിച്ചും ഉപഭോഗ രീതിയെക്കുറിച്ചും ചർച്ച ചെയ്യേണ്ടിയി[രി]രിക്കുന്നു. അടുത്ത കാലംവരെ പരമ്പരാഗത രീതിയിൽ ഊർജ്ജവിനിയോഗം നടത്തിയിരുന്നവരായിരുന്നു ഈ പഞ്ചായത്തിലുണ്ടായിരുന്നത്. ഇപ്പോഴും 90% വീടുക[ളി]ളിലും വിറകടുപ്പ് തന്നെയാണ് പ്രചാരത്തിലുള്ളത്. വിറക്, തെങ്ങുൽപ്പന്നങ്ങൾ തുടങ്ങിയവ വ്യാപകമായി ഉപയോഗത്തിലുണ്ട്. വിറകുൽപ്പന്ന ഉപയോഗം ഗണ്യ[മാ]മായ തോതിൽ കുറയ്ക്കുന്ന പൊടിയടുപ്പുകൾ ഇന്ന് 50% ത്തോളം വീടുകളിലും പ്രചാരത്തിലുണ്ട്. ഗോവർ ഗ്യാസ് അടുപ്പുകളും L.P.G ഗ്യാസ് അടുപ്പുകളും അ[പൂ]പൂർവ്വമായി ദർശിക്കാമെങ്കിലുംവ്യാപ്പകമല്ല. 90% ആളുക[ളു]ളും ആഹാരം പാകം ചെയ്യുന്നത് ഒരു നേരമാണ്. രണ്ടു നേരങ്ങളിലായി പാകം ചെയ്യുന്നവരുടെ എണ്ണം തുലോം കുറവാണ്. ആയതിനാൽ പാചക മേഖലയിലെ ഊർജ്ജ നഷ്ടം ഈ പഞ്ചായത്തിനെസംബന്ധിച്ചിടത്തോളംഇല്ലെന്ന് തന്നെ പറയാം.

മുൻകാലങ്ങളിൽ വെളിച്ചത്തിനായി അധികം പേരു[ം] ഉപയോഗിച്ചിരുന്നത് മണ്ണെണ്ണ വിളക്കുകളായിരുന്നു. എന്നാൽ ഇന്ന് മറ്റെല്ലാ ഭാഗങ്ങളിലുമെന്നപോലെ തന്നെ ഇവിടെയും വൈദ്യുതിയുടെ ഉപയോഗം കുറവല്ല. 70% ത്തോളം വീടുകളും വൈദ്യുതീകരിച്ചതാണ്. ഭൂരിഭാഗം വീടുകളിലും വൈദ്യുതി പ്രകാശത്തിന് വേണ്ടിയാണ് ഉപയോഗിക്കുന്നതെങ്കിലും T.V., റേഡിയോ, തേപ്പു[്] പെട്ടി, ടേപ്പ്റിക്കാർഡർ തുടങ്ങിയവയുടെ വ്യാപകമായ ഉപഭോഗം മൂലമുണ്ടാകുന്ന വൈദ്യുത നഷ്ടം മൊത്ത ഉപഭോഗത്തിൻെറ 40%ത്തോളംവരും. റഫ്രിജറേറർV.C.R തുടങ്ങിയ ഉയർന്ന നിലവാരത്തിലുള്ള വൈദ്യുതോപക[ര]രണങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ഏതാണ്ട് 10%

തിൽ താഴയേവരൂ. ഹോട്ടലുകളും ഭൂരിഭാഗം വ്യവസായ സ്ഥാപനങ്ങളും പരമ്പരാഗത രീതിയിലുള്ളവയായതി നാൽ ഈ മേഖലയിൽ വൈദ്യുതിയുടെ ഉപഭോഗം വള രെ കുറവാണ്. ഈ പ്രദേശത്തിൽ പ്രവർത്തിക്കുന്ന 3 പസ്സുകൾ, ഒരു റൈസ്മിൽ, 5 ഫ്ളവർ മില്ലുകൾ, ഒരു തടിമില്ല്, ഒരു സിനിമാ തീയേറ്റർ, 6 ഇലക്ട്രി ക് വർക്ഷോപ്പുകൾ, ഒരു ഹോളോ ബ്രിക്സ് ഫാക്ട റി എന്നിവയാണ് വ്യാപകമായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ.

പഞ്ചായത്താഫീസ്, ഇലക്ട്രിസിററി ഓഫീസ്, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, വില്ലേജാഫീസ് എന്നിവ യാണ് വൈദ്യുത ഉപഭോഗം വ്യാപകമായ രീതിയിൽ നട ത്തുന്ന സർക്കാർസ്ഥാപനങ്ങൾ. ജലവിതരണ പദ്ധതി വ്യാവസായിക അടിസ്ഥാനത്തിൽ വൈദ്യുതോപഭോഗം നടത്തുന്ന മറെറാരു ഘടകമാണ്.

## പുതിയ സാദ്ധ്യതകൾ

1. കന്നുകാലികൾ ധാരാളം ഉള്ള ഒരു പഞ്ചായത്ത് എന്ന രീതിയിൽ പഞ്ചാബ് മാതൃകയിൽ ഒരു ഗോവർഗ്യാസ് പ്ലാൻറ് സ്ഥാപിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഇവി ടെയുണ്ട്. ഏതാണ്ട് 1000 ത്തോളം കന്നുകാലികൾ ഈ പഞ്ചായത്തിലുണ്ട്. തൻമൂലം ഇത്തരത്തിലൊരു സംരം ഭം വൻ വിജമായി തീരും എന്നാണ് പ്രതീക്ഷ.

2. റബ്ബർ കൃഷി വ്യാപകമായ രീതിയിലുള്ള ഒരു പഞ്ചാ യത്താണ് ഇത്. അതിനാൽ റബ്ബറിൻെറ അവശിഷ്ടങ്ങ ളിൽ നിന്നും Anert നിർമ്മിക്കുന്നതുപോലെ പുതിയൊ രു ഊർജ്ജ സംരംഭത്തിനുള്ള സാദ്ധ്യതയുമുണ്ട്.

## ഇന്നത്തെ പ്രശ്നങ്ങൾ

ഇന്നത്തെ ഈ ആധുനികയുഗത്തിലും ഈ പഞ്ചായ ത്തിലെ 30% ത്തിലേറെ ആളുകളും വൈദ്യുതീകരിക്കാത്ത വീടുകളിലാണ് താമസിക്കുന്നത്. ഇതിന് പ്രധാനകാ രണം വൈദ്യുത കണക്ഷൻ ലഭ്യമാകാനുള്ള അധിക സാമ്പ ത്തിക സാദ്ധ്യതയാണ്. ദാരിദ്ര്യരേഖയ്ക്കുതാഴെ വരു ന്നവരുള്ള ഇത്തരക്കാരെ സംബന്ധിച്ചിടത്തോളം സ്വന്തം നിലവിൽ വൈദ്യുതീകരണം ലഭ്യമാക്കാനുള്ള സാദ്ധ്യത വളരെ പരിമിതമാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽഇ വരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ച് കൊ ടുക്കേണ്ടതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാ ണ്

നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ ഏറ്റ വും വലിയപ്രശ്നം വോൾട്ടേജില്ലായ്മയാണ്. ആവശ്യ ത്തിനനുസൃതമായ ട്രാൻസ്ഫോർമറുകളുടെ അഭാവമാ ണ് ഇതിന് പ്രധാനകാരണം. സ്റ്റെപ്പ് അപ്പ് സ്റ്റെബിലൈ സറുകളുടെ ഉപഭോഗവും വോൾട്ടേജ് ക്ഷാമത്തിൻെറ മറ്റൊ രുകാരണമാണ്.

വോൾട്ടേജ് ക്ഷാമവും പവർകട്ടും വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ പരോക്ഷ മായി വിദ്യാഭ്യാസമേഖലയ്ക്കും കോട്ടം സംഭവിക്കുന്നു.

വൈദ്യുതി ക്ഷാമം കുറയ്ക്കുന്നതിൻെറ ഭാഗമായും പ്രകാശം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും മിക്കവാ റും വീടുകളിൽ ട്യൂബ് ലൈററുകൾ ഉപയോഗിച്ചുവരു ന്നു. എന്നാൽ വോൾട്ടേജ് ക്ഷാമം നിമിത്തം 6 മണികഴി ഞ്ഞാൽ ട്യൂബ് ലൈററുകൾ കത്താത്ത അവസ്ഥയാണ്. ഇലക്ട്രിക് ചോക്കുകളുടെ വ്യാപകമായ പ്രചാരം ഇ പ്പോൾ ഈ പഞ്ചായത്തിലില്ലാത്തതിനാൽ അധികനേരവും 210 വോൾട്ട് ബൾബുകളാണ് കത്തിക്കുന്നത്.

വഴിവിളക്കുകളുടെ അഭാവം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വലിയൊരു പ്രശ്നമാണ്. ഭൂ രിഭാഗം കുടുംബങ്ങളിലെയും പല അംഗങ്ങളും രാത്രി വൈകിയാണ് വീടുകളിലെത്തുന്നത്. കൂരിരുട്ടായതി നാൽ പല അപകടങ്ങളും പതിയിരിക്കുന്ന വഴിയിലൂ ടെ ജീവൻപോലും പണയം വച്ചാണ് പലരും സഞ്ച രിക്കുന്നത്. ഇത്തരത്തിൽ മരണം സംഭവിച്ചവരും ഈ പഞ്ചായത്തിലുണ്ട്.

## ഗ്രാമസഭയിൽ ഉയർന്നുവന്ന ആവശ്യങ്ങ ളിൽ പ്രധാനപ്പെട്ടവ

1. വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൽ തെരുവുവിള ക്കുകൾ സ്ഥാപിക്കാത്ത എല്ലാ റോഡുകളിലും ഇട വഴികളിലും തെരുവുവിളക്കുൾ സ്ഥാപിക്കുകയും നിലവിലുള്ള തെരുവുവിളക്കുകൾ രാത്രികാലങ്ങ ളിൽ കത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
2. മങ്കാട്ടുകടവ്, തൈവിള, പെരുകാവ്, ശാസ്താം കോവിൽ എന്നിവിടങ്ങളിലും മലയം ജംഗ്ഷൻ, വിളവൂർക്കൽ ഹൈസ്കൂളിന് മുൻവശം എന്നി വിടങ്ങളിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപി ക്കണം.
3. വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൻെറ വിവിധ മേഖലകൾ വോൾട്ടേജ് ക്ഷാമം മൂലം ബുദ്ധിമുട്ടുക യാണ്. വോൾട്ടേജ് ക്ഷാമം രൂക്ഷമായിരിക്കുന്ന പ്ര ദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
4. വൈദ്യുതി എത്താത്ത പട്ടികജാതി കോളനികളിൽ വൈദ്യുതി എത്തിക്കണം.
5. വൈദ്യുതി എത്താത്ത കോളനികളിലും ഫലപ്രദ മായ മററു പ്രദേശങ്ങളിലും സൗരോർജ്ജം കൊണ്ട് കത്തുന്ന വിളക്കുകൾ സ്ഥാപിക്കണം.
6. പോയാട്, നേമം മേജർസെക്ഷനുകളുടെ പ്രവർത്തന പരിധി മലയം, പൊററ റോഡിൽ മണലുവിളഭാഗ ത്ത് എത്തിനിൽക്കുന്നു. ഇവ തമ്മിൽ ബന്ധിപ്പി ച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
7. തിരുമല സബ്സ്റ്റേഷനിൽ നിന്നും പെരുകാവ് പൊററവഴി മലയിൻകീഴ് ഫീഡറിലേയ്ക്കുപോകു ന്ന 11KV ഫീഡറിൽ പെരുകാവിലും പാറപ്പൊററയി ലുംട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
8. പൊററയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇലക് ട്രിക്കൽ ഓവർസീയർ ആഫീസ് ഒരു സബ് ഇൻജി നിയർ ആഫീസായി ഉയർത്തുകയും നേമം സെക്ഷ ൻെറ കീഴിൽ വിളവൂർക്കൽ പഞ്ചായത്തിൽ മലയം ഭാ ഗത്ത് ഒരു ഓവർസീയർ ആഫീസ് സ്ഥാപിക്കുക യും ചെയ്യുക.

# ഗതാഗതം

ചലിക്കാനും ചലിപ്പിക്കാനുമുള്ള മനുഷ്യന്റെ വ്യഗ്രത പുരാതനാശിലായുഗങ്ങൾ മുതൽക്കേ ആരംഭിച്ചിരുന്നു. പരിണാമസിദ്ധാന്ത പ്രകാരം ഇഴഞ്ഞു നീങ്ങിയമണ്ഡലങ്ങളിൽ നിന്നും ഇരുകാലികളായി മാറിയപ്പോൾ സഞ്ചാര സൗകര്യങ്ങൾക്ക് പുതിയ പുതിയ മാർഗ്ഗങ്ങൾ തേടാൻ അവൻ നിർബന്ധിതനായി. ചക്രങ്ങളുടെ കണ്ടുപിടുത്തവും പിന്നീടങ്ങോട്ട് ആധുനികയുഗത്തിലെ ജംബോ വിമാനങ്ങൾ വരെയുള്ള കണ്ടുപിടുത്തങ്ങളും അവന്റെ അന്വേഷണത്തിന്റെ ഫലമായിരുന്നു. പക്ഷേ ഗതാഗത വികസനം യഥാർത്ഥത്തിൽ നടന്നിട്ടുള്ളത് വികസിത രാഷ്ട്രങ്ങളിൽ മാത്രമാണ് നമ്മുടെ രാഷ്ട്രംപോലൊരു വികസിത രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം ഗതാഗതവികസനം ഭാവനകളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണല്ലോ? വ്യവസായ പുരോഗതി കൈവരിക്കാൻ ശ്രമിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ഗതാഗത പുരോഗതി എത്രത്തോളം പ്രാധാന്യം അർഹിക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ. സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും എന്നാൽ ഗതാഗത പുരോഗതി അത്യന്താപേക്ഷിതവും ആയിരിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ജനശക്തികൂടി ഉപയോഗപ്പെടുത്തി മാത്രമേ ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയൂ. കേരള എന്നത് നമ്മുടെ സംസ്ഥാനം എന്നതിനുപരി ഒരു കുടുംബമായി കണ്ട് കുടുംബത്തിന്റെ അംഗങ്ങളായ നമ്മൾക്കെല്ലാം ഒരുമിച്ചു ചേർന്ന് പ്രവർത്തിക്കാം. പ്രശ്നങ്ങൾ കണ്ടുപിടിക്കുന്നതോടൊപ്പം പരിഹാരമാർഗ്ഗങ്ങളും നമുക്കുതന്നെ ആലോചിക്കാം.

റോഡ് ഗതാഗതം മാത്രം നിലവിലുള്ള ഒരു പഞ്ചായത്താണ് വിളവൂർക്കൽ പഞ്ചായത്ത്. എല്ലാഗ്രാമസഭകളിൽ നിന്നും ഏറ്റവും കൂടുതൽ മുൻഗണന നൽകി ചർച്ചചെയ്യപ്പെട്ടതും ഗതാഗതം തന്നെയായിരുന്നു. പുതിയ റോഡുകളുടെ നിർമ്മാണവും നിലവിലുള്ള റോഡുകളുടെ പുനഃനിർമ്മാണവും ഉൾപ്പെടെ ധാരാളം കാര്യക്ഷമമായ നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളത്. പുതിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനും പുനർനിർമ്മാണ പ്രവർത്തനത്തിനും സന്നദ്ധ അടിസ്ഥാനത്തിൽ ചെയ്തു തീർക്കാവുന്ന എല്ലാ പ്രവർത്തനങ്ങൾക്കും പരിപൂർണ്ണ സന്നദ്ധ സഹകരണം ഈ പഞ്ചായത്തു നിവാസികൾ ഉറപ്പു നൽകിയിട്ടുണ്ട്. എന്നുള്ളതു ഈ മേഖലയിലെ വികസന പുരോഗതിക്ക് അടിവരയിടുന്നു. ഈ മേഖലയിലെ പ്രശ്നങ്ങൾ വലിച്ചു നീട്ടി പറയേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കാരണം ഗ്രാമസഭ റിപ്പോർട്ടുകൾ വിശദമായി പരിശോധിക്കുകയാണെങ്കിൽ ഈ മേഖലയിലെ പ്രശ്നങ്ങൾ വ്യക്തമാകും. പരിഹാരമാർഗ്ഗങ്ങൾക്ക് സന്നദ്ധപ്രവർത്തനവും സർക്കാർ ധനസഹായവും ഒരുമിച്ചു കൊണ്ട് ഒരു പ്രവർത്തനമല്ലാതെ മറ്റൊരു മാർഗ്ഗവും നിർദ്ദേശിക്കാനില്ല. ഗ്രാമസഭാ നിർദ്ദേശങ്ങൾ പൂർണ്ണമായും ചേർക്കുന്നു നിർദ്ദേശങ്ങൾ എല്ലാം തന്നെ സമയബന്ധിതമായി നടപ്പാക്കേണ്ടതാണെന്ന് പറയേണ്ടതില്ലല്ലോ.

ഈ പഞ്ചായത്തിൽ നിലവിലുള്ള പ്രധാനപ്പെട്ട റോഡുകൾ ചുവടെ ചേർക്കുന്നു.

| P.W.D. റോഡുകൾ | നീളം |
|---|---|
| 1. പാപ്പനംകോട് - മലയിൻകീഴ് | 5 KM. |
| 2. വിളവൂർക്കൽ - പിടാരം | 3.30 KM. |

## N.R.E.P. റോഡുകൾ

| റോഡുകൾ | നീളം |
|---|---|
| 1. ചൂഴാററുകോട്ട - പെരുകാവ് | 3 KM. |
| 2. പിടാരം - പുതുവീട്ടുമേലെ | 2 KM. |
| 3. പെരുകാവ് - മങ്കാട്ടുകടവ് | 1.25 KM. |

പഞ്ചായത്ത് റോഡുകളുടെ വിവരം ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്നും ലഭ്യമാണ്. അതിനാൽ ഇവിടെ പ്രതിപാദിക്കുന്നില്ല.

റോഡുകളുടെ സ്ഥിതി പൊതുവായി വിലയിരുത്തിയാൽ മതിയാകും. കാരണം മിക്കവാറും എല്ലാ വാർഡുകളിലേയും റോഡുകളുടെ സ്ഥിതി ഒരുപോലെയാണ്. മിക്കവഴികളിലും ഓടകൾ ഇല്ലാത്തതുകാരണം മഴക്കാലത്ത് റോഡുകൾ ഓടകളായി മാറുന്ന സ്ഥിതിവിശേഷമാണ്. കയററിറക്കമുള്ളതും, ടാർ ചെയ്യാത്തതുമായ ധാരാളം റോഡുകൾ ഈ പഞ്ചായത്തിലുണ്ട്. ഇത്തരം റോഡുകളുടെ ടാറിങ് അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണ്. ഗതാഗത മാർഗ്ഗങ്ങളുടെകാര്യം എടുത്തുപറയേണ്ടതാണ്. ഒരുകാര്യമാണ് കാരണം ഈ പഞ്ചായത്തിലെ തൊണ്ണൂററി അഞ്ച് ശതമാനം ജനങ്ങളുടെയും ഗതാഗതോപാധി ട്രാൻസ്പോർട്ട് ബസ്സാണ്. അതിനാൽ ഈ മേഖലയിലെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കു

കയാണ് ഒന്നാമതായി ചെയ്യേണ്ടത്. ഇപ്പോൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ബസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സർവ്വീസുകളുടെ പേര് | ഷെഡ്യൂളുകളുടെ എണ്ണം |
|---|---|
| മങ്കാട്ടുകടവ് - മലയിൻകീഴ് റൂട്ടിൽ ലോക്കൽ ഉൾപ്പെടെ | 6+2 Local |
| പൊററയിൽ - മങ്കാട്ടുകടവ് | 1 |
| പൊററയിൽ - പേയാട് | 2 |
| വിഴവൂർ - മങ്കാട്ടുകടവ് | 2 |
| വിഴവൂർ ചൂഴാററുകോട്ട | 1 |

മേൽപ്പറഞ്ഞ സർവ്വീസുകളിൽ പാപ്പനംകോട് മലയിൻകീഴ് സർവ്വീസുകൾ ഒഴികെ ബാക്കിയെല്ലാ സർവ്വീസുകളും ഇടറോഡുകളിൽ കൂടിയാണ് ഓടുന്നത്. അപ്രതീക്ഷിതമായി വരുന്ന സർവ്വീസ് ക്യാൻസലേഷനുകളും, സർവ്വീസ് തകരാറുകളും ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. ഇടറോഡുകളായതിനാൽ മററു സർവ്വീസുകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ഇത്തരം സാഹചര്യത്തിൽ യാത്രക്കാർ കാൽനടയായോ, മററു വാഹനങ്ങളെ ആശ്രയിച്ചോ യാത്ര ചെയ്യേണ്ടിവരുന്നു. ജനസാന്ദ്രതയേറിയ പ്രദേശമായതിനാൽ നിലവിലുള്ള സർവ്വീസുകൾപോലും അപര്യാപ്തമാണ്. മങ്കാട്ടുകടവ്, മലയിൻകീഴ് റൂട്ടിൽ ബസ്സുകൾ കോൺവായ് അടിസ്ഥാനത്തിലാണ് ഓടുന്നത്. ആയതിനാൽ Peakhour കഴിഞ്ഞാൽ മണിക്കൂറുകളോളം ബസ്സുകൾ ഒന്നും ഉണ്ടാവാറില്ല. Peakhour നെ സംബന്ധിച്ചിടത്തോളം ഇനിയും സർവ്വീസുകൾ പ്രസ്തുത റൂട്ടിൽ ആവശ്യമാണ്. പൊററയിൽ വഴി ഓടുന്ന ബസ്സുകൾ കൃത്യമായി ഓടുന്നില്ല, എന്നുമാത്രമല്ല നിലവിലുള്ളവ പര്യാപ്തവുമാണ്. ചൂഴാററുകോട്ട - വിഴവൂർവഴി ഓടുന്ന ബസ്സുകളുടെ കാര്യവും മേൽ പ്രസ്താവിച്ചതുപോലെയാണ്. പാപ്പനംകോട്, മലയിൻകീഴ് റൂട്ടിൻ ഓടുന്ന ബസ്സുകളും കോൺവായ് അടിസ്ഥാനത്തിലാണ് ഓടുന്നത്. നിലവിലുള്ള സർവ്വീസുകളെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ ഈ സർവ്വീസുകൾ മെച്ചപ്പെടുത്തിയതുകൊണ്ടു മാത്രം ഗതാഗത പ്രശ്നത്തിന് പരിഹാരമാകുന്നില്ല. കാരണം ജനസാന്ദ്രതയുള്ള മിക്കമാറും പ്രദേശങ്ങൾ ബസ്സു റൂട്ടിൽ നിന്നും വളരെയധികം അകന്നുമാറിയാണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം പ്രദേശങ്ങളിൽ ഉള്ളവർക്ക് ബസ്സ് യാത്രയ്ക്കായി കിലോമീറ്ററോളം സഞ്ചരിക്കേണ്ടിവരുന്നു. പ്രസ്തുത പ്രദേശങ്ങളിൽ ബസ്സ് റൂട്ടിന് അനുയോജ്യമായ റോഡുകൾ ഉള്ളതിനാൽ പുതിയ സർവ്വീസ് ആരംഭിക്കുന്നത് സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരു അനുഗ്രഹമായിരിക്കും.

പുതിയ സർവ്വീസുകൾ ആരംഭിക്കേണ്ട സ്ഥലങ്ങൾ ഇനി പറയുന്നു.

1. പിടാരം - കാരാം കോട്ടുകോണം - ചന്തമുക്ക് - പേയാട്
2. വിഴവൂർ - വഴുതോട്ടുവിള - പൊററയിൽ
3. മലയം - മണലിവിള - പൊററയിൽ
4. പുതുവീട്ടുമേലെ - കുണ്ടമൺഭാഗം
5. വാളിയോട്ടുകോണം - കുരുശുമുട്ടം - പള്ളിമുക്ക്
6. ഈഴക്കോട് - കോളച്ചിറ - പാലോട്ടുവിള. സമയബന്ധിതമായ ഏതൊരു പ്രവർത്തനത്തിനും അടിസ്ഥാനമായഘടകം ഗതാഗതമാണെന്ന് അറിയാമല്ലോ? വേഗതയിൽ മുന്നോട്ടുപോകുന്ന നമ്മുടെ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഗതാഗതത്തിന്റെ പ്രസക്തി കുറച്ചൊന്നുമല്ല. ഇതുവരെ രേഖപ്പെടുത്തിയ വിവരങ്ങൾ അധികൃതർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് കരുതുന്നു. അവകാശങ്ങൾ ചോദിച്ചുവാങ്ങുന്നതോടൊപ്പം ഒരു ജനാധിപത്യ രാജ്യത്തിലെ പൗരന്മാർ എന്നനിലക്ക് നമ്മുടെ കടമകളെക്കുറിച്ച് നമുക്ക് ബോധവാൻമാരാകാം. വികസനം പുസ്തകത്തിൽ നിന്ന് പുറംലോകത്തേക്ക് എത്തുമെന്നതിൽ നമക്കിനി സംശയം വേണ്ട.

# ഗ്രാമസഭയിൽ നിന്ന് വന്ന റോഡുകളുടെ നിർദ്ദേശങ്ങൾ

## വാർഡ് 1 ചൂഴാററുകോട്ട

1. ചൂഴാററുകോട്ട - മങ്കാട്ടുകടവ് റോഡ് സൈഡ്വാരം കെട്ടി ടാർ ചെയ്യുക.
2. ചൂഴാററുകോട്ട - ചന്തവിളറോഡ് സഞ്ചാരയോഗ്യമാക്കുക.
3. ചൂഴാററുകോട്ട-മൂക്കുന്നി നഗർ-മലയടിവാരം - നിരപ്പ്വിള - വെള്ളെയ്ക്കോണം റോഡ് വികസിപ്പിക്കുക.
4. ചാവടി ഭാഗത്ത് നിന്ന് തോട്ടിലേക്ക് പോകുന്ന റോഡിന്റെ ശോചനീയാവസ്ഥമാററി സഞ്ചാരയോഗ്യമാക്കുക.
5. ചൂഴാററുകോട്ട-തൃക്കണ്ണാപുരം പാലം നിർമ്മാണം ഊർജ്ജിതപ്പെടുത്തുക.
6. ചൂഴാററുകോട്ട - ജംഗ്ഷനിലുള്ള വളവ് നേരെയാക്കി ആക്സിഡൻറ് ഒഴിവാക്കുക.
7. കുരുവിക്കാട് വെള്ളെയ്ക്കോണം റോഡ് സഞ്ചാരയോഗ്യമാക്കുക.
8. ആശാൻവിളാകംക്ഷേത്രനട റോഡ് പുനരുദ്ധരിക്കുക.

## വാർഡ് 2 വിഴവൂർ

1. വിഴവൂർ - കുണ്ടറത്തോപ്പ് റോഡ്, വിഴവൂർ - പിടയംകോട്ടുകോണം, കല്ലുപാലം വേങ്കൂർ, വിഴവൂർ ചേരുവിള-എരിക്കലം എന്നീ റോഡുകൾ ടാറുചെയ്തു ഗതാഗതയോഗ്യമാക്കുക.
2. ചേരുവിള C. S. I. ചർച്ച്, വിഴവൂർ കുണ്ടറത്തോപ്പുമായി ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.
3. തെങ്ങോട്ട്വിളയിൽ നിന്നും മരുതുംമൂട്വരെ ഒരു പുതിയ റോഡ് നിർമ്മിക്കുക.
4. വിഴവൂർ പെററാരിക്കൽ ചേരുവിള പറമ്പുംതല റോഡ് പുനരുദ്ധാരണ പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
5. വിഴവൂർ-പൊററയിൽ-മലയിൻകീഴ് റോഡ് 8 മീറ്റർ വീതിയാക്കി ബസ്സ് സർവ്വീസ് ആരംഭിക്കുക.
6. വിഴവൂർ sc/st കോളനിയിലേക്കുള്ള നടപ്പാതകൾ ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക.
7. പിടയംകോട്ടുകോണം- വേങ്കൂർ റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.
8. പിടയംകോട്ടുകോണം-കോനറതലയ്ക്കൽ റോഡ് സൈഡ് വാരംകെട്ടി സഞ്ചാരയോഗ്യമാക്കുക.

## വാർഡ് 3 മലയം

1. മലയം-പൊററയിൽ റോഡ്ടാറ് ചെയ്യുക. ഇടയ്ക്കുള്ള മലയം തോടിന്റെ പാലത്തിന്റെ പണി ഊർജ്ജിതപ്പെടുത്തുക.
2. മലയം - വണ്ടിയമൺ വിഴവൂരുമായി ബന്ധിപ്പിക്കുന്നറോഡ്, മണലിവിള-കൊച്ചു പൊററയുമായി ബന്ധിപ്പിക്കുന്ന റോഡ് എന്നിവ വീതികൂട്ടി, ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.
3. മൂലോണം - കുറിച്ചിലുവിള മേലെ വലിയവിള റോഡ് വീതികൂട്ടി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുക.
4. വണ്ടിയമൺ കടകണ്ണറതലയ്ക്കൽ വിളത്തറതലയ്ക്കൽ-കുറിച്ചിൽ വിള വഴുതോട്ടുവിള റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
5. വിളവൂർക്കൽ വെള്ളംകുളം വഴി പോകുന്ന റോഡ് മലയം പൊററ റോഡുമായി ബന്ധിപ്പിക്കുക.
6. മലയം മൂക്കുന്നിമല റോഡ് വിളവൂർക്കൽ പഞ്ചായത്തിന്റെ ഭാഗമായി വരുന്ന ഒരു കിലോമീററർ ദൂരം ടാർ ചെയ്യുക.
7. പിടയംകോട് ഇടവഴിയും, പുതുവീട്ടു വിള ഇടവഴിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു നടപ്പാത നിർമ്മിക്കുക.

## വാർഡ് 4 വിളവൂർക്കൽ

1. അയണിയോട് വഴി-നാരങ്ങറത്തലകൊച്ചു പൊററ റോഡ് വീതികൂട്ടി ടാർ ചെയ്ത് വിളവൂർക്കൽ നാലാം കല്ലിൽ എത്തിക്കുക.
2. മണലൂവിള തലപ്പംകോട്വഴി വിളവൂർക്കൽ പാലം എത്തുന്ന റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുക.
3. ആൽത്തറ-തുമരിച്ചൽ മരിച്ചീനിവിള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
4. വിളവൂർക്കൽ തെങ്ങെത്താംകോട് ഹരിജൻ കോളനി ഭാഗത്തേക്കുള്ള P. W. D. ബണ്ട് വീതികൂട്ടി ടാർ ചെയ്യുക.

5. വിളവൂർക്കൽ നാലാം കല്ല് മുരിക്കറത്തല റോഡ് കോവിലുവിളയുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.

6. വഴുതൂർക്കോണം-ആമക്കുളം മുതൽ വിലിൻറിന് സമീപമുള്ള മച്ചേൽത്തടം വീതികൂട്ടി ടാർ ചെയ്യുക.

7. മായിക്കോണം മുതൽ വേലിക്കരവിളാകം വരെ P.W.D. ബണ്ടിൽ എത്തുന്ന തടം ഗതാഗത യോഗ്യമാക്കുക.

8. വിളവൂർക്കൽ റേഷൻകട ജംഗ്ഷനിൽ നിന്നും നടവരമ്പിൽകൂടി തെങ്ങത്താംകോട്ഭാഗത്തേക്കുള്ളബണ്ട് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക

9. വിളവൂർക്കൽ വലിയ പാലം-മങ്കാട് - തെങ്ങത്താംകോട് - കോവിലുവിള റോഡ് വീതികൂട്ടി ടാർ ചെയ്യുക.

10. വിളവൂർക്കൽ പാലം തുടങ്ങി കുണ്ടാക്കോണംവഴി കോവിലുവിള റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കണം.

11. കോവിലുവിള റോഡ് - പ്ലാങ്കോട്ട് മുകൾ-തെങ്ങത്താംകോട് ബണ്ടിൽ ഇറങ്ങുന്നവഴി ഗതാഗത യോഗ്യമാക്കുക.

12. പുറത്തേക്കാട്-അയണിയോട് ഭാഗത്തുള്ള ഇടവഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

13. വിളവൂർക്കൽ പാലം-പേവറത്തല വഴി-കോണത്തുകുളം വഴി കൊച്ചുപൊററ റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

## വാർഡ് V പൊററയിൽ

1. പൊററയിൽ വയലിക്കട റോഡ്, കുരിയോട് കുട്ടത്തുകാൽ റോഡ് തീപ്പെട്ടിക്കമ്പനി വഴിയുമായി കോണത്തേക്ക് പോകുന്ന പാത വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക.

2. കുന്നുവിള-ആയാംവിള റോഡ് കോളച്ചിറയുമായി ബന്ധിപ്പിക്കുക.

3. പൊററയിൽ വയലിക്കട റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

4. കുരിയോട് - കൊമ്പേററി-കോളച്ചിറ - കുറകോണം കാവടിവിള-ഈഴക്കോട് കരിപ്പൂര് എന്നീ റോഡുകൾ വീതികൂട്ടി ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുക.

5. കൊമ്പേററി-കുഴിവിളാകം - കുട്ടത്ത്കാവ് എന്നിവിടങ്ങളിൽ പാലം നിർമ്മിക്കുക.

6. കോളച്ചിറ - കുഞ്ചുവീട്ട്വിളാകം റോഡിൽ പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

7. പാലോട്ടുവിള-കുരിയോട് റോഡ് വേലിക്കര കോളനിയുമായി ബന്ധിപ്പിച്ച് ടാർ ചെയ്തുസഞ്ചാര യോഗ്യമാക്കുക.

8. പിടാരം പണ്ടാരക്കണ്ടം റോഡ്-വിളവൂർക്കൽ പിടാരം റോഡുമായി ബന്ധിപ്പിച്ച് ടാർ പെയ്തു സഞ്ചാര യോഗ്യമാക്കുക.

9. വേങ്കോട്ടുകോണം-പുളിയറത്തല എന്നീ ഇടവഴികൾ സഞ്ചാര യോഗ്യമാക്കണം.

10. പെരുകാവ്, പൊററയിൽ മലയിൻകീഴ് റോഡ് നിർമ്മിക്കണം.

11. പുളിയറത്തല കോളച്ചിറയുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം.

## വാർഡ് VI പെരുകാവ്

1. S.T. ജമാപള്ളി മുതൽ പരുത്തിപ്പാറ സ്ക്കൂൾവരെ ഉള്ള റോഡ് വീതികൂട്ടി ഓടനിർമ്മിച്ച് ടാർ ചെയ്യണം.

2. ഏറവിളയിൽ നിന്നും എക്സ് സർവീസ് നഗർ വഴി ശാസ്താംകോവിൽ പോകുന്ന റോഡ് ഇലവിൽ മൂട് കിഴക്കേവിളാകം സെൻറ് ജമാപള്ളി വരെയുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

3. മങ്കാട്ട്കടവ് പാലം മുതൽ സ്ക്കൂൾ വരെയുള്ള റോഡ് റീ ടാർ ചെയ്യണം.

4. കൈതവിള്, പൊററവിള, കോണാകോട്, ശാസ്താം കോവിൽ റോഡ് സെൻറ് ജമാ പള്ളി, അടൂർ തോപ്പ് റോഡ് ഇവ സഞ്ചാര യോഗ്യമാക്കുക.

5. ശാസ്താം കോവിൽ റോഡ്, മെയിൻ റോഡ്, ക്രോസ് ചെയ്ത് മാവുവിള പൊററയിൽ വിഴവൂർ റോഡിൽ ബന്ധിപ്പിക്കണം.

6. കല്ലം പൊററ മാവുവിള റോഡ് നിർമ്മിക്കുക.

## വാർഡ് VII ഈഴക്കോട്

1. പൊററയിൽ വഞ്ചിക്കോട് റോഡ് പാവച്ചക്കുഴി റോഡുമായോ എലവിൻമൂട് റോഡുമായോ ബന്ധിപ്പിച്ച് വീതികൂട്ടി 8മീററർ ഗതാഗത യോഗ്യമാക്കുക.

2. പുതുവീട്ടുമേലെ മടുത്തു വിളാകം ഇടവഴി വഞ്ചിക്കോട് പിടാരം റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.

3. പാറപ്പൊററ പെരുകാവ് റോഡ് ഗതാഗത യോഗ്യമാക്കുക.

4. പാറപ്പൊററ കൊശവൂർക്കോണം റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

5. ഈഴക്കോട് പഞ്ചായത്ത് കിണററിന് സമീപത്തുനിന്ന് തുടങ്ങുന്ന നടപ്പാത പിടാരം വഞ്ചിക്കോട് റോഡുമായി ബന്ധിപ്പിക്കുക.

6. എരിച്ചിമാംകുഴി നടപ്പാത വികസിപ്പിച്ച് പിടാരം വഞ്ചിക്കോട് റോഡുമായി ബന്ധിപ്പിക്കുക.

7. മങ്കാട്ടുകടവ് റോഡും, പൊററയിൽ റോഡും, മലയിൻകീഴുമായി ബന്ധിപ്പിക്കുക.

## വാർഡ് VIII കുണ്ടമൺഭാഗം

1. പുലിപ്പാറവിള മങ്കാട്ടുകടവ് റോഡ് ഗതാഗതയോഗ്യമാക്കുക.
2. വട്ടവിള, മങ്കാട്ട്കടവ്, കുണ്ടമൺ ഭാഗം, കുരിശുമുട്ടം, കൊല്ലാക്കര, വട്ടവിള വയയ്ക്കൽ തൈവിള, ഊട്ടുപറണി, തൈവിള, ഭഗവതിനട കുരിശുമുട്ടം എന്നീ റോഡുകൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
3. ശങ്കരൻ നായർ റോഡ് വീതികൂട്ടി ബസ് സർവീസ് ആരംഭിക്കുക.
4. പുലിപാറവിള, മങ്കാട്ട്കടവ്, പനച്ചിമൂട് എന്നീ ഭാഗങ്ങളിൽ സൈഡ്വാരം കെട്ടി കലുങ്ക് നിർമ്മിച്ച് മങ്കാട്ട്കടവുമായി ബന്ധിച്ച് സഞ്ചാര യോഗ്യമാക്കുക.
5. വട്ടവിള. കളിയിക്കൽ വിളാകം റോഡ് കുരുശുമുട്ടം റോഡുമായി ബന്ധിപ്പിക്കുക.
6. കുണ്ടമൺഭാഗം, കുറിഞ്ഞിമൺ, കട്ടയ്ക്കാൽ റോഡ് വീതികൂട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
7. മങ്കാട്ടുകടവ് തച്ചോട്ടുകാവ് റോഡ് P.W.D. ഏറ്റെടുത്ത് വീതികൂട്ടി റീ ടാർ ചെയ്തു ഈ ഭാഗത്തുള്ള യാത്രാക്ലേശം പരിഹരിക്കുക.
8. പുതുവീട്ടു മേലെ കുരിശുമുട്ടം റോഡിൽ നിന്നും വയലിൽ വരുന്ന പൊതുവഴി കൊല്ലാക്കര റോഡുമായി ബന്ധിപ്പിച്ച് സഞ്ചാര യോഗ്യമാക്കുക.

## വാർഡ് IX കുരുശുമുട്ടം (പനങ്ങോട്)

1. കുരിശുമുട്ടം - പള്ളിമുക്ക് റോഡ് സൈഡ് വാരം കെട്ടി ടാർ ചെയ്യണം.
2. കാരാംകോട്ടുകോണം-കുണ്ടമൺഭാഗം റോഡ് സൈഡ് വാരം കെട്ടി ടാർ ചെയ്തു സഞ്ചാര യോഗ്യമാക്കുക.
3. കവലോട്ടുകോണം തകിടി റോഡ് ഗതാഗത യോഗ്യമാക്കുക.
4. കുരിശുമുട്ടം-കുണ്ടമൺ ഭാഗം റോഡ് ഗതാഗത യോഗ്യമാക്കുക.
5. വാളിയോട്ടുകോണം ലക്ഷം വീട് റോഡ് സഞ്ചാര യോഗ്യമാക്കുക.
6. ചന്തമുക്ക്, കാരാംകോട്ടുകോണം, പള്ളിമുക്ക്, ചാത്രക്കടവ് എന്നിവ ഗതാഗത യോഗ്യമാക്കുക.
7. പനങ്ങോട്, ആലന്തറക്കോണം റോഡ് സഞ്ചാര യോഗ്യമാക്കുക.
8. കാരാംകോട്ടുകോണം, താഴച്ചിറയ്ക്കൽ കുണ്ടമൺ ഭാഗം റോഡിൽ സൈഡ് വാരം കെട്ടി ഓട നിർമ്മിക്കുക.
9. പള്ളിമുക്ക്, കുരിശുമുട്ടം റോഡിന്റെ വശങ്ങളിലെ പുറമ്പോക്ക്ഭൂമി ഉപയോഗിച്ച് റോഡിന്റെ വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
10. പുതുവീട്ടുമേലെ കുരിശുമുട്ടം ഏലാ പൊതുവഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കുക,
11. വാളിയോട്ടുകോണം, തകിടി വഴിനിരപ്പിൽ റോഡ് സഞ്ചാര യോഗ്യമാക്കുക.

## വാർഡ് X കുരിശുമുട്ടം (പേയാട്)

1. ചന്തമുക്ക്, കാരാംകോട്ടുകോണം, പെരിങ്ങോട്ടുകോണം റോഡ് സൈഡ് വാരംകെട്ടി ടാർ ചെയ്യണം.
2. ചന്തമുക്ക്, പിടാരം റോഡിന്റെ ശേഷിച്ചിട്ടുള്ള ഭാഗം ടാർ ചെയ്യണം.
3. ചിറക്കോണം, പുല്ലുവിള റോഡ് നിർമ്മിക്കണം.
4. കാരാംകോട്ടുകോണം, ചാമവിള, ആലംന്താറകോണം-റോഡ്, സൈഡ് വാരം കെട്ടി സഞ്ചാര യോഗ്യമാക്കണം.
5. മലയിൻകീഴ് വിളവൂർക്കൽ പഞ്ചായത്തുകളുടെ അതിർത്തിയായ കുന്നിൻമുകൾവരെയുള്ള ഭാഗത്ത് നടപ്പാത നിർമ്മിക്കണം.
6. ചാമവിള റോഡിൽ നിന്നും ദുർഗാദേവി ക്ഷേത്രത്തിലേക്കുള്ള വഴി പിടാരം കാരാംകോട്ടുകോണം റോഡുമായി ബന്ധിപ്പിക്കുക.

# പാർപ്പിടം

സൃഷ്ടിയുടെ കാലം മുതൽ തന്നെ സകല ജീവജാലങ്ങൾക്കും അത്യന്താപേക്ഷിതമായ ഒരു ഘടകമായി നിലകൊള്ളുന്നു പാർപ്പിടം. ഏദൻ തോട്ടത്തിൽ നിന്നും തുടങ്ങിയ മനുഷ്യജീവിതവും ഇതിനൊരപവാദമല്ല ഭ്രമണവും പരിക്രമണവും ദിനരാത്രങ്ങൾക്കും ഋതുക്കൾക്കും ഹേതുവായി മാറുമ്പോൾ ജീവജാലങ്ങൾക്ക് ഋതുഭേദങ്ങളിൽ നിന്നും രാത്രിയുടെ ഭയപ്പെടുത്തുന്ന മൂകാന്തരീക്ഷത്തിൽ നിന്നും രക്ഷപ്രാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പക്ഷേ മനുഷ്യനെ സംബന്ധിച്ചിടത്തോളം ശത്രുക്കളിൽനിന്നും രക്ഷപ്രാപിക്കേണ്ട ഒരു കവചം കൂടി ആവശ്യമായിവന്നു. ഒരുകാലത്ത് വന്യമായ ജീവിതം നയിച്ച് വനത്തിന്റെ ഭീകരാവസ്ഥയിൽ വന്യമൃഗങ്ങളോടും പക്ഷികളോടുമൊപ്പം വിഹരിച്ചിരുന്ന അവസ്ഥയിൽപ്പോലും പാർപ്പിടത്തിന്റെ കാര്യത്തിൽ അവൻ ശ്രദ്ധാലുവായിരുന്നു. കാട്ടുമരച്ചില്ലയിൽ തുടങ്ങിയ ഏറുമാടങ്ങൾ മുതൽ മാനംമുട്ടെ നിറഞ്ഞുനില്ക്കുന്ന മണിമാളികകളിൽ വരെ എത്തി നിൽക്കുന്നു അവന്റെ പാർപ്പിട സങ്കല്പം. കൃഷിയിടങ്ങൾപോലും നികത്തി ബഹുനില ഫ്ളാറ്റുകൾക്ക് രൂപം കൊടുക്കുവാൻ ഇന്നത്തെ സമൂഹം അതീവ തല്പരരാണ്. ''നിദ്രയ്ക്ക് നിറമില്ല'' എന്ന അടിസ്ഥാനതത്വത്തിൽ അടിവരയിടുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇന്ന് ത്വരിതമായി നടക്കുന്നു. സമ്പന്ന ദരിദ്രഭേദമില്ലാത്ത നിറപ്പകിട്ടാർന്ന ശയന സ്വപ്നങ്ങൾക്ക് മനുഷ്യൻ രൂപം കൊടുക്കുമ്പോൾ, പക്ഷേ ഒരു നിശബ്ദ ന്യൂനപക്ഷം ഇന്നും ഗതിയാല്ലാത്ത ആത്മാവുപോലെ കടത്തിണ്ണയിലും ബസ്സ്റ്റാൻഡുകളിലും, റെയിൽവേട്രാക്കുകളിലും വഴിവരമ്പുകളിലും അന്തിയുറങ്ങാനിടം കണ്ടെത്തുന്നു. പറയിപ്പെററ പന്തിരുകുലത്തിന്റെ പിൻഗാമികളായി വാഴ്ത്തപ്പെടുന്ന മാനവസമൂഹം ഒരമ്മയുടെ വയററിൽ പിറന്ന സഹോദരങ്ങളും അവരുടെ പിൻതലമുറകളുമാണ്. അങ്ങനെയെങ്കിൽ നമ്മുടെ സഹോദരന്മാരിൽ ഒരു വിഭാഗം എല്ലാ സുഖസൗകര്യങ്ങളോടും മദിച്ചുല്ലസിക്കുമ്പോൾ മറെറാരു വിഭാഗം അതിനവകാശത്തിനുപോലും ഇടമില്ലാതെ അലയുന്നത് ഏററവും വലിയ ക്രൂരതയല്ലേ? ജനാപത്യവ്യവസ്ഥിതിയിൽ നിയമത്തിന്റെ മുന്നിൽ എല്ലാപേരും തുല്യരാണെന്ന്അവകാശപ്പെടുന്ന നാം സമ്പത്തിന്റെ കാര്യത്തിൽ ഉണ്ട് എന്ന് പറയപ്പെടുന്ന തുല്യത നമ്മെ സംബന്ധിച്ചിടത്തോളം വാക്കുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. തന്മൂലം ദരിദ്രൻ ദരിദ്രനായി ജനിച്ച് ദരിദ്രനായി മരിക്കുകയും സമ്പന്നൻ സമ്പന്നനായി ജനിച്ച് സമ്പന്നനായിത്തന്നെ വിഹരിച്ച് മരിക്കുകയും ചെയ്യുന്നു. ഈ വ്യവസ്ഥിതി മാറി മനുഷ്യനെപോലെ ജീവിക്കുവാനും മരിക്കാനുമുള്ള മനുഷ്യന്റെ ധർമ്മികമായ അവകാശം കാത്തു സൂക്ഷിക്കുവാൻ ജനകീയാസൂത്രണ പരിപാടി ഊന്നൽ നൽകി പദ്ധതികൾ നടപ്പാക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ജീവിക്കുവാനുള്ള മനുഷ്യന്റെ ധാർമ്മികാവശ്യത്തെക്കുറച്ച് പ്രതിപാദിച്ചുവല്ലോ? പാർപ്പിടം, ആഹാരം, വസ്ത്രം എന്നിവകൊണ്ടുമാത്രം അവന്റെ അടിസ്ഥാനാവശ്യങ്ങൾ പൂർണ്ണമാകുന്നില്ല ചിരിക്കാനും ചിന്തിക്കാനുമുള്ള മനുഷ്യന്റെ മാത്രം കഴിവ് അവന്റെ ജീവിതരീതിയിലും പ്രതിഫലിക്കേണ്ടിയിരിക്കുന്നു. മനുഷ്യനും ഭരണകൂടവും തമ്മിലുള്ള പരസ്പര ബന്ധം എന്നും സാമൂഹ്യക്ഷേമപ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ചലിക്കുന്ന വായുവിന്റെ അനുഭൂതി നാം അനുഭവിക്കുന്നതുപോലെ ഭരണ വ്യവസ്ഥിതിയുടെ ഗുണമേന്മകൾ സാധാരണക്കാരൻ അനുഭവിക്കുന്നത് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെയാണ്. പ്രാഥമിക ആവശ്യങ്ങളും, വിദ്യാഭ്യാസ, ആരോഗ്യ, പൊതുവിതരണ സംവിധാനങ്ങളും മെച്ചപ്പെടുത്തേണ്ടത് നമ്മെ സംബന്ധിച്ചിടത്തോളം വളരെയേറെ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇന്നത്തേതിന്റെ ഇരട്ടി വേഗതയിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയാലും ഈ രംഗത്ത് ഒരു സ്വയംപര്യാപ്തത കൈവരിക്കുവാൻ വളരെക്കാലം വേണ്ടിവരും, അതിനാൽ ഈ പഞ്ചായത്തിന്റെ ഘടനയ്ക്കനുസരിച്ചുള്ള ക്ഷേമ പ്രവർത്തന പദ്ധതികൾക്ക് പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പാക്കാൻ സർക്കാർ മുൻകൈയെടുക്കുക തന്നെ വേണം.

## പാർപ്പിടം

ഘടനയിലും നിർമ്മാണ രീതിയിലും വൈവിദ്ധ്യം പുലർത്തുന്ന പലയിനം വീടുകൾ ഈ പഞ്ചായത്തിൽ കാണാം. നിലവിലുള്ള ആകെ കണക്കനുസരിച്ച് 6400-ഓളം വീട്ടുകളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ 50% ത്തോളം വീടുകളും ഓലമേഞ്ഞതാണ്. അടിസ്ഥാനസൗകര്യങ്ങൾ തീർത്തും ദുർലഭമാണ്. ഈ പഞ്ചായത്തിന്റെ 10 വാർഡുകളിലേയും വീടുകളുടെ അവസ്ഥ ഏതാണ്ട് ഒരുപോലെയാണ്. സാധാരണക്കാരും കൂലിപ്പണിക്കാരുമായ ആളുകൾ പാർക്കുന്നതുകാരണം വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അവരവരുടെ ഭാഗത്തുനിന്നും സാമ്പത്തിക വിനിയോഗം തീർത്തും അപ്രാപ്യമാണ്. വീടുകളുടെ ഘടനയെക്കുറിച്ച് പറയുകയാണെങ്കിൽ ഓല, ഓട്, ഒരുനില, ഇരുനില കെട്ടിടങ്ങൾ മൊത്തം വീടിന്റെ 10% ത്തോളം മാത്രമേ വരൂ. ഓടിട്ട വാസയോഗ്യമായ കെട്ടിടങ്ങളും 31 ശതമാനത്തോളംവരും. കുടിലുകൾ 15% ത്തോളം വരും. 5% ത്തോളം പാർപ്പിടമില്ലാത്തവരാണ്. ഇരുനിലകെട്ടിടങ്ങൾ മിക്കവാറും ചുമരുകൾ തേച്ച്, പെയിന്റ് ചെയ്ത് വൈദ്യുതീകരിച്ച് മൊസൈക്ക് ചെയ്തതാണ്. ഒരുനില കെട്ടിടങ്ങളുടെ പണി പൂർണ്ണമായി പൂർത്തിയായതും ഭാഗികമായി പൂർത്തിയായതും ഉണ്ട്. മിക്കവാറും ഒരുനിലക്കെട്ടിടങ്ങളെല്ലാം വൈദ്യുതീകരിച്ചതാണ്. ഓടിട്ട കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത് മൺകട്ടയും ചുടു

കല്ലും ഉപയോഗിച്ചാണ്. ദീർഘകാല നിലനില്പിന് സിമൻറ് ചാന്തുപയോഗിച്ച് പൂശേണ്ടത് ആത്യാവശ്യമാണ്. എന്നാൽ 40% ഓടിട്ട വീടുകളിൽ ഏതാണ്ട് 20% ത്തോളം വീടുകളും പൂശാത്തതും ചാണകംമെഴുകിയ തറയോടുകൂടിയതുമാണ്. ഇതിൽ 10% ത്തോളം വീട് വൈദ്യുതീകരിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിൻെറ ഏററവും ശോചനീയാവസ്ഥയുള്ള വീടുകൾ ഓലമേഞ്ഞതും കുടിലുകളുമാണ്. ഓലമേഞ്ഞ മിക്കവാറും വീടുകൾക്കും കരിങ്കൽ കൊണ്ടുള്ള അടിസ്ഥാനമില്ല. ചെളികൊണ്ടുള്ള അടിസ്ഥാനവും മൺകട്ടകൾ കൊണ്ടുള്ള ചുമരുകളുമാണ് മിക്കവാറും വീടുകൾക്കും മൂന്നും നാലും മുറികൾ മാത്രമാണുള്ളത്. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ വസിക്കാവുന്ന വീടുകളല്ല ഭൂരിഭാഗവും. ഓലമേഞ്ഞവീടുകളുടേയും തറ ചാണക മെഴുകിയതാണ്. മാത്രമല്ല ഈ വീടുകൾ പകുതിയേറെയും വൈദ്യുതികരിക്കാത്തതാണ്. ഓലമേഞ്ഞ വീടുകളിൽ അധികം വീടുകളിലും ആവശ്യത്തിനുള്ള വാതിലകളും ജനലുകളും ഇല്ല. തന്മൂലം വീട്ടിനുള്ളിൽ വായുസഞ്ചാരം തീരെയില്ല എന്നുതന്നെ പറയാം. കുടിലുകൾ 5 ശതമാനം ഉണ്ടെന്നു പറഞ്ഞുവല്ലോ, മിക്കവാറും കുടിലുകളെല്ലാം തന്നെ ഓലകൊണ്ടു മറച്ചതും ഓലമേഞ്ഞതുമാണ്. അടുക്കള സൗകര്യം കുടിലുകൾക്കില്ല. മനുഷ്യർ തന്നെയാണോ ഇതിനുള്ളിൽ താമസിക്കുന്നത് എന്ന് അത്ഭുതം തോന്നത്തക്ക രീതിയിലുള്ള കുടിലുകളാണ് ഇവ.

## വീടുകളുടെ എണ്ണം ഒരു ഏകദേശക്കണക്ക്

| | | |
|---|---|---|
| ടെറസ്സ് — 654 | ഭവന നിർമ്മാണ പദ്ധതി | |
| ഓല — 3119 | കളിലൂടെ അനുവദിച്ചവീടുകളുടെ എണ്ണം = 80 | |
| ഓട് — 2170 | ഇനി ആവശ്യമുള്ള വീടു | |
| കുടിൽ — 466 | കളുടെ എണ്ണം - 605 | |

ഭവന നിർമ്മാണ പദ്ധതികളിൽ JRY, ഗ്രൂപ്പ്ഹൗസ് പദ്ധതി, പുനരധിവാസ ഭവനപദ്ധതി എന്നീ പദ്ധതികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതനുസരിച്ചുള്ള ഭവന നിർമ്മാണം വളരെ പരിമിതമാണെന്നു മാത്രമല്ല, ഈ പദ്ധതികളെല്ലാംതന്നെ ഉപഭോക്താവിന് അപര്യപ്തവും കടക്കെണിയിൽപ്പെടുത്തുന്നതുമാണ്.

വിളവൂർക്കൽ പഞ്ചായത്തിൽ ആകെയുള്ള ഒരു ഹൗസിംഗ് കോളനി (Ex-Servicemen-Colony) യും VI-ാം വാർഡിൽ ഉണ്ട്. ഈ പഞ്ചായത്തിൽ ലക്ഷം വീട് കോളനികളുണ്ട്.

| | | |
|---|---|---|
| 1 | കൊച്ചുപൊററ ലക്ഷം വീട് കോളനി | III-ാം വാർഡ് |
| 2 | അമ്പലത്തിൽ വിളാലക്ഷം വീട് കോളനി | VII-ാം വാർഡ് |
| 3 | കാവ്വീള ലക്ഷം വീട് കോളനി | IX-ാം വാർഡ് |
| 4 | വാളിയോട്ടുകോണം കോളനി | IX-ാം വാർഡ് |

ആകെ 4 സെററിൽമെൻറ് കോളനികൾ നിലവിലുണ്ട്

| | | |
|---|---|---|
| 1 | നാരങ്ങാത്തലയ്ക്കൽ | IV-ാം വാർഡ് |
| 2 | വെള്ളേക്കോണം (2 കോളനികൾ) | I-ാം വാർഡ് |
| 3 | ആലന്തറക്കോണം | IX-ാം വാർഡ് |

11 ഹരിജൻകോളനികൾ ഈ പഞ്ചായത്തിലുണ്ട്. മുകളിൽ പറഞ്ഞതിൽ ആലന്തറക്കോണം, കൊച്ചുപൊററ, നാരങ്ങാത്തലയ്ക്കൽ തുടങ്ങിയവ ഹരിജൻ കോളനികളാണ്.

മററുകോളനികൾ

| | | |
|---|---|---|
| 1 | തലപ്പൻകോട് | — IV-ാം വാർഡ് |
| 2 | തെങ്ങത്താംകോട് | — IV-ാം വാർഡ് |
| 3 | ചരൽക്കുന്ന് | I-ാം വാർഡ് |
| 4 | വിഴവൂർ മിച്ചഭൂമി | — II-ാം വാർഡ് |
| 5 | കുന്നിൽവിള | — X-ാം വാർഡ് |
| 6 | ഛാത്രക്കടവ് | — IX-ാം വാർഡ് |
| 7 | കവലോട്ടുകോണം | — VIII-ാം വാർഡ് |
| 8 | വേലൻവിളാകം | — VII-ാം വാർഡ് |

മേൽപ്പറഞ്ഞ കോളനികളിൽ ലക്ഷം വീട് കോളനിയുടേയു, സെററിൽമെൻറ് കോളനികളുടേയും നില തികച്ചും പരിതാപകരമാണ്. കോളനികളെല്ലാം തന്നെ നിർമ്മാണം നടന്ന അതേയവസ്ഥയിലാണ്. ഇന്നും യാതൊരുവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഇതുവരെ നടന്നിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, വൈദ്യുതി തുടങ്ങിയവ ഇനിയും എത്തിയിട്ടില്ല. ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ ഒന്നും തന്നെ കൃത്യമായി നടക്കുന്നില്ല. വീടുകളെല്ലാം തന്നെ നിലം പൊത്താറായ അവസ്ഥയിലുമാണ്.

ഹരിജൻ കോളനികൾ എല്ലാം പൂർണ്ണമായും ശോചനീയാവസ്ഥയിലല്ല. എന്നാലും ചില കോളനികൾ മേൽപ്പറഞ്ഞ രീതിയിൽ ശോചനീയമാണ്. അടിസ്ഥാന സൗകര്യങ്ങൾ ഇവിടേയും ലഭ്യമല്ല. കടത്തിണ്ണകളിൽ അന്തിയുറങ്ങുന്ന മൂപ്പതോളം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. 40-നും 50-നും ഇടയ്ക്ക് പ്രായമുള്ള പുരുഷന്മാരാണ് ഇവർ. ഇനിയൊരു പാർപ്പിട സൗകര്യം കെട്ടിപ്പടുക്കുവാനുള്ള ആരോഗ്യമോ സമ്പാദ്യമോ ഇവർക്കില്ല. ഇവരുടെ കാര്യത്തിൽ സജീവ ശ്രദ്ധ പതിപ്പിക്കേണ്ടത് നമ്മുടെ ധർമ്മമാണ്.

ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈററി നിലവിലുണ്ട്. പക്ഷേ ഇതിൻെറ പ്രവർത്തനം സാധാരണക്കാരിൽ എത്തുന്നില്ല. അതായത് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല.

വാസ്തുശില്പ മാതൃകയിലും പാർപ്പിടനിർമ്മാണ രംഗത്തിനും വ്യക്തമായ മാററം വന്നിട്ടുണ്ട്. നമ്മുടെ പഴയകാലഘട്ട സംസ്ക്കാരം അനുസ്മരിപ്പിക്കുന്ന തരത്തിൽ പടിപ്പുരയും നാലുകെട്ടും കുളിക്കടവും അമ്പലവുമുള്ള പഴയ തറവാടുകളിലെ അവശിഷ്ടങ്ങളിന്നും ഈ പഞ്ചായത്തിൽ ദർശിക്കാം. ഇത്തരത്തിലുള്ള വിരലിലെണ്ണാവുന്ന തറവാടുകളുടെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. മുൻപ് സൂചിപ്പിച്ചതുപോലെ മൺകട്ടകൾകൊ

ണ്ടുള്ള ഓലക്കെട്ടിടങ്ങളായിരുന്നു സാധാരണക്കാർ നിർമ്മിച്ചിരുന്നത്. ചെളികൊണ്ടും ഓലമറച്ചും വീടുകൾ ഉണ്ടാക്കിയിരുന്നു. ഇഷ്ടികയുടെ ഉപയോഗം ഇടത്തരക്കാരുടെ ഇടയിലുണ്ടായിരുന്നു. പക്ഷേ ഇന്ന് നിർമ്മാണ രീതിയിൽ ചെലവ് കുറയ്ക്കലിന്റേയും മോടിപിടിപ്പിക്കലിന്റേയും ഭാഗമായി വലിയ വ്യത്യാസങ്ങൾവന്നിട്ടുണ്ട്. നിർമ്മാണ വസ്തു ഹോളോബ്രിക്സ് ആയി മാറിയിരിക്കുന്നു. തടിയുടെ ഉപഭോഗം ശരിക്കും ചുരുക്കി കോൺക്രീററ് കട്ടളയും ജനൽ പടിയും പ്രചാരണത്തിലുണ്ട്. ഓടിട്ട വീടിന്റെ നിർമ്മാണം പൂർണ്ണമായും ഇല്ലെന്നുതന്നെ പറയാം. മിക്കവാറും വീടുകളും ഓടുവച്ച് വാർക്കുകയോ ചെയ്യുന്നു. നിർമ്മിതി വീടുകളും പ്രചാരത്തിലുണ്ട്.

പാർപ്പിട നിർമ്മാണം സ്വന്തമായി നിർവ്വഹിക്കുന്നതിനാൽ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കാനുള്ള സംരംഭങ്ങൾക്ക് വൻവികസനസാദ്ധ്യതകളുണ്ട്. ഹോളോബ്രിക്സ് നിർമ്മാണം നടത്തുന്ന ഒരു S.S.I. Unit IX-ാം വാർഡിൽ പ്രവർത്തിച്ചുവരുന്നു. മററൊരു സ്ഥാപനവും ഇതുവരെ നിലവിലില്ല. കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലാളി പ്രശ്നം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അധികം രൂക്ഷമല്ല. എങ്കിലും പുതിയ തലമുറയ്ക്കു ഇത്തരം തൊഴിലിനോടുള്ള വിമുഖത എവിടേയും ഉണ്ട്. ആശാരിപണിയ്ക്ക് ആളില്ലായെന്നത് ഒരു സത്യമാണ്. കൂലിയുടെ കാര്യത്തിൽ വലിയ പ്രശ്നങ്ങളെന്നുമില്ലായെന്നു തന്നെ പറയാം. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്നും നിർമ്മാണ തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടി ഊർജ്ജിതപ്പെടുത്തണം.

ഈ പഞ്ചായത്തിലെ നിലവിലുള്ള കൂലിയും മുൻവർഷങ്ങളിലെ കൂലിയും താഴെകാണും പ്രകാമാണ്

| | 1985 | 1990 | 1996 |
|---|---|---|---|
| മേസൻ | 50/- | 75/- | 125/- |
| സഹായി | | | |
| പുരഷന്മാർ | 35/- | 55/- | 100/- |
| സ്ത്രീകൾ | 25/- | 40/- | 90/- |
| ആശാരി | 50/- | 100/- | 125/- |
| കമ്പികെട്ട് മേസ്തിരി | 50/- | 80/- | 125/- |
| സഹായി | 30/- | 50/- | 100/- |

ആശാരിപ്പണി, കമ്പികെട്ട് തുടങ്ങിയ പണികൾ പരമ്പരഗതമാണെങ്കാലും മററ് സമുദായങ്ങളിലുള്ളവരും ഇത്തരം പണികളിലേർപ്പെട്ടിരിക്കുന്നു. കോൺട്രാക്ട് സമ്പ്രദായം നിലവിലുണ്ടെങ്കിലും വീട് നിർമ്മാണ രംഗത്ത് ഈ പഞ്ചായത്തിൽ വ്യാപകമല്ല. പരമ്പരാഗത തൊഴിൽ ചെയ്തിരുന്ന ആളുകളിൽ നല്ലൊരു ഭാഗവും അന്യനാടുകളിൽ ജോലി ചെയ്തുവരുന്ന പ്രവണതയും നിലവിലുണ്ട്.

## ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ

1 വാർഡുകൾതോറും സർവ്വേനടത്തി സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തർവർക്ക് വീടുനിർമ്മിച്ചുനല്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുക.

2 സ്വന്തമായി താമസയോഗ്യമല്ലാത്ത വീടുള്ളവർക്ക് പുനർനിർമ്മാണത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

3 സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുടെ വീട് ഓലമേയുന്നതിനുള്ള സഹായം അനുവദിക്കുക.

4 ഓലമേഞ്ഞ വീടുകളുടെ മേൽക്കൂരമാററി ഓടിടുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

5 ഭവന നിർമ്മാണത്തിനായി വികസന അതോറിട്ടിയിൽ അപേക്ഷ സമർപ്പിക്കുമ്പോൾ അവിടെ നിന്നുള്ള അനുമതിയുടെ കാലതാമസം ഒഴിവാക്കുക്കതിനുള്ളനടപടി സ്വീകരിക്കുക.

6 ഭൂമിയില്ലാത്തവരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുമായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീടുവച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.

7 സൗജന്യമായി നല്കിയിരിക്കുന്ന വീടുകൾക്ക് പട്ടയം നല്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

8 വീടുപണി പൂർത്തിയാക്കാൻ സാധിക്കാത്ത എല്ലാ തുറയിലുള്ള കുടുംബങ്ങൾക്കും കുറഞ്ഞപലിശ നിരക്കിൽ സർക്കാരിൽ നിന്നും വായ്പ അനുവദിക്കുക.

9 ഹൗസിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സാധാരണക്കാർക്ക് പ്രയോജനപ്പെടത്തക്കരീതിയിൽ മെച്ചപ്പെടുത്തുക.

10 കേരളാ ബിൽഡിംഗ് റൂൾസിൽ ഭേദഗതിവരുത്തുക.

11 കെട്ടിട മെയിൻററനൻസിനുവേണ്ടിയുള്ള സഹകരണ സംഘം ആരംഭിക്കുക.

നിയമത്തിന്റെ ചട്ടക്കൂടും, ഉദ്യോഗസ്ഥ മേധാവിത്വവും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയായി നിലകൊള്ളുന്നു. തലചായ്ക്കാനൊരിടം കണ്ടെത്താൻ കിണഞ്ഞു പരിശ്രമിക്കുന്ന സാധാരണക്കാരന്റെ അഭിവാഞ്ഛ തല്ലിത്തകർക്കുന്ന രീതിയിലുള്ള നിയമ നടപടികൾ മാററി എല്ലാവർക്കും പാർപ്പിടം എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. അതിനുവേണ്ട എല്ലാ സംവിധാനവും ജനകീയ ആസൂത്രണപരിപാടിയിലൂടെ ലഭ്യമാകും എന്ന് പ്രത്യാശിക്കാം.

# സാമൂഹ്യക്ഷേമം

വിളവൂർക്കൽ പഞ്ചായത്തിലെ 70%ത്തോളം കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. IRDP സർവ്വേപ്രകാരം ആകെ സർവ്വെ നടത്തിയ 1726 കുടുംബങ്ങളിൽ 1598 പേരും ദാരിദ്ര്യരേഖയ്ക്ക്താഴെയുള്ളവരാണ്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നൂററിമുപ്പത്തിനാല് കുടുംബങ്ങൾ ഉണ്ട്. പ്രസ്തുത വിഭാഗങ്ങളിലെ ഭൂരിപക്ഷത്തിൻെറ പ്രധാന വരുമാനമാർഗ്ഗം കൂലിപ്പണിയാണ്. തന്മൂലം ദൈനംദിന ജീവിതത്തിനുപോലും ബുദ്ധിമുട്ടുകയാണ്. നാഗരികതയുടെ അവശിഷ്ടങ്ങൾ ഇവിടെയും എത്തിച്ചേർന്നിട്ടുള്ളതിനാൽ കൃഷിയിൽനിന്നുള്ള വരുമാനം ഇല്ലാ എന്നുതന്നെ പറയാം. വിദ്യാഭ്യാസ സൗകര്യങ്ങൾ തീർത്തും വികസിച്ചിട്ടില്ലാത്ത നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാന വിദ്യാഭ്യാസംപോലും തീർത്തും അവതാളത്തിലാണ്. കെട്ടിടമില്ലാത്ത അംഗൻവാടികൾ, സ്ഥലസൗകര്യമില്ലാത്ത സ്ക്കൂളുകൾ, പോഷകാഹാരം ശരിക്കും ലഭിക്കാത്ത കുട്ടികൾ എന്നിവ വിദ്യാഭ്യാസമേഖലയിൽ ഒരു ചോദ്യചിഹ്നമായി നിലകൊള്ളുന്നു. ജനത്തിന് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള കക്കൂസ് തുടങ്ങിയവപോലും ഇന്ന് നമ്മുടെ നാട്ടിൽ പൂർണ്ണമായും ലഭ്യമല്ല.

IRDP സർവ്വേകളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ആകെ കുടുംബങ്ങൾ | ദാരിദ്ര രേഖയ്ക്കു താഴെ | SC/ST | കക്കൂസ് ഇല്ലാത്തവർ | വീടില്ലാത്തവർ |
|---|---|---|---|---|
| 1726 | 1598 | 134 | 589 | 481 |

നാളിതുവരെ ഈ പഞ്ചായത്തിൽ 10%-ൽ താഴെയുള്ളവർക്ക് മാത്രമേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളു. ഇതിൽ 5 ശതമാനവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളാണ്. പുതിയ കക്കൂസുകൾ നിർമ്മിച്ചു നൽകുന്ന പഞ്ചായത്തിൻെറ പ്രവർത്തനങ്ങൾ വേഗതയിൽ നടക്കുന്നുവെങ്കിലും ആവശ്യത്തിനനുസരിച്ച് ഇത് ലഭിക്കുന്നില്ല. 8-ാം പദ്ധതികാലത്ത് I.R.D.P. ലിസ്റ്റിൻപ്രകാരം സഹായം ലഭിച്ചവരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ആകെ സഹായം ലഭിച്ചവർ | SC/ST | വീടുകൾ | കക്കൂസുകൾ |
|---|---|---|---|
| 210 | 102 | 80 | 133 |

ട്രൈസം പദ്ധതിപ്രകാരം ഒരാൾക്ക് പോലും പരിശീലനം നൽകാൻ ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. അതിൻെറ ഫലമായി പുതിയ ഒരു തൊഴിൽ മേഖല സൃഷ്ടിക്കപ്പെടുകയോ പുതിയ തൊഴിൽ യൂണിററുകൾ സ്ഥാപിക്കപ്പെടുകയോ ചെയ്തിട്ടില്ല. വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ ഈ പഞ്ചായത്തിലെ ആളുകൾക്കും ലഭിക്കുന്നുണ്ട്. എങ്കിലും ആവശ്യക്കാരുടെ എണ്ണം പരിശോധിക്കുമ്പോൾ ഇത് തുലോം കുറവാണ്. തൊഴിലില്ലായ്മവേതനം 8-ാം പദ്ധതിക്കാലത്ത് 335 പേർക്ക് ലഭിച്ചിട്ടുണ്ട്.

സഹായധനം ലഭിക്കുന്നവർപൂർണ്ണമായും അർഹതയുള്ളവർ തന്നെയാണ്, മാത്രമല്ല ഇതുവരെ നിലവിലിരുന്ന കേന്ദ്രീകൃതരീതിയും സ്ഥിതി വിവരക്കണക്കുകളുടെ അഭാവവും വിവിധ പെൻഷൻ പദ്ധതികൾ ലഭ്യമാക്കുന്നതിന് തടസ്സം സൃഷ്ടിച്ചിരിക്കുന്നു. കഴിഞ്ഞ മൂന്നുവർഷം കർഷക തൊഴിലാളി പെൻഷന് അപേക്ഷിച്ചവരുടെയും പെൻഷൻ കൊടുത്തവരുമായ ആളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| 1993 | | 1994 | | 1995 | |
|---|---|---|---|---|---|
| അപേക്ഷകർ | പെൻഷൻ വാങ്ങിയവർ | അപേക്ഷകർ | പെൻഷൻ വാങ്ങിയവർ | അപേക്ഷകർ | പെൻഷൻവാങ്ങിയവർ |
| 110 | 86 | 112 | 88 | 126 | 98 |

കരകൗശല പെൻഷൻ 4 പേർക്ക് കൊടുത്തിട്ടുണ്ട്.

കേരളത്തിലെ മററു പഞ്ചായത്തിലെന്നപോലെ തന്നെ തൊഴിലില്ലായ്മ രൂക്ഷമായ ഒരു പഞ്ചായത്താണ് വിളവൂർക്കൽ പഞ്ചായത്ത്. വിദ്യാസമ്പന്നരും സാങ്കേതിക മികവുള്ളവരുമായ ചെറുപ്പക്കാർ ധാരാളമുണ്ട്. ഇവരുടെ പുനരധിവാസം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്.

ഇതുവരെ നിലവിലിരുന്ന കേന്ദ്രീകൃത രീതിയും സ്ഥിതിവിവരകണക്കുകളുടെ അഭാവവും വിവിധ പെൻഷൻ പദ്ധതികൾ ലഭ്യമാകുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

വികലാംഗർ, തൊഴിൽ പരിശീലനം ലഭിക്കേണ്ടവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, അന്ധർ, എന്നിവർക്കുള്ള സ്കോളർഷിപ്പുകളും മററു സഹായധനങ്ങളും ലഭ്യമാക്കുന്നതിലും വിജയംകൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

സാമൂഹ്യ ക്ഷേമവകുപ്പിലെ നേമം ബ്ലോക്ക് ഐ.സി.ഡി. എസ് പ്രോജക്ടിൻെറ ആഭിമുഖ്യത്തിൽ ഈ പഞ്ചായത്തിൽ 11 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ 6 അംഗൻവാടികൾക്കുമാത്രമേ കെട്ടിടമുള്ളു. ശിശുവിദ്യാഭ്യാസം, പൂരകപോഷകാഹാരം, വീട്ടമ്മമാർക്ക് പോഷകാഹാര വിദ്യാഭ്യാസം, വനിതാക്ഷേമം, കെട്ടിട നിർമ്മാണം ഇവയാണ് നിലവിലുള്ള പദ്ധതികൾ.

കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു. അംഗൻവാടികളിൽ വെൽഫയർ കമ്മിററി രൂപീകരിച്ച് അതിൻെറ പ്രവർത്തനം വിലയിരുത്തേണ്ടത് ആവശ്യമാണ്. നിലവിലുള്ളഅംഗൻവാടികളിൽ മഹിളാ സമാജങ്ങൾ നിർബന്ധമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. മഹിളാസമാജങ്ങൾ മുഖാന്തിരം തൊഴിൽ രഹിതരായ യുവതികൾക്ക് തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കും. അംഗൻവാടികൾ മുഖാന്തിരം താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1 പ്രായപൂർത്തിയായ കുട്ടികൾക്ക് ആരോഗ്യകുടുംബ വിദ്യാഭ്യാസ പരിശീലനം ഏർപ്പെടുത്തുക.

2 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് ക്രഷ് സൗകര്യം ഏർപ്പെടുത്തുക.

3 അംഗൻവാടികളിൽനിന്നും വളരെ അകലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും അഞ്ചുവയസ്സിനു താഴെയുള്ള കുട്ടികൾക്കും പോഷകാഹാരം എത്തിക്കുന്നതിനുവേണ്ടി മിനി അംഗൻവാടികൾ ആരംഭിക്കുക.

4 പ്രീ - സ്കൂൾ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അംഗൻവാടികളിൽ കളിക്കോപ്പുകളും പഠനോപകരണങ്ങളും പഞ്ചായത്തിന്റെയും പൊതുജന പങ്കാളിത്തത്തോടുംകൂടി ലഭ്യമാക്കുക.

# ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1 കെട്ടിടങ്ങളില്ലാത്ത അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുക.

2 തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനം നല്കുവാനുള്ള നടപടികൾ കൈകൊള്ളുക.

3 ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് വൈദ്യുതീകരിക്കുന്നതിനാവശ്യമായ സഹായധനം നൽകുക.

4 കക്കൂസില്ലാത്തവീടുകൾക്ക് അടിയന്തിരമായി കക്കൂസുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈകൊള്ളുക.

5 ചുററുമതിൽ ഇല്ലാത്ത കിണറുകൾക്ക് ചുററുമതിൽ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകുക.

6 ആരോഗ്യപരിപാലനത്തിന് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

7 പേവിഷനിർമ്മാർജ്ജനത്തിന്റെ ഭാഗമായി അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യാനാവശ്യമായ നടപടികൾ കൈകൊള്ളുക.

8 ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

9 വിവിധ വിഭാഗങ്ങളുടെ പെൻഷനുകൾ കുടിശ്ശിക തീർത്തുകൊടുക്കുകയും പുതിയ പെൻഷന് അർഹതയുള്ളവരെ കണ്ടെത്തി അവർക്ക് പെൻഷൻ നല്കുകയും ചെയ്യുക.

10 വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി വൃദ്ധസദനം സ്ഥാപിക്കുക.

11 ഒരു വീട്ടിൽ ഒരാൾക്കെങ്കിലും തൊഴിൽ നൽകത്തക്ക രീതിയിൽ സഹകരണമേഖലയിൽ തൊഴിൽ ശാലകൾ സ്ഥാപിക്കുക.

12 നിർദ്ധനരായ കുടുംബങ്ങളിലെ വീട്ടിലെ കുട്ടികൾക്ക് പോഷകാഹാരം, യൂണിഫോമും ലഭ്യമാക്കുക.

13 പഞ്ചായത്തുതലത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുക.

14 ഒരു അഗതിമന്ദിരം സ്ഥാപിക്കുക.

15 സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.

16 സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ കൊക്കൊള്ളുക.

അധികാരം ജനങ്ങളിലേക്ക്

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# ആരോഗ്യം

വിളവൂർക്കൽ പഞ്ചായത്ത് രൂപം കൊള്ളുന്നതിന് മുമ്പ് ഒന്നായിരുന്ന വിളപ്പിൽ പഞ്ചായത്തിൽ വിളപ്പിൽശാലയിൽ സ്ഥിതി ചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്ററിലും, മലയിൻകീഴ് മണിയറവിള ഗവൺമെന്റ് ഹെൽത്ത് സെന്ററിലും ആണ് ഈ പ്രദേശത്തെ രോഗികൾ ചികിൽസക്കായി എത്തിയിരുന്നത്. ഗതാഗത സൗകര്യങ്ങൾ ഇല്ലായിരുന്ന കാലത്ത്പോലും രോഗികൾ കാൽനടയായിട്ടാണ് ഈ സ്ഥാപനങ്ങളിൽ ചികിൽസക്കായി എത്തിയിട്ടുള്ളത്. ഗർഭിണികൾക്കും, കുട്ടികൾക്കുമുള്ള ആരോഗ്യപരിശോധനയും രോഗപ്രതിരോധ ങ്ങൾക്കായുള്ള ബോധവൽക്കരണ ത്തിനുള്ള ഭവനസന്ദർശനങ്ങളും യഥാസമയങ്ങളിൽ ഈ പ്രദേശത്ത് എത്താതിരുന്നതിന്റെ അടിസ്ഥാനത്തിൽ സാംക്രമികരോഗങ്ങളും പകർച്ച വ്യാധികളും ഈ പ്രദേശത്തിന്റെ പലഭാഗങ്ങളിലും പടർന്ന് പിടിച്ചിട്ടുള്ളതായി അനുഭവസ്ഥർ പറയുന്നു. ഈ വ്യാധികളുടെ ഫലമായി ധാരാളം ആളുകൾക്ക് ജീവഹാനിസംഭവിച്ചിട്ടുള്ളതായി പറയുന്നു. രോഗത്തെ ക്കുറിച്ചും അത് സംഭവിക്കുന്നതിനുള്ള സാഹചര്യത്തെ ക്കുറിച്ചും ജനങ്ങൾക്ക് ഉള്ള അജ്ഞതയായിരുന്നു ഇതിന് കാരണം. ഉയർന്ന ശിശുമരണ നിരക്കും സാധാരണമായിരുന്നു. ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനമേഖലകുറച്ചുകൊണ്ട് ഉപകേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി ആരോഗ്യത്തെകുറിച്ചുള്ള ബോധം ജനങ്ങളിൽ ഉണ്ടാക്കി എടുക്കുന്നതിന് ഇന്ന് കഴിഞ്ഞിട്ടുണ്ട്.

1979-ന് ശേഷം വിളവൂർക്കൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ പഞ്ചായത്തിന് പ്രത്യേകം പ്രാഥമിക ആരോഗ്യകേന്ദ്രം ആവശ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ 1980, 81 കാലഘട്ടത്തിൽ വിളവൂർക്കൽ പഞ്ചായത്തിൽ വിളവൂർക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രം എന്ന സ്ഥാപനം വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. രോഗങ്ങൾക്കുള്ള പ്രാഥമിക ചികിത്സയാണ് ഇവിടെ നൽകിവരുന്നത്. ദിവസേന 100-നും 150- നും ഇടയ്ക്ക് രോഗികൾ ഈ സ്ഥാപനത്തിൽ വന്നു രോഗനിർണ്ണയം നടത്തുകയും പ്രാഥമിക ചികിത്സ നടത്തുകയും ചെയ്യുന്നു. ദിനംപ്രതി 150-ഓളം രോഗികൾക്ക് ആശ്രയമായ ഈ ആശുപത്രി ഈ പഞ്ചായത്തിലും പരിസരപഞ്ചായത്തുകളിലുംപെട്ട ഏതാണ്ട് 3500 ത്തോളം വരുന്ന ജനങ്ങൾക്ക് ആശ്രയ മാണ്. എന്നാൽ ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടം ഇല്ലായ്മ പല അസൗകര്യങ്ങൾക്കും കാരണമാകുന്നു.

ഈ സ്ഥാപനത്തിന്റെ കീഴിൽ 4 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഇവയിൽ ഒന്നിനു മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ഈ സെന്ററുകളിൽ ആഴ്ചയിൽ ഒരു ദിവസം അതാത് പ്രദേശങ്ങളിലെ ഗർഭിണികളേയും കുട്ടികളേയും പരിശോധനാവിധേയമാക്കപ്പെടുന്നു. എന്നാൽ ഈ സെന്ററുകളിൽ സ്ഥലപരിമിതിയും ആവശ്യമായ ഫർണിച്ചറുകളുടെ അഭാവവും ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ ഒരു മെഡിക്കലാഫീസർ, ഒരു ഹെൽത്ത് ഇൻസ്പെക്ടർ, രണ്ടു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുമാർ 1 ലെപ്രസി ഹെൽത്ത് ഇൻസ്പെക്ടർ, 5 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, 1 ക്ലർക്ക്, ഒരു പ്യൂൺ, ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റൻണ്ടർ എന്നിവർ ഉൾപ്പെടെ 16 പേർ ജോലി ചെയ്യുന്നു.

ഈ പഞ്ചായത്തിൽ കുടുംബക്ഷേമത്തെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടി വളരെ ഫലപ്രദമായി നടപ്പാക്കികൊണ്ടിരിക്കുന്നു എന്നതിന് ധാരാളം ഉദാഹരണമുണ്ട്. ഈ കേന്ദ്രത്തിന്റെ കീഴിൽ ഏതാണ്ട് 92 ശതമാനം ദമ്പതിമാർ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. വരും വർഷങ്ങൾകൊണ്ട് ഇത് 100% ആക്കുന്നതിനുള്ള പ്രയത്നത്തിലാണ്. അതുപോലെ അംഗവൈകല്യ മുള്ളവരുടെ എണ്ണം വിരലിൽ എണ്ണാവന്നതുമാത്രമാണ്. ശിശുമരണ നിരക്കും ചാപിള്ള ജനനവും 1993 മുതൽ 96 വരെ പരിശോധിച്ചാൽ 5% ന് താഴെ മാത്രമാണ്. സാംക്രമിക രോഗങ്ങളും പകർച്ചവ്യാധികളും ഉണ്ടായതായി കാണുന്നില്ല. എന്നാൽ ഒരു ആയുർവ്വേദ ആശുപത്രിയുടേയും, ഹോമിയോ ആശുപത്രിയുടേയും, അഭാവം രോഗികളെ മറ്റു ആശുപത്രികളെ അഭയം പ്രാപിക്കുന്നതിന് തയ്യാറാകുന്നു.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നിന്നും മലമ്പനി, വസൂരി, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ പാടേ നിവാരണം ചെയ്തതായും കുട്ടികൾക്കുള്ള പോളിയോ പ്രതിരോധ ഔഷധ വിതരണം D.P.T., മീസൽസ്, ക്ഷയരോഗനിവാരണ പരിപാടികൾ, ഡങ്ക്പനി പടരാതിരിക്കാനുള്ളപ്രവർത്തനങ്ങൾ, എലിപനി, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, കോളറ തുടങ്ങിയ രോഗങ്ങൾ ഇല്ലാതാക്കാനുള്ള ഊർജിതമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലം ലഭ്യമാക്കണമെങ്കിൽ എല്ലാ ജനങ്ങൾക്കും ശുദ്ധജലം ഉറപ്പാക്കേണ്ടതാണ്. അതിലൂടെ ജലജന്യരോഗങ്ങളെ തടയാൻ സാധിക്കും. പരിസരശുചിത്വം ഉറപ്പാക്കുന്നതിലൂടെ മറ്റ് സാംക്രമിക രോഗങ്ങളേയും തടയാവുന്നതാണ്.

ഗ്രാമസഭകളിൽ നിന്നുള്ള പൊതു നിർദ്ദേശങ്ങൾ

1. ആശുപത്രികളിൽ സ്വന്തമായ കിടക്കകളോട് കൂടിയ ഒരു കെട്ടിടമുണ്ടാകണം.
2. സ്വന്തമായി കെട്ടിടമില്ലാത്ത ഉപകേന്ദ്രങ്ങളിൽ കെട്ടിടം ഉണ്ടാകണം.
3. വിഴവൂർ ഹെൽത്ത് സെന്ററിന് സ്വന്തമായുള്ള സ്ഥലത്ത് 10 കിടക്കകളെങ്കിലും ഉള്ള ആരോഗ്യകേന്ദ്രം സ്ഥാപിക്കണം.
4. ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർ വാർഡുകളിൽ ഭവന സന്ദർശനങ്ങൾ നടത്തി രോഗപ്രതിരോധത്തെ കുറിച്ചും പരിസര ശുചിത്വത്തെകുറിച്ചും ബോധവൽക്കരണം നടത്തണം.
5. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രിയും, ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം.
6. പൊതുനിരത്തുകളിലെ മാലിന്യങ്ങൾ മാറ്റുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
7. ജലജന്യരോഗങ്ങൾ പടരാതിരിക്കാൻ ജലാശയങ്ങളും പൊതുകിണറുകളും ശുചീകരിക്കുന്നതിനുള്ള നടപടി ഉണ്ടാക്കണം.
8. സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ലഭിക്കത്തക്കവണ്ണം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണം.
9. നിർദ്ധനരായ കുടുംബങ്ങൾക്ക് പോഷകാഹാരം അടങ്ങിയ ഭക്ഷ്യവസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യണം.
10. കോളനി പ്രദേശങ്ങളിൽ സെപ്റ്റിക് ടാങ്ക് അടങ്ങിയ കക്കൂസുകൾ സൗജന്യമായി നിർമ്മിച്ച് നൽകണം.
11. കൊതുകുനിവാരണം ഊർജ്ജിതമാക്കണം.
12. സൗജന്യ മെഡിക്കൽ ക്യാമ്പുകൾ മാസത്തിൽ ഒരു പ്രാവശ്യം നിർബന്ധമാക്കണം. ഇതു പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സംഘടിപ്പിക്കണം.
13. ജനസംഖ്യാടിസ്ഥാനത്തിൽ നിശ്ചിതക്രമം നിശ്ചയിച്ച് ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം എത്താത്ത പ്രദേശങ്ങളിൽ പുതിയതായി ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം.
14. നിർദ്ധനവിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം.
15. പ്രധാനനിരത്തുകളിൽ മലിനജലം കെട്ടികിടക്കുന്നത് തടയാൻ സൈഡിൽ ഓടകൾ നിർമ്മിക്കണം.
16. പ്രധാന ജംഗ്ഷനുകളിൽ മലമൂത്ര വിസർജ്ജനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം.

പ്രാദേശികമായി ഗ്രാമസഭകളിൽ നിന്ന് ധാരാളം നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും സമാന സ്വഭാവമുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പൊതുനിർദ്ദേശങ്ങളായി രേഖപ്പെടുത്തിയിട്ടുണ്ട്. 9-ാം പദ്ധതി ജനകീയ പദ്ധതിയായി ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ആരോഗ്യമുള്ള ഒരു മനുഷ്യനെ ആരോഗ്യമുള്ള ഒരു സമൂഹം വാർത്തെടുക്കാൻ കഴിയുകയുള്ളു എന്ന സങ്കൽപ്പം പ്രാവർത്തികമാക്കാൻ ഊർജ്ജിതമായ ആരോഗ്യബോധവൽക്കരണത്തിലൂടെയും, പ്രവർത്തനങ്ങളിലൂടെയും നമുക്ക് യത്നിക്കാം.

## പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

| നമ്പർ | സ്ത്രീയുടെ പ്രായക്രമം | എണ്ണം |
|---|---|---|
| a | 15-19 | 58 |
| b | 20-24 | 538 |
| c | 25-29 | 996 |
| d | 30-34 | 810 |
| e | 35-39 | 695 |
| f | 40-44 | 287 |

## അമ്മമാരുടെ എണ്ണം

| നമ്പർ | ജീവിച്ചിരുപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ | എണ്ണം |
|---|---|---|
| a | 1 കുട്ടി | 732 |
| b | 2 കുട്ടികൾ | 1817 |
| c | 2- ൽ കൂടുതൽ കുട്ടികൾ | 619 |

## കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ

| നമ്പർ | ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ | എണ്ണം |
|---|---|---|
| a | 1 കുട്ടി | 597 |
| b | 2 കുട്ടികൾ | 1796 |
| c | 2- ൽ കൂടുതൽ കുട്ടികൾ | 598 |

## അംഗവൈകല്യമുള്ളവർ

| നമ്പർ | വിവിധതരത്തിൽപ്പെട്ടവ | എണ്ണം |
|---|---|---|
| a | അന്ധർ | 1 |
| b | ബധിരർ | 2 |
| c | മൂകർ | 3 |
| d | ബധിര-മൂകർ | 5 |
| e | ചലന വൈകല്യങ്ങൾ | 21 |
| | ആകെ | 32 |

## മന്ദബുദ്ധികൾ എണ്ണം

| നമ്പർ | പ്രായം | എണ്ണം | നമ്പർ | പ്രായം | എണ്ണം |
|---|---|---|---|---|---|
| a | 0-15 | — | a | 11-15 | 2 |
| b | 6-10 | 2 | b | 16ന്-മേൽ | 13 |

| | | |
|---|---|---|
| a | ഒരുവയസ്സിനു താഴെപ്രായമുള്ള കുട്ടികളുടെ എണ്ണം | 285 |
| b | പ്രതിരോധ കുത്തുവെയ്പു നടത്തിയവർ | 284 |

| | | |
|---|---|---|
| a | ആകെ ഗർഭിണികൾ | 138 |

N.B: വിവരങ്ങൾ ശേഖരിച്ചത് ഡേറ്റാ കളക്ഷനിൽ നിന്ന്.

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | 284 | 173 | 2 |
| 1994-95 | 286 | 80 | 2 |
| 1995-96 | 283 | 82 | 1 |

N.B: ഇതിലെ മരണവിവരം പഞ്ചായത്തിലെ മരണ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് പുറ[ത്തെ]
ആശുപത്രികളിൽ മരിച്ചവരുടെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 194 | 15 | 4 | 5 |
| 1994-95 | 163 | 9 | 3 | 3 |
| 1995-96 | 171 | 12 | 2 | 4 |

N.B: വിവരങ്ങൾ ശേഖരിച്ചത് ഡേറ്റാകളക്ഷനിൽ നിന്ന്

## മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ രോഗങ്ങൾ സംബന്ധിച്ച വിവരം -പ്രതിവർഷം (എണ്ണം)

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | ത്വക്ക് രോഗം | വാതരോഗം എല്ലാവിഭാഗവും | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പുകടി etc) | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992-93 | ഇല്ല | 35,954 | 714 | 236 | 240 | 6 | 34,758 | 35954 |
| 1993-94 | ഇല്ല | 32,123 | 583 | 182 | 218 | 7 | 31,133 | 32,123 |
| 1994-95 | ഇല്ല | 34,818 | 693 | 193 | 178 | 9 | 33,795 | 34818 |
| 1995-96 | ഇല്ല | 34,767 | 465 | 145 | 187 | 7 | 33,963 | 34,767 |
| ആകെ | ഇല്ല | 137662 | 2455 | 758 | 823 | 29 | 133649 | 137662 |

N.B: വിവരങ്ങൾ ശേഖരിച്ചത് ഡേറ്റാകളക്ഷനിൽ നിന്ന്

## സ്ഥാപനവിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | P.H.C. Vilavoorkal | Alopathy | Rented | 8 | 1980 | സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും ഭരണ പരമായ അധികാരം ഇവിടെ ഇല്ല. |

N.B: വിവരങ്ങൾ ശേഖരിച്ചത് ഡേറ്റാകളക്ഷനിൽ നിന്നും

# വിദ്യാഭ്യാസം

അറിയാനുള്ള അടങ്ങാത്ത അഭിവാഞ്ഛ തുടങ്ങിയതു മുതൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചിരുന്നു. പുതിയ മേഖലകൾ വെട്ടിപ്പിടിക്കാൻ മനുഷ്യൻ കാണിച്ച ഉത്സുകത വിദ്യാഭ്യാസത്തിന്റെ പരിണിതഫലമായിരുന്നു. മറ്റു ജീവജാലങ്ങളിൽ നിന്നു വ്യത്യസ്ഥമായി ചിന്തിക്കാനും പ്രവർത്തിക്കാനും അവനെ പ്രേരിപ്പിച്ചതും അവന്റെ ഉള്ളിൽ ഒളിഞ്ഞുകിടന്നിരുന്ന ഈ വിദ്യാഭ്യാസരീതിയായിരുന്നു. എന്നും അഭിമാനിക്കാവുന്ന തരത്തിൽ നമ്മുടെ സംസ്ഥാനം തലയുയർത്തി ലോക രാഷ്ട്രങ്ങൾക്ക് മുമ്പിൽ നിൽക്കുന്നത് വിദ്യാഭ്യാസം എന്ന മഹാസമ്പത്ത് കൊണ്ട് മാത്രമാണെന്നറിനമല്ലോ. ഗുരുകുലത്തിന്റെ ഏകാഗ്രമായ അന്തരീക്ഷത്തിൽ നിന്ന് തുടങ്ങിയ കലാലയത്തിന്റെ ചടുലമായ അന്തരീക്ഷങ്ങളിലേക്കെത്തിച്ചേർന്ന വിദ്യാഭ്യാസ സംമ്പ്രദായത്തിന് ഒരുപക്ഷെ നേട്ടങ്ങളും, കോട്ടങ്ങളും ഏറെ ഉണ്ടാകാം. എങ്കിലും അടിസ്ഥാനപരമായി മനുഷ്യനെ മനുഷ്യനായികാണാനും, പെരുമാറാനും പ്രേരിപ്പിച്ച ഒരു ഘടകമെന്ന രീതിയിൽ വിദ്യാഭ്യാസം ഒരിക്കലും കോട്ടങ്ങളിലേക്ക് വിരൽ ചൂണ്ടുന്നില്ല. പ്രായോഗിക നടത്തിപ്പിന്റെ കാര്യത്തിൽ നേരിട്ട ചില പരാജയങ്ങൾ മാത്രമാണ് ഇന്ന് ഈ മേഖലയിലുള്ളത്. കാലത്തിനൊത്ത് സമൂഹവും സംസ്ക്കാരവും മാറിയപ്പോൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വങ്ങൾ മാത്രം ഇന്നും മാറ്റമില്ലാതെ തുടരുന്നു. സമൂഹനന്മയ്ക്കായി എന്നും നമ്മൾ മുറുകെ പിടിക്കേണ്ട, എന്നാൽ നമ്മൾ പലരും മറന്നുപോകുന്ന ഒരു അടിസ്ഥാനതത്വം ഈ അവസരത്തിൽ നാം ഓർക്കുന്നതു നന്നായിരിക്കും.

"വിത്തമെന്തിന് നമ്മൾക്ക്

വിദ്യ കൈവശമുണ്ടെങ്കിൽ."

വിളവൂർക്കൽ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക ചരിത്രം പരിശോധിക്കുകയാണെങ്കിൽ അക്കാദമിക്ക് രീതിയിലുള്ള വിദ്യാഭ്യാസം പ്രചാര ത്തിലല്ലായിരുന്ന ഒരു പഞ്ചായത്താണ് ഇതെന്ന് കാണാം. കൃഷിക്കും കാലിവളർത്തലിനും പ്രാധാന്യം നൽകിയിരുന്ന. നമ്മുടെ പൂർവ്വികന്മാർ ആധുനിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയതിൽ അത്ഭുതമൊന്നുമില്ല. പക്ഷെ ഇന്ന് സ്ഥിതി വേറെയാണ്. വിദ്യാഭ്യാസം എല്ലാ വിഭാഗത്തിലുള്ള ജനങ്ങളുടെയും അടിസ്ഥാനാവശ്യങ്ങളിലൊന്നാണ്. സാംസ്ക്കാരിക സാമൂഹ്യ പുരോഗതിയുടെ ഉപാധി എന്നതിൽ നിന്ന് മാറി ജീവിതോപാധി എന്ന നിലയിലേക്ക് ഇന്നത്തെ വിദ്യാഭ്യാസം മാറിയിരിക്കുന്നു. അതുകൊണ്ട് തന്നെ ഭാവി തലമുറയുടെ സുരക്ഷയും ശോഭനമായ ഭാവിയും ലക്ഷ്യമാക്കി വിദ്യാഭ്യാസത്തെ പുനർനിർമ്മാണം നടത്തേണ്ടതത്യാവശ്യമാണ്.

ഏകദേശം 80 വർഷങ്ങൾക്ക് മുമ്പാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ വിളവൂർക്കൽ ഗവൺമെന്റ് L.P.S ആരംഭിച്ചത്. ഇപ്പോൾ വിളവൂർക്കൽ പഞ്ചായത്തിലെ ഏക ഗവൺമെന്റ് സ്ക്കൂളാണിത്. ഉദ്ദേശം 80 വർഷത്തെ ചരിത്രം അവകാശപ്പെടാവുന്ന ഈ സ്കൂൾ ആദ്യകാലത്ത് ഒരു ലോവർ പ്രൈമറി സ്കൂളായിരുന്നു. ഈ പ്രദേശത്ത് മറ്റൊരു സ്ക്കൂളും ഇല്ലാതിരുന്ന കാലഘട്ടത്തിൽ ഇവിടത്തെ ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് ഉതകിയിരുന്നത് ഈ സ്കൂളാണ്. തുടർന്ന് ഇത് അപ്പർ പ്രൈമറി സ്കൂളായി 80-81 അധ്യയന വർഷം വരെ പ്രവർത്തിച്ചു. ഈ കാലഘട്ടത്തിൽ കാട്ടാക്കട വിദ്യാഭ്യാസ ഉപജില്ലയിലെ എല്ലാ അർത്ഥത്തിലും മികച്ച നിലവാരം പുലർത്തിയിരുന്ന സ്കൂളാണിത്. ഒരു യു.പി.സ്ക്കൂളിന് ഒരു മികച്ച സ്റ്റേഡിയം ഉണ്ടായിരുന്നുവെങ്കിൽ അത് ഈ സ്കൂളിനായിരുന്നു. ഉദ്ദേശം 2 ഏക്കറോളം സ്ഥലം ഈ സ്കൂളിന് സ്വന്തമായുണ്ട്. 1982-83 സ്കൂൾ വർഷത്തിൽ മാത്രമാണ് ഇതു ഒരു ഹൈസ്കൂളായി ഉയർത്തിയത്. ഹൈസ്കൂളായി ഉയർത്തിയെങ്കിലും ഒരു ഹൈസ്കൂളിനുവേണ്ട യാതൊരു സൗകര്യങ്ങളും 16 വർഷം പിന്നിട്ട ഈ സ്കൂളിനില്ല.

## 1. സ്ഥലസൗകര്യം:-

ഒന്നുമുതൽ പത്തുവരെ സ്റ്റാൻഡേർഡുകളിലായി 1100 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഇന്ന് ഉദ്ദേശം 35 ക്ലാസ്സ് മുറികൾ വേണ്ടസ്ഥാനത്ത് 19 ക്ലാസ് മുറികൾ മാത്രമേയുള്ളു. ഇതു തന്നെ 10 മുറികൾ സ്ഥിരവും, 6 മുറികൾ അർദ്ധസ്ഥിരവും, 3 മുറികൾ താല്ക്കാലികവുമാണ്. കൃത്യമായി ക്ലാസ്സുകൾ നടത്തുന്നതിന് 29 ക്ലാസ്മുറികൾ വേണമെന്നിരിക്കെ ഇതിന്റെ ലഭ്യതയനുസരിച്ച് സ്കൂളിൽ ഇപ്പോൾ Sessional സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുകയാണ്. രാവിലെ 8.20 മുതൽ 12.40 വരെയും, 12.45 മുതൽ 4.50 വരെയും രണ്ട് Session ആയിട്ടാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ഇത് കുട്ടികൾക്കും, അധ്യാപകർക്കും,

രക്ഷകർത്താക്കൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാകുന്നു. P.T.A യുടെ നിവേദനഫലമായി 18 ക്ലാസ്സ് മുറികളുള്ള കെട്ടിടത്തിന് പൊതു മരാമത്ത്‌വകുപ്പ് പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. (Priority No:39) എന്നാൽ അത് ഫണ്ടിന്റെ അഭാവം മൂലം അനുമതി ലഭിച്ചിട്ടില്ല. ഈ കെട്ടിടം നിർമ്മിച്ചു കിട്ടിയാൽ മാത്രമേ ഇവിടുത്തെ സ്ഥലപരിമിതിക്ക് ശാശ്വത പരിഹാരം ആകുകയുള്ളൂ.

## 2. സ്കൂൾ ഗ്രൗണ്ട്:-

യു.പി. സ്കൂൾ ആയിരുന്നപ്പോൾ ഒരുപക്ഷേ സ്ഥലസൗകര്യം ഉണ്ടായിരുന്നുവെങ്കിലും ഹൈസ്കൂൾ ആയി. ഉയർത്തിയപ്പോൾ കെട്ടിടം നിർമ്മിച്ചപ്പോൾ സ്ഥലം കുറയുകയുണ്ടായി. ഹൈസ്കൂളിന് വേണ്ടത്ര സ്ഥലം ലഭ്യമാക്കാൻ അന്നത്തെ സ്പോൺസറിംഗ് കമ്മിറ്റി നാട്ടുകാരിൽ നിന്നും പിരിച്ചെടുത്ത തുകയിൽ 15000 രൂപ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി സർക്കാരിൽ അടച്ചുവെങ്കിലും ആയതിനും യാതൊരു നടപടിയും നാളിതുവരെ ഉണ്ടായിട്ടില്ല. ഈ സ്ഥലം കൂടി ലഭ്യമാക്കിയെങ്കിൽ മാത്രമേ ഗ്രൗണ്ട് നിർമ്മിക്കുന്നതിന് സാധിക്കുകയുള്ളൂ.

## 3. ചുറ്റുമതിൽ:-

സ്കൂളിന്റെ മൂന്നു വശങ്ങളും ഇന്ന് തുറസ്സായി കിടക്കുകയാണ്. ചുറ്റുമതിലില്ലാത്തതു കാരണം സാമൂഹ്യവിരുദ്ധരുടെ ഒരു വിഹാരരംഗമാണ് ഈ സ്കൂൾ. ഇവരുടെ പ്രവർത്തനം കാരണം സ്കൂൾ കെട്ടിടങ്ങൾക്കും, ഫർണിച്ചറിനും കേട് സംഭവിക്കുന്നു. ഇതു ശരിയാക്കാൻ PTA യ്ക്ക് വൻതുക വർഷംതോറും ചെലവാക്കേണ്ടിവരുന്നു. ആയതിനാൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പരിഗണന നല്കേണ്ടതാണ്.

## 4. ഫർണിച്ചർ:-

ആയിരത്തി ഒരുനൂറോളം കുട്ടികളും 35 അധ്യാപകരും മറ്റ് അധ്യാപകേതര ജീവനക്കാരും പെരുമാറുന്ന ഈ സ്ക്കൂളിൽ ഉദ്ദേശം 150 ബഞ്ചും, 72 ഡസ്ക്കും, 5 കസേരയും, 4 സ്റ്റൂളും, 15 ബോർഡുകളും, 15 മേശകളും, 7 അലമാരകളും മാത്രമേയുള്ളൂ. ഇതു തന്നെ പലതും ഇപ്പോൾ ഉപയോഗ ശൂന്യമാണ്. ആയതിനാൽ അടിയന്തിരമായും കുറച്ചു ഫർണിച്ചർ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 5. വാർഷിക അറ്റകുറ്റപണി:-

എല്ലാ വർഷവും മെയ്മാസത്തിൽ തന്നെ വാർഷിക അറ്റകുറ്റപണി നടത്താൻ സ്ഥിരമായ സംവിധാനം ഉണ്ടാകണം. എന്നാൽ ഈ വർഷം വാർഷിക അറ്റകുറ്റപണി ഉണ്ടായിട്ടില്ല.

## 6. പ്രാഥമിക സൗകര്യങ്ങൾ:-

കുട്ടികൾക്കും സ്ക്കൂളിലെ ജീവനക്കാർക്കും അവരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം പോലും ഈ സ്കൂളിലില്ല. വൃത്തിയില്ലാത്ത രീതിയിലുള്ള സൗകര്യങ്ങൾ കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ കുട്ടികൾക്കും ജീവനക്കാർക്കും ഉപയോഗിക്കത്തക്കരീതിയിൽ വൃത്തിയാക്കാവുന്ന രീതിയിലുള്ള മൂത്രപ്പുരയും, കക്കൂസും അടിയന്തിര പ്രാധാന്യം നല്കി നിർമ്മിക്കണം.

## 7. കുടിവെള്ളം:-

കുടിവെള്ളത്തിന് ഈ സ്കൂളിലെ കുട്ടികൾ പൈപ്പുവെള്ളത്തെയാണ് ആശ്രയിക്കുന്നത്. പലദിവസങ്ങളിലും പൈപ്പിൽ ജലം ലഭിക്കാറില്ല. മറ്റു ചില അവസരങ്ങളിൽ കലങ്ങിയ വെള്ളവും. ഇത് ആരോഗ്യത്തിന് ഹാനികരവും മാത്രമല്ല ജലക്കരം ഇനത്തിൽ ഇപ്പോൾ തന്നെ വൻതുക കുടിശ്ശികയായിരിക്കുകയാണ്. ഇത് അടയ്ക്കാൻ PTA യ്ക്ക് യാതൊരു ഫണ്ടും നിലവിവില്ലാതെ ബുദ്ധിമുട്ടുകയാണ്. കുട്ടികളിൽ നിന്നു ലഭിക്കുന്ന തുച്ഛമായ സംഭാവന കൊണ്ടു മാത്രം എല്ലാ കാര്യങ്ങളും നിറവേറ്റുക ബുദ്ധിമുട്ടുള്ളതാണ്.

സ്കൂളിൽ ഒരു കിണർ ഉണ്ടെങ്കിലും അതിലെ ജലം ഉപയോഗയോഗ്യമല്ല. ആയതിനാൽ അതിലെ ജലം ഉപയോഗയോഗ്യമാക്കി ഒരു പമ്പും സ്ഥാപിച്ചാൽ സ്കൂളിലെ കുട്ടികൾക്കാവശ്യമായ ജലം അതിൽ നിന്നും ലഭിക്കും. ആയതിനാൽ ഈ പരിപാടിക്ക് അടിയന്തിര പ്രാധാന്യം നല്കണം.

## 8. ഉച്ചക്കഞ്ഞി:-

വളരെ പിന്നോക്ക പ്രദേശമായ ഇവിടുത്തെ കുട്ടിക്കൾ ഉച്ചയ്ക്ക് ഒരു നേരത്തെ ആഹാരത്തിന് സ്കൂളിലെ ഉച്ചക്കഞ്ഞിയാണ് ആശ്രയം. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഇതിന്റെ വിതരണത്തിന് പലപ്പോഴും തടസ്സം നേരിടുന്നുണ്ട്. സർക്കാരിൽ നിന്നും അരിയും മറ്റും ലഭിക്കുമെങ്കിലും അതിന്റെ പാചകത്തിനും മറ്റുമായി ലഭിക്കുന്ന 10 പൈസ വളരെ തുച്ഛമാണ് ഇക്കാരണത്താൽ വൻ സാമ്പത്തിക ബാധ്യത സ്കൂളിന് നേരിടേണ്ടതായി വരുന്നു. ആയതിനാൽ ഈ തുക വർദ്ധിപ്പിച്ച് ഇതിന്റെ പ്രവർത്തനം സുഗമമാക്കണം.

## 9. പഠനനിലവാരം:-

SSLC വിജയശതമാനത്തിൽ അടിക്കടി പുരോഗതിയുണ്ടാകുന്നുണ്ടെങ്കിലും അത് ഇവിടുത്തെ

ട്ടികളുടേയും, അധ്യാപകരുടേയും കഠിനപ്രയത്നം മാണ്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേ ഒന്നാം സ്റ്റാൻഡേർഡിലെ കുട്ടികൾക്ക് 10 നിമുതൽ 4 മണിവരെ (5 മണിക്കൂർ) പഠനസമയം ലഭി ക്കുമ്പോൾ ഷിഫ്റ്റ് സമ്പ്രദായം കാരണം ഈ സ്ക്കൂ ളിലെ കുട്ടികൾക്ക് 10 മണി മുതൽ 12½ മണിവരെ വറും 2½ മണിക്കൂർ മാത്രമാണ് പഠനം ലഭിക്കു ന്നത്. ഇക്കാരണത്താൽ ഒന്നാം സ്റ്റാൻഡേ ർഡിൽ നിന്നുതന്നെ പഠനം താളം തെറ്റുന്നു. ഈ കുട്ടികൾ വളരെ ബദ്ധപ്പെട്ടു പഠിച്ചെങ്കിൽ മാത്രമേ മറ്റു പ്രദേ ശങ്ങളിലെ കുട്ടികളോടൊപ്പം എത്താൻ സാധിക്കുക യുള്ളൂ. ഈ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണ മെന്ന് PTA അധികൃതരോട് പല പ്രാവശ്യം ആവശ്യ പ്പെട്ടുവെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടു പറഞ്ഞ് അത് എല്ലായ്പ്പോഴും തള്ളപ്പെടുകയാണുള്ളത്. താഴെപറ യുന്ന കാരണങ്ങളാലും ഇവിടുത്തെ വിദ്യാർത്ഥികൾ പിന്നോക്കം പോകുന്നുണ്ട്.

(a) നിലവിലുള്ള സെഷണൽ സമ്പ്രദായം,

(b) അധ്യാപകരുടെ കുറവ്.

(c) ആവശ്യമായ പഠന സാമഗ്രികളുടെ കുറവ്.

(d) യഥാസമയം മുഴുവൻ പാഠപുസ്തകങ്ങളും ലഭി ക്കാത്തതിനാൽ.

(e) ആവശ്യമായ സാധ്യായദിവസങ്ങൾ ലഭിക്കാതി രിക്കുന്നതിനാൽ

(f) അനാവശ്യമായ അവധി പ്രഖ്യാപിക്കൽ.

(g) അധ്യാപകരുടെ പുന:പരിശീലനകുറവ്

(h) പുന:പരിശീലനം ലഭിച്ചാൽ അതിനനുസരിച്ച് പുരോഗമിക്കാനുള്ള സാഹചര്യകുറവ്

(i) അധ്യാപകർക്ക് സിലബസ് മാറ്റമനുസരിച്ച് hand book ലഭിക്കാതിരിക്കൽ (ഉദ്ദേശം 15 വർഷത്തോളമായി ഇത് ലഭിക്കുന്നില്ല.)

(j) അനാവശ്യമായ സമരങ്ങൾ

(k) ബാഹ്യശക്തികളുടെ അനാവശ്യമായ ഇടപെ ടൽ

(l) രക്ഷിതാക്കളുടെ താല്പര്യകുറവ്.

(m) രക്ഷിതാക്കളുടെ സാമ്പത്തികവും, വിദ്യാഭ്യാസപ രവുമായ പിന്നോക്കാവസ്ഥ.

(n) PTA യുടെ അഭാവം.

(o) ചില അധ്യാപകരുടെ താല്പര്യക്കുറവ്

(p) മേലുദ്യോഗസ്ഥരുടെ പരിശോധനകുറവ്.

ഇക്കാര്യങ്ങളിൽ ചെയ്യാൻ കഴിയുന്നത് ചെയ്താൽ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ സാധി ക്കും. ഈ സ്ക്കൂളിനെ സംബന്ധിച്ചിടത്തോളം SSLC വിദ്യാർത്ഥികൾക്ക് ശരിയായ അഭ്യസനവും, Special Class ഉം ലഭിക്കുന്നുണ്ട് Test Paper, രക്ഷിതാക്ക ളുമായുള്ള സമ്പർക്കം, PTA യും മറ്റ് ഏജൻസികളും നല്കുന്ന പ്രോത്സാഹനം എന്നിവ SSLC യുടെ വിജ യശതമാനം കൂടുന്നതിന് ഉപകരിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ക്ലാസ്സുകളിൽ കൂടി പ്രോത്സാഹനം വ്യാപിപ്പിക്കാൻ ശ്രമിക്കണം.

ഈ കംപ്യൂട്ടർ യുഗത്തിൽ നാളെ ഒരു പ ക്ഷേ കംപ്യൂട്ടർ വിദ്യാഭ്യാസം ഇല്ലാത്ത സ്കൂൾ ഈ പഞ്ചായത്തിലായിരിക്കും. ആയതിനാൽ കംപ്യൂട്ടർ വിദ്യാ ഭ്യാസത്തിന് പ്രാമുഖ്യം നല്കണം.

ഹയർ സെക്കണ്ടറി, പ്രീ പ്രൈമറി എന്നിവ യ്ക്ക് പ്രാമുഖ്യം നല്കി ഈ സ്കൂളിൽ ലഭ്യമാക്ക ണം.

കഴിഞ്ഞ നാലു വർഷത്തെ SSLC വിജയശതമാനം താഴെകൊടുക്കുന്നു.

| വർഷം | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| പരീക്ഷ എഴുതിയവർ | 123 | 95 | 98 | 105 |
| വിജയിച്ചവർ | 41 | 39 | 46 | 55 |

വിളവൂർക്കൽ ഗവൺമെന്റ് H.S- ന് പുറമേ മാനേജ്മെന്റ് തലത്തിൽ അംഗീകാരമുള്ള 2 L.P[s] സ്ക്കൂ ളുകളും ഒരു U.P സ്ക്കൂളുമുണ്ട്. മാത്രമല്ല അംഗീകാര മില്ലാത്ത 6 ഓളം പ്രൈവറ്റ് L.P സ്കൂളുകളുമുണ്ട്.

അംഗീകാരമുള്ള മാനേജ്മെന്റ് സ്കൂളുകൾ ഇനി പറയുന്നു.

1. കുണ്ടമൺ ഭാഗം L.P.S - VI-ാം വാർഡ്
2. സെന്റ് ഫ്രാൻസീസ് ഈഴക്കോട് L.P.S - VII-ാം വാർഡ്
3. സെന്റ് ഫ്രാൻസീസ് ഈഴക്കോട് U.P.S - VII-ാം വാർഡ്

അംഗീകാരമില്ലാത്ത പ്രൈവറ്റ് സ്ക്കൂളുകൾ ഇനി പ്പറയുന്നു.

1. St. Mary's MS.C L.P.S - VII-ാം വാർഡ്
2. ബിഷപ്പ്‌വില്യം മലയം L.P.S - III-ാം വാർഡ്
3. ജയ്മാത L.P.S വിഴവൂർ II-ാം വാർഡ്
4. സെന്റ് ജമാ L.P.S - II-ാം വാർഡ്
5. വീനസ് L.P.S (നഴ്സറി) VIII-ാം വാർഡ് .

അംഗീകാരമുള്ളതും അംഗീകാരമില്ലാത്തതുമായ സ്ക്കൂളിലായി ആകെ 3041-ത്തോളം വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ പഠിക്കുന്നുണ്ട്. 1000-ഓളം വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്തുള്ള സ്ക്കൂളിൽ പഠിക്കുന്നുണ്ട്. പഞ്ചായത്തിന് പുറത്തും പോയി പഠിക്കുന്ന വിദ്യാർത്ഥികളിലധികവും ഹൈസ്ക്കൂൾ വിദ്യാർത്ഥികളാണ്. വ്യക്തമായി പരിശോധിക്കുകയാണെങ്കിൽ ഗുണമേന്മയുള്ള ഒരു ഹൈസ്ക്കൂളിന്റെ അഭാവമാണ് ഇത്രയധികം വിദ്യാർത്ഥികളെ പഞ്ചായത്തിന് പുറത്ത് പോയി പഠിക്കാൻ നിർബന്ധിതരാക്കുന്നതെന്ന് കാണാം. ഈയവസരത്തിലാണ് നാം പുതിയൊരു ഹൈസ്ക്കൂളിന്റെ ആവശ്യകതയെപ്പറ്റിചിന്തിക്കേണ്ടത്.

പുതിയ ഒരു ഹൈസ്ക്കൂളിന്റെ ആവശ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഒരു ഹൈസ്ക്കൂളായി വികസിപ്പിക്കാനുള്ള സാഹചര്യം ഏതെങ്കിലും സ്ക്കൂളിനുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഹൈസ്ക്കൂളായി വികസിപ്പിക്കാനുള്ള എല്ലാ സാഹചര്യമുള്ള ഒരേ ഒരു സ്ക്കൂളാണ് സെന്റ് ഫ്രാൻസിസ് U.P.S. ഈഴക്കോട് VII-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്ക്കൂളിനെ സംബന്ധിച്ചിടത്തോളം ഒരു ഹൈസ്ക്കൂളിനാവശ്യമുള്ള സ്ഥലസൗകര്യം യഥേഷ്ടമുണ്ട്. ഏതാണ്ട് രണ്ടേക്കറിൽ കൂടുതൽ ഭൂമി ഈ സ്ക്കൂളിനുണ്ട്. മാത്രമല്ല ഇപ്പോഴത്തെ ഇവിടത്തെ വിജയശതമാനം 95% - ൽ കുടുതലുമാണ്. 80% വിദ്യാർത്ഥികളും 80% ത്തിലേറെ മാർക്ക് നേടുന്നവരുമാണ്.

അംഗീകാരമുള്ള സ്ക്കൂളുകളുടെ നിലവാരം താഴെ കൊടുക്കുന്നു.

| സ്ക്കൂൾ | ആകെ കുട്ടികൾ | അദ്ധ്യാപകർ | വിജയ ശതമാനം |
|---|---|---|---|
| സെന്റ് മേരീസ് കുണ്ടമൺഭാഗം L.P.S. | 287 | 8 | 90% |
| സെന്റ്:ഫ്രാൻസിസ് L.P.S. ഈഴക്കോട് | 177 | 8 | 90% |
| സെന്റ്:ഫ്രാൻസിസ് U.P.S. ഈഴക്കോട് | 193 | 8 | 95% |

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്ക്കൂളുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചമല്ല. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി തന്നെ ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ എല്ലാ സ്ക്കൂളുകളിലും P.T.A. യും മദർ P.T.A യും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സജീവമായ P.T.A പ്രവർത്തനം ഒരു സ്ക്കൂളിലും നടക്കുന്നില്ല എന്നതാണ് സത്യം.

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഇംഗ്ലീഷ് മീഡിയം പഠിപ്പിക്കുവാനുള്ള രക്ഷകർത്താക്കളുടെ വ്യഗ്രത മനസ്സിലാകും, ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളിനെപ്പറ്റി ആലോചിക്കേണ്ടത് ഈ സാഹചര്യത്തിലാണ്.

അക്കാദമിക്ക് വിദ്യാഭ്യാസരീതിയെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അക്കാദമിക് വിദ്യാഭ്യാസരീതികൊണ്ട് മാത്രം വിദ്യാഭ്യാസം പരൂർത്തിയാകുന്നില്ല. അക്കാദമിക്ക് വിദ്യാഭ്യാസത്തിൽ വിജയിച്ചവരും, പരാജയപ്പെട്ടവരും ആയ യുവജനങ്ങളെ പുനരധിവസിപ്പിക്കാൻ സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇനിയും ആരംഭിക്കേണ്ടിയിരിക്കുന്നു. അത്തരം സ്ഥാപനങ്ങൾ വിജയകരമായി നടത്തുന്നതിനാവശ്യമായ എല്ലാ സാഹചര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏതാണ്ട് 8 ഓളം Type writting ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഫീസ് കൊടുത്തു പഠിക്കുവാൻ സാധാരണക്കാരായ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നുണ്ട്. കമ്പ്യൂട്ടറിന്റെ അതിപ്രസരം മറ്റു സ്ഥലങ്ങളിൽ വ്യാപരിച്ചിരിക്കുന്നതുകാരണം സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ സമീപ പ്രദേശങ്ങളിൽ പോയി കമ്പ്യൂട്ടർ വിദ്യാഭ്യാസം നേടുന്നത് ടൈപ്പ്റൈറ്റിംഗ് മേഖലക്ക് ഭീഷണിയാവുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കാനുതകുന്ന പോഷക സംഘടനകളാണല്ലോ വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ തുടങ്ങയവ. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഇവയുടെ പ്രവർത്തനം മെച്ചമാണെങ്കിലും പഞ്ചായത്തൊ ന്നടങ്കം ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ മെച്ച

ല്ലോ എന്ന് കാണാം. വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ എന്നിവയുടെ കൂടുതൽ വിവരങ്ങൾ സംസ്ക്കാരത്തിൽ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

സംസ്ഥാനത്ത് നടപ്പാക്കിവന്ന സാക്ഷരതാ യജ്ഞം ഈ പഞ്ചായത്തിലെ വയോജന വിദ്യാഭ്യാസത്തെ വളരെയധികം പരിപോഷിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ സാക്ഷരകതാ പ്രവർത്തനം ഒരിടത്തും തന്നെയില്ല. സാക്ഷരതാ പരിപാടിയിൽ സമ്പൂർണ്ണ ബോധവൽക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു പ്രവർത്തനരീതി ആവിഷ്കരിക്കുന്നത് നന്നായിരിക്കും.

ഗ്രാമസഭയിൽ നിന്നും ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. പ്രൈമറി വിദ്യാഭ്യാസരംഗത്തുള്ള അസൗകര്യം പരിഹരിക്കുക.
2. സാമ്പത്തിക പിന്നക്കാവസ്ഥയിൽ ഉള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ യൂണിഫോം എന്നിവ സൗജന്യമായി നൽകുക.
3. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് വേണ്ടി ഒരു തൊഴിൽ അധിഷ്ഠിത വിദ്യാകേന്ദ്രം അനുവദിക്കുക.
4. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിന് വേണ്ടി പുതിയ ഹൈസ്ക്കൂൾ അനുവദിക്കുക.
5. നിലവിലുള്ള സ്ക്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
6. വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിലേക്ക് ഒരു കോച്ചിങ്ങ് സെന്റർ ആവശ്യമുണ്ട്.
7. വിദ്യാർത്ഥികൾക്ക് കലാപരവും കായികപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് ഒരു കലാകായിക വിദ്യാകേന്ദ്രം ആവശ്യമാണ്.
8. നിർദ്ധന കുടുംബങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു സൗജന്യ ട്യൂഷൻ സെന്റർ അനുവദിക്കുക.
9. നിലവിലുള്ള വായനശാലകളിൽ കുട്ടികളുടെ വിദ്യാഭ്യാസപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പുസ്തകങ്ങൾ എത്തിക്കുക.
10. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാകേന്ദ്രം അനുവദിക്കുക.
11. വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് സൗജന്യമായി വിദ്യാഭ്യാസം നൽകി അവരെ പ്രോൽസാഹിപ്പിക്കുക.

# കുടിവെള്ളം

ഭൂമിയുടെ $^{2}/_{3}$ ഭാഗവും ജലമാണ്. ഭൂമിയിൽ ജീവജാലങ്ങൾ രൂപം കൊണ്ട കാലംമുതൽ ജലവും ജീവജാലങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട്. ജലമില്ലാതെ ഒരു ജീവിക്കും നിലനിൽക്കാൻ സാധിക്കുകയില്ല. ദിവസങ്ങളോളം മനുഷ്യന് ആഹാരമില്ലാതെ ജീവിക്കാൻ കഴിയും. എന്നാൽ കുടിവെള്ളമില്ലാതെ ഒരു ദിവസംപോലും ജീവിക്കാൻ അവന് കഴിയില്ല. ഇതിൽ നിന്നുതന്നെ കുടിവെള്ളത്തിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. പണ്ട്കാലം തെറ്റാതെ പെയ്യുന്ന മഴമൂലവും ഇടതൂർന്നുനിൽക്കുന്ന വനഭൂമിയുണ്ടായിരുന്നതിനാലും ഭൂമിയിൽ പതിക്കുന്ന ജലം മണ്ണിൽതാണ് ജല സ്രോതസ്സുകളിൽ നീരുറവയായി പൊടിഞ്ഞ്, മനുഷ്യന് ഉപയോഗപ്രദമായി തീരുമായിരുന്നു. ഇന്ന്, വനങ്ങൾ നശിച്ചകാരണം കാലം തെറ്റി പെയ്യുന്ന മഴയിൽ ലഭിക്കുന്ന ജലം കുത്തിയൊലിച്ച് നദികളിൽ പതിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ നാട്ടിൽ പലപ്പോഴും കുടിവെള്ള ക്ഷാമം ഉണ്ടാകാറുണ്ട്.

വിളവൂർക്കൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു പരിധിവരെ ഇവിടുത്തെ ജനങ്ങൾ ഇക്കാര്യത്തിൽ ഭാഗ്യവാന്മാരാണ്. ഇവിടെ ഒരു ഭാഗത്ത് കരമനയാറ് ഒഴുകുന്നതുകൊണ്ടും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി മുപ്പതിലേറെ കുളങ്ങളും തോടുകളും നീരുറവകളും ഉള്ളതുകൊണ്ട് പരമ്പരാഗത ജല സ്രോതസ്സ് ഇന്നും നിലനിൽക്കുന്നു. ഇവിടത്തെ ജനങ്ങൾ കുടിവെള്ളത്തിന് കൂടുതലും ആശ്രയിക്കുന്നത് കിണർവെള്ളത്തിനെയാണ്. അപൂർവ്വം വീടുകളൊഴിച്ചാൽ ഭൂരിഭാഗം വീടുകൾക്കും കിണറുകൾ സ്വന്തമായി ഉണ്ട്. മാത്രമല്ല, പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പൊതുകിണറുകളും ഉണ്ട്.

## പൊതുകിണറുകളുടെ വിവരം

| വാർഡ് നമ്പർ | കിണറുകളുടെ എണ്ണം | ഉപയോഗ നില | ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| I | 1 | ഉപയോഗപ്രദം | 10 |
| II | 2 | ഉപയോഗപ്രദം | 25 |
| III | 4 | 2 എണ്ണം ഉപയോഗശൂന്യം | 50 |
| IV | 2 | ഉപയോഗപ്രദം | 20 |
| V | 4 | 3 എണ്ണം ഉപയോഗപ്രദം | 25 |
| VI | 4 | 2 എണ്ണം ഉപയോഗപ്രദം | 60 |
| VII | 4 | 2 എണ്ണം ഉപയോഗപ്രദം | 65 |
| VIII | 3 | 1 എണ്ണം ഉപയോഗപ്രദം | 25 |
| IX | 7 | 3 എണ്ണം ഉപയോഗപ്രദം | 150 |
| X | 2 | 3 എണ്ണം ഉപയോഗപ്രദം | 50 |
| ആകെ | 36 | | 480 |

ആകെയുള്ള 36 പൊതുകിണറുകളിൽ അടിയിൽ പാറയായതിനാലും ഓരു കലർന്ന വെള്ളം ഉള്ളതിനാലും പരിസരത്തുള്ള മരങ്ങളിൽ നിന്ന് ഇല കൊഴിഞ്ഞ് അഴുകുന്നതിനാലും പത്തോളം കിണറ്റിലെ ജലം ഉപയോഗശൂന്യമായിരിക്കുന്നു. എന്നിരുന്നാലും 480-ഓളം കുടുംബങ്ങൾക്ക് ഈ പൊതുകിണർകൊണ്ട് ഉപയോഗം സിദ്ധിക്കുന്നു.

## കുഴൽകിണറുകൾ

| വാർഡ് | കുഴൽകിണറിന്റെ എണ്ണം | ഉപയോഗസ്ഥിതി | ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| II | 1 | പ്രവർത്തനക്ഷമം | |
| IV | 1 | പ്രവർത്തനക്ഷമം | |
| VII | 1 | പ്രവർത്ത്നക്ഷമം | |
| IX | 1 | പ്രവർത്തനക്ഷമം | |

ഈ പഞ്ചായത്തിലെ നാലോളം കുഴൽ കിണറുകൾ പൊതു ആവശ്യത്തിനായി നിർമ്മിച്ചിട്ടുണ്ട്. ഇരുമ്പുസത്തു കർന്ന ജലം വരുന്നതിനാലും ഓരുകലർന്ന വെള്ളമായതിനാലും പൈപ്പിൽ നിന്നും കിണറ്റിൽ നിന്നും ആവശ്യമുള്ള ജലം ലഭിക്കുന്നതിനാലും കുഴൽകിണറിലെ ജലം ഇപ്പോൾ ഉപയോഗിക്കാറില്ല.

ഈ പഞ്ചായത്തിന്റെ ഒരു ഭാഗമായ മങ്കാട്ടു കടവിൽ കരമനയാറ്റിൽ ജലസംഭരണി നിർമ്മിച്ച് രണ്ടു പമ്പുകൾ സ്ഥാപിച്ച് ജലം പമ്പുചെയ്ത് പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലൊന്നായ വാളിയോട്ടുകോണം കുന്നിൽ നിർമ്മിച്ചിട്ടുള്ള ടാങ്കിൽ എത്തിച്ച് വിളവൂർക്കൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വിതരണം നടക്കത്തക്കവിധത്തിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ ഭാഗമായ കുന്നിൻമുഗൾ, ക്ഷേത്രക്കടവ് തുടങ്ങിയ പ്രദേശങ്ങളിൽ ഇവിടെ നിന്നും ജലം എത്തിക്കാൻ കഴിയാത്തതുകൊണ്ട് കുന്നിൻമുകളിൽ മറ്റൊരു ടാങ്കു നിർമ്മിച്ച് മേൽപ്പടി പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും പമ്പുഹൗസിന്റെ കാര്യക്ഷമതയില്ലായ്മയും വോൾട്ടേജ് ക്ഷാമവും പൈപ്പ് ലൈനിലൂടെയുള്ള ശുദ്ധജല വിതരണത്തിന് പലപ്പോഴും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഈ പ്രദേശങ്ങൾ ഉയർന്ന പ്രദേശങ്ങളായതിനാൽ വേനൽക്കാലങ്ങളിൽ പൂർണ്ണമായും ജല ദൗർലഭ്യം നേരിടുന്നു. പാറപൊറ്റ, ഈഴക്കോട്, കല്ലംപൊറ്റ, മാവുവിള, കാരാങ്കോട്ടുകോണം, വെള്ളെക്കോണം, വഴുതൂർക്കോണം, താഴച്ചിറയ്ക്കൽ, കരിയറമുകൾ തുടങ്ങിയ പ്രദേശങ്ങളിൽ ഇനിയും കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

ജലം അമൂല്യമാണ്. കുടിവെള്ളം പലപ്പോഴും ദുർവിനിയോഗം ചെയ്യുന്നതിനായി കണ്ടുവരുന്നു. നിസ്സാരമായ കാരണങ്ങൾകൊണ്ടും നാട്ടുകാർ വിചാരിച്ചാൽ തീർക്കാവുന്നതായിട്ടും ജലം പലപ്പോഴും ഒഴുകി നശിക്കാറുണ്ട്. ജലസമ്പത്ത് സംരക്ഷിക്കാനുള്ള ബാധ്യത പൊതുജനങ്ങളിലും നിക്ഷിപ്തമാണ്. ജലം ലഭിക്കാത്ത ഒരവസ്ഥ ഉണ്ടാകാതിരിക്കാൻ ശുദ്ധജലം ഒഴുകി നശിക്കാതിരിക്കാനുള്ള മുൻകരുതലുകൾ ഉപഭോക്താക്കളുടെ ഭാഗത്തുനിന്നും നിർബന്ധമായും ഉണ്ടാകേണ്ടിയിരിക്കുന്നു. ജനകീയാസൂത്രണം അതിന്റെ ചവിട്ടുപടിയായിത്തീരും എന്ന കാര്യത്തിൽ സംശയമില്ല.

ആചാരാനുഷ്ഠാനങ്ങളുടെ, വിളഭൂമിയായ നമ്മുടെ പഞ്ചായത്ത് പ്രദേശമാകെ ഐതീഹ്യങ്ങളാൽ പൊതിയപ്പെട്ട സ്ഥലനാമങ്ങൾകൊണ്ട് മഹത്തരവും സാംസ്കാരിക പൈതൃകങ്ങളാൽ ചുറ്റപ്പെട്ടതും ആണ്. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും മാറാലകൾ പൊട്ടിച്ചെറിയുന്നതിന് പുരോഗമ പ്രസ്ഥാനങ്ങളുടെ ആവിർഭാവം ഒരനുഗ്രഹമായി തീർന്നിട്ടുണ്ട്. അമ്പലമണികൾ മുഴങ്ങുന്ന ക്ഷേത്രാങ്കണങ്ങളും പള്ളി മണിമുഴങ്ങുന്ന പള്ളി മുറ്റങ്ങളും, ഐതീഹ്യങ്ങളാൽ ചുറ്റപ്പെട്ട കാവുകളും കുളങ്ങളും, വിശുദ്ധ ഖുറാന്റെ വചനങ്ങൾ മുഴങ്ങുന്ന ആരാധനാലയവും കൈകോർത്തു നില്ക്കുന്ന ഹിന്ദുവിന്റേയും ക്രിസ്ത്യാനിയുടേയും, നിസ്ക്കാര തഴമ്പു വീണ മുസൽമാന്റേയും സഹനങ്ങളുടേയും ത്യാഗങ്ങളുടേയും ഗാഥകൾ അലിഞ്ഞു ചേർന്ന ഇവിടത്തെ മണ്ണിന് തലമുറയോട് കൈമാറാൻ അനവധി കഥകളുണ്ട്.

പാണ്ഡിനാട്ടിലെ രണ്ടു രാജവംശങ്ങൾ (1. ഉലകുടയപെരുമാൾ തമ്പുരാന്റെ വംശവും, 2. മധുര രാജാവിന്റെ വംശവും) തമ്മിലുണ്ടായ യുദ്ധത്തിൽ യൗവ്വനകാലത്ത് വീരചരമം പ്രാപിച്ച ഉലകുടയപെരുമാൾ രാജാവിന്റെ കഥയുമായി ബന്ധപ്പെട്ട ഐതീഹ്യങ്ങളാൽ വലയം ചെയ്തിട്ടുള്ള കേരളത്തിലെ തന്നെ ഒന്നോ രണ്ടോ തമ്പുരാൻ ക്ഷേത്രങ്ങളിൽ ചരിത്രപരമായി തന്നെ പ്രാധാന്യമുള്ള ഒന്നായ ചൂഴാറ്റുകോട്ട തമ്പുരാൻ ക്ഷേത്രത്തിന്റെ ഐതീഹ്യം ഇങ്ങനെ പ്രതിപാദിക്കുന്നു. യുദ്ധത്തിൽ മധുര രാജാവിനോട് തോറ്റ തന്റെ അച്ഛനുൾപ്പെടെ മരണപ്പെട്ടുവെന്നറിഞ്ഞ യുവ രാജാവായ ഉലകുടയപെരുമാൾ മധുര രാജാവിനെതിരായി പടയൊരുക്കം നടത്തുകയും യുദ്ധത്തിനു പുറപ്പെടുകയും ചെയ്യുന്നു. പോകുന്നതിനു മുൻപ് ശിവനേയും ദേവിയേയും ഉപാസിച്ച് ഉടവാളും വാങ്ങിയിരുന്നു. ആവശ്യപ്പെടുമ്പോൾ മടക്കി നല്കാം എന്ന കരാറിൻമേലാണം വാൾ നൽകിയത്. യുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ ദേവിയുടെ മറ്റൊരു ഭക്തനായിരുന്ന മധുര രാജാവിന്റെ ആവശ്യപ്രകാരം, ഉടവാൾ ദേവി മടക്കി വാങ്ങുകയും ഇതിൽ മനംനൊന്ത് തമ്പുരാൻ സ്വന്തം ഉടവാൾ കൊണ്ട് തന്നെത്താൻ കുത്തി വീരചരമം പ്രാപിക്കുകയും ചെയ്തു. തന്റെ യജമാനനെ നഷ്ടപ്പെട്ട തമ്പുരാന്റെ ആന ഈ വിവരം തമ്പുരാന്റെ അമ്മയെ അറിയിച്ചു എന്നും ആ മഹാൻതന്നെ സേവിക്കാൻ തുനിഞ്ഞവരുടെ സങ്കേതങ്ങളിൽ വന്നു ചേർന്നുവെന്നും തമ്പുരാന്റെ ആത്മാംശം ഈ സങ്കേതങ്ങളിൽ എത്തിയിട്ടുണ്ടെന്നും അങ്ങനെ നദിയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ചൂഴാറ്റകോട്ട എന്നറിയപ്പെടുന്ന സ്ഥാലത്ത് പൂർവ്വികർ ഒരമ്പലം പണിത് ആഴ്ചതോറും പൂജയും വർഷത്തിലൊരിക്കൽ ഊട്ടും പാട്ടും നടത്തി തമ്പുരാന്റെ ആത്മാംശത്തെ ആരാധിച്ചുവെന്നുമാണ് ഐതിഹ്യം. ഇതുമൂലം ഇന്നും തുടർന്നുവരുന ചടങ്ങുകളുടെ ഫലമായി നാടിന് സർവ്വ ഐശ്വര്യങ്ങളും വന്നു തുടങ്ങിയെന്നാണ് വിശ്വാസം.

നമ്മുടെ പ്രദേശത്തെ മറ്റൊരു പ്രസിദ്ധമായ ക്ഷേത്രം പെരുകാവിലെ ശ്രീകണ്ഠൻ ശാസ്തക്ഷേത്രമാണ്. ഇതിന്റെ ആദ്യകാല ചരിത്രം പുതിയ തലമുറയ്ക്ക് അന്യമാണ്. മറ്റൊരു ശാസ്താക്ഷേത്രം ഈ പഞ്ചായത്തിൽ ഉള്ളതായിയ അറിവില്ല. ആയിരത്തോളം വർഷം പഴക്കമുള്ള ഒന്നാണ് ഈ ക്ഷേത്രമെന്ന് പഴമക്കാർ പറയുന്നത്. എന്നാൽ ഇന്നത്തെ രീതിയിൽ പുനരുദ്ധീകരിച്ചിട്ട് 50 വർഷകാലമേ ആയുള്ളു. മണ്ഡല ഉത്സവകാലമാണ് ഇവിടത്തെ പ്രധാന ഉത്സവകാലം. നമ്മുടെ ജനങ്ങളുടെ ആദ്ധ്യാത്മിക ജിവിതത്തെ ധന്യമാക്കുന്ന ക്ഷേത്രങ്ങളാണ് പൊറ്റയിൽ ചെല്ലമംഗക്ഷേത്രവും, കുന്നുവിള ദേവീക്ഷേത്രവും പേയാട് അമ്മൻ കോവിൽ ക്ഷേത്രവും. പേയാട് ജംഗ്ഷനു സമീപം വാണിക വൈശ്യസമുദായങ്ങളുടെ ഒരു മുത്താരമ്മൻ ക്ഷേത്രമുണ്ട്. ഇവിടുത്തെ ഉത്സവം ദർശിക്കാൻ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുമാത്രമല്ല തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിന്റെ പ്രാന്ത പ്രദേശങ്ങളിൽ നിന്നു പോലും ഭക്തർ എത്താറുണ്ട്. ഈ ക്ഷേത്ര ഉത്സവത്തിന് അമ്മൻകൊട മഹോത്സവം എന്നാണ് പറയപ്പെടുന്നത്. ദൈവീകമായ അനുഗ്രഹം സിദ്ധിച്ചവർ പിരിച്ചെടുത്ത ചാട്ട കൊണ്ട് സ്വന്തം ശരീരത്തിൽ അടിക്കുന്നതാണ് ഇവിടുത്തെ പ്രധാന ചടങ്ങ്. മഞ്ഞനീരാട്ടവും ഒരാചാരമാണ്. എല്ലാ ജാതിമത വിഭാഗങ്ങളിലുംപെട്ടവർ ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നു എന്നുള്ളതാണ് ഇവിടുത്തെ പ്രത്യേകത.

നമ്മുടെ നാട്ടിലെ മറ്റൊരു പ്രധാനപ്പെട്ട ക്ഷേത്രമാണ് തേവിക്കോണം ശ്രീ ഈശ്വരകലാഭൂതനാഥ ക്ഷേത്രം. പരമശിവൻ ആരാധനാമൂർത്തിയായ ഈ ക്ഷേത്രം ചിര പുരാതനമയി ഒന്നാണ്. മുൻപ് വാളും ശൂലവും ആയിരുന്നു ഇവിടുത്തെ പ്രതിഷ്ഠ, ഇപ്പോൾ

അത് വിഗ്രഹമായി മാറിയിട്ടുണ്ട്. അതുപോലെ കവലോട്ടുകോണം മല്ലൻ തമ്പുരാൻ ക്ഷേത്രം വളരെ പുരാതനവും പ്രശസ്തമായ ഒന്നാണ്. വാളും ശൂലവുമാണ് ഇവിടുത്തെയും പ്രധാന പ്രതിഷ്ഠ. ജനങ്ങൾക്ക് അന്യമായ ഐതീഹ്യങ്ങളാൽ ചുറ്റപ്പെട്ട ശിവ പ്രതിഷ്ഠയുള്ള മലയം ശിവക്ഷേത്രവും പുരാതനമായതാണ്. ചെറുതും വലുതുമായ ധാരളം ക്ഷേത്രങ്ങളും കാവുകളും ക്രിസ്തീയ ആരാധനാലയങ്ങളും പുരാതനവും പ്രാദേശികവുമായ ഐതീഹ്യങ്ങളാൽ ചുറ്റപ്പെട്ട് കിടക്കുന്ന ഈ പ്രദേശം വിവിധ ആചാരങ്ങളും, അനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്ന സമ്മിശ്ര സാംസ്ക്കാരിക പൈതൃകത്തിന് മകുടോദാഹാരണമാണ്.

നമ്മുടെ സംസ്കാരത്തിൽ എന്നും ഭാഗഭാക്കുകളാകുന്ന ഒന്നാണ് കലയും സാഹിത്യവും. സാഹിത്യത്തിന്റെ ഉറവിടം പുസ്തകങ്ങളും ആ പുസ്തകങ്ങളുടെ ആവാസഭൂമി ഗ്രന്ഥശാലകളുമായിരുന്നു. നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകൾ ഇന്ന് ജീർണ്ണതയെ നേരിടുകയാണ്. ഈ പ്രദേശത്ത് 5 ഗ്രന്ഥശാലകളാണുള്ളത്. അവ

1. M.G.M ഗ്രന്ഥശാല, വിളവൂർക്കൽ
2. ജനതാ ഗ്രന്ഥശാല, പാമാംകോട്
3. യൂവയോഗം ഗ്രന്ഥശാല, പെരുകാവ്
4. വിദ്യാപ്രബോധിനി ഗ്രന്ഥശാല, പേയാട്
5. മോഡൽ ഗ്രന്ഥശാല, വിഴിവൂർ എന്നിവയാണ്.

ഇതിൽ സ്വന്തമായി കെട്ടിടമുള്ള ഗ്രന്ഥശാലകൾ 4 എണ്ണം മാത്രമാണ്. പാമാംകോട് ഗ്രന്ഥശാലയ്ക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. വിളവൂർക്കൽ MGM ഗ്രന്ഥശാല ആരംഭിച്ചത് 1953-ആണെങ്കിലും 57-ൽ ആണ് സ്വന്തമായി കെട്ടിടം നിർമ്മച്ചത്. കാലപ്പഴക്കം ഈ കെട്ടിടത്തെ ഒരു പുരാവസ്തുവാക്കി മാറ്റി. 1947-ൽ ആരംഭിച്ച യുവയോഗം ഗ്രന്ഥശാലയുടേയും സ്ഥിതി ഇതുന്നെയാണ്. കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച ഗ്രന്ഥശാലകളുടെ മന്ദിരങ്ങൾ അടിയന്തിരമായി പുതുക്കി പണിയേണ്ടിയിരിക്കുന്നു. അതോടൊപ്പം പാമാംകോട് ജനത ഗ്രന്ഥശാലയ്ക്ക് സ്വന്തമായി ഒരു കെട്ടിടം ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ വക സാംസ്കാരിക നിലയം ഈഴക്കോട് സ്ഥിതിചെയ്യുന്നു. ഇവിടെ ശരിക്കുള്ള പ്രവർത്തനം ഇതുവരേയും ആരംഭിച്ചിട്ടില്ല. ഇത് ഗ്രന്ഥശാലയായിട്ടും സാംസ്കാരികേന്ദ്രമായിട്ടും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനതയാണ് ഇതിന് വിഘാതമായി തീർന്നിട്ടുള്ളത്. ഗ്രന്ഥശാലകളില്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകളും സാംസ്കാരിക കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള കൂട്ടായ പ്രയത്നം ആവശ്യമാണ്. പ്രപഞ്ചജാലകങ്ങളായ ദിനപത്രങ്ങൾ വായിക്കാനുള്ള ആവശ്യം നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ലഭ്യമാക്കാനായി പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ വായനശാലകൾ ആരംഭിക്കുക, ദാരിദ്രരേഖയ്ക്ക് താഴെയുള്ള മറ്റു അവശ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ T.V. കിയോസ്ക്കുകൾ സ്ഥാപിക്കുകയെന്നത് ഗ്രാമസഭകളിൽ നിന്ന് പൊതുനിർദ്ദേശമായി ഉയർന്നു വന്നിട്ടുണ്ട്.

യുവതിയുവാക്കളായ ധാരാളം കായിക പ്രതിഭകൾ ഉള്ള പഞ്ചായത്താണ് നമ്മുടേത്. പക്ഷേ അവർക്ക് ഈ രംഗങ്ങളിൽ വളർന്നുവരുന്നതിന് ആവശ്യമായ പ്രോത്സാഹനം വളരെ കുറവാണ്. പൊതു കളിസ്ഥലമായി പെരുകാവിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് മിനി സ്റ്റേഡിയം മാത്രമാണുള്ളത്. ഇവിടെ സ്ഥലപരിമിതി ഒരു പ്രശ്നമായി അനുഭപ്പെടുന്നുണ്ട്. അതിനാൽ സ്റ്റേഡിയം വിപുലപ്പെടുത്തേണ്ട ആവശ്യം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ നാട്ടിലെ കലാകായിക പ്രതിഭകൾ സ്ക്കൂളുകളുടെ കളിസ്ഥലങ്ങൾ ഉപയോഗിച്ചാണ് പരിശീലനം ചെയ്യുന്നത്. ഇവിടെ അധികൃതരുടെ അനുവാദം പരിശീലനത്തിന് തടസ്സമാകാറുണ്ട്. ജില്ലാ-സംസ്ഥാനതലങ്ങളിൽ വരെ എത്തിയിട്ടുള്ള കലാകായിക പ്രതിഭകളുടെ നാടായ നമ്മുടെ പ്രദേശത്ത് അവർക്ക് ആവശ്യമായ പ്രോത്സാഹനം മതിയാ രീതിയിൽ എത്തിക്കേണ്ടിയിരിക്കുന്നു.

ഇവ കൂടാതെ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പതിനഞ്ചാളം വരുന്ന കലാകായിക സമിതികൾ നിലവിലുണ്ട്. ഇവയൊക്കെതന്നെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവയുമാണ്. ആവശ്യമായ കലാകായിക ഉപകരണങ്ങളുടെ ദൗർലഭ്യവും കൊണ്ട് പലതും പ്രവർത്തന രഹിതങ്ങളാണ്. എന്നിരുന്നാലും വാർഷികാഘോഷങ്ങൾ സംഘടിപ്പിക്കുന്ന പ്രവണത പൊതുവെ കാണാറുണ്ട്.

1. ആർട്ട്സ്-സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നല്കുക.
2. സന്നദ്ധസംഘടനകൾക്ക് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകുക.

3. കലാകായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കലാകേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. കായിക പരിശീലനങ്ങൾക്കാവശ്യമായ കളി സ്ഥലങ്ങളും പരിശീലകരേയും നൽകുക.

5. സാംസ്കാരിക സമിതികൾക്ക് സൗജന്യമായി T.V സെറ്റുകൾ നൽകുക എന്നിവ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങളായി ഉയർന്നുവന്നിട്ടുള്ളതാണ്.

നമ്മുടെ പ്രദേശത്ത് മുൻപുണ്ടായിരുന്നതും മൺമറഞ്ഞ് പൊയ്ക്കൊണ്ടിരിക്കുന്നതുമായ പഴയ ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും ഭാഗമായ നാടൻ പാട്ടുകളും, വേലൻ പാട്ട്, തമ്പുരാൻ പാട്ട്, തോറ്റംപ്പാട്ട്, പുള്ളുവൻ പാട്ട്, ശാസ്താംപ്പാട്ട് എന്നിവയുടെ പൊരുൾ വരും തലമുറയ്ക്ക് അന്യമായിതീരാതെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായി നിലനിർത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനൊക്കെവേണ്ടിയുള്ള പ്രവർത്തനങ്ങൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പ്രദേശത്തുണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## പട്ടികജാതി-പട്ടിക വർഗ്ഗക്ഷേമം

ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലവലില്ലാത്ത ഒരു പഞ്ചായത്താണ് വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി വികസന പ്രവർത്തനങ്ങൾ പട്ടികജാതി സങ്കേതങ്ങളിൽ കേന്ദ്രീകരിച്ച് 1992 മുതൽക്കേ നടപ്പിലാക്കി വരുകയാണ്.

പട്ടികജാതി സങ്കേതങ്ങളാണ് ഈ പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ടവ. അവ താഴെകാണും പ്രകാരമാണ്.

1. കുരിശുംമുട്ടം തെക്ക് (ചാരക്കടവ്) 35 കുടുംബങ്ങൾ (ഐ.എച്.ഡി.പി.1992-93)
2. കുരിശുംമുട്ടം തെക്ക് (വിളങ്ങൽപച്ച) 52 കുടുംബങ്ങൾ
3. ആലന്തരകോണം 15 കുടുംബങ്ങൾ
4. കുരിശുമുട്ടം കുന്നിൻമുകൾ 15 കുടുംബങ്ങൾ
5. കവലോട്ടുകോണം 20 കുടുംബങ്ങൾ
6. ചരൽക്കുളം 15 കുടുംബങ്ങൾ
7. തെങ്ങുവിളാകം മിച്ചഭൂമി വിഴവൂർ 14 കുടുംബങ്ങൾ
8. വേലൻ വിളാകം-പെരുകാവ് 15 കുടുംബങ്ങൾ
9. നാരങ്ങാരുവിള സെറ്റിൽമെന്റ് 10 കുടുംബങ്ങൾ
10. തലപ്പാൻകോട് 14 കുടുംബങ്ങൾ
11. തെങ്ങന്താംകോട്-വിളവൂർക്കൽ 13 കുടുംബങ്ങൾ

1991-ലെ സെൻസസ് പ്രകാര് 961 പുരുഷന്മാരും 1017 സ്ത്രീകളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. കൂടാതെ പട്ടികവർഗ്ഗത്തിൽ 10 പുരുഷന്മാരും 8 സ്ത്രീകളും ഉള്ളതായി സർവ്വേ കണക്കുകളിൽ കാണുന്നു.

കോളിനി പ്രദേശക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ഗതാഗതം എന്നീ സൗകര്യങ്ങൾ ലഭ്യമല്ലാത്തവയാണ് അധികവും. ആവശ്യമായ ഭൂമിയോ, പാർപ്പിട സൗകര്യങ്ങളോ കിട്ടാത്തവരും ഉണ്ട്. സെറ്റിൽമെന്റ് കോളനികളിൽ ഓല കൊണ്ട് മറച്ച് കുടിലുണ്ടാക്കി താമസിക്കുന്നവരുണ്ട്. ഈ പഞ്ചായത്തിൽ നിന്നും JRY സ്കീമിൽ ഒരു വർഷം മൂന്നോ നാലോ പേർക്ക് വീടു നിർമ്മിക്കുന്നതിന് ധനസഹായം ചെയ്തു വരുന്നുണ്ട്. അതുകൊണ്ട് വീടില്ലാത്ത ഇത്തരം കുടുംബാങ്ങളെ സ്വന്തമായ കെട്ടുറപ്പുള്ള വീടുകളിൽ താമസിപ്പിക്കണമെങ്കിൽ സർക്കാരിന്റെ ഭാഗത്തു നിന്നും സത്വര നടപടികൾ എടുക്കേണ്ടിയിരിക്കുന്നു.

ജാതി പറഞ്ഞ് വിളിക്കുന്ന രീതി നിലവിലില്ലാത്തതും വളരെ ഐക്യത്തോടെ ജീവിക്കുന്നവരുമാണ് ഇവിടുത്തെ ജനങ്ങൾ. പട്ടികജാതി വർഗ്ഗക്കാരുടെ വീടുകളിൽ നടക്കുന്ന ആഘോഷങ്ങളില് വിവാഹചടങ്ങുകളിലും ഈ പഞ്ചായത്തിലുള്ള മറ്റു എല്ലാ വിഭാഗത്തിലുള്ള ആളുകൾ സഹകരിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തുവരുന്നുന്നു. ഇതിൽ നിന്നുതന്നെ ഈ പഞ്ചായത്തിലെ ജനങ്ങളുടെ സഹകരണ മനോഭാവം വെളിവാകുന്നുണ്ട്.

ഈ വിഭാഗത്തിൽപ്പെട്ടവരിൽ ബഹുജന സംഘടനാരംഗത്ത് നേതൃത്വപരമായ കഴിവ് തെളി

യിച്ചിട്ടുള്ളവരും വിവിധ രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവരും ഉണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികൾ വിദ്യാഭ്യാസം നടത്തിവരുന്നുണ്ട് എങ്കിലും അവർക്കാവശ്യമായ പ്രോത്സാഹനമോ അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ല. പഠനം നിർത്തിയവർ തന്നെ കെട്ടിട നിർമ്മാണമായും ചൂള പണിയുമായും ചെറിയ ചെറിയ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുകയാണ്.

മറ്റു സ്ഥലങ്ങളിൽ പോയി കൃഷി ചെയ്യുന്നവരും സ്വന്തമായി കൃഷിയില്ലാത്തവരും ധാരാളമുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയവരുടെ എണ്ണം പരിമിതമാണ്. ആയതിനാൽ വിദ്യാഭ്യാസപരമായ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ മേഖലകളിൽ സർക്കാർ ജീവനക്കാരുടെ എണ്ണം കുറവാണ്. സ്കൂളുകളിൽ നിന്നും ലംസംഗ്രാന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 215 ആണ്.

പട്ടികജാതി വർഗ്ഗക്കാരുടെ സാമൂഹിക, സാംസ്ക്കാരിക പ്രവർത്തനമണ്ഡലങ്ങൾ ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളും അപര്യാപ്തത.
2. ദാരിദ്ര്യം, പട്ടിണി.
3. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
4. തൊഴിൽപരമായ പിന്നോക്കാവസ്ഥ
5. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള തടസ്സങ്ങൾ
6. അപകർഷതാബോധം

## പരിഹാരമാർഗ്ഗങ്ങൾ

1. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സൗജന്യമായി ഭൂമിയും പാർപ്പിടവും നല്കുക.
2. നിലവിലുള്ള വീടുകൾക്ക് അറ്റകുറ്റപണി നടത്തി ശോചനീയാവസ്ഥ പരിഹരിക്കുക.
3. അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കുക.
4. ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ ഉറപ്പുവരുത്തുക.
5. സ്വയം തൊഴിൽ കണ്ടെത്തലിന് സാങ്കേതിക പരിശീലനം നല്കുക.
6. പഞ്ചായത്തടിസ്ഥാനത്തിൽ പട്ടികജാതി സഹകരണസംഘങ്ങൾ രൂപവൽക്കരിക്കുക.
7. ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ പ്രോത്സാഹനം നല്കുക.
8. കോളിനി പ്രദേശങ്ങളിൽ സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും കലാകായികരംഗങ്ങളിൽ കൂടുതൽ പ്രോത്സാഹനം നല്കുകയും ചെയ്യുക.
9. കോളനി പ്രദേശങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക.
10. സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയരംഗങ്ങളിലെ പ്രതിഭകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുക.
11. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ആവിഷ്ക്കരിക്കുക.
12. ആരോഗ്യപരമായ സേവനം മെച്ചപ്പെടുത്തുക.,
13. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നല്കുക.
14. എല്ലാ തുറകളിലും വൈദഗ്ധ്യ ബോധവൽക്കരണം.

# വനിത

അർദ്ധനാരീശ്വര സങ്കല്പത്തിൽ നിന്നും അടർന്നു വീണ ഒരു ഇതളാണ് ഭാരതീയ സ്ത്രീ സങ്കല്പം. ലോക ചരിത്രത്തിന്റെ താളുകൾ പിന്നിലേയ്ക്ക് മറിക്കുമ്പോൾ വികസനത്തിന്റെ പാതയിൽ എന്നും സ്ത്രീയും ഉണ്ടായിരുന്നു. സ്ത്രീയ്ക്ക് സമൂഹത്തിൽ തുല്യ പദവി നൽകുന്നതോടൊപ്പം സാമൂഹിക സുരക്ഷിതത്വവും വാഗ്ദാനം ചെയ്യേണ്ടിയിരിക്കുന്നു. സംഘടിതമായ ഒരു ന്യൂനപക്ഷം അസംഘടിതമായ ഒരു മഹാ ഭൂരിപക്ഷത്തെ അമ്മാനമാടുന്ന ഒരു ഉത്തമോദാഹരണമാണ് നമ്മുടെ സ്ത്രീകൾ. പുരുഷന്റെ മദ്യപാനത്താൽ സ്ത്രീയുടെ ജീവിതം ഹോമിക്കപ്പെടുന്ന അവസ്ഥ മാറേണ്ടിയിരിക്കുന്നു. സ്ത്രീയുടെ ജീവിതം

ഉന്നത നിലവാരത്തിൽ എത്തണമെങ്കിൽ മദ്യനിരോധനം കർശനമായി പാലിക്കേണ്ടിയിരിക്കുന്നു.

സ്ത്രീയുടെ ജീവിതത്തെ കുരുതികൊടുത്തു കൊണ്ടിരിക്കുന്ന മറ്റൊരു ശാപമാണ് സ്ത്രീധനം. പ്രതി വർഷം ആയിരക്കണക്കിന് പെൺകുട്ടികൾ ആർഷ ഭാരതത്തിൽ അകാല മൃത്യു അടയുന്നു. ഈ പഞ്ചായത്തിൽ ഇപ്രകാരമുള്ള മരണം സംഭവിച്ചിട്ടില്ലായെങ്കിലും സ്ത്രീധനത്തിന്റെ പേരിൽ ദാമ്പത്യജീവിതം തകർന്നവരും പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്നവരുമായ നിരവധി പെൺകുട്ടികൾ ഉണ്ട്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം അനിവാര്യമാണ്. ബോധവൽക്കരണത്തിലൂടെ ഇത് പരിഹരിക്കപ്പെടണം. രാഷ്ട്രീയ-സാമൂഹിക സംഘടനകർക്ക് ഇതിന് നേതൃത്വം നൽകാൻ കഴിയണം.

വിളവൂർക്കൽ പഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 50 ശതമാനത്തിലേറെ സ്ത്രീകളാണ്. സാധാരണക്കാരായ സ്ത്രീകളായതിനാൽ ഇവരിൽ ഭൂരിഭാഗവും അടുക്കള ഭരണവുമായി ഒതുങ്ങി കഴിയുന്നവരാണ്. എങ്കിലും സാമൂഹ്യത്തിന്റെ വിവിധ തുറകളിൽ ഇവരുടെ പങ്കാളിത്തം നമുക്ക് കാണാൻ കഴിയും. നമ്മുടെ സംസ്ക്കാരം കല്പിച്ചിരിക്കുന്ന വിലക്കുകൾ കാരണം നമ്മുടെ സ്ത്രീകൾ സമൂഹത്തിലേയ്ക്ക് ഇറങ്ങിവരാൻ മടിച്ചുനിൽക്കുന്നു.

ഇന്നത്തെ പഞ്ചായത്ത് രാജ് സംവിധാനം സ്ത്രീകളെ കൂടുതലായി പൊതുരംഗത്ത് ഇറങ്ങുന്നതിന് സഹായകരമായിതീർന്നിട്ടുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്താൻ നമ്മുടെ സ്ത്രീ സമൂഹം പരമാവധി ശ്രമിക്കേണ്ടതാണ്. അതോടൊപ്പം സ്ത്രീകൾക്ക് യോജിച്ച വിധത്തിലുള്ള തൊഴിൽ മേഖലകൾ കണ്ടെത്തി ശക്തിപ്പെടുത്തുകയും ജനകീയാസൂത്രണ പ്രക്രിയയിൽ വനിതാവികസനത്തിന് കൂടുതൽ ഊന്നൽ നൽകുകയും ചെയ്യേണ്ടതാണ്.

ഇവിടുത്തെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഭൂരിഭാഗവും സാക്ഷരരാണ്. കൂലിപ്പണിയിലേർപ്പെട്ടിരിക്കുന്നവരും പരമ്പരാഗതതൊഴിൽ ചെയ്യുന്നവരും ആകെ ജനസംഖ്യയുടെ 5 ശതമാനം മാത്രമേ വരുകയുള്ളൂ. ചുരുക്കം സ്ത്രീകൾ സർക്കാർ ജീവനക്കാരായും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായും ഉണ്ടെന്നത് ഒഴിച്ചാൽ ഭൂരിപക്ഷത്തിനും തൊഴിലവസരങ്ങൾ ലഭ്യമല്ല. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളെ താഴെപ്പറയുന്നന രീതിയിൽ വിഭജിക്കാം.

1. കൂലിപ്പണിക്കാർ
2. കർഷകത്തൊഴിലാളികൾ
3. വീട്ടുജോലിക്കാർ
4. ചെറുകിട കച്ചവടങ്ങൾ
5. ഉദ്യോഗസ്ഥർ
6. ഇടത്തരം വീട്ടമ്മമാർ
7. വിദ്യാർത്ഥിനികൾ
8. സ്വയം തൊഴിൽചെയ്യുന്നവർ
9. പരമ്പരാഗത തൊഴിലാളികൾ
10. പൊതു പ്രവർത്തകർ

കാർഷിക ഭൂമിചുരുങ്ങി വരുന്ന സാഹചര്യത്തിൽ ഇന്നലെവരെ കാർഷികത്തൊഴിലിൽ ഏർപ്പെട്ടിരുന്ന നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് അവരുടെ ജീവിതമാർഗ്ഗം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇവർക്ക് പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കേണ്ടി യിരിക്കുന്നു.

ഇഷ്ടിക നിർമ്മാണവുമായും നമ്മുടെ നാട്ടിലെ സ്ത്രീകൾ ബന്ധപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ ചില മേഖലകളിൽ ഇഷ്ടികവ്യവസായം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെങ്കിലും ഇഷ്ടിക നിർമ്മാണം പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നുവെന്ന ആക്ഷേപത്തിനു മുൻപിൽ ഇവരുടെ ജീവിതമാർഗ്ഗത്തിൻമേലും അനിശ്ചിതത്വത്തിന്റെ കരിനിഴൽ വീണിരിക്കുകയാണ്. പാറമടയിൽ പണിയെക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം ജീവനുപോലും സുരക്ഷിതത്വ മില്ലാതിരിക്കുന്നു. എന്തൊക്കെയായാലും നിത്യവൃത്തിക്കു വേണ്ടി പണിയെടുക്കുന്ന നമ്മുടെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ജീവന് സുരക്ഷിതത്വം ലഭിക്കുന്നില്ല എന്നുമാത്രമല്ല ജോലി സ്ഥിരതയോ ചെയ്യുന്ന ജോലിക്ക് അർഹമായ വേതനമോ ലഭിക്കാത്ത അവസ്ഥയും ഉണ്ട്. ഇതിനൊക്കെ ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്തേ ണ്ടിയിരിക്കുന്നു.

## ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും ഇത് സ്ത്രീകളുടെ ഉന്നമനത്തിനും സാമൂഹ്യക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്നുവെന്നും ഉറപ്പു വരുത്തുക.
2. വനിത/പട്ടികജാതി വനിത സഹകരണ

സംഘങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കുക. ഇതിലൂടെ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ ആട്, കോഴി, പന്നി, കൂൺകൃഷി, പൂന്തോട്ടനിർമ്മാണം, പച്ചക്കറിത്തോട്ടം തുടങ്ങിയവയ്ക്ക് ആവശ്യമായ സമ്പത്തിക-സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

3. കുടിൽ വ്യവസായങ്ങളായ നെയ്ത്ത്, മെഴുകുതിരി, അച്ചാറ് നിർമ്മാണം, റെഡിമെയിഡ് വസ്ത്രനിർമ്മാണം തുടങ്ങിയവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം കുറഞ്ഞ പലിശ നിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുക.
4. ഒരു വീട്ടിൽ ഒരു സ്ത്രീയ്ക്കെങ്കിലും തൊഴിൽ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
5. വികലാംഗരായ വനിതകൾക്ക് അവരുടെ കായിക ക്ഷമതയ്ക്കനുസരണമായ തൊഴിൽ മേഖലകൾ ഉണ്ടാക്കിക്കൊടുക്കുക.
6. അടുക്കളത്തോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും ഇതിനാവശ്യമായ വിത്ത്, വളം, കീടനാശിനി, സാമ്പത്തികം എന്നിവ ലഭ്യമാക്കുകയും വിപണസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.
7. വിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
8. സ്ത്രീകൾ രക്ഷിതാക്കളായി വരുന്ന കുടുംബങ്ങൾക്ക് അവരുട വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ച് നൽകുന്നതിനു വേണ്ട സംവിധാനം ഏർപ്പെടുത്തുക.
9. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് ബോധവൽക്കരണമടക്കമുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.
10. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.

# സഹകരണമേഖല

ചരിത്രാതീതകാലം മുതൽക്കു തന്നെ മനുഷ്യനിൽ പരസ്പരം സഹകരിക്കാനുള്ള പ്രവണത ഉണ്ടായിരുന്നതായി കാണുന്നു. അപരിഷ്കൃത കാലഘട്ടത്തിൽ നിന്ന് പരിഷ്കാരത്തിന്റെ കാലഘട്ടത്തിലേയ്ക്ക് മനുഷ്യൻ പ്രയാണമാരംഭിച്ചപ്പോൾ ഇതിന് ആക്കം കൂടി. ഇതിൽ നിന്നാണ് സഹകരണ പ്രസ്ഥാനങ്ങൾ ഉടലെടുത്തത്.

വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് 1979-ന് മുൻപ് വിളപ്പിൽ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. അതു കൊണ്ടുതന്നെ ആദ്യകാലഘട്ടങ്ങളിൽ സഹകരണ പ്രസ്ഥാനം ഉടലെടുത്തപ്പോൾ വിളപ്പിൽ പഞ്ചായത്തിന്റെ വകയായിട്ടുമാത്രമേ രൂപം കൊള്ളാൻ കഴിഞ്ഞിട്ടുള്ളൂ. വിശാലമായ ഭൂപ്രകൃതിയും കൂടുതൽ ജനസംഖ്യയും ഉണ്ടായിരുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ ഒന്നായ വിളപ്പിൽ പഞ്ചായത്തിന്റെ അന്നത്തെ വിളവൂർക്കൽ വാർഡിന്റെയും, ഈഴക്കോട് വാർഡിന്റേയും ചില ഭാഗങ്ങൾ കൂടി പ്രവർത്തന പരിധി ആക്കികൊണ്ട് ഈ പ്രദേശവുമായി ബന്ധപ്പെട്ട് ആദ്യമായി രൂപം കൊണ്ട സഹകരണസ്ഥാപനം മലയിൻകീഴ് സർവ്വീസ് സഹകരണ ബാങ്കാണ്. അതിനു ശേഷം വിളപ്പിൽ സർവ്വീസ് സഹകരണബാങ്ക് രൂപം കൊണ്ടു. ഇപ്പോൾ വിളവൂർക്കൽ പഞ്ചായത്ത് പ്രവർത്തനപരിധിയായി വരുന്ന നിരവധി സഹകരണ സ്ഥാപനങ്ങൾ ഉണ്ട് അവ ചുവടെ ചേർക്കുന്നു.

1. മലയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 605.
2. വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്ക്. ക്ലിപ്തം നമ്പർ 2522
3. വിളവൂർക്കൽ ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ T.47
4. വിളവൂർക്കൽ ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ T.210 (D) APCOS
5. വെണ്മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 3221
6. വിഴവൂർ വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ T. 1025
7. പുതുവീട്ടുമേലെ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ T. 194 (D) APCOS
8. വിളപ്പിൽ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ 316

## മലയിൻകീഴ് സർവ്വീസ് സഹകരണ സംഘം

ഉദ്ദേശം 73 വർഷങ്ങൾക്കു മുൻപ് മലയിൻകീഴ് പഞ്ചായത്തു പഴയവിളപ്പിൽ പഞ്ചായത്തിന്റെ വിളവൂർക്കൽ, മലയം, പൊറ്റയിലെ ഒരു ഭാഗം എന്നിവ പ്രവർത്തന പരിധിയാക്കി രൂപീകരിച്ചതാണ് മലയിൻ കീഴ് സർവ്വീസ് സഹകരണ സംഘം. ആദ്യകാലത്ത് പ്രാഥമിക സർവ്വീസ് സഹകരണ സംഘമായി ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്ന് 9440 അംഗങ്ങളും 1 കോടി 55 ലക്ഷം അംഗീകൃത ഓഹരി മൂലധനവും 32,82,393 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഉണ്ട്. സ്ഥിരം നിക്ഷേപമായും ഹ്രസ്വകാല നിക്ഷേപമായും 3 കോടി യിൽ പരം രൂപ പൊതു ജനങ്ങളിൽ നിന്നും സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകളും ഹയർ പർച്ചേഴ്സ് വായ്പകളും സ്വർണ്ണ പണയ വായ്പകളും നൽകിവരുന്നുണ്ട്. കൃഷിക്കാവശ്യമായ വളം കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്ന കാര്യത്തിലും ഈ ബാങ്ക് മുൻപന്തിയിലാണ്. കൺസ്യൂമർ ബിസ്സിനസ്സ്, റേഷൻ വിതരണം എന്നിവയും ഏറ്റെടുത്തു നടത്തുന്നു. സ്വന്തമായി കെട്ടിടവും കല്യാണമണ്ഡപവും ഈ സ്ഥാപനത്തിനുണ്ട്. പ്രസിദ്ധമായ മലയിൻകീഴ് ചന്ത പ്രവർത്തിക്കുന്നത് ഈ ബാങ്കിന്റെ വക സ്ഥലത്താണ്. പഞ്ചായത്തിന്റെ പുരോഗമന പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഈ സ്ഥാപനം എപ്പോഴും സന്നദ്ധമായിട്ടുണ്ട്.

## വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്ക്

പഴയ വിളപ്പിൽ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും പ്രവർത്തനപരിധി ആക്കിക്കൊണ്ട് 1946-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. ആരംഭകാലത്ത് ഈ സഹകരണ സ്ഥാപനത്തിന്റെ പേര് വിളപ്പിൽ ഗ്രാമോദ്ധാരണ സഹകരണ സംഘം എന്നായിരുന്നു. റേഷൻ വ്യാപാരവുമായി ബന്ധപ്പെട്ട് മാത്രമായിരുന്നു ഇതിന്റെ പ്രവർത്തനം. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഈ സ്ഥാപനത്തിന് നാശം സംഭവിക്കുകയും ലിക്വിഡേഷന്റെ വക്കിൽ എത്തുകയും ചെയ്തു. എന്നാൽ ബഹുജനങ്ങളുടെ നിശ്ചയദാർഢ്യം ഈ സ്ഥാപനത്തെ നശിക്കാൻ അനുവദിച്ചില്ല. ആത്മാർത്ഥതയുള്ള ഒരുപിടി ആളുകൾ ഇതിന്റെ പ്രവർത്തനം ഏറ്റെടുക്കുകയും പുതു ജീവൻ നൽകുകയും ചെയ്തു. ഇന്ന് 14,177 അംഗങ്ങൾ ഈ സ്ഥാപനത്തിലുണ്ട്. അംഗീകൃത മൂലധനമായി 20 ലക്ഷം രൂപയും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനമായി 18.14 ലക്ഷം രൂപയും സ്ഥിരം, ഹ്രസ്വകാലം എന്നീ പദ്ധതി പ്രകാരം 245.46 ലക്ഷം രൂപ നിക്ഷേപവും സ്വരൂപിക്കാൻ സാധിച്ചിട്ടുണ്ട്. കാർഷിക വായ്പ, നബാഡ് വായ്പ, സ്വർണ്ണപണയ വായ്പ, മദ്ധ്യകാല-ദീർഘകാല വായ്പകൾ ഹയർ പർച്ചേഴ്സ് വായ്പ എന്നിവ വിതരണം നടത്തി വരുന്നു.

കൃഷിക്കാവശ്യമായ വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിൽപ്പനയും ഈ സംഘത്തിനുണ്ട്. 1946-ൽ ഒരു ഗ്രാമോദ്ധാരണ സഹകരണസംഘമായി പ്രവർത്തനമാരംഭിച്ച്, പ്രതികൂലമായ സാഹചര്യങ്ങളെ നേരിട്ട് ഒരു പ്രാഥമിക സഹകരണസംഘമായി വളർന്ന ഈ സ്ഥാപനം 1980തോടുകൂടിയാണ് സഹകരണ ബാങ്ക് ആയി തീർന്നത്. പേയാട്, വിദ്യാ പ്രബോധിനി ഗ്രാമീണ ഗ്രന്ഥശാലയുടെ ഒരു മുറിയിൽ ജനിച്ചു വീണ ഈ സഹകരണ സ്ഥാപനത്തിന് ഇന്ന് വ്യാപാര മേഖലയായ പേയാട് ജംഗ്ഷനിൽ 24 സെന്റ് സ്ഥലവും അതിൽ മനോഹരമായ ബാങ്കുമന്ദിരവും ഇതിന്റെ ശാഖ പ്രവർത്തിക്കുന്ന വിളപ്പിൽശാലയിൽ 23 സെന്റ് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ ഒരു ശാഖ ആരംഭിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഈ പഞ്ചായത്തിന്റെ ഹൃദയഭാഗമായ പെരുകാവിൽ 8 സെന്റ് സ്ഥലവും വാങ്ങിയിട്ടുണ്ട്. നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുക എന്ന യാന്ത്രിക പ്രവൃത്തികൾക്കു പുറമേ സ്കൂൾ കുട്ടികൾക്ക് നോട്ടുബുക്കുകൾ വാങ്ങികൊടുക്കുക, ഉച്ചക്കഞ്ഞിക്കുള്ള സാമ്പത്തിക സഹായം നല്കുക, നിർധനരായ രോഗികൾക്ക് ചികിത്സാസൗകര്യം നല്കുക, എന്നിവയും പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുക എന്നതും ഈ സ്ഥാപനത്തിന്റെ പ്രവർത്തന പ്രത്യേകതകളാണ്.

## വിളവൂർക്കൽ ഹൗസിംഗ് സഹകരണ സംഘം.

1980-ൽ വിളവൂർക്കൽ, വിളപ്പിൽ, കള്ളിക്കാട്, കാട്ടാക്കട, മറുകിൽ എന്നീ 5 പഞ്ചായത്തുകളിലെ ആളുകൾക്ക് വീടു നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയും പണവും വായ്പയായി നല്കുക, എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ചതാണ് വിളവൂർക്കൽ ഹൗസിംഗ് സഹകരണസംഘം. ഇതിന്റെ ആസ്ഥാനം വിളവൂർക്കൽ പഞ്ചായത്തിലെ 6-ാം വാർഡായ പെരുകാവിലെ ഏറവിള എന്ന സ്ഥലത്താണ്. ഈ സംഘത്തിന് 1980 അംഗങ്ങളും 21 ലക്ഷം രൂപാ അംഗീകൃത ഓഹരി മൂലധനവും 1,82000 രൂപാ പിരിഞ്ഞുകിട്ടിയ ഒഹരി മൂലധനമായി ഉണ്ട്. ഈ സംഘത്തിൽ നിന്നും നാളിതുവരെയായി 105

ആളുകൾക്ക് 35 ലക്ഷം രൂപാ വായ്പ നൽകിയുട്ടുള്ളതായി കാണാം. ഈ സംഘത്തിന്റെ പ്രവർത്തനം പലവക കാരണങ്ങൾകൊണ്ട് തൃപ്തികരമല്ല.

## ക്ഷീരവ്യവസായ സഹകരണ മേഖല

ഈ പഞ്ചായത്ത് പ്രവർത്തന പരിധിയാക്കിക്കൊണ്ട് വിവിധ പ്രദേശങ്ങളിലായി ഉദ്ദേശം 4 ഓളം ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കന്നുകാലിവളർത്തലുമായി ബന്ധപ്പെട്ടിട്ടുള്ള കർഷകർക്ക് അവർ ഉദ്പാദിപ്പിക്കുന്ന പാൽ സംഭരിക്കുകയും ന്യായമായ വില ലഭ്യമാക്കുന്നതിന് തീറ്റ, കൃതൃമ ബീജോൽപ്പാദനം എന്നിവ നൽകുന്നതിനും ഉദ്ദേശിച്ചാണ് ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ആരംഭിച്ചിട്ടുള്ളത്. ആദ്യകാലങ്ങളിൽ ക്ഷീരവ്യവസായ സഹകരണസംഘങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ ഈ മേഖലയുമായി ബന്ധമുള്ള, താൽപര്യമുള്ള ഏതൊരാളിനും അംഗമായി ചേരാവുന്നതാണ്. വെൺമാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘവും, വിളപ്പിൽ ക്ഷീരവ്യവസായ സഹകരണസംഘവും ഇത്തരം സംഘങ്ങളാണ്. കാലക്രമേണ ക്ഷീരോൽപാദനവുമായി ബന്ധപ്പെട്ടവർക്കുമാത്രമേ ഇത്തരം സംഘങ്ങളിൽ അംഗങ്ങളാകാൻ പാടുള്ളു എന്ന നിയമം പ്രാബല്യത്തിൽ വന്നു. കന്നുകാലികളെ വളർത്തുന്നവർക്കും, കറവക്കാർക്കും മാത്രമേ ഇത്തരം സംഘങ്ങളിൽ അംഗങ്ങളാകാൻ പാടുള്ളു. ഇപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ഈ മേഖലയിലെ സംഘങ്ങളാണ് വിളവൂർക്കൽ ക്ഷീരോൽപാദക സഹകരണസംഘവും, പുതുവീട്ടുമേലെ ക്ഷീരോൽപാദക സംഘവും.

## വനിതാ സഹകരണസംഘം

വനിതകളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി രൂപീകരിച്ച് ഈ പഞ്ചായത്തിന്റെ രണ്ടാം വാർഡായ വിഴവൂരിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണ് വിഴവൂർ വനിതാ സഹകരണസംഘം. ഈ സംഘത്തിൽ 396 അംഗങ്ങളാണുള്ളത്. സാധാരണ വായ്പകളും ദിവസപ്പിരിവ് വായ്പകളും നല്കി വരുന്നു. ഈ സംഘം ഇപ്പോൾ ബാലാരിഷ്ഠതയിലാണ്.

ഈ പഞ്ചായത്തിന് സ്വന്തമായ ഒരു പ്രാഥമിക സഹകരണസംഘം ക്രഡിറ്റ് മേഖലയിൽ ഉണ്ടാകണം എന്നുള്ളതാണ് ജനകീയാസൂത്രണ ഗ്രാമസഭകളിൽ പൊതുവേ ഉയർന്നുകേട്ട ആവശ്യം.

കൂടുതൽ വനിതാ സഹകരണസംഘങ്ങളും ക്ഷീരോൽപാദക സഹകരണസംഘങ്ങളും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക വിളകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്യോശ്യത്തോടുകുടി അവ വിറ്റഴിക്കുന്നതിനുള്ള സൗകര്യത്തിനും വേണ്ടി പഞ്ചായത്തിന്റെ ഏതെങ്കിലും കേന്ദ്രങ്ങളിൽ മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

കൂടുതൽ സഹകരണസ്ഥാപനങ്ങൾ ഉണ്ടാകുന്നതോടുകൂടി അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭിക്കുകയും ജനങ്ങളുടെയിടയിൽ പരസ്പര വിശ്വാസവും സഹകരണവും ഊട്ടിയുറപ്പിക്കാനും സാധാരണക്കാരുടെയിടയിൽ സമ്പാദ്യശീലം വളർത്താനും അതിലൂടെ പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ അവരെ പങ്കാളികളാക്കാനും സാധിക്കും.

# വിഭവസമാഹരണം

അനാദികാലം മുതൽക്കുതന്നെ ലോകചരിത്രത്തിൽ മാറ്റത്തിന്റെ മാറ്റൊലികൾക്ക് അടിവരയിട്ടിരുന്ന ഏറ്റവും വലിയ വിഭവമാണ് മാനുഷികവിഭവം. മാറ്റം പ്രകൃതിയുടെ നിയമം എന്നപോലെ മാറ്റത്തിന്റെ അടിസ്ഥാനം മാനവനാകുന്നു. പുതിയ പുതിയ ജീവിതമാനങ്ങൾ തേടുവാനുള്ള മാനുഷിക ത്വര എന്നും വിപ്ലവകരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കാനനത്തിൽ നിന്നും കൈരളിയിലേക്കുള്ള അവന്റെ അന്വേഷണം അടങ്ങാത്ത മനുഷ്യതൃഷ്ണയുടെ ദൃഷ്ടാന്തമാണ്. ലോകരാഷ്ട്രത്തിന്റെ ചരിത്രതാളുകൾ പിന്നിലേക്ക് മറിക്കുമ്പോൾ ആഴങ്ങളിൽ നിന്നും മുത്തുകൾ തേടുന്ന മനുഷ്യമനസ്സിന്റെ മകുടോദാഹരണങ്ങൾ നമുക്ക് ദർശിക്കാം. കല്ലേപിളർക്കുന്ന കല്പനകളുടെ യുഗത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ പാരമ്യതയിൽ എത്തി നിൽക്കുന്ന നവീന യുഗത്തിലേക്ക് കടന്നുകയറി വിഹരിക്കുന്ന മനുഷ്യന് ഇന്നും അത്യന്താപേക്ഷിതമായ അടിസ്ഥാനഘടകം മാനുഷിക സഹകരണത്തിന്റെ നിസ്വാർത്ഥ സേവനമാണ്. നഗരജീർണ്ണതകളിൽ നിന്നും തെന്നിമാറി ഗ്രാമത്തിന്റെ തനതു സൗന്ദര്യം ഉൾക്കൊണ്ടുകൊണ്ട് പരിലസിക്കുന്ന തിരുവനന്തപുരം നഗരസഭയോട് തൊട്ടുരുമ്മിക്കിടക്കുന്ന പഞ്ചായത്തായ വിളവൂർക്കൽ പഞ്ചായത്തിന്റെ വിഭവ സമാഹരണസാദ്ധ്യതകൾ നമുക്ക് പരിശോധിക്കാം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മാനുഷിക വിഭവം ഒഴിച്ചു

നിർത്തിക്കൊണ്ടുള്ള ഒരു പ്രവർത്തനവും ഒരിക്കലും പ്രായോഗികമല്ല. ചെറുകിട കർഷകർക്കും കൂലിപ്പണിക്കാർക്കും ഭൂരിപക്ഷമുള്ള ഈ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമവാസികളുടെ കായികമായുള്ള ശ്രമദാനം പൂർണ്ണമായും ഉറപ്പാക്കാവുന്നതാണ്. എന്നാൽ സാമ്പത്തിക വിഭവസമാഹരണം മിക്കവാറും സാദ്ധ്യമല്ലതന്നെ. എങ്കിലും ന്യൂനപക്ഷമായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വ്യാപാരിവ്യവസായികളിൽ നിന്നും ഭൂഉടമകളിൽ നിന്നും എണ്ണത്തിൽ കുറവാണെങ്കിലും ഗൾഫുനാടുകളിൽ പണിയെടുക്കുന്ന ഗ്രാമവാസികളിൽ നിന്നും സാമ്പത്തിക വിഭവം സമാഹരിക്കാൻ ശ്രമിക്കാവുന്നതാണ്.

പ്രകൃതി കനിഞ്ഞുനൽകിയിരിക്കുന്ന ജീവന്റെ അടിസ്ഥാനഘടകമായ ജലം മോശമല്ലാത്ത രീതിയിൽ ലഭിച്ചുവരുന്ന ഒരു പഞ്ചായത്താണ് ഇത്. പക്ഷെ പദ്ധതി ആസൂത്രണത്തിന്റെ പാകപ്പിഴവുമൂലം ലഭ്യമായ നമ്മുടെ ജലസമ്പത്ത് പരമാവധി പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ജൈവവളം വേണ്ടത്ര ഉള്ള മണ്ണ് നമ്മുടെ പഞ്ചായത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വിഭവമാണ്. പക്ഷെ കാർഷികരംഗത്ത് ഈ വിഭവത്തെ പൂർണ്ണമായും ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വിശാലവും സമൃദ്ധവുമായ പാടശേഖരം ഒരിക്കൽ ഈ പഞ്ചായത്തിന്റെ പ്രത്യേകതയായിരുന്നു. ഇഷ്ടിക നിർമ്മാണവും മറ്റു ദീർഘവിളകളും ഈ പാടശേഖരത്തെ കൈയ്യേറിക്കൊണ്ടിരിക്കുന്നു. ജനകീയ ശക്തിയുടെ പ്രതികരണം ഇതിനെതിരെ രൂപം കൊള്ളേണ്ടിയിരിക്കുന്നു.

സാങ്കേതികത്തികവുള്ള പരമ്പരാഗത തൊഴിലാളികൾ ഈ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട മറ്റൊരു വിഭവമാണ്. ഇവരുടെ കഴിവിനെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ വിഭവത്തെ പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

വർദ്ധമാനമായ തോതിലല്ലെങ്കിലും ലഭ്യമാകുന്ന കാർഷികവിഭവങ്ങളും ഉണ്ട്. റബ്ബർ, തേങ്ങ, മരിച്ചീനി, വാഴക്കുല, പാൽ, മുട്ട തുടങ്ങിയവ സംസ്ക്കരിക്കുന്നതിനൊ വിപണനം നടത്തുന്നതിനോ കേന്ദ്രീകൃത സൗകര്യങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം അപര്യാപ്തമാണ്. സഹകരണാടിസ്ഥാനത്തിലോ, പഞ്ചായത്തു തലത്തിലൊ ഇതിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ തനതായ വരുമാന മാർഗ്ഗങ്ങൾ പരിശോധിച്ചാൽ ദൈനംദിനം പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളത്തിനും തികയാത്ത അവസ്ഥയാണ് ഉള്ളത്. കെട്ടിട നികുതി, തൊഴിൽക്കരം, ലൈസൻസ്ഫീസ്, വിനോദ നികുതി തുടങ്ങിയവയാണ് പഞ്ചായത്തിന്റെ തനതായ വരുമാന മാർഗ്ഗം. ഉദ്ദേശം മൂന്നു ലക്ഷത്തോളം രൂപാ മാത്രമാണ് ഈ ഇനങ്ങളിൽ നിന്നും ഒരു വർഷത്തേക്ക് പഞ്ചായത്തിന് ലഭിക്കുന്നത്. സർക്കാർകാലാകാലങ്ങളിൽ നല്കുന്ന ധനസഹായം കൊണ്ടും വായ്പകൾ കൊണ്ടും മാത്രമാണ് ഈ പഞ്ചായത്ത് നിലനിൽക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ വരുമാനത്തെക്കാൾ കൂടുതൽ ചിലവു ചെയ്യേണ്ടിവരുന്ന ഒരു പഞ്ചായത്തും കൂടിയാണ് ഇത്. അതുകൊണ്ടുതന്നെ ജനങ്ങളുടെ ആഗ്രഹങ്ങൾക്കൊത്ത് വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഏറ്റെടുക്കുന്നവ പൂർത്തിയാക്കാനും പലപ്പോഴും കഴിയാറില്ല. ജനകീയ പങ്കാളിത്തവും കായികയും സാമ്പത്തികവുമായ സഹായവും ഉണ്ടെങ്കിൽ ഒരുപരിധിവരെ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണം നടത്താൻ സാധിക്കും. മാത്രമല്ല, പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ പുതിയ സങ്കേതങ്ങളും കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ വികസന രൂപരേഖ പൂർണ്ണമാണെന്ന് ഞങ്ങളവകാശപ്പെടുന്നില്ല. പരിമിതമായ സമയത്തിനുള്ളിൽ നിന്നുകൊണ്ട് കിട്ടാവുന്നത്രയും വിവരങ്ങൾ ശേഖരിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഈ വികസന രൂപരേഖ തയ്യാറാക്കുവാനാവശ്യമായ വിവരങ്ങൾ തന്ന് സഹായിച്ച എല്ലാ രാഷ്ട്രീയ, സാംസ്കാരിക-സാമൂഹ്യനായകൻമാർക്കും, മുൻതലമുറക്കാരായ കാരണവൻമാർക്കും വിവിധ ഡിപ്പാർട്ടുമെന്റുകൾക്കും അതിന്റെ മേലധികാരികൾക്കും L.R.P.മാർക്കും മറ്റിതര പ്രവർത്തകർക്കുമുള്ള നന്ദിയും കടപ്പാടും ഞങ്ങൾ ഈ അവസരത്തിൽ അറിയിക്കുന്നു. എന്തെങ്കിലും വിവരങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ രൂപരേഖയുടെ നിർമ്മാണം വികസന പ്രവർത്തനങ്ങളുടെ തുടക്കം മാത്രമാണ്. ഇനിയുള്ള വികസന പ്രവർത്തനങ്ങൾ എല്ലാ തുറയിലുമുള്ള ജനങ്ങളുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് നിർത്തട്ടെ.

ജനകീയാസൂത്രണസമിതി

വിളവൂർക്കൽ പഞ്ചായത്ത്

## പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ (1996-97)

## പഞ്ചായത്തിന്റെ ഒരു വർഷത്തെ ചിലവ്

| ക്രമ നം: | ഇനം | തുക രൂപ | പൈ | | ക്രമ നം: | ഇനം | തുക രൂപ | പൈ |
|---|---|---|---|---|---|---|---|---|
| 1. | കെട്ടിടനികുതി | 158020 | 00 | | 1. | അലവൻസ് കമ്മിറ്റി | 150000 | 00 |
| 2. | തൊഴിൽ നികുതി | 47250 | 00 | | 2. | ശമ്പളം(ജീവനക്കാർ) | 750000 | 00 |
| 3. | ഡി&ഒ. ലൈസൻസ് | 7500 | 00 | | 3. | കറന്റ് | 75000 | 00 |
| 4. | പി.എഫ്.എ. | 840 | 00 | | 4. | ടെലിഫോൺ | 12000 | 00 |
| 5. | കുത്തകപാട്ടം | 5000 | 00 | | 5. | തപാൽ | 10000 | 00 |
| 6. | വിനോദനികുതി | 10000 | 00 | | 6. | നിയമസംബന്ധമായത് | 10000 | 00 |
| 7. | അധികവിനോദനികുതി | 6000 | 00 | | 7. | തെരഞ്ഞെടുപ്പ് | 10000 | 00 |
| 8. | കാഴ്ചനികുതി | 1000 | 00 | | 8. | അച്ചടി | 25000 | 00 |
| 9. | സർചാർജ് | 250 | 00 | | 9. | വള്ളം വാടക | 3000 | 00 |
| 10. | കെട്ടിട ലൈസൻസ് | 20000 | 00 | | 10. | കേരളോത്സവം | 10000 | 00 |
| 11. | ലേലം | 1000 | 00 | | 11. | സ്കൂൾ അവാർഡ് യൂണിഫോം | 15000 | 00 |
| 12. | ചന്ത | 3000 | 00 | | | | | |
| 13. | ഫാറവില | 500 | 00 | | | | | |
| 14. | ലൈബ്രറി സെസ്സ് | 7901 | 00 | | | | | |
| 15. | എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 141467 | 00 | | | | | |
| 16. | വി.റ്റി.സി | 486815 | 00 | | | | | |
| 17. | എംപ്ലോയ്മെന്റ് പ്രോഗ്രാം | 200000 | 00 | | | | | |
| 18. | ഡ്യൂട്ടി 75% | 102507 | 00 | | | | | |
| 19. | വി.ആർ. എം ഗ്രാന്റ് | 56065 | 00 | | | | | |
| 20. | മൈനർ ഇറിഗേഷൻ | 7880 | 00 | | | | | |
| 21. | ഉപാധിരഹിതഫണ്ട് | 1017000 | 00 | | | | | |
| | ആകെ | 22,79,995 | 00 | | | ആകെ | 10,70,000 | 00 |

N:B: പഞ്ചായത്തിന്റെ തനതു വരുമാനമായി 3ലക്ഷം രൂപ ലഭിക്കുമ്പോൾ ഇത്രയും തുക ചിലവാക്കേണ്ടിവരുന്നു.

**ഗ്രാമസഭകളിൽ നിന്നുരിത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളുടെ മുൻഗണനാക്രമം ഗ്രാമസഭകളിൽ വച്ചു തന്നെ നിർദ്ദേശിക്കുകയുണ്ടായി. നിർദ്ദേശിക്കപ്പെട്ട മുൻഗണനാക്രമം വാർഡടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.**

## വാർഡ്-1

1. കുടിവെള്ളം, ആരോഗ്യം, പരിസര ശുചിത്വം
2. ഗതാഗതവും, ഊർജ്ജവും
3. കൃഷി, ജലസേചനം
4. ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം
5. വ്യവസായം
6. സംസ്കാരം
7. വിദ്യാഭ്യാസം
8. സഹകരണം
9. മൃഗസംരക്ഷണം
10. ഹരിജനക്ഷേമം
11. വനിത
12. വിഭവ സമാഹരണം

## വാർഡ് 2

1. കൃഷി, ജലസേചനം
2. ഗതാഗതവും ഊർജ്ജവും
3. ഭവന നിർമ്മാണം, സമൂഹ്യക്ഷേമം
4. വ്യവസായം
5. വിദ്യാഭ്യാസം
6. മൃഗസംരക്ഷണം, മത്സ്യബന്ധനം
7. പട്ടികജാതി - പട്ടികവർഗ്ഗം
8. വനിത
9. സംസ്കാരം
10. ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം
11. സഹകരണം
12. വിഭവസമാഹരണം

## വാർഡ് 3

1. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
2. ഗതാഗതം, ഊർജ്ജം
3. ഭവന നിർമ്മാണം, ക്ഷേമ പ്രവർത്തനങ്ങൾ
4. കൃഷി, ജലസേചനം
5. വ്യവസായം
6. വനിത
7. വിദ്യാഭ്യാസം
8. സംസ്കാരം
9. സഹകരണം
10. പട്ടികജാതി - പട്ടികവർഗ്ഗം
11. മൃഗപരിപാലനം, മത്സ്യബന്ധനം
12. വിഭവസമാഹരണം.

## വാർഡ് 4

1. ഗതാഗതം, ഊർജ്ജം
2. സംസ്കാരം
3. കൃഷി, ജലസേചനം
4. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനം
5. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
6. വ്യവസായം
7. മൃഗപരിപാലനം, മത്സ്യബന്ധനം
8. വിദ്യാഭ്യാസം
9. സഹകരണം
10. വനിത
11. പട്ടികജാതി - പട്ടികവർഗ്ഗം
12. വിഭവ സമാഹരണം

## വാർഡ് 5

1. ഗതാഗതം, ഊർജ്ജം
2. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
3. വിദ്യാഭ്യാസം
4. വനിത
5. കൃഷി, ജലസേചനം
6. വ്യവസായം
7. ഭവന നിർമ്മാണം, സമൂഹ്യക്ഷേമം
8. മൃഗസംരക്ഷണം, മത്സ്യബന്ധനം
9. സഹകരണമേഖല
10. വിഭവ സമാഹരണം,
11. പട്ടികജാതി - പട്ടികവർഗ്ഗം
12. സംസ്കാരം

## വാർഡ് 6

1. ഗതാഗതം, ഊർജ്ജം
2. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
3. വ്യവസായം
4. വിദ്യാഭ്യാസം
5. സഹകരണമേഖല
6. സംസ്കാരം
7. ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം
8. കൃഷി, ജലസേചനം
9. വനിത
10. മൃഗസംരക്ഷണം, മത്സ്യബന്ധനം
11. പട്ടികജാതി - പട്ടികവർഗ്ഗം
12. വിഭവസമാഹരണം

## വാർഡ് 7

1. ഗതാഗതം, ഊർജ്ജം
2. കൃഷി, ജലസേചനം
3. വിദ്യാഭ്യാസം
4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
5. വ്യവസായം
6. സഹകരണം
7. വനിത
8. സംസ്കാരം
9. പട്ടികജാതി - പട്ടികവർഗ്ഗം
10. മൃഗസംരക്ഷണം, മത്സ്യബന്ധനം
11. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
12. വിഭവ സമാഹരണം

## വാർഡ് 8

1. ഗതാഗതം, ഊർജ്ജം
2. വ്യവസായം
3. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
4. വിദ്യാഭ്യാസം
5. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
6. കൃഷി, ജലസേചനം
7. വനിത
8. മൃഗസംരക്ഷണം, മത്സ്യബന്ധനം
9. പട്ടികജാതി - പട്ടികവർഗ്ഗം
10. സംസ്കാരം
11. സഹകരണമേഖല
12. വിഭവ സമാഹരണം

## വാർഡ് 9

1. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
2. പട്ടികജാതി - പട്ടികവർഗ്ഗം
3. കൃഷി, ജലസേചനം
4. ഗതാഗതം, ഊർജ്ജം
5. വിദ്യാഭ്യാസം
6. വ്യവസായം
7. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
8. സഹകരണം
9. വനിത
10. സംസ്കാരം
11. മൃഗസംരക്ഷണം, മത്സ്യബന്ധനം
12. വിഭവ സമാഹരണം

## വാർഡ് 10

1. ഗതാഗതം, ഊർജ്ജം
2. കൃഷി, ജലസേചനം
3. വ്യവസായം
4. സംസ്കാരം
5. ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
6. വിദ്യാഭ്യാസം
7. മൃഗസംരക്ഷണം, മത്സ്യബന്ധനം
8. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
9. വനിത
10. സഹകരണം
11. ആരോഗ്യം, കുടിവെള്ളം
12. വിഭവ സഹകരണം

## വിളവൂർക്കൽ പഞ്ചായത്താഫീസ് — നിലവിലുള്ള ജീവനക്കാർ

1. ശൈലജാദേവി കെ. — (സെക്രട്ടറി)
2. കെ. കൃഷ്ണൻകുട്ടി — ഹെഡ്ക്ലാർക്ക്
3. വിക്ടർ രാജ് ഡി. — UDC
4. ശ്രീകല എം. ബി. — UDC
5. അഗസ്ററിൻ ജെ. — LDC
6. യശോധരൻ കെ. — LDC
7. ഇന്ദിര റ്റി. — പ്യൂൺ
8. സരസു സി. — പ്യൂൺ
9. തങ്കപ്പൻ — പാർടൈം ഫെറിമാൻ
10. വിജയൻ — പാർടൈം സ്വീപ്പർ

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി




# ജനകീയാസൂത്രണം
# വിളവൂർക്കൽ
# ഗ്രാമപഞ്ചായത്ത്
# വികസന രേഖ



“ഒരുപിടി ആളുകൾക്ക് അധികാരം കൈയാളാൻ അവസരം ലഭിക്കുമ്പോഴല്ല, മറിച്ച് ആ അധികാരം തെററായി ഉപയോഗിക്കുന്നതിനെ നേരിടാൻ ജനങ്ങൾ ശക്തിസംഭരിക്കുമ്പോഴാണ് യഥാർത്ഥ സ്വരാജ്യം കരഗതമാകുന്നത്”

മഹാത്മാഗാന്ധി

# ആമുഖം

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കലിന്റെ 30-40 ശതമാനം തുക പഞ്ചായത്ത് സമിതികൾ നിശ്ചയിക്കുന്ന പദ്ധതികൾക്കു വേണ്ടി വിനിയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇന്ത്യ സ്വാതന്ത്ര്യമായ കാലഘട്ടം മുതൽ അധികാര വികേന്ദ്രീകരണത്തെപ്പററിയും മഹാത്മാഗാന്ധി വിഭാവന ചെയ്ത ഗ്രാമസ്വരാജിനെപ്പററിയും ആസൂത്രണം താഴെ തട്ടിൽ നിന്നും ആരംഭിക്കണമെന്നും ഉള്ള ചർച്ച വിവിധ തലങ്ങളിൽ നടന്നുവന്നിരുന്നുവെങ്കിലും പൂർണ്ണമായി യാഥാർത്ഥ്യമാകുന്നത് ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടത്തിലാണ്. 73-74ഉം ഭരണഘടന ഭേദഗതിപ്രകാരം 1996 ഒക്ടോബർ 2-ാം തീയതി അധികാരത്തിൽ വന്ന പഞ്ചായത്ത് സമിതികൾക്കും ജനങ്ങളുടെആവശ്യത്തിന്അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനോ നടപ്പിലാക്കുന്നതിനോ ഉള്ള സാമ്പത്തിക ശേഷിയോ മററ് അധികാരങ്ങളോ പൂർണ്ണമായി കൈമാറികിട്ടിയിട്ടില്ല.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പുഷ്ഠിപ്പെടുത്തുന്നതിനും കേരള സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് അഭിനന്ദനീയമാണ്. കേരളത്തിലെ ഗ്രാമ പ്രദേശങ്ങളുടെ മുഖഛായമാററുന്ന പ്രവർത്തികളിൽ നമുക്ക് പങ്കാളികൾ ആകാം. നമ്മുടെ പ്രദേശത്തിന്റെ വിവിധ മേഖലകളിലെ ഉല്പാദന വർദ്ധനവിലും ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ഒരു സംരംഭവുമായി ഈ ജനകീയാസൂത്രണ പദ്ധതി വളരട്ടെ. സമ്പൂർണ്ണ സാക്ഷരത പദ്ധതിയ്ക്കുശേഷം സമസ്തജനവിഭാഗങ്ങളേയും കൂട്ടിയോജിപ്പിച്ച് ഇതുപോലൊരു വികസന പ്രവർത്തനത്തിന് രൂപം നൽകുന്ന ഈ പ്രസ്ഥാനം ഇന്ത്യയ്ക്ക് മാതൃകയാണ്.

ജനങ്ങൾ ഉത്തരവാദിത്വത്തോടുകൂടി അവരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും അതിൽ പങ്കാളികളാകുന്നതിന്റെയും തുടക്കമാണ് ഈ മഹൽപ്രസ്ഥാനം. വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേക്കുവേണ്ടിയുള്ള ആദ്യചുവടു വയ്പാണ് ഈ പുതിയ സംരംഭം.

വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾ 1996 സെപ്ററംബർ മാസം 17-ാം തീയതി ഒന്നാംഘട്ടപഞ്ചായത്ത് പരിശീലന ശില്പശാലയോടു കൂടി ആരംഭിച്ചു. ഈ ഗ്രാമപഞ്ചായത്തിലെ 10 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ സെപ്ററംബർ 21-ാം തീയതി മുതൽ ഒക്ടോബർ 13 വരെ അതത് വാർഡുകളിൽ വച്ചുനടത്തി. രണ്ടാംഘട്ട ശില്പശാല നവംബർ 22ന് നടന്നു. ഗ്രാമസഭകളിൽ സജീവ ജനപങ്കാളിത്തവും ഓരോ വാർഡിന്റെയും പരിതസ്ഥിതിക്കനുസരിച്ച് പല വികസന ആവശ്യങ്ങളും ഉയർന്നു വരികയുണ്ടായി. വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ ക്രോഡീകരിച്ച് വിഭവ ശേഷിയുടെ അടിസ്ഥാനത്തിൽ മുൻഗണനപ്രകാരം അംഗീകരിച്ചിട്ടുള്ള വികസന റിപ്പോർട്ട് ഈ സെമിനാറിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

# സമർപ്പണം

ഗ്രാമസഭകളിൽ ഉയർന്നുകേട്ട ജനകീയാവശ്യങ്ങളും ലഭ്യമായ സ്ഥിതിവിവര കണക്കുകളും വച്ചുകൊണ്ട്

വിളവൂർക്കൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് എല്ലാ അർത്ഥത്തിലും

നാളിതുവരെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച മഹാരഥൻമാരെആദരപൂർവ്വംസ്മരിച്ചുകൊണ്ട്

വികസനത്തിനായി അവർ കാട്ടിത്തന്ന പാതയിൽ ഒമ്പതാം പദ്ധതി ഒരു ജനകീയ പദ്ധതി ആക്കികൊണ്ട് വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ വേണ്ടി യത്നിക്കുന്ന മുഴുവൻ ജനങ്ങൾക്കുമായി ഈ വികസന റിപ്പോർട്ട്.

സവിനയം സമർപ്പിക്കട്ടെ.

സ്നേഹാദരപൂർവ്വം

മലയം ഗോപൻ
പ്രസിഡന്റ്

# മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



പൊന്നയ്യൻ നാടാർ 1979—'80



കൃഷ്ണൻ നായർ
1980—'86



C. S. ശ്രീനിവാസൻ
1987—'95

# വിളവൂർക്കൽ പഞ്ചായത്ത് ഭരണസമിതി-1995-2000



മലയം ഗോപൻ
പ്രസിഡൻറ്



R. കുമാരൻ
വൈസ് പ്രസിഡൻറ്



സജിനകുമാർ
സ്റ്റാൻറിംഗ് കമ്മിററി
ചെയർമാൻ



ചന്ദ്രികാ ചന്ദ്രസേനൻ
മെമ്പർ
വാർഡ്-1



കവിത
മെമ്പർ
വാർഡ്-4



വാസുദേവൻ
മെമ്പർ
വാർഡ്-5



സുഭാഷിണിയമ്മ
മെമ്പർ
വാർഡ്-6



വിജയകുമാർ
മെമ്പർ
വാർഡ്-7



സതീഷ്കുമാർ
മെമ്പർ
വാർഡ്-8



ഷീലാ പ്രസാദ്
മെമ്പർ
വാർഡ്-10



ശൈലജാ ദേവി
സെക്രട്ടറി

# ത്രിതല പഞ്ചായത്ത് സാരഥികൾ



V. K. മണികണ്ഠൻനായർ
ജില്ലാ പഞ്ചായത്ത് മെമ്പർ



പേയാട് ശശി
ബ്ലോക്ക് മെമ്പർ



മൂങ്ങോട് രാജൻ
ബ്ലോക്ക് മെമ്പർ

# ജനകീയാസൂത്രണസമിതി വിളവൂർക്കൽ പഞ്ചായത്ത്



T. R. വിജയരാജ്
കൺവീനർ
ജനകീയാസൂത്രണ സമിതി
വിളവൂർക്കൽ പഞ്ചായത്ത്



അശോകൻ
D.R.P.



പ്രദീപ് കുമാർ
D.R.P.



പ്രേമചന്ദ്രൻ
D.R P.



ജോയ്മോൻ
D.R P.

# പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | വിളവൂർക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് മണ്ഡലം | : | 1. വിളവൂർക്കൽ<br>2. പേയാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | നേമം |
| ജില്ലാപഞ്ചായത്ത് മണ്ഡലം | : | മലയിൻകീഴ് |
| അസംബ്ളി മണ്ഡലം | : | നേമം |
| പാർലമെന്റ് മണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | നെയ്യാററിൻകര |
| ജില്ല | : | തിരുവനന്തപുരം |
| പോലീസ് സ്റ്റേഷൻ | : | മലയിൻകീഴ് |
| പോസ്റ്റ് ഓഫീസ് | : | 1. പേയാട്<br>ബ്രാഞ്ച് : പെരുകാവ്<br>2. മലയിൻകീഴ്<br>ബ്രാഞ്ച് : മലയം |
| ഇലക്ട്രിക്കൽ സെക്ഷൻ | : | 1. പേയാട്<br>2. നേമം |
| ഇലക്ട്രിക്കൽ ഓവർസീയർ ആഫീസ് | : | പൊററയിൽ |
| പ്രൈമറി ഹെൽത്ത് സെന്റർ | : | പൊററയിൽ |
| മൃഗാശുപത്രി | : | വിഴവൂർ |
| കൃഷിഭവൻ | : | വിളവൂർക്കൽ |
| പഞ്ചായത്ത് ഓഫീസ് | : | പൊററയിൽ |
| വിസ്തീർണ്ണം | : | 12.5 ചതുരശ്രകിലോമീററർ |
| ജനസംഖ്യ | : | 22748 (1991) |
| വാർഡുകളുടെ എണ്ണം | : | 10 |
| അതിർത്തി | : | കിഴക്ക്- മലയിൻകീഴ് പഞ്ചായത്ത്<br>തെക്ക്- പള്ളിച്ചൽ പഞ്ചായത്ത് (മൂക്കുന്നിമല)<br>പടിഞ്ഞാറ്- കരമനയാറ്<br>വടക്ക്- തിരുവനന്തപുരം - നെയ്യാർ ഡാം റോഡ് (വിളപ്പിൽ മലയിൻകീഴ് പഞ്ചായത്തുകൾ) |
| പ്രസിഡന്റ് | : | ശ്രീ. മലയം ഗോപൻ |
| വൈസ് പ്രസിഡന്റ് | : | ശ്രീ. ആർ. കുമാരൻ |
| സ്റ്റാന്റിംഗ് കമ്മിററി ചെയർമാൻ | : | ശ്രീ. ജി. സജീനകുമാർ |

31.5 ച: കി: മീററർ ചുററളവും 22748 ജനസംഖ്യയും ഉണ്ടായിരുന്ന വിളപ്പിൽ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശമായിരുന്നു ഇന്നത്തെ വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്. ഒന്നായിരുന്ന വിളപ്പിൽ പഞ്ചായത്തിൽ അന്ന് പതിനൊന്ന് വാർഡുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ജനസംഖ്യാനുപാതിക ക്രമത്തിൽ ജനപ്രതിനിധികളെ തെരഞ്ഞെടുക്കാനോ, ജനങ്ങളുടെ ആവശ്യങ്ങൾ യഥാവസരം നിറവേററാനോ ഭരണ പരമായ സൗകര്യമോ, ഈ പ്രദേശത്തുള്ളവർക്ക് അന്ന് ലഭ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ വിളപ്പിൽ പഞ്ചായത്തിനെ വിഭജിച്ച് രണ്ടു പഞ്ചായത്തുകൾ ആക്കണമെന്ന ആവശ്യം ഉയർന്നുവന്നു. ഈ ആവശ്യം 1979-ൽ ഫലപ്രാപ്തിയിലെത്തുകയും വിളവൂർക്കൽ പഞ്ചായത്ത് എന്ന പേരിൽ ഈ പഞ്ചായത്ത് നിലവിൽ വരുകയും ചെയ്തു. വിളപ്പിൽ പഞ്ചായത്തിന്റെ ഭാഗമായിരുന്ന കളത്തിൽ തെക്ക്, കളത്തിൽ വടക്ക്, വിളവൂർക്കൽ, ഈഴക്കോട്, കുരിശുമുട്ടം തെക്ക് എന്നീ വാർഡുകൾ ഉൾപ്പെടുത്തികൊണ്ടാണ് വിളവൂർക്കൽ പഞ്ചായത്ത് രൂപീകൃതമായത്. അന്നത്തെ വിളപ്പിൽ പഞ്ചായത്ത് പ്രസിഡൻറും കളത്തിൽ തെക്ക് വാർഡിലെ മെമ്പറുമായിരുന്ന ശ്രീ. കെ. പൊന്നയ്യൻ നാടാർ, കളത്തിൽ വടക്ക് വാർഡിലെ മെമ്പർ ശ്രീ. കെ. പി. ഭാസ്കരപിള്ള, വിളവൂർക്കൽ വാർഡു മെമ്പർ ശ്രീ. വേലായുധൻ നായർ, ഈഴക്കോട് വാർഡ് മെമ്പർ ശ്രീ. എസ്. ദാമോദരൻ നാടാർ കുരിശുമുട്ടം തെക്ക് വാർഡിലെ മെമ്പർ ശ്രീ. എസ്. തങ്കപ്പൻ നായർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ സാംസ്കാരിക നായകന്മാർ, വിവിധ സംഘടനാ പ്രതിനിധികൾ ബഹുജനങ്ങൾ ഇവരൊക്കെ ഈ പഞ്ചായത്ത് രൂപീകരണത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

30-3-1979-ലെ G. O. M. S. 52/79 / L. A. & S. W. D. ഗവൺമെൻറു ഉത്തരവനുസരിച്ച് രൂപീകൃതമായ വിളവൂർക്കൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്യപ്രതിജ്ഞ 6-4-1979-ൽ ആദ്യത്തെ പഞ്ചായത്ത് ഓഫീസായ വിളവൂർക്കൽ മഹാത്മാഗാന്ധി മെമ്മോറിയൽ ഗ്രന്ഥശാലയിൽ വച്ച് നടന്നു. ഈ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡൻറ് ശ്രീ. കെ. പൊന്നയ്യൻ നാടാരും ശ്രീമാന്മാർ, കെ. പി. ഭാസ്കരപിള്ള, എസ്. ദാമോദരൻ, എസ്. തങ്കപ്പൻ നായർ, സി. ശിവൻകുട്ടി നായർ, പി. രാമസ്വാമി, എം. അബ്ദുൾ ഗനി, ശ്രീമതി. രത്നദീപം എന്നിവർ അംഗങ്ങളുമായിരുന്നു. ഈ കമ്മററി ഗവൺമെൻറ് നിയോഗിച്ചതായിരുന്നു. ഈ കമ്മററിയുടെ കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു എങ്കിലും വാർഡുവിഭജനം തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്ത കാരണത്താൽ വിളവൂർക്കൽ പഞ്ചായത്തിൽതെരഞ്ഞെടുപ്പ് നടന്നില്ല. ഗവൺമെൻറ് നിയോഗിച്ച കമ്മിററി 31-3-1980-ൽ പിരിച്ചുവിടപ്പെടുകയും പഞ്ചായത്ത് ഇൻസ്പെക്ടർ സ്പെഷ്യൽ ഓഫീസറായി ചുമതല ഏൽക്കുകയും ചെയ്തു.

1980 സെപ്തംബർ മാസത്തിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പോടുകൂടിയാണ് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അധികാരത്തിൽ വന്നത്. ശ്രീമാന്മാർ. വി. ബാലകൃഷ്ണൻ, എൽ. രാജരത്തിനം, കെ. സോമൻ നായർ, ആർ. കെ. മധുസൂദനൻ നായർ, ജി. കൃഷ്ണൻ നായർ, സി. ശിവൻകുട്ടി നായർ, ദാമോദരൻ നായർ, പി രാമസ്വാമി ശ്രീമതി. കെ. സരോജിനി എന്നിവരായിരുന്നു ആദ്യമായി തെരഞ്ഞെടുപ്പിലൂടെ ഈ പഞ്ചായത്തിൽ അധികാരത്തിൽ വന്ന അംഗങ്ങൾ. ഇവരിൽ ശ്രീ. ജി. കൃഷ്ണൻ നായരെ പ്രസിഡൻറായും ശ്രീ. ആർ. കെ. മധുസൂദനൻ നായരെ വൈസ് പ്രസിഡൻറായും തെരഞ്ഞെടുത്തു.

1980-ൽ പഞ്ചായത്ത് കമ്മിററി നിലവിൽ വന്നു എങ്കിലും സ്വന്തമായ വരുമാനം യാതൊന്നും തന്നെയില്ലാത്ത ഒരു സെക്കൻറ് ഗ്രേഡ് പഞ്ചായത്ത് എന്ന നിലയിൽ സർക്കാർ ഗ്രാൻറുപോലും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട സ്ഥിതിയിലായിരുന്നു. എന്നിരുന്നാലും വിളവൂർക്കൽ മഹാത്മാ ഗാന്ധി മെമ്മോറിയൽ ഗ്രന്ഥശാലയിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്തിന്, പഞ്ചായത്തു മെമ്പറായിരുന്ന ശ്രീമതി. കെ. സരോജിനിയുടെ ഭർത്താവ് ശ്രീ. ഗോപി, പൊററയിൽ ജംഗ്ഷനിൽ സൗജന്യമായി നൽകിയ 10 സെൻറ് സ്ഥലത്ത് സ്വന്തമായി പഞ്ചായത്ത് മന്ദിരം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനും വിളവൂർക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രം പൊററയിൽ സ്ഥാപിക്കുന്നതിനും ഈ കമ്മിററിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പഞ്ചായത്ത് സമിതി 30-9-1985-ൽ പിരിഞ്ഞുപോകുകയും 1-10-1985 മുതൽ 1988 വരെ പഞ്ചായത്ത് ഉദ്യോഗസ്ഥ ഭരണത്തിൻ കീഴിലാകുകയും ചെയ്തു.

1988 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. സി.എസ്. ശ്രീനിവാസൻ പ്രസിഡൻറായും, ശ്രീമതി കെ. സരസമ്മ വൈസ് പ്രസിഡൻറായും ശ്രീമാന്മാർ, വി. ബാലകൃഷ്ണൻ, എൻ. ജി. മിൽട്ടൻ. സി. രാമൻകുട്ടിനായർ, കെ. വാസുദേവൻ, ജെ. ഫ്രാൻസിസ്, വി. രാജേന്ദ്രൻ, ശ്രീമതി, കെ. സരോജിനി എന്നിവർ അംഗങ്ങളുമായ ഭരണ സമിതി നിലവിൽ വന്നു. പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിപൂർത്തിയാക്കിയതും,

പെരുകാവിൽ കളി സ്ഥലം നിർമ്മിച്ചതും ഈഴക്കോട് സാംസ്കാരിക നിലയം സ്ഥാപിച്ചതും വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയതും. കുന്നിൻ മുകൾ വാട്ടർസപ്ലൈ സ്കീമിന്റെ നടത്തിപ്പിനാവശ്യമായ വസ്തുവാങ്ങികൊടുത്തതും വിളവൂർക്കൽ വില്ലേജ് ഓഫീസ് കെട്ടിടത്തിന് നാട്ടുകാരുടെ കമ്മിററി രൂപീകരിച്ച് പണം സ്വരൂപിച്ച്, വസ്തു വാങ്ങികൊടുക്കുന്നതിനും ഈ കമ്മിററിയാണ് നേതൃത്വം നൽകിയത്, ഇക്കാര്യങ്ങളിൽ സംസ്ഥാന തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. ജെ. തങ്കപ്പൻ അകമഴിഞ്ഞ് സഹായിക്കുകയുണ്ടായി.

# സാമൂഹ്യ സാംസ്കാരിക ചരിത്രം

തിരുവനന്തപുരം സിറ്റി കോർപ്പറേഷനുമായി തൊട്ടുരുമ്മി കിടക്കുന്ന പ്രദേശമാണ് വിളവൂർക്കൽ പഞ്ചായത്തെങ്കിലും 1966-67 കാലഘട്ടം വരെ ഭരണപരമായ ആവശ്യങ്ങൾക്ക് ഈ പ്രദേശത്തുള്ളവർ ബന്ധപ്പെട്ടിരുന്നത് നേമവുമായിട്ടാണ്. പോലീസ് സ്റ്റേഷൻ, സബ്‌രജിസ്റ്റാർ ഓഫീസ് എന്നിവയൊക്കെ അന്ന് നേമത്തായിരുന്നു. മുളയറ മുതലുള്ള ആളുകൾക്ക് അന്ന് നേമത്തെത്തുന്നതിന് യാതൊരു ഗതാഗത മാർഗ്ഗവും ഉണ്ടായിരുന്നില്ല. പേയാട്, പെരുകാവ്, ചൂഴാററുകോട്ടവഴി കാൽനടയായിട്ടു മാത്രമേ നേമത്തെത്താൻ കഴിഞ്ഞിരുന്നുള്ളൂ. ആ കാലഘട്ടത്തിൽ ഈ പ്രദേശത്തുള്ള പ്രധാനപ്പെട്ട റോഡുകൾ കുണ്ടമൺ ഭാഗം-മലയിൻകീഴ് റോഡും മലയിൻകീഴ്-പാപ്പനംകോട് റോഡും മാത്രമായിരുന്നു. ഇതിൽ കുണ്ടമൺ ഭാഗം മലയിൻകീഴ് റോഡു മാത്രമായിരുന്നു ടാർ ചെയ്തിരുന്നത്. 1966-67 കാലഘട്ടങ്ങളിലാണ് മലയിൻകീഴ് പാപ്പനംകോട് റോഡ് ടാർ ചെയ്തത്. സ്വകാര്യമുതലാളിമാരുടെ ഉടമസ്ഥതയിലുള്ള വശങ്ങളിൽ അടമാനമില്ലാതിരുന്ന കമ്പി വണ്ടിയിൽ ആരംഭിച്ച ബസ് സർവ്വീസ് ഇന്ന് K.S.R.T.C. യുടെ സിറ്റിഫാസ്റ്റും, സൂപ്പർ ഫാസ്റ്റും അതോടൊപ്പം ടെംബോ, ട്രക്കർ, സമാന്തര സർവ്വീസും കൈയ്യടക്കിയിരിക്കുന്നു. 1958 കാലങ്ങളിൽ ചൂഴാററുകോട്ടയിൽ നിന്നും പെരുകാവിലേയ്ക്കും, മങ്കാട്ടുകടവിൽ നിന്നും പിടാരത്തേയ്ക്കും, വിളവൂർക്കൽ നിന്നും പിടാരത്തേയ്ക്കും കാൽ നടയ്ക്ക് യോഗ്യമായ റോഡുകളുണ്ടാക്കി. 1968-ൽ വിഴവൂർ പാലത്തിന്റെ നിർമ്മാണവും 1988-ൽ മങ്കാട്ടുകടവു പാലത്തിന്റെ പൂർത്തീകരണവും ഈ പഞ്ചായത്തു പ്രദേശത്തുള്ള ഗതാഗതമാർഗ്ഗങ്ങൾ കൂടുതൽ സുഗമമാക്കി. ''കട്ടയ്ക്കാൽ സർവ്വീസ്'' എന്ന അപര നാമധേയത്തിൽ അറിയപ്പെട്ട തച്ചോട്ടുകാവ്, ചൂഴാററുകോട്ട, പാപ്പനംകോട്, കിഴക്കേകോട്ട സർക്കുലർ ബസ് സർവ്വീസ് K. S. R. T. C ആരംഭിച്ചത് 1979-ൽ ആണ്. ഈ പഞ്ചായത്തിന്റെ ഉൾപ്രദേശത്തുകൂടെ ആദ്യമായി കടന്നുപോയ ബസ്സും ഇതുതന്നെയായിരുന്നു. ഇതിനുവേണ്ടിയുള്ള പ്രധാന പ്രവർത്തനം നടത്തിയിരുന്നത് അന്നത്തെ നേമം M.L.A. യും സംസ്ഥാന ധനകാര്യവകുപ്പു മന്ത്രിയുമായിരുന്ന അന്തരിച്ച ശ്രീ. എസ്. വരദരാജൻ നായരായിരുന്നു. 1988-ൽ മങ്കാട്ടുകടവു പാലം പണി പൂർത്തിയാക്കുന്നതിനും ഈ പാഞ്ചായത്തിന്റെ വിവിധ റോഡുകൾ ടാർ ചെയ്യുന്നതിനും ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധിച്ചത് ശ്രീ. വി.ജെ. തങ്കപ്പൻ നേമം മണ്ഡലത്തിലെ M.L.A യും സംസ്ഥാന തദ്ദേശ സ്വയം ഭരണവകുപ്പുമന്ത്രിയും ആയിരുന്ന കാലഘട്ടത്തിലാണ്.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട് വമ്പിച്ച പ്രക്ഷോഭ പരിപാടികൾ നമ്മുടെ പ്രദേശത്ത് അലയടിച്ചിട്ടില്ലാ എങ്കിലും നമ്മുടെ പഞ്ചായത്തു പ്രദേശത്തുള്ള വിളവൂർക്കൽ കളത്തിൽ വീട്ടിൽ ശ്രീ. വേലായുധൻ നായർ, ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ശ്രീ. പൊന്നയ്യൻ നാടാർ പറമ്പിൻതല ദാമോധരൻ നായർ, കോളച്ചിറ ചെല്ലപ്പൻ, കീളത്ത് കോണത്ത് ജി. എസ്സ്. ശങ്കരൻ നായർ മംഗ്ലാവിൽ മുട്ടത്തറ വീട്ടിൽ ശ്രീ പി. കുമാരപിള്ള തുടങ്ങിയ മഹൽ വ്യക്തികൾ സജീവമായി പങ്കെടുത്തിരുന്നു.

ആദ്യ കാലഘട്ടങ്ങളിൽ ഈ പ്രദേശത്തെ ഭൂമിയിൽ കൂടുതലും ഏതാനും കുടുംബങ്ങളിലെ ജന്മിമാരുടെ കൈവശവും ബാക്കി ഉള്ളവർ അവരുടെ പാട്ടക്കാരും ആയിരുന്നു. 1985-ലെ ഭൂപരിഷ്ക്കരണ നിയമപ്രകാരവും 1970-ലെ ഭൂപരിഷ്ക്കരണ ഭേദഗതി നിയമപ്രകാരവും മേല്പടി പാട്ടക്കാരും കുടികിടപ്പുകാരും ഭൂമിയുടെ ഉടമകളായിമാറി. 1952-53 കാലഘട്ടങ്ങളിൽ കുടികിടപ്പു

മായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളുടെ ഫലമായി പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഇവിടെ വേരോട്ടം ഉണ്ടാവുകയും, ഇന്ന് മേൽപ്പടി പുരോഗമന പ്രസ്ഥാനങ്ങൾക്ക് വളക്കൂറ് ഉള്ള ഒരു പ്രദേശമായി മാറുകയും ചെയ്തു.

1984-ൽ നടന്ന വിഴവൂർ മിച്ചഭൂമി സമരമായിരുന്നു വളരെ ജനശ്രദ്ധ ആകർഷിച്ച ഒരു സമരപരിപാടി ഇതിന്റെ ഭാഗമായി ഭൂരഹിതരായിരുന്ന 26-ഓളം കുടുംബങ്ങൾക്ക് ടി മിച്ചഭൂമിയിൽ സ്വന്തമായി അവകാശം സ്ഥാപിച്ച് ലഭിക്കുകയും ചെയ്തു. ഇതിന് വേണ്ടി പുരോഗമന പ്രസ്ഥാനങ്ങളിലെ നിരവധി പ്രവർത്തകർക്ക് ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

80 വർഷങ്ങൾക്ക് മുമ്പ് ഒരു വീട്ടിൽ ആരംഭിക്കുകയും 1980-ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്ത വിളവൂർക്കൽ H.S. എന്ന ഒരു ഗവൺമെന്റ് സ്കൂളും, 75 വർഷങ്ങൾക്ക് മുമ്പ് കുണ്ടമൺ ഭാഗത്ത് സെന്റ് മേരീസ് L.P.S എന്ന പേരിൽ ക്രൈസ്തവ മിഷണറിമാർ സ്ഥാപിച്ചതും, പെരുകാവിലേക്ക് മാററി സ്ഥാപിക്കപ്പെട്ടതും കുണ്ടമൺ ഭാഗം സെൻമേരീസ് L.P.S എന്ന പേരിൽ ഇന്നും അറിയപ്പെടുന്ന ഒരു സ്കൂളും 1978-ന് ശേഷം ഊഴക്കോട് സ്ഥാപിക്കപ്പെട്ട സെന്റ് ഫ്രാൻസിസ് L.P.S ഉം, U.P.S ഉം ആണ് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

20 വർഷം മുമ്പുവരെ നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത കൃഷി നെല്ല്, തെങ്ങ്, മരച്ചീനി, കുരുമുളക്. വാഴ, പച്ചക്കറി എന്നിവയായിരുന്നു. ഇന്ന് നെൽകൃഷി നിലങ്ങൾ നികത്തുന്നതുമൂലം നശിച്ചുകൊണ്ടിരിക്കുന്നു. ധാന്യവിളകളുടെ സ്ഥാനം നാണ്യവിളകൾ കയ്യേറിയിരിക്കുന്നു.

ഐതിഹ്യങ്ങൾ കൊണ്ടും, ആചാരങ്ങൾ കൊണ്ടും പ്രസിദ്ധങ്ങളായ ഹൈന്ദവ ക്ഷേത്രങ്ങളും, വിവിധ വിഭാഗങ്ങളിൽപ്പെട്ട ക്രിസ്തീയ ദേവാലയങ്ങളും ഒരു മുസ്ലീം പള്ളിയും കൊണ്ടും അനുഗ്രഹിക്കപ്പെട്ടതും വിവിധ ജാതി മത വിഭാഗങ്ങൾ, ഇടകലർന്ന് ജീവിക്കുന്നതുമായ ഒരു പ്രദേശമാണ് വിളവൂർക്കൽ പഞ്ചായത്ത്. മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കപ്പെട്ട ഒരു പ്രദേശം കൂടി ആണ് ഇവിടം.

ഈ പ്രദേശത്തിന്റെ വികസനത്തിന് വേണ്ടി, ആദ്യഘട്ടങ്ങളിൽ വളരെ അധികം ത്യാഗങ്ങൾ അനുഷ്ഠിച്ചവരെ ഈ അവസരത്തിൽ സ്മരിക്കാതെ പോകുന്നത് ശരിയല്ല. ഒരു കുഗ്രാമമായിരുന്ന വിഴവൂർ പ്രദേശത്തെ ഇന്നത്തെ നിലയിലുള്ള വികസനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വേണ്ടിയും. റേഡിയോ കഥിയോസ്കിനും പൊതുകിണർ നിർമ്മിക്കുന്നതിനും ഭൂമി സൗജന്യമായി നൽകുകയും ചൂഴാററുകോട്ട, പെരുകാവ് റോഡ് നിർമ്മാണത്തിന് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത വിഴവൂർ ചെററാരിക്കൽ വീട്ടിൽ ശ്രീ. കേശവപിള്ള, വിളവൂർക്കൽ മഹാത്മാ ഗാന്ധി ഗ്രന്ഥശാലക്കുവേണ്ടി സ്ഥലം സംഭാവന ചെയ്ത വിളവൂർക്കൽ കളത്തിൽ വീട്ടിൽ ശ്രീ. വേലായുധൻ നായർ പെരുകാവ് യുവയോഗം ഗ്രന്ഥശാലയ്ക്ക് സ്ഥലം സംഭാവന ചെയ്ത കൂടുമഠത്തിൽ ജ്ഞാനമ്മ വിളവൂർക്കൽ പഞ്ചായത്താഫീസിന് സൗജന്യമായി ആദ്യകാലത്ത് പ്രവർത്തന സൗകര്യമുണ്ടാക്കിത്തന്ന വിളവൂർക്കൽ മഹാത്മാഗാന്ധി ഗ്രന്ഥശാലാ ഭാരവാഹികൾ, പഞ്ചായത്താഫീസ് മന്ദിര നിർമ്മാണത്തിന് സൗജന്യമായി സ്ഥലം സംഭാവന ചെയ്ത,പൊററയിൽ തോട്ടത്തിൽ വീട്ടിൽ ശ്രീ. കെ. ഗോപി എന്നിവരുടെയും പഞ്ചായത്തിന്റെ ചെറുതും വലുതുമായ പല സംരംഭങ്ങൾക്കും ഭൂമിആയും, മററുവിധത്തിലും സഹായങ്ങൾ ചെയ്തുതന്നവരുടെയും പ്രവർത്തനം ഈ നാടിന്റെ മാർഗ്ഗ ദീപമായി പ്രശോഭിക്കട്ടെ.

# ഭൂപ്രകൃതിയും വിഭവങ്ങളും

കുന്നുകളും സമതലങ്ങളും പാടശേഖരങ്ങളും പാറക്കൂട്ടങ്ങളും കൊണ്ട് അനുഗ്രഹീതമാണ് വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്. കരമനയാറും, വിളവൂർക്കൽ, കൊമ്പേററി, തോടുകളും അനേകം കുളങ്ങളും, കൊച്ചു, കൊച്ചു കൈത്തോടുകളും കൊണ്ട് നിറഞ്ഞ പ്രദേശമാണ് ഇവിടം. ഒരു ഭാഗത്ത് മൂക്കുന്നി മലയ റഡാർ സ്റ്റേഷനും ഒരു യോദ്ധാവിനെപ്പോലെ കാവ നിൽക്കുമ്പോൾ മറുഭാഗത്ത് കരമനയാറും ശാന്തഗംഭീര

യി ഒഴുകുന്നു. ഈ നദി ചില അവസരങ്ങളിൽ കരകവിഞ്ഞ് തന്റെ സാനിദ്ധ്യം പരിസരവാസികളെയും, കൃഷിഭൂമികളെയും അറിയിക്കാൻ എത്താറുണ്ട്.

വിവിധ ആചാരങ്ങൾ, ജീവിത നിലവാരങ്ങൾ, ജീവിത രീതികൾ ഉള്ള വിവിധ ജാതി മതങ്ങളിൽപ്പെട്ടവരാണ് ഇവിടത്തെ ജനങ്ങൾ. സാംസ്ക്കാരിക പൈതൃകം കൊണ്ടും സംപുഷ്ടമാണ്. കലാകാരൻമാർ, കായിക പ്രതിഭകൾ, വിവിധ തുറകളിൽ വൈദഗ്ദ്ധ്യം തെളിയിച്ചവർ ഇവരൊക്കെ ഈ പഞ്ചായത്തിന്റെ സമ്പത്തുകളാണ്.

കുറകോണം, വിളവൂർക്കൽ, മലയം, വെള്ളെക്കോണം, വിഴവൂർ, പെരുകാവ്, തോവിക്കോണം, കല്ലിങ്കവിളാകം, തുറവൂർ, കീണയിൽ, പനങ്ങോട്, കുരിശുമുട്ടം എന്നീ പ്രദേശങ്ങൾ ഒരു കാലത്ത് ഈ നാടിന്റെ നെല്ലറകളായിരുന്നു. ഇന്ന് നിലം നികത്തി വീടുകൾ നിർമ്മിക്കുകയും വിവിധ ഇനം കൃഷികൾ ചെയ്തും കാണപ്പെടുന്നു. ചൂഴാററുകോട്ട, പെരുകാവ്, കീണയിൽ എന്നീ പ്രദേശത്തെ നെൽപ്പാടങ്ങൾ ഇഷ്ടിക ചൂളക്ക് മണ്ണ് എടുത്തതിന്റെ ഭാഗമായി അഗാധ ഗർത്തങ്ങളായി മാറി പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കയാണ്.

കുന്നുകളും സമതലങ്ങളും ഇടവിട്ട് ഇടവിട്ടുള്ള പ്രദേശമായ ഈ പഞ്ചായത്തിൽ സമതല ഭൂമി കുറവാണ്. ചരൽ കലർന്നതും മണൽ കലർന്നതും, ചെമ്മണ്ണ്, കളിമണ്ണ്, എക്കൽ എന്നിവകലർന്നതുമായ മണ്ണും, പാടങ്ങളും ഈ ഭൂപ്രദേശത്ത് ഉണ്ട്.

മണ്ണിന്റെയും, ഭൂപ്രദേശത്തിന്റെയും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലുള്ള കൃഷികളാണ് ഇവിടെ ഉള്ളത്. നാമമാത്രമായി നെല്ല്, റബ്ബർ, തെങ്ങ്, കമുക്, വാഴ, മരച്ചീനി, പച്ചക്കറികൾ, കശുമാവ്, വെറ്റില, കുരുമുളക്, ഇഞ്ചി, പയർ, എന്നിവയാണ് പ്രധാനമായി കാണുന്ന കൃഷികൾ, അപൂർവ്വമായി ഗ്രാമ്പ്, കൊക്കൊ, മാഞ്ചിയം, തേക്ക്, എന്നിവയും കൃഷി ചെയ്തു വരുന്നു. സംസ്ഥാനം ഒട്ടാകെ ശ്രദ്ധപിടിച്ച് പററിയ ആന്തോറിയം, ഓർക്കീട്, എന്നിവയുടെ നഴ്സറി ഇവയുടെ സംസ്ക്കരണം വിപണനം എന്നിവ ഈ പഞ്ചായത്തിന്റെ മൂന്നാം വാർഡിൽ കാണാം. ധാന്യവിളകളുടെ സ്ഥാനത്ത് നാണ്യവിളകൾ കൃഷി ചെയ്യുന്ന പ്രവണത കൂടുതലായിവരുന്നു. കശുമാവിന് വളരാൻ യോജിച്ച മണ്ണാണ് ഈ പ്രദേശത്ത് ഉള്ളത്.

വ്യാവസായിക സംരംഭങ്ങൾ വിരളമായ ഈ പഞ്ചായത്തിൽ ആവശ്യമായ തൊഴിലവസരങ്ങൾ ലഭ്യമല്ല. കർഷകത്തൊഴിലാളികളുടെ എണ്ണം കുറവാണ്. കർഷകത്തൊഴിലാളികളെ ലഭിക്കാത്തത് കൊണ്ട് പരമ്പരാഗത കൃഷി ഉപേക്ഷിക്കേണ്ടിവന്നു എന്ന് കർഷകരും കൃഷിഭൂമിയില്ലാത്തത് കൊണ്ട് തൊഴിൽ ലഭിക്കുന്നില്ല എന്ന് കർഷകത്തൊഴിലാളികളും പരസ്പരം ആരോപിക്കുന്നു. പരമ്പരാഗതത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, നിർമ്മാണ തൊഴിലാളികൾ, പാറമടയിൽ ജോലി ചെയ്യുന്നവർ, ടാപ്പിങ് തൊഴിലിൽ ഏർപ്പെട്ടവർ, കരകൗശലപ്പണിക്കാർ, സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ചെറുകിടകച്ചവടക്കാർ, കലാരംഗം ജീവിത മാർഗ്ഗമാക്കിയവർ എന്നിവരാണ് ഇവിടെയുള്ളത്. പഞ്ചായത്തിന് പുറത്ത് പണി തേടിപ്പോകുന്നവരും ധാരാളമുണ്ട്. തിരുവനന്തപുരം നഗരം ഈ പഞ്ചായത്തോട് ചേർന്നതാണ്. നഗരത്തിന്റെഈ വളർച്ച പഞ്ചായത്തിന്റെ ഭൂവിസ്തൃതിയെ വാർത്ത് നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അന്യസംസ്ഥാനങ്ങളിലും, വിദേശ രാജ്യങ്ങളിലും, തൊഴിലിൽ തേടിപ്പോയിട്ടുള്ള ആളുകളുമുണ്ട്.

കരമനയാറ്, കുളങ്ങൾ, കിണറുകൾ, തോടുകൾ, കുഴൽ കിണറുകൾ എന്നിവയാണ് പ്രകൃതി ദത്തമായി ലഭ്യമാകുന്ന ജലസ്രോതസ്സുകൾ. മങ്കാട്ട് കടവിൽ നിന്ന് പമ്പ് ചെയ്ത് ഉയർന്ന പ്രദേശമായ വാളിയോട്ടുകോണം, കുന്നിൽ മുകൾ എന്നിവിടങ്ങളിൽ എത്തിച്ച് പഞ്ചായത്താകമാനം വിതരണം നടത്തത്തക്കവിധത്തിൽ വിളവൂർക്കൽ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിട്ടുള്ള ശുദ്ധ ജല വിതരണ പദ്ധതിക്ക് ആവശ്യമായ ജലം കരമനയാറിൽ നിന്ന് ലഭ്യമാണ്. എന്നാൽ പഞ്ചായത്താകമാനം ഈ ജലം പൂർണ്ണമായും എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന കാർഷിക വിളകളുടെ ആവശ്യത്തിന് മേൽപ്പറഞ്ഞ പ്രാദേശികമായി കിട്ടുന്ന ജല സ്രോതസുകളാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇത് കർഷകർ ആഗ്രഹിക്കുന്ന വിധത്തിൽ ആവശ്യമായ സമയത്ത് ലഭ്യമാകുന്നില്ല. പഞ്ചായത്തിന്റെ ഉൾഭാഗ

ങ്ങളിലുള്ള കുളങ്ങൾ വൃത്തിയാക്കിയും നീർച്ചാലുകൾ നിർമ്മിച്ചും കമ്മ്യൂണിററി ഇറിഗേഷൻ, ലീഫ്ററ് ഇറിഗേഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കിയും പ്രകൃതിദത്തമായ ജല സ്രോതസ്സ് കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്. മങ്കാട്ട്കടവിലെ പമ്പിങ്ങ് സ്റ്റേഷനിലുള്ള പമ്പിന്റെ ക്ഷമത വർദ്ധിപ്പിച്ചും വോൾട്ടേജ്ക്ഷാമം പരിഹരിച്ചും കുടിവെള്ള ക്ഷാമവും പരിഹരിക്കാം.

## വിളവൂർക്കൽ പഞ്ചായത്ത്
## ഭൂമിസംബന്ധിച്ച വിവരങ്ങൾ (ഭാഗിക അടിസ്ഥാന വിഭവരജിസ്റ്റർ)

പട്ടിക 1

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 40 ഹെക്ററർ |
| പുരയിടം | 941 ,, |
| പുറമ്പോക്ക് | 5 ,, |
| കൃഷിയോഗ്യമായ തരിശ് | 11.3 ,, |
| കൃഷിയോഗ്യമല്ലാത്ത തരിശ് | — |
| ആകെ | 997.3 ഹെക്ടാർ |

അവലംബം

# കൃഷിയും ജലസേചനവും

ശാസ്ത്രപുരോഗതിയുടെ മാസ്മരിക ശക്തിയിൽ മരപ്പച്ചകൾ പോലും പിടിച്ചടക്കാനുള്ള മനുഷ്യന്റെ വ്യഗ്രത യുദ്ധകാലാടിസ്ഥാനത്തിലോ അതിലും വേഗതയിലോ മുന്നോട്ട് പോകുകയാണല്ലോ. അനന്ത സാഗരത്തിന്റെ അഗാധതയും വിശാല നീലാകാശത്തിന്റെ ഔന്നിത്യവും മനുഷ്യന് ഇന്ന് ഒന്നുമല്ലാതായിരിക്കുന്നു. പക്ഷെ പുരോഗതിയുടെ പടവുകൾ ചവിട്ടിക്കയറുമ്പോൾ മനുഷ്യ സ്വഭാവമെന്ന രീതിയിൽ നമ്മൾ മറന്നുപോയ നമ്മുടെ എല്ലാമെല്ലാമായ ഒരു അടിസ്ഥാന ഘടകമുണ്ട്. മണ്ണ്. ഇതിഹാസങ്ങളുടെയും പുരാണങ്ങളുടെയും കാലത്തുപോലും മണ്ണ് മനുഷ്യന്റെ കാർഷികോപാധിമാത്രമായിരുന്നു. വിതയ്ക്കാതെ കൊയ്യാതെ ജീവിച്ചിരുന്ന നമ്മുടെ പൂർവ്വികർ എന്നും നമിച്ചിരുന്നതും ഈ മണ്ണിനെ തന്നെയായിരുന്നു. മാതൃത്വം ഒരു സ്ത്രീയ്ക്ക് എത്രത്തോളം പ്രാധാന്യം അർഹിക്കുന്നവോ അതുപോലെതന്നെ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യമർഹിക്കുന്ന വിഭവമാണ് മണ്ണ്. മാററം പ്രകൃതിയുടെ നിയമമാണ് എന്ന് വിശ്വസിക്കുന്ന നാം ഒരിക്കലും വിളഭൂമി മരുഭൂമിയാക്കുന്ന മാററം സ്വപ്നം കാണാൻ പാടില്ല. കേരളമെന്ന നമ്മുടെ കൊച്ചു സ്വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയ്ക്ക് ഒരിക്കലും മങ്ങാത്ത അനതിവിദൂര വികസന സാദ്ധ്യതകൾ ഉണ്ട്.

# കാർഷിക ചരിത്രം

വൈവിദ്ധ്യങ്ങളായ നിരവധി കാർഷിക വിളകളാൽ സമ്പന്നമായ ഒരു പ്രദേശമായാണ് കേരളം അറിയപ്പെടുന്നതെങ്കിലും ഈ വിള വൈവിദ്ധ്യത്തിൽ ഇന്ന് ഏറെ കുറവുവന്നിട്ടുണ്ടെന്നതാണ് വാസ്തവം.

സംയോജിത കൃഷിയുടെ ഉത്തമ ഉദാഹരണങ്ങളായിരുന്ന നമ്മുടെ കൃഷി തോട്ടങ്ങൾ ഇന്ന് ഏകവിള സമ്പ്രദായത്തിലേക്ക് ചുവട് മാററിയിരിക്കുന്നു. 25 സെൻറിനുതാഴെ മാത്രം ശരാശരി കൃഷി ഭൂമിയുള്ള നമ്മുടേതുതുപോലുള്ള ഒരു സംസ്ഥാനത്തെ സംബന്ധിച്ച് ഓരോ ഇഞ്ച് ഭൂമിയിൽ നിന്നും പരമാവധി ഉൽപന്നങ്ങൾ കിട്ടുന്ന ഒരു വിളരീതിയാണ് എന്നും അഭികാമ്യം. അതുകൊണ്ടു തന്നെ ഓരോ വീടുവളപ്പിനേയും, സ്വാശ്രയ യൂണിററുകളാക്കുക എന്ന ലക്ഷ്യം വച്ചുള്ള പദ്ധതികൾക്കാണ് രൂപം കൊടുക്കേണ്ടത്. ഇതോടൊപ്പം ഓരോ കൃഷിഭൂമിയിലും പററുന്നതായ സംയോജിത കൃഷി സമ്പ്രദായങ്ങളും അനുവർത്തിക്കേണ്ടിയിരിക്കുന്നു. കാർഷിക ഉൽപന്നങ്ങളുടെ സംഭരം, സംസ്കരണം വിപണനം എന്നിവയാണ് ഊന്നൽ നൽക്കേണ്ട മററു മേഖലകൾ.

കൂട്ടുകുടുംബങ്ങൾ വേർതിരിഞ്ഞ് ന്യൂക്ലിയർ കുടുംബങ്ങളായതോടെ നമ്മുടെ കർഷിക പാരമ്പര്യത്തിനും കാര്യമായ നേട്ടമുണ്ടായി.

വിദ്യാഭ്യാസ നിലവാരത്തിലും ജീവിത വീക്ഷണത്തിലും ഉണ്ടായ മാററങ്ങൾ കർഷകരെയും കർഷക തൊഴിലാളികളെയും കാർഷിക മേഖലയിൽ നിന്നും അകററി. കൃഷിമേഖലയുടെ തളർച്ചയും ഉല്പാദന ക്ഷമതയിലുണ്ടായ കുറവും തൊഴിലാളികളുടെ ലഭ്യത ഇല്ലായ്മയും ഉയർന്ന തൊഴിൽ കൂലിയുമൊക്കെയാണ് ഇതുണ്ടാക്കി പരിണിത ഫലങ്ങൾ. കൃഷിമേഖലയിൽ നിന്നും വേറിട്ടു നിൽകുന്ന തൊഴിൽ രഹിതരായ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ ഒരു വൻ ജനകീയ പദ്ധതിക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു.

വിളയുടെ നാടായ വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിന് പ്രസന്നമായ ഒരു സുവർണ്ണ കാർഷിക ഭൂതകാലമുണ്ടായിരുന്നു. ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയിൽ ഉപജീവനം നടത്തുന്നവർ ആയിരുന്നു. തെങ്ങ്, നെല്ല്, മരിച്ചീനി ഇവ ആയിരുന്നു പ്രധാന വിളകൾ. മററു വിളകളും നിലവിലുണ്ടായിരുന്നു. ഭൂഉടമകൾ മിക്കവരും ജന്മികൾ ആയിരുന്നു. പാട്ടകൃഷി ആയിരുന്നു നടത്തിയിരുന്നത്. ഇന്നത്തെ സ്ഥിതിയുമായി തട്ടിച്ച് നോക്കുകയാണെങ്കിൽ ഉൽപാദനക്ഷമ കുറവായിരുന്നു. എങ്കിലും കുറഞ്ഞ കൂലി നിരക്കും വിത്തിൻേറയും വളത്തിൻേറയും ലഭ്യതയും കൃഷി നഷ്ടമില്ലാത്ത ഒരു തൊഴിൽ ആയി മുന്നോട്ട് പോകുവാൻ സഹായിച്ചു. മാത്രമല്ല പാട്ടകൃഷി ആയതിനാൽ കൃഷിഭൂമി മിക്കവാറും കൈകാര്യം ചെയ്തിരുന്നത് കർഷകൻ ആയിരുന്നും. പക്ഷെ പിന്നീട് ഭൂവിനിമയ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ ജന്മി വ്യവസ്ഥ മാറുകയും ജന്മിയും അടിയാനും തുല്യരാകുകയും ചെത്തു. കൂട്ടുകുടുംബങ്ങൾ വിഘടിച്ച് ന്യൂക്ലിയർ കുടുംബങ്ങൾ ആയി മാറിയതോടെ കൃഷിഭൂമി വിഘടിച്ചുപോകുകയും നെൽ കൃഷിയിൽ നിലനിന്നിരുന്ന കേന്ദ്രീകൃത രീതി അപ്രത്യക്ഷതമാകുകയും ചെയ്തു. തൻമൂലം കൃഷിഭൂമി കൈവശമുള്ളവർ അവരവരുടെ മനോധർമ്മം അനുസരിച്ച് കൂടുതൽ മെച്ചമുള്ള വിളകൾ കൃഷിചെയ്തു. പിന്നീട് വിത്തിൻേറയും വളത്തിൻേറയും ദുർലഭ്യതയും വേതന വർദ്ധനവും ഭൂഉടമകളെ ഹ്രസവിളകൃഷിയിൽ നിന്നും മാറി ദീർഘവിളകൾ കൃഷിചെയ്യാൻ നിർബന്ധിതരായി. പണത്തിൻേറ മൂല്യം കുറച്ച സർക്കാരിൻെറ നടപടി ഭൂമിയെ ഒരുകച്ചവടചരക്കായി രൂപാന്തരപ്പെടുത്തി. കൃഷി ഭൂമികൾ പോലും ചെറുകിട വൻകിട കെട്ടിടങ്ങളുടെ വിളനിലമായി മാറി, പക്ഷെ വിളവൂർക്കൽ പഞ്ചായത്തിൻെറ കാർഷികമേഖലയ്ക്ക് അല്പമെങ്കിലും ആശാവഹമായി നിലനില്കുന്ന ഘടകം നമ്മുടെ കൃഷി ഇടങ്ങൾ അധികമൊന്നും കെട്ടിടങ്ങൾ കൈയേറിട്ടില്ല എന്നുള്ളതാണ്. പല വാർഡുകളിലും നെൽപാടങ്ങൾ നികത്തി മാറുകൃഷികൾ ചെയ്തിരിക്കുന്നതായി കാണാമെങ്കിലും നിയമം ശക്തമാക്കിയാൽ വീണ്ടും ഈ വിളഭൂമികളെ പാടെ ഭൂമികളാക്കി മാററി നെൽകൃഷി പരിപോഷിപ്പിക്കാൻ നമുക്കും കഴിയും.

## ഇന്നത്തെ വിള ചേരുവ

പട്ടിക 2

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത ഹെക്ടറിന് |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാംവിള) | 40 ഹെക്ടർ | 128000 കി.ഗ്രാം | 3200 കി.ഗ്രാം |
| 2 | നെല്ല് (രണ്ടാംവിള) | 40 ഹെക്ടർ | 102400 കി.ഗ്രാം | 2560 കി.ഗ്രാം |
| 3 | നെല്ല് (മൂന്നാംവിള) | | | |
| 4 | പയർ | 20 ,, | 14000കി.ഗ്രാം | 700 കി.ഗ്രാം |
| 5 | എള്ള് | 3 ,, | 1500 ,, | 500 ,, |
| 6 | പച്ചക്കറി | 10 ,, | 160000 ,, | 16000 ,, |
| 7 | തെങ്ങ് | 777 ,, | 3926242 No | 5053 No |
| 8 | വാഴ | 50 ,, | 350000 കി.ഗ്രാം | 7000 കി.ഗ്രാം |
| 9 | മരച്ചീനി | 100 ,, | 1500000 കി. ഗ്രാം | 15000 കി.ഗ്രാം |
| 10 | കുരുമുളക് | 10 ,, | 3200 ,, | 320 ,, |
| 11 | പ്ലാവ് | 5 ,, | — | — |
| 12 | മാവ് | 10 ,, | — | — |
| 13 | കശുമാവ് | 5 ,, | — | — |
| 14 | കവുങ്ങ് | 2 ,, | — | — |
| 15 | റബ്ബർ | 100 ,, | 110000 കി.ഗ്രാം | 1100 കി.ഗ്രാം |

അവലംബം. കൃഷിഭവൻ

## ഇന്നത്തെ വിളചേരുവ

ഇപ്പോഴം നിലവിലുള്ള

ഒന്നാം വിള — നെല്ല്

രണ്ടാം വിള — നെല്ല്

മൂന്നാം വിള — പച്ചക്കറി / പയർ / ഉഴുന്ന്

## പ്രധാന വിളകളും ഇനങ്ങളും

പട്ടിക 3

| വിള | ഇനം |
|---|---|
| നെല്ല് | ജയ<br>ജോതി<br>ഭാരതി<br>PTB. 2<br>PTB. 20<br>PTB. 22 |
| തെങ്ങ് | WCT<br>T × D<br>D × T<br>Yellow Dwarf<br>Green Dwarf<br>Komadan |
| വാഴ | പാളയം കോടൻ<br>രസകദളി<br>റോബസ്റ്റ്, ചുവന്നകപ്പ, നേന്ദ്രൻ |
| മരച്ചീനി | M.4, കരിയിലപൊതിയൻ<br>മാം കൊഴുന്നൻ, H. 97 |
| കുരുമുളക് | കരിമുണ്ട, കൊററനാടൻ<br>പന്നിയൂർ 1. |
| റബ്ബർ | R R I I - 105<br>R R I M. 600<br>P. B. 28/59. |

## ഉത്പാദന ക്ഷമത

പട്ടിക 4

വിവിധ കാർഷിക വിളകളുടെ ഉത്പാദന ക്ഷമത പഞ്ചായത്തു തലത്തിലും സംസ്ഥാന തലത്തിലും താരതമ്യം ചെയ്യാൻ ചുവടെ ചേർത്തിരിക്കുന്ന പട്ടിക സഹായകമാകും

| വിള | പഞ്ചായത്തു തലം | സംസ്ഥാന തലം ഹെക്ടറർ ഒന്നിന് |
|---|---|---|
| നെല്ല് | 2880 kg | 1943 kg |
| തെങ്ങ് | 3926242 | 5888 No |
| മരച്ചീനി | 15 ടൺ | 19.85 ടൺ |
| കുരുമുളക് | 320 kg | 276 kg |
| റബ്ബർ | 1100 kg | 999 kg |

## ജലസേചന സൗകര്യങ്ങൾ

പട്ടിക 5

### ജലസേചന സംവിധാനങ്ങൾ

| പൊതു ജല സേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കെട്ട് ഹെക്ടറർ |
|---|---|---|---|---|
| 10 | 5 | 24 | .... | 40 ഹെക്ടറർ |

## നിലവിലുള്ള കുളങ്ങളുടെ വിവരം

പട്ടിക 6

| വാർഡ് നമ്പർ | കുളത്തിൻെറ പേര് | വിസ്തീർണ്ണം | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| I | വെള്ളക്കോണം | 12 cent | 12 |
| I | ഐത്തിക്കോണം | 20 ,, | 20 |
| II | പീച്ചോട്ടുകോണം | 11 ,, | 11 |
| II | വിഴവൂർ | 75 ,. | 75 |
| II | വേങ്കൂർ | 12 ,, | 12 |
| III | വഴുതോട്ടുവിള | 14 ,, | 14 |
| III | പുലവന്നിയൂർക്കോണം | 22 ,, | 22 |
| III | അരുവിച്ചിറ | 75 ,, | 75 |
| IV | തലപ്പംകോട് | 25 ,, | 25 |
| IV | വഴുതൂർക്കോണം | 54 ,, | 54 |
| IV | തെങ്ങത്താംകോട് | 45 ,, | 45 |
| IV | ആമക്കുളം | 75 ,, | 75 |
| IV | കോണത്തുകുളം | 26 ,, | 26 |
| V | തോട്ടത്തിൽകുളം | 18 ,, | 18 |
| V | മായിക്കോണത്തുകുളം | 12 ,. | 12 |
| V | മയിലോട്ടുകോണം | 51 ,, | 51 |
| V | വേങ്ങോട്ടുകോണം | 37 ,, | 37 |
| VI | തുറവൂർ | 61 ,, | 61 |
| VI | തേവീക്കോണം | 36 ,, | 36 |
| VI | കുശവൂർകോണം | 71 ,, | 71 |
| VII | കൊല്ലൂർക്കോണം | 75 ,, | 75 |
| VII | തൊടുപ്പോട്ടുകോണം | | |
| VII | ഈഴക്കോട് | 59 ,, | 59 |
| VII | കാവിൻകുളം | 27 ,, | 27 |
| VII | വഞ്ചിക്കോട് | | |
| VIII | കീണയിൽകുളം | 50 ,, | 50 |
| VIII | കളിയിൽവിളാകം | 46 ,, | 46 |
| IX | വാളിയോട്ടുകോണം | 57 ,, | 57 |
| IX | താഴച്ചിറയ്ക്കൽ | 14 ,, | 14 |
| IX | ആലന്തറകോണം | 41 ,, | 41 |
| IX | കട്ടച്ചൽക്കോണം | 14 ,, | 14 |
| X | ചിറക്കോണം | 25 ,, | 25 |
| X | മാരാത്തംകോണം | 28 ., | 28 |
| X | പെരുങ്ങോട്ടുകോണം | 43 ,, | 43 |

## ഉത്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിൽ കാർഷികോൽപന്നങ്ങളുടെ സംഭരണവും വിപണനവും കൈകാര്യം ചെയ്യുന്ന റിംഗ് സൊസൈററികൾ ഒന്നും തന്നെയില്ല. ചെറുകിട കർഷകർ പട്ടിക 7-ൽ വിവരിക്കുന്ന ം വഴിയാണ് ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത്.

പട്ടിക 7

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചന്തകളുടെ വിവരം

| ക്രമ നമ്പർ | വാർഡ് നമ്പർ | ചന്തയുടെ പേര് | പ്രവർത്തന ദിവസം |
|---|---|---|---|
| 1 | I | ചൂഴാററുകോട്ട | എല്ലാദിവസവും |
| 2 | II | വിഴവൂർ | ,, |
| 3 | III | വിളവൂർക്കൽ | ,, |
| 4 | V | പൊററയിൽ | ,, |
| 5 | VI | പെരുകാവ് | ,, |
| 6 | IX | വാളിയോട്ടുകോണം | ,, |

## കാർഷികബന്ധങ്ങൾ

പട്ടിക 8

കൈവശ ഭൂമി വിസ്തീർണ്ണം

| നാമമാത്ര കർഷകർ (1 ഹെക്ററിനു താഴെ) | ചെറുകിടകർഷകർ (1-2 ഹെക്ററർ) | വൻകിടകർഷകർ (2 ഹെകക്ററിനു മുകളിൽ |
|---|---|---|
| 3166 No. | 641 No. | 150 No. |

# കാർഷിക നടീൽ വസ്തു വിതരണം

പട്ടിക 9

| ക്രമ നമ്പർ | ഇനം | എണ്ണം 1993–94 | 94–95 | 1995–96 |
|---|---|---|---|---|
| 1 | തെങ്ങ് | 925 | 425 | 300 |
| 2 | കുരുമുളക് | 3000 | 5000 | 4625 |
| 3 | വാഴകന്ന് | 200 | — | 1500 |
| 4 | ജാതി | 100 | — | — |
| 5 | കറുവാപട്ട | — | — | 20 |
| 6 | ഗ്രാമ്പ് | 30 | 50 | 20 |
| 7 | മാവ് (ഗ്രാഫ്ററ്) | — | 50 | 33 |
| 8 | പ്ലാവ് ( ,, ) | — | 50 | 154 |
| 9 | പപ്പായ | — | 10 | — |
| 10 | പൈനാപ്പിൾ | — | 60 | — |
| 11 | കൊക്കോ(ഗ്രാഫ്ററ്) | — | 50 | — |
| 12 | സപ്പോട്ട | — | 15 | 33 |
| 13 | വടുകപുളി | — | 10 | 6 |
| 14 | പേര | — | 10 | 48 |
| 15 | ചെറി | — | 10 | 9 |
| 16 | ജാമ്പ | — | 55 | 55 |

# കാർഷികോപകരണങ്ങൾ

പട്ടിക 10

| ക്രമനമ്പർ | ഉഴവ് ഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയററ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | താപ സാക് സ്പ്രേയർ | മററുള്ളവ | | | |
| | — | 1 | 10 | 2 | 10 | — | 1 | 2 | — |

## ദുരിതാശ്വാസ വിതരണം

പട്ടിക 11

| വർഷം | പ്രശ്നബാധിതപ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുംകാററ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993—94 | — | — | — | — | 22 | 300 kg. seed |
| 1994—95 | — | — | — | — | 11 | 1080.00 |
| 1995—96 | — | — | — | — | 18 | 10750.00 |

## തെങ്ങുകൃഷിയെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക 12

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 No. | 4 No. | 5 No | 5 No. | 7 No. | 8 No. | 9 No. | 10 | 11 No. |
| Total | 777. He | 59811 | 90509 | 150320 | Nil | 425 | 100 | 600 | Nil | 1125 |

## വളം ഉപയോഗം

രാസവള - കീടനാശിനി വിപണനം

പട്ടിക 13

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം Lit | കീടനാശിനി ഖരം Kg | രാസ വളം കി. ഗ്രാം | കീടനാശിനി ദ്രവം Lit | കീടനാശിനി ഖരം Kg | രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം Lit | കീടനാശിനി ഖരം Kg |
| 1 | സഹകരണം വിളപ്പിൽ സർവീസ് സഹകരണ സംഘം. No.2522 പേയാട് | 98. MT | 40 | 525 | 102MT | 30 | 500 | 126MT | 45 | 850 |
| 2 | Department. കൃഷിഭവൻ | — | 3.7 | 1 | 7090 | 3.05 | 0.400 | 4900 | 1.5 | 0.5 |
| 3 | സ്വകാര്യം. | Nil | — | — | — | — | — | — | — | — |

# നടപ്പു പദ്ധതികളുടെ അവലോകനം

പഞ്ചായത്തിലെ കാർഷിക വികസന പ്രവർത്തനങ്ങളിൽ കൃഷി ഭവനുകൾ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കാർഷിക വികസനത്തിന്റെ ഏററവും പ്രധാനഘടകമായ വിജ്ഞാന വ്യാപാരത്തിൽ കൃഷി ഉദ്യോഗസ്ഥനും ചേരും വണ്ണം ശ്രദ്ധ ചെലുത്തുവാൻ കഴിയാത്ത സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. പഞ്ചായത്ത് രാജ് നടപ്പിലാക്കുന്ന ഈ ഘട്ടത്തിൽ ഇപ്പോഴുള്ള പ്രവർത്തനരീതി പുനർ സംവിധാനം ചെയ്തു വിജ്ഞാന വ്യാപാരത്തിനും മററു വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും വേണ്ട ഉദ്യോഗസ്ഥരുടെ അപര്യാപ്തനികത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുമാണ്. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ 8.ാം പദ്ധതിക്കാലത്ത് വിവിധ സ്കീമുകൾ നടപ്പിലാക്കിയിരുന്നു.

### 1 സമഗ്ര നാളികേര വികസന പദ്ധതി

നാളികേര ഉത്പാദനവും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത് ഈ പദ്ധതിയുടെ പ്രധാനഘടകമായ കിണർ കുഴിച്ച് പമ്പുസെററ് സ്ഥാപിച്ചു തെങ്ങിനു ജലം സേചനം നടത്തുന്നതിനുവിപരീതമായി കുടിവെള്ളത്തിനും, വീട്ടാവശ്യങ്ങൾക്കുവേണ്ടിയുമാണ് ഇവ ഉപയോഗപ്പെടുത്തുന്നത്. പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള പല പമ്പുസെററുകൾക്കും വൈദ്യുതി ലഭിക്കാത്ത ഒരു സ്ഥിതി വിശേഷമാണ് ഇപ്പോൾ വന്നുചേർന്നിരിക്കുന്നത്. കമ്മ്യൂണിററി ഇറിഗേഷൻ ഘടകവും രാസവളകിററുകൾ നൽകുന്ന ഘടകവും ഗുണകരമായിട്ടാണ് കണ്ടുവരുന്നത്.

### ഊർജിത ധാന്യ ഉത്പാദന പരിപാടി

ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന നെൽകൃഷിക്കുള്ള സംയോജിത കീട നിയന്ത്രണ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്യുന്ന ഉപകരണങ്ങളും ചിലവാക്കുന്ന തുകയും പാഴായി പോകുന്നതായിട്ടാണ് വിലയിരുത്തപ്പെടുന്നത്.

### പ്രത്യേക ഘടകപദ്ധതി

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ഹരിജന ഗിരിജന വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന ഈ പദ്ധതിയി

ചെ ഘടകങ്ങൾ പലതും വളരെയധികം ഉപയോഗപ്രദമായാണ് കണ്ടുവരുന്നത്.

## യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽ ദാനപദ്ധതി

യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുവാൻ ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ടോ എന്നുള്ളത് ഇന്നും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

## ഗ്രൂപ്പ് ഫാമിംഗ് പദ്ധതി

പാട ശേഖര സമിതികൾ വഴി നടപ്പിലാക്കുന്ന ഗ്രൂപ്പ് ഫാമിംഗ് സംരംഭങ്ങൾ നെൽകൃഷിക്കാരെ യാതൊരുവിധ പുരോഗതിയിലേക്കും നയിക്കുന്നതായി കാണുന്നില്ല.

## വിള ഇൻഷ്വറൻസ് പദ്ധതി

വിള ഇൻഷ്വറൻസ് പദ്ധതിയിലെ അപ്രായോഗികമായുള്ള വ്യവസ്ഥകളും കൃഷിഭവനുകളിലെ ഉദ്യോഗസ്ഥൻമാരുടെ അപര്യാപ്തതയും കർഷകന് ഈ പദ്ധതിയോടുള്ള വിശ്വാസക്കുറവും ഇതിന്റെ നടത്തിപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്.

## ബയോഗ്യാസ് പദ്ധതി

ഈ പദ്ധതിപ്രകാരം നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാൻറുകൾ കർഷകന് വളരെയധികം ഉപയോഗപ്രദമായാണ് കണ്ടുവരുന്നത്.

## ഊർജിത സുഗന്ധവിള വികസന പദ്ധതി

ഈ പദ്ധതി മുഖേന സൗജന്യമായി വിതരണം ചെയ്യുന്ന കുരുമുളകു വള്ളികളും ഗ്രാമ്പു തൈകളും, ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്നതിന് നൽകിവരുന്ന ധന സഹായവും കർഷകർക്ക് ഉപകാരപ്രദമായിട്ടാണ് കാണുന്നത്.

അതാതു പ്രദേശത്തെ കർഷകരുടെ അഭിരുചിക്ക് അനുസൃതമായിട്ടുള്ള പദ്ധതികൾ മാത്രം ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ് എത്രയും അഭികാമ്യം.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ കാർഷികരംഗത്തെ പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. നെൽകൃഷി ഇന്നു മിക്കവാറും കൃഷിക്കാർക്ക് നഷ്ടം ഉളവാക്കുന്നതാണ്. നാണ്യവിളകൾക്ക് ലഭിക്കുന്ന സംരക്ഷണം നെൽകൃഷിക്ക് ലഭിക്കുന്നില്ല. നിലവിലുള്ള പാടശേഖര കമ്മിററികളുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാകേണ്ടിയിരിക്കുന്നു.

2. നെൽവയലുകൾ പാർപ്പിട സൗകര്യങ്ങൾക്കായും മറ്റു നാണ്യവിളകൾ കൃഷിചെയ്യുന്നതിനുമായി ഉപയോഗപ്പെടുത്തുന്നു.

3. ജലസേചന സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്.

4. ഉല്പാദന ക്ഷമത കുറഞ്ഞതും വളരെ പ്രായം ചെന്നതുമായ തെങ്ങുകൾ നിലനിർത്തുന്നു.

5. കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന് ആനുപാതികമായി വില ലഭിക്കുന്നില്ല. കാർഷിക വിളകളുടെ, സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങളും അപര്യാപ്തമാണ്.

6. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്. അതുമൂലം മണ്ണിന്റെ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നു.

7. നിലവിലുള്ള മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്.

8. വളങ്ങളുടെയും കീടനാശിനികളുടേയും മററ് ഉപാധികളുടേയും വില ദൈനംദിനം കൂടിക്കൊണ്ടിരിക്കുന്നു.

9. തെങ്ങിനും, നെല്ലിനും, പച്ചക്കറിക്കും, മരച്ചീനിക്കും വൻതോതിൽ കീടരോഗ ബാധ അനുദിനം വർദ്ധിച്ചുവരുന്നു.

10. ഉല്പാദനശേഷിയും രോഗപ്രതിരോധ ശക്തിയുമുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും വേണ്ടവിധം ലഭിക്കുന്നില്ല.

11. കാർഷികമേഖലയിലെ കാലോചിതമായ നൂതന സാങ്കേതിക മുറകളും കാർഷിക ഉപകരണങ്ങളും ഇന്നും സാധാരണ കർഷകന് ഒരു വിളിപ്പാടകലെയാണ്. വിവിധ വിളകളുടെ ഇനങ്ങളെയും, കൃഷിരീതികളേയും, കാർഷികരംഗത്തെ നൂതന പ്രവണതകളേയും സംബന്ധിച്ച് കർഷകർ അജ്ഞരാണ്.

12. കാർഷിക ആവശ്യത്തിനുള്ള ജലസേചന പമ്പുസെറ്റുകൾ വൈദ്യുതീകരിക്കുന്നതിനുള്ള കാലതാമസവും, ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കർഷകർ നേരിടേണ്ടിവരുന്ന ദുർഘടമായ നടപടിക്രമങ്ങളും വളരെയേറെയാണ്.

13. കൃഷി ഇടത്ത് ഇടവിളയായും വീട്ടുവളപ്പിലും പച്ചക്കറികൃഷിവേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

14. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വേണ്ടരീതിയിൽ വേണ്ട സമയത്ത് കുറഞ്ഞ പലിശക്ക് ധനസഹായം ലഭിക്കുന്നില്ല.

15. പ്രകൃതിക്ഷോഭം മൂലം നശിച്ചുപോകുന്ന വിളകൾക്ക് നഷ്ടപരിഹാരവും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം വളരെ വലുതാണ്.

16. കർഷകതൊഴിലാളികളുടെ കൂലീനിരക്ക് വളരെ കൂടുതലാണ്. കൂലി നിരക്ക് വളരെ ഉയർന്നതിനും പുറമെ സേവന മേന്മ വളരെ കുറഞ്ഞിട്ടും ഉണ്ട്.

17. കർഷക വൃത്തിക്കാവശ്യമായ കാർഷിക ഉപകരണങ്ങൾ, പണി ആയുധങ്ങൾ, നൂതന കാർഷിക യന്ത്രങ്ങൾ, ഇവ വാടകയ്ക്കു ലഭിക്കുന്നതിനുള്ള സംവിധാനമില്ലായ്മ.

18. അസംഘടിതവും അപര്യാപ്തവുമായ കാർഷിക വിജ്ഞാപനപ്രവർത്തനങ്ങൾ.

19. തേനീച്ചവളർത്തൽ, പുഷ്പകൃഷി, കൂൺ കൃഷി, മത്സ്യകൃഷി, പട്ടുനൂൽ പുഴു വളർത്തൽ തുടങ്ങിയ കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ ഇല്ലായ്മ.

20. കാർഷിക ഗവേഷണസ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ, സേവനങ്ങൾ, എന്നിവഫല പ്രദമായരീതിയിൽ യഥാസമയം കർഷകരിലെത്തിക്കുവാനുള്ള സംവിധാനങ്ങളുടെ കുറവ്.

# പരിഹാരങ്ങൾ, സാദ്ധ്യതകൾ

. നെൽകൃഷിക്കുള്ള ഉല്പാദന ബോണസ് ഹെക്ടറിന് 2500 രൂപയായി വർദ്ധിപ്പിക്കുക.

. ജലസേചന പ്രാധാന്യമുള്ള കുളങ്ങൾ എല്ലാം ജനപങ്കാളിത്തത്തോടെ നവീകരിക്കുകയും ചോർച്ച അടയ്ക്കുകയും സംരക്ഷിക്കാൻ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക. ജലസേചനത്തിന് പ്രധാന ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ച് പമ്പുസെററുകൾ സ്ഥാപിക്കുക.

. നെൽ വയലുകൾ നികത്തുന്നതിനും ദീർഘകാല കൃഷികൾക്കായി മാററുന്നത് നിയന്ത്രിക്കുന്നതിനും ബോധവത്ക്കരണവും വേണ്ട നിയമ നിർമ്മാണം വഴി നിലവിലുള്ള നിലം നികത്തുന്നത് തടയുന്നതിനും വേണ്ട കർശന നടപടികളുണ്ടാക്കണം.

കർഷക തൊഴിലാളികളുടെ കൂലി നിരക്ക് Minimum Wages Act ന് അനുസൃതമായി ഏകോപിപ്പിക്കുക.

. മണ്ണുപരിശോധനാ സൗകര്യം ഏർപ്പെടുത്തി ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വളപ്രയോഗരീതി നിർദ്ദേശിക്കണം.

. വിവിധ വിളകളുടെ പുതിയ വിത്തിനങ്ങളുടേയും ആധുനിക കൃഷി സമ്പ്രദായങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള പ്രദർശന തോട്ടങ്ങൾ ഓരോ വാർഡിലും സംഘടിപ്പിക്കുക.

വളങ്ങൾ. വിത്ത്, കീടനാശിനി ഇവ പ്രത്യേകിച്ച് ചെറുകിട നാമമാത്രമായ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുക. ജൈവവളം, മണ്ണിര, കമ്പോസ്റ്റ്, ജൈവ കീടനാശിനികൾ തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സൗജന്യമായിട്ട് ഈ ഉല്പാദനോപാധികൾ കൃഷിക്കാർക്ക് ലഭ്യമാക്കുക.

അധികം പ്രായം ചെന്നതും ഉല്പാദന ക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ വെട്ടി മാററുന്നതിന് ധനസഹായം നല്കുകയും അത്യുല്പാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകൾ സൗജന്യമായി ലഭ്യമാക്കുക.

രോഗപ്രതിരോധശേഷിയുള്ള അത്യുല്പാദന വിത്തിനങ്ങളുടെ ഗുണങ്ങൾ പ്രചരിപ്പിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.

. വിള ഇൻഷുറൻസ് പദ്ധതിയിൽ എല്ലാ വിളകളേയും ഉൾപ്പെടുത്തുകയും കർഷകരെ ബോധവാന്മാരാക്കുകയും അവരെ അംഗങ്ങളായി ചേർക്കേണ്ടതുമാണ്. പ്രകൃതിക്ഷോഭം മൂലം നശിക്കുന്ന വിളകൾക്കുള്ള ഇൻഷുറൻസ് തുക വർദ്ധിപ്പിക്കുകയും വ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും അതു ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും അത് യഥാസമയം കൃഷിക്കാർക്ക് എത്തിക്കുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

11. മുഴുവൻ വീടുകളിലും ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് വേണ്ട വിത്തും വളവും സാങ്കേതിക ഉപദേശവും വാർഡ് കർഷക സമിതികൾ മുഖേന സൗജന്യമായി നല്കുക.

12. വായ്പാസൗകര്യങ്ങൾ ഉദാരമാക്കണം. കാർഷിക മേഖലയെ മാത്രം കേന്ദ്രീകരിച്ചുള്ള സഹകരണ സ്ഥാപനം സ്ഥാപിക്കുകയും എല്ലാ കൃഷിക്കാരെയും അംഗങ്ങളായി ചേർക്കുകയും വേണം. കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനി, ധനസഹായം മുതലായവ ഈ കേന്ദ്രം വഴി നല്കുകയും കാർഷികേതര ഉപകരണങ്ങൾ, പണിയായുധങ്ങൾ നൂതന കാർഷിക യന്ത്രങ്ങൾ ഈ കേന്ദ്രം വഴി കൃഷിക്കാരന് കുറഞ്ഞ വാടകയ്ക്ക് നല്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണം.

13. വിവിധ ഇനം വിളകളുടെ അത്യുല്പാദന ശേഷിയുള്ള പുതിയ ഇനം സങ്കര വിത്തിനങ്ങളും, നടീൽ വസ്തുക്കളും ഉല്പാദിപ്പിക്കുന്നതിലേക്കായി ഒരു മാതൃക നേഴ്സറി ഈ പഞ്ചായത്തിൽ സ്ഥാപിക്കുകയും അതിലേക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തന്നതിനായി വേണ്ട ധനസഹായവും നൽകേണ്ടതാണ്.

14. വൈദ്യുതി കണക്ഷൻ വ്യവസ്ഥകൾ ഉദാരമാക്കുകയും, യഥാസമയം കൃഷിക്കാരന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും, സ്ഥിരവോൾട്ടേജ് ഉറപ്പുവരുത്തുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

15. കാർഷിക ഉല്പന്നങ്ങൾ കൃഷിക്കാരിൽ നിന്നും ന്യായമായവില നല്കി സംഭരിക്കാനും അവ വേണ്ടുംവിധം സംസ്കരണം ചെയ്യുവാനും, വിപണനം നടത്താനുമായി ഒരു കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ടതും അതിൽ കൃഷിക്കാരെ എല്ലാം അംഗങ്ങളായി ചേർക്കേണ്ടതുമാണ്.

16. ഭൂപ്രകൃതി അനുസരിച്ചും മണ്ണ്, ജലം സംരക്ഷിക്കുന്നതിനുള്ള നീരൊഴുക്ക് സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും, വിവിധയിനം വിളകൾക്കും ഉള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

17. വിവിധയിനം കാർഷിക വിളകളെ പ്രതിനിധീകരിച്ചുള്ള കർഷകരെ ഉൾപ്പെടുത്തി വാർഡുതല കർഷക സമിതികൾ രൂപീകരിക്കുക, സന്നദ്ധ-കലാ-കായിക സംഘടനകൾ, മഹിളാ സംഘടനകൾ എന്നിവയുടെ നിലവിലുള്ള സാമ്പ്രദായിക പ്രവർത്തന പരിപാടികളിൽ നിന്നും ഉല്പാദനരംഗത്തേക്ക് കൂട്ടിക്കൊണ്ടുവരേണ്ടതുണ്ട്.

18. കാർഷികമേഖലയിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനും, കാർഷികവൃത്തിയിലേക്ക് യുവതലമുറയിൽ അഭിരുചി വളർത്തുന്നതിനും, സ്കൂളുകളെ കേന്ദ്രീകരിച്ച് കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുകയും, കൃഷിതോട്ടങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നത് അഭികാമ്യമാണ്. ഇതിന്റെ ഭാഗമായി സ്കൂൾ കാർഷികമേളകൾ സംഘടിപ്പിക്കുകയും, 'Study tour' കൾ നടത്തുകയും, പരിശീലന പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുന്നത് ഉത്തമമായിരിക്കും.

19. കൂൺകൃഷി, പട്ടുനൂൽപുഴുവളർത്തൽ, തേനീച്ച വളർത്തൽ, ഔഷധ സസ്യകൃഷി, പുഷ്പകൃഷി തുടങ്ങിയ നൂതന കൃഷിരീതികൾ നടപ്പിലാക്കുക.

20. കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ, സേവനങ്ങൾ എന്നിവ ഫലപ്രദമായ രീതികൾ കർഷകരിലെത്തിക്കുവാൻവേണ്ടികൃഷി Departmentന്റെയും കാർഷിക സർവ്വകലാശാലകളിലേയും, മററു ഗവേഷണ സ്ഥാപനങ്ങളുടേയും സാങ്കേതിക വൈദഗ്ദ്യം സിദ്ധിച്ചിട്ടുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കർഷക സെമിനാറുകളും, ശില്പശാലകളും, ചർച്ചാ ക്ലാസുകളും, കർഷകമേളകളും സംഘടിപ്പിക്കേണ്ടതാണ്. ഓരോ വാർഡിലും വിവിധ വിളകൾ കൃഷിചെയ്യുന്ന കർഷകരെ അതിന്റെ നൂതന സാങ്കേതിക വശങ്ങളിലെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പിന്റേയും സർവ്വകലാശാലയുടേയും മററ് ഗവേഷണ കേന്ദ്രങ്ങളുടേയും പരിശീലന കേന്ദ്രങ്ങളിലേയ്ക്ക് അയച്ച് പരിശീലിപ്പിക്കുന്നത് അഭികാമ്യമാണ്.

21. മാതൃകാ കൃഷിതോട്ടങ്ങൾക്ക് പഞ്ചായത്ത്/വാർഡുതലത്തിൽ അർഹമായ അംഗീകാരവും മികച്ച കർഷകർക്കും/കർഷക തൊഴിലാളികൾക്കും പ്രോത്സാഹനവും അംഗീകാരവും എല്ലാവർഷവും നല്കണം.

ചുരുക്കത്തിൽ ഒരു കാർഷിക-ഭക്ഷ്യ-തൊഴിൽ സംസ്കാരം വാർത്തെടുക്കുന്നതിനും അതിനായി മററ് മേഖലകളുമായി ബന്ധപ്പെടുത്തി സമഗ്രമായൊരു കാർഷിക പരിപാടി പഞ്ചായത്തുതലത്തിൽ ആവിഷ്കരിക്കുകയും വേണം.

# മൃഗസംരക്ഷണം

കഴിഞ്ഞ മൂന്നു ദശാബ്ദകാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണമേഖല തനതായ സംഭാവനകൾ നല്കിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും വ്യവസായ സംരംഭങ്ങളുടെ മുരടിപ്പുമൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്.

സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. വികസനമെന്നത്. ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണമേഖലയുടെ ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്നുള്ളത് തർക്കമററ വസ്തുതയാണ്. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്ത് മൃഗസംരക്ഷണ രംഗത്ത് കുററമററ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മ വർദ്ധനവും ഉൽപാദനക്ഷമത വർദ്ധനവും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

1960 കളുടെ മധ്യത്തിൽ മൊത്തം പാൽ ഉൽപാദനം ഏതാണ്ട് 2 ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 12 ലക്ഷം ടണ്ണിലേറെ വർദ്ധിച്ചിരിക്കുന്നു. ഇതിൽ ശ്രദ്ധിക്കേണ്ട വസ്തുത നാടൻ പശുക്കളിൽ നിന്നുള്ള ഉൽപാദനം 3[illegible] ശതമാനം മാത്രം കൂടിയപ്പോൾ ഈ കാലയളവിൽ സങ്കരയിനംപശുക്കളിൽ നിന്നുള്ള ഉൽപാദനം 80 ശതമാനംവരെ ഉയരുകയുണ്ടായി എന്നുള്ളതാണ്. ചുരുക്കത്തിൽ ഒറ്റ നോട്ടത്തിൽ ഗംഭീരമെന്ന് തോന്നാവുന്ന ഒരുപാട് നേട്ടങ്ങൾ കേരളത്തിലെ മൃഗസംരക്ഷണ, ക്ഷീര ഉൽപാദന മേഖലകൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ ഈ നേട്ടങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിലേക്ക് എത്രത്തോളം എത്തിച്ചേർന്നിട്ടുണ്ട് എന്ന കാര്യം സൂക്ഷ്മമായി പരിശോധിക്കപ്പെടേണ്ടതാണ്. ഇനിയും വളരെയധികം വികസനം നേടേണ്ടിയിരിക്കുന്ന ഈ മേഖലയുടെ സാദ്ധ്യതകൾ ഏറെയാണ്.

1. പാൽ, മുട്ട, മാംസം എന്നീ പോഷകാഹാരങ്ങളുടെ സ്രോതസാണ് ഈ മേഖല.

2. വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ കൊഴുപ്പ് എന്നിവയുടെ സ്രോതസ്.

3. ഔഷധ വ്യവസായത്തിനുള്ള ഹോർമോൺ, വാക്സിൻ എൻസൈമുകൾ മുതലായവയുടെ.

4. പല മരുന്നുകളും ആദ്യമായി പരീക്ഷിക്കപ്പെടുന്നതും മൃഗങ്ങളിലാണ്.

5. പരസ്പരപൂരകങ്ങളായ സസ്യജന്തുലോകങ്ങളുടെ സംയോജിത കൃഷി - ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തിയുടെ ഉറവിടം

6. ഊർജസ്രോതസ് (Biogas)

7. പേവിഷനിയന്ത്രണം, മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോൽപാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധിയായ സേവനങ്ങൾ.

8 തൊഴിൽ സാദ്ധ്യത, ദേശീയവരുമാനവർദ്ധനവ്.

9. കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലായതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണസമ്പദ്ഘടന ശക്തമാക്കും.

10. ഈ മേഖലയിൽ 60 ശതമാനം അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു.

## A. വിളവൂർക്കൽ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

പണ്ടുകാലത്ത് ഉൽപാദനക്ഷമത കുറഞ്ഞ കറവമാടുകളിൽ നിന്നും വളരെ ചെറിയ പാത്രങ്ങളിൽ പാൽ കറന്നെടുത്ത അനുഭവമാണ് നമുക്കുള്ളത്. കുളമ്പുരോഗം, അടപ്പൻ, കുരലടപ്പൻ തുടങ്ങിയ അസുഖങ്ങൾ വന്ന് കാലികൾ ചത്തൊടുങ്ങിയിരുന്നു. എന്തിനും നാട്ടുചികിത്സയും ശരിയായ പരിജ്ഞാനമില്ലാത്തവരുടെ സഹായവുമാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്.

ഇന്ന് ആ സ്ഥിതി പാടെ മാറി. കൃത്രിമ ബീജസങ്കലനം, അത്യുൽപാദനശേഷിയുള്ളപശുക്കൾ, ആധുനിക ചികിൽസാ സമ്പ്രദായങ്ങൾ എല്ലാം നിലവിൽ വന്നു.

1996 ലെ സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ കന്നുകാലികളുടെ വിവരങ്ങൾ.
24, 25, 26 എന്നീ പേജുകളിൽ വിവരിക്കുന്ന പ്രകാരമാണ്.

## B. വിളവൂർക്കൽ പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായ മൃഗാശുപത്രി 1996 മാർച്ച് മാസം 19-ാം തീയതി ഉദ്ഘാടനം ചെയ്തു പ്രവർത്തനമാരംഭിച്ചു. ഒരു വെറ്ററിനറി സർജൻ, ഒരു ലൈവ്സ്റ്റോക് ഇൻസ്പെക്ടർ, ഒരു അറ്റൻറൻറ് ഒരു പാർട്ട്ടൈം സ്വീപ്പർ എന്നിങ്ങനെ നാല് തസ്തികകളാണുള്ളത്.

മൃഗാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത് ഒരു വാടകക്കെട്ടിടത്തിലാണ്. വെള്ളം, കറൻറ് തുടങ്ങിയ അത്യാവശ്യ സൗകര്യങ്ങൾ ഇപ്പോഴുണ്ട്. നമ്മുടെ മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉടനടി അനുവദിക്കപ്പെടേണ്ടതാണ്. കൂടാതെ വാക്സിനുകളും മററും സൂക്ഷിക്കുന്നതിന് ഒരു റെഫ്രിജറേറ്റർ അത്യാവശ്യമാണ്. ഇവിടെ ഇപ്പോൾ ലബോറട്ടറി സൗകര്യങ്ങൾ ഒന്നും ഇല്ല. ഒരു മൈക്രോ സ്കോപ്പ്, ഗ്ലാസ് സ്ലൈഡ്സ്, റീ ഏജൻററുകൾ ഇവ ലഭ്യമാക്കുക വഴി രക്തം, പാൽ, മൂത്രം, ചാണകം ഇവ ഇവിടെത്തന്നെ പരിശോധിച്ച് വേണ്ട ചികിൽസാവിധികൾ നിശ്ചയിക്കാവുന്നതാണ്. മേൽപറഞ്ഞ കാര്യങ്ങൾക്ക് ഇപ്പോൾ ജില്ലാ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. കൂടാതെ പട്ടി, ആട് തുടങ്ങിയവക്ക് ഓപ്പറേഷനുവേണ്ടി ഒരു ഓപ്പറേഷൻ ടേബിൾ, കന്നുകാലികളെ നിർത്തി പരിശോധിക്കുന്നതിന് ഒരു ട്രെവിസ്, ഫോൺ, വാഹന സൗകര്യം ഇവ ഏർപ്പെടുത്തേണ്ടത് നമ്മുടെ സേവനമേഖലയെ മെച്ചപ്പെടുത്താൻ അവശ്യം അവശ്യമാണ്. കണുകാലികളിൽ കൃത്രിമബീജസങ്കലനം നടത്തുന്നതിനുള്ള സൗകര്യം ഇപ്പോൾ ഇവിടെ ഇല്ല. ഇത് എത്രയും പെട്ടെന്ന് ഏർപ്പെടുത്തേണ്ടതാണ്.

കൂടാതെ ആശുപത്രിയിൽ ലഭിക്കുന്ന മരുന്നുകൾ ആവശ്യത്തിന് തികയാറില്ല. ആൻറിബയോട്ടിക്കുകൾ തുടങ്ങിയ അത്യാവശ്യമരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ഉണ്ടെങ്കിലും കന്നുകാലിരോഗ ചികിൽസ, വാക്സിന്റെ ലഭ്യതയനുസരിച്ച് കോഴിക്ക് കുത്തിവയ്പ്, പേവിഷത്തിനെതിരായ കുത്തിവയ്പ് ഇവ മൃഗാശുപത്രി വഴി ചെയ്തുകൊടുക്കുന്നു.

നമ്മുടെ മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നൂതന വിദ്യകൾ പ്രയോഗിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് പ്രവർത്തിക്കുക്കണം. പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായുള്ള സമിതിയിൽ മൃഗസംരക്ഷണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കർഷകർ, ജനപ്രതിനിധികൾ സന്നദ്ധസംഘടനകൾ ബാങ്കുകൾ, മററു ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയെ ഉൾപ്പെടുത്താം.

മൃഗാശുപത്രി കൂടാതെ 1986 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു ഉപകേന്ദ്രവും ഈ പഞ്ചായത്തിലുണ്ട്. ഇതിനും സ്വന്തമായി ഒരു കെട്ടിടമില്ല. ഈ കേന്ദ്രത്തിൽ നിന്നും കന്നുകാലികൾക്ക് കൃത്രിമ ബീജസങ്കലനം നടത്തിക്കൊടുക്കുന്നു. ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറാണ് ഇവിടെയുള്ളത്.

ഈ ബ്ലോക്കിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി ആവശ്യമാണ്.

## വളർത്തു മൃഗസംഖ്യ

| വാർഡ് നമ്പർ | കാളനാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | | | | 11 | | | 106 | 51 | 30 | 17 | 7 | 218 | 292 | |
| II | | 2 | | 26 | 3 | 4 | 155 | 41 | 8 | 53 | | 225 | 145 | |
| III | | | | 12 | | | 106 | 108 | 6 | 54 | | 248 | 107 | |
| IV | | | | 22 | | | 144 | 70 | 7 | 2 | | 145 | 383 | |
| V | | | | 10 | | | 117 | 61 | 10 | 3 | 1 | 308 | 92 | |
| VI | | | | | | | 91 | 19 | | | | 243 | 408 | |
| VII | | | | | | | 26 | 20 | | | | 105 | 73 | |
| VIII | | | | 4 | | | 87 | 73 | 10 | 7 | | 124 | 294 | |
| IX | | | | 59 | | | 175 | 171 | 29 | 17 | 4 | 257 | 371 | |
| X | | | | | 17 | 23 | 122 | 19 | | 4 | | 156 | 106 | |

## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മററുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| I | 277 | 898 | 1582 | | | |
| II | 226 | 580 | 1137 | | | |
| III | 501 | 1020 | 92 | 12 | 23 | 38 |
| IV | 596 | 1728 | 408 | | | |
| V | 655 | 2468 | 455 | | | |
| VI | 165 | 1909 | 227 | | | |
| VII | 255 | 1954 | 179 | | | |
| VIII | 91 | 1383 | 298 | | | |
| IX | 373 | 1595 | 545 | 2 | 3 | |
| X | 338 | 601 | 325 | | 56 | 30 |

## 4.3 രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മററുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ<br>Digestive disorders | 52 | 3 | 66 | | 13 | 20 | | | | |
| 2 | ശ്വാസകോശസംബന്ധം<br>Respiratory diseases | 5 | | 3 | | 5 | 18 | | | | |
| 3 | ഉപാപചയ സംബന്ധം<br>Metabolic diseases | 3 | | | | | | | | | |
| 4 | ത്വക് രോഗങ്ങൾ<br>Skin diseases | 22 | 1 | 3 | | 3 | | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | | | | | | 1 | | | | |
| 6 | പരാദരോഗങ്ങൾ<br>Parasitic diseases | 81 | 2 | 14 | | 18 | 9 | | | | |
| 7 | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological disorders | 4 | | 2 | | 1 | | | | | |
| 8 | വന്ധ്യത<br>Infertility | | | | | | | | | | |
| 9 | അകിടുവീക്കം<br>Mastitis | 9 | | 3 | | | | | | | |
| 10 | മുടന്തൻ പനി<br>Ephemeral Fever | 25 | | 2 | | | | | | | |
| 11 | പകർച്ച വ്യാധികൾ<br>Contagion diseases | | | | | | | | | | |
| 12 | Other condition | 106 | 12 | 20 | 2 | 1 | 88 | | | | |

## വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്

### 4.4 പേവിഷബാധ - പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മററുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം | | | | 88 | | |
| കടിയേററതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | | | | 1 | | |

## വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

### 4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീ സങ്കലനം വേണ്ടിവന്ന |
|---|---|---|---|
| പശു<br>കിടാരി | 1809 | 549 | 15 |
| എരുമ | 257 | 66 | 3 |

## പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പാക്കിയ പദ്ധതികൾ

### 1. SLBP

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി അനുസരിച്ച് വിളവൂർക്കൽ സൊസൈററി വഴി 35 കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീററ കൊടുക്കുന്നു. കൂടാതെ ഇവക്ക് മരുന്ന്, ഇൻഷ്വറൻസ് പരിരക്ഷ ഇവയുണ്ട്.

### 2. പേവിഷ നിയന്ത്രണപദ്ധതി

വിളവൂർക്കൽ മൃഗാശുപത്രി വഴി 89 നായ്ക്കളെ പേവിഷബാധയ്ക്കെതിരായ കുത്തിവയ്പിന് വിധേയമാക്കിയിട്ടുണ്ട്. അതിനാവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഒരു കുത്തിവയ്പിന് 11/ രൂപ എന്ന സൗജന്യ നിരക്കിലാണ് നൽകിയിട്ടുള്ളത്.

## പാൽ ഉൽപാദന രംഗം

വിളവൂർക്കൽ പഞ്ചായത്തിൽ പാൽ ഉൽപാദനത്തിനും വിപണനത്തിനും ഏററവും ഉപകരിക്കുന്ന മൂന്നു സൊസൈററികളാണ് വിളവൂർക്കൽ പുതുവീട്ടുമേലെ, പേയാട് ഇവ. വിളവൂർക്കൽ, സൊസൈററിയിൽ ദിവസം 150 ലിറ്ററും പുതുവീട്ടുമേലെ 110 ലിറ്ററും പേയാട് 400 ലിറ്ററും പാൽ സംഭരിക്കുന്നു. കൊഴുപ്പിൻെറ അളവനുസരിച്ച് ഉൽപാദകന് വില നൽകുകയാണ് ചെയ്യുന്നത്. ഇതു കൂടാതെ ഇവിടെ നിന്നും സമീപ പഞ്ചായത്തുകളായ മലയിൻകീഴ് വിളപ്പിൽ എന്നിവിടങ്ങളിലെ സൊസൈറ്റികളിൽ പാൽ നല്കാറുണ്ട്. മൊത്തം പാൽ ഉൽപാദനത്തിൻെറ ഏകദേശം 30-50 ശതമാനം വരെ അടുത്ത വീടുകളിലും ഹോട്ടലുകളിലും വിൽക്കുന്നു. സ്വന്തം ആവശ്യത്തിനായി ഉൽപാദകരുടെ വീടുകളിൽ ഉപയോഗിക്കുന്ന പാൽ ഏകദേശം 10-20 ശതമാനം വരെ വരും. ഇതു വച്ച് പഞ്ചായത്തിലെ മൊത്തം പാൽ ഉൽപാദനം 5,28, 120 ലിററാണ് ഒരുവർഷം. ഇതിൻെറ മൂല്യം ലിറ്ററിന് 11 രൂപ വച്ച് 58,09,320/- രൂപയാണ്.

ഗുണനിലവാരമുള്ള തീററയുടെ ദൗർലഭ്യം. അനിയന്ത്രിതമായ വില, ഗുണനിലവാര നിർണ്ണയ ലബോറട്ടറികളുടെ അഭാവം ഇവ ഈ രംഗത്ത് കർഷകൻ നേരിടുന്ന കനത്ത വെല്ലുവിളികളാണ്. ഇതുമൂലം ഉൽപാദകന് കിട്ടുന്ന പാൽ വില ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക പാൽ ലഭ്യമല്ല.

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീററ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക വഴി ഉൽപാദനരംഗത്ത് വരുന്ന ചിലവിനെ കുറയ്ക്കാനും അതുവഴി ആദായം കൂട്ടാനും ഉപകരിക്കും.

ഈ രംഗത്തെ വികസനത്തിന് ചെറുകിട നാമമാത്ര കർഷകരെയും കർഷകത്തൊഴിലാളികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുക, കാലിവളർത്തൽ മുഖ്യ തൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോൽസാഹനം നൽകുക, വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിക്കുക ഇവ ലക്ഷ്യമാക്കി.

a മിനി ഡയറി യൂണിററുകൾ മൂന്നു പശുക്കൾ അടങ്ങിയ ഒരു യൂണിററ്

b കന്നുകുട്ടി പരിപാലന പരിപാടി

ഈ പരിപാടിയുടെ പ്രയോജനം ഒരു വിഭാഗം കർഷകർക്ക് മാത്രമെ ഇപ്പോൾ ലഭ്യമാകുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളെയും (4 മുതൽ 32 മാസംവരെ പ്രായമുള്ളവയെ) 2 മുതൽ 42 മാസംവരെ എല്ലാ എരുമക്കുട്ടികളെയും ഉൾപ്പെടുത്തി സൗജന്യ നിരക്കിൽ കാലിത്തീററമരുന്ന്, ഇൻഷ്വറൻസ് സൗകര്യം ഇവ നല്കണം.

## മാംസ ഉൽപാദന രംഗം

ഈ പഞ്ചായത്തിൽ ഒരു അംഗീകൃത അറവുശാലയില്ല. പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ മാടുകളെ അറവു നടത്തുന്നുണ്ട്.

വിളവൂർക്കൽ - എല്ലാ ഞായറാഴ്ചയും ഓരോ കാളവീതം<br>
വിഴവൂർ - ,, ,, ,,<br>
പൊറ്റയിൽ - ,, ,, ,, ,,<br>
പേയാട് - ,, ,, ,, ,,<br>
പേയാട് - എല്ലാ ദിവസവും ഒരോ കാള വീതം "

ഇതനുസരിച്ച് ശരാശരി വർഷം 550-575 കാളകൾ കശാപ്പു ചെയ്യപ്പെടുന്നു. ലഭിക്കുന്ന മാംസത്തിൻെറ അളവ് 575,00 kg ഉം ഇതിൻെറ മൂല്യം 23,00, 000/-രൂപയുമാണ്.

മാംസ വില്പനശാലകളുടെ അവസ്ഥ ദയനീയമാണ്. തുറസായ സ്ഥലത്ത് വൃത്തിഹീനമായ സാഹചര്യങ്ങളിൽ വയസായതും രോഗം ബാധിച്ചതുമായ കാലികളെ അറവുനടത്തി മാംസം വിപണനം നടത്തുന്നു. സാധാരണഗതിയിൽ ഈ അറവുമാടുകളിൻ 80-90 ശതമാനം പുറത്തുനിന്നും വരുന്നു. അതിൽ നല്ലൊരു പങ്കും രോഗബാധിതരും. ഇതുമൂലം നമ്മുക്കുണ്ടാകുന്ന നഷ്ടത്തെപ്പററി ചിന്തിച്ചിട്ടുണ്ടോ?

ഇതിന് പരിഹാരമായി ആദ്യം തന്നെ ശാസ്ത്രീയമായ അറവുശാലകൾ ബ്ലോക്ക് തലത്തിൽ സ്ഥാപിക്കേണ്ടതാണ്. വെററിനറി ഡോക്ടർ പരിശോധന നടത്തിയ രോഗവിമുക്തമായ കാലികളെ കശാപ്പു ചെയ്തു പഞ്ചായത്തു മാംസ വില്പന കേന്ദ്രങ്ങളിൽ എത്തിയ്ക്കേണ്ടതാണ്.

മാംസോൽപാദന രംഗത്ത് നമ്മുടെ പഞ്ചായത്തിനെ ഒരു പരിധിവരെയെങ്കിലും സ്വയംപര്യാപ്തമാക്കുവാൻ താഴെ പറയുന്ന പദ്ധതികളെ പ്രയോജനപ്പെടുത്താവുന്നതാണ്.

## 1. ആടുവളർത്തൽ

ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം രണ്ടായിരത്തോളം ആടുകളെ വിളവൂർക്കൽ പഞ്ചായത്തിൽ വളർത്തുന്നു. അതായത് ആടുവളർത്തലിന് ഏറെ സാദ്ധ്യതയുള്ള പ്രദേശമാണിവിടം. നല്ലയിനം ആട്ടിൻ കുട്ടികൾ ലഭ്യമല്ല. അതുപോലെ പച്ചിലത്തീററയുടെ ദൗർലഭ്യവും പോരായ്മയാണ്. ആട്ടിൻ കുട്ടികളെ ലഭ്യമാക്കുകയും പ്ലാവ്, സുബാബുൾ തുടങ്ങിയ ഇവയ്ക്ക് വേണ്ട പച്ചിലത്തീററ കൃഷി വ്യാപകമാക്കുകയും വേണം. വീട്ടമ്മമാരുടെയും കുട്ടികളുടെയും അദ്ധ്വാനശേഷി ഉപയോഗപ്പെടുത്തി കുറഞ്ഞ മൂലധന മുടക്കിൽ ചെയ്യാമെന്നുള്ളത് അനുകൂലമായ സാഹചര്യമാണ്.

## 2. മൂരികുട്ടി/പോത്തിൻകുട്ടി വളർത്തൽ

ഇവയെ വളർത്താൻ താൽപര്യമുള്ളവരുണ്ടെങ്കിൽ 2-3 മാസം പ്രായമായ കുട്ടികളെ സൊസൈററികൾ വഴി തിരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കാം. ഇവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയാൽ കർഷകർക്ക് ഉപകാരപ്രദമായിരിക്കും.

3 പന്നി, മുയൽ, കാട, ടർക്കി, താറാവ് ഇവ വളർത്താൻ താൽപര്യമുള്ളവർക്ക് ആവശ്യമായ മേൽത്തരം കുഞ്ഞുങ്ങളെ ലഭ്യമാക്കി അവയുടെ ശാസ്ത്രീയമായ പരിചരണത്തിന് പരിശീലനം നൽകണം. കൂടാതെ ഇവയുടെ മാംസം കൂടുതൽ വിപണന സാദ്ധ്യതയുള്ള നഗരപ്രദേശങ്ങളിൽ വിററഴിക്കുന്നതിന് സാഹചര്യം ഒരുക്കിക്കൊടുക്കണം.

4. വിളവൂർക്കൽ പഞ്ചായത്തിൽ ഒരു മാംസോൽപാദക സഹകരണസംഘം സ്ഥാപിക്കുകയും സംഘം വഴി, ശാസ്ത്രീയമായി അറവു ചെയ്ത, അതായത് മുൻപിൻ മാംസ പരിശോധന നടത്തി വൃത്തിയുള്ളതും രോഗവിമുക്തവുമെന്ന് ഉറപ്പാക്കിയ മാംസം ജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം. 3-4 വില്പന ശാലകൾ പഞ്ചായത്തിൽ ആരംഭിക്കണം.

5. മാംസോൽപാദനം, സംസ്കരണം, വിപണനം ഇവയിൽ തൽപരരായവരെ കണ്ടെത്തി അവർക്ക് ആവശ്യമായ ധനസഹായം, പരിശീലനം ഇവ നൽകണം.

## G. കാലിത്തീററ ഉൽപാദന രംഗം

ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം കന്നുകാലികൾ ശാസ്ത്രീയമായ പരിപാലനവും പോഷക സമൃദ്ധമായ തീററയും ആവശ്യപ്പെടുന്നു. പോഷകസമൃദ്ധമായ കാലിത്തീററ ചെലവേറിയതാണ് എന്നുള്ളതിനാൽ സാധാരണക്കാരന് അപ്രാപ്യമാണ്. വിളവൂർക്കൽ സൊസൈററിയിൽ നിന്നും ഉദ്ദേശം 50 ചാക്ക് (50×50kg) പുതുവീട്ടുമേലെ 30 ബാഗ്, പേയാട് സംഘത്തിൽ നിന്നും 90ബാഗ് വീതം കാലിത്തീററശരാശരിഒരുമാസം ചിലവാകുന്നു. ഇതുകൂടാതെ മററു വില്പനക്കാരിൽ നിന്നും ആളുകൾ തീററ വാങ്ങുന്നു. അതും താങ്ങാവുന്നതിലും വലിയ വില കൊടുത്ത്. ഇതിന് എന്താണ് ഒരു പരിഹാരം?

1. പഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, തെങ്ങിൻ തോപ്പുകൾ, വഴിയോരങ്ങൾ, ഓഫീസ്, സ്കൂൾ വളപ്പിലെ സ്ഥലങ്ങൾ ഇവയിൽ തീററപുൽ കൃഷി നടപ്പാക്കണം. ഗുണമേന്മയുള്ള പുൽവിത്ത് ഇതിലേക്ക് സൗജന്യമായി നൽകണം.

2. പഞ്ചായത്തിൻെറ നെൽകൃഷി പ്രോൽസാഹിപ്പിക്കണം. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന വൈക്കോൽ ഇവിടെത്തന്നെ ലഭ്യമാക്കണം.

3. ബ്ലോക്ക് തലത്തിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് കാലിത്തീററ മിശ്രണ യൂണിററുകൾ ആരംഭിക്കണം. നമ്മുടെ ഗ്രാമത്തിൽ ലഭ്യമായ കപ്പ, പിണ്ണാക്ക്, പുളികുരു ഇവയും ഇനിയും വേണ്ട അസംസ്കൃത വസ്തുക്കൾ ഉൽപാദകരിൽ നിന്നു നേരിട്ട് വാങ്ങിയും തീററ ഉണ്ടാക്കിയാൽ (ഇടനിലക്കാരെ ഒഴിവാക്കി) മാർക്കററിൽ ലഭ്യമായതിനേക്കാൾ കുറഞ്ഞവിലക്ക് കൂടുതൽ പോഷക ഗുണമുള്ള തീററ ഉൽപാദിപ്പിക്കുവാൻ കഴിയും. അതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

4. കൂട്ടായ്മയിലൂടെ തീററപുൽകൃഷി നടത്തി ഒരു നിശ്ചിത വിലയ്ക്ക് വിൽക്കാവുന്നതാണ്.

5. ഈ രംഗത്തു വരാൻ താൽപര്യമുള്ളവർക്ക് ആവശ്യമായ പരിശീലനം നല്കണം.

## H. ബ്രോയിലർ കോഴി വളർത്തൽ

പ്രത്യേക പ്രജനന പ്രക്രിയകൾ വഴി മാംസോൽപാദനത്തിന് വേണ്ടി മാത്രം വികസിപ്പിച്ചെടുത്ത വർഗ്ഗത്തെയാണ് ബ്രോയിലർ കോഴികൾ എന്ന് പറയുന്നത്. ഈ പഞ്ചായത്തിൽ 2 ബ്രോയിലർ യൂണിററുകൾ പ്രവർത്തിച്ചുവരുന്നു. 50-60 ദിവസത്തിൽ ഒരിക്കൽ 2×250=500 കോഴികൾ ഉൽപാദിക്കപ്പെടുകയും ഭൂരിഭാഗവും പഞ്ചായത്തിന് വെളിയിൽ വിററഴിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ ഈ പഞ്ചായത്തിലെ മുട്ടയുൽപാദനത്തിനുള്ള കോഴികളിൽ 20 ശതമാനവും പൂവൻ കോഴികൾ ഏകദേശം 100 ശതമാനവും മാംസാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നു. അതായത് 12,502kg കോഴി മാംസം ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നു.

ഇറച്ചിക്കോഴി വളർത്തലിന് തയ്യാറുള്ളനിരവധിപേർ ഈ പഞ്ചായത്തിലുണ്ട്. ഈ മേഖല തികച്ചും അസംഘടിതമാണ്. തീററയുടെയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതമായ വിലയും ഇടത്തട്ടുകാരുടെ ചൂഷണവും മുഖ്യപ്രശ്നങ്ങളാണ്. ഇത് ഒരു പരിധിവരെ ഒഴിവാക്കാൻ ഈ രംഗത്ത് താൽപര്യമുള്ളവർ ചേർന്ന് പഞ്ചായത്തിൽ സഹകരണസംഘം സ്ഥാപിച്ച് അതിൽകൂടി നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും തീററയും ലഭ്യമാക്കണം. കൂടാതെ ഈ സൊസൈററി വഴി മാംസവിപണനത്തിനുള്ള സൗകര്യങ്ങൾ ചെയ്യണം. വിപണനകേന്ദ്രങ്ങൾ രണ്ടോ മൂന്നോ ആരംഭിക്കുക. തൽപരരായവർക്ക് പരിശീലനംനല്കുക

## I മുട്ടയുൽപാദന രംഗം.

വിളവൂർക്കൽ പഞ്ചായത്തിൽ ഉദ്ദേശം 10297 നാടൻ പിടക്കോഴികളും 7254 സങ്കരയിനം പിടക്കോഴികളും വളർത്തപ്പെടുന്നു. ഈ കിട്ടുന്ന മുട്ടയിൽ ഭൂരിഭാഗവും വീടുകളിൽ ഉപയോഗിക്കുന്നു (30,8910 നാടൻ 725400 സങ്കരയിനം)

ഇറച്ചിക്കോഴിയുടെ കാര്യത്തിലെന്നതുപോലെമുട്ടവിപണിയും പുറമെനിന്നുള്ള ഇറക്കുമതിയെ ആശ്രയിച്ചാണിരിക്കുന്നത്. ഈ രംഗത്തും സ്വയം പര്യാപ്തരാകുവാൻ നാം ശ്രമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇവിടെയും സഹകരണ സംഘങ്ങളെ പ്രയോജനപ്പെടുത്താം. മുട്ടയുൽപാദനം കൂടുന്നതിന് നടപ്പാക്കാവുന്ന പദ്ധതി.

### 1. എഗ്ഗർനേഴ്സി

ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ശാസ്ത്രീയമായ രീതിയിൽ 60 ദിവസംവരെ വളർത്തി വിപണനത്തിന് തയ്യാറാക്കുന്നു. ഇതിലേക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇവ ലഭ്യമാക്കണം. ഈ പദ്ധതി മറ്റു മുട്ടക്കോഴി വളർത്തൽ പദ്ധതികളുമായി ബന്ധിപ്പിച്ച് പ്രവർത്തിക്കണം. തൽപരരായവർക്ക് പരിശീലനം നല്കണം.

### 2. അടുക്കള മുററത്തെ കോഴിവളർത്തൽ

വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നു. ഭക്ഷണത്തിൽ മാംസത്തിന്റെ തോത് ഉയർത്തുന്നു. വീട്ടമ്മമാർക്ക് വരുമാനമാർഗ്ഗം ലഭിക്കുന്നു. 45-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ആവശ്യക്കാർക്ക് ലഭ്യമാക്കണം. 1000 യൂണിററ് കുറഞ്ഞത് സ്ഥാപിക്കണം, ഒരു യൂണിററ് (5 കോഴിക്കുഞ്ഞ്.)

### 3. സ്കൂൾ പൗൾട്രി ക്ലബ്ബ്

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. 5 രൂപ അംഗത്വഫീസ് നൽകി അംഗമാകുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തി 60 ദിവസം പ്രായമായ 3 കോഴികുഞ്ഞുങ്ങളെ വീതം സൗജന്യമായി നൽകണം.

## J അറവുശാല ഉപോൽപന്ന സംസ്കരണം

ഇറച്ചിക്കുവേണ്ടി അറവുനടത്തുന്ന ആടുമാടുകളുടെ തുകൽ, എല്ല് തുടങ്ങിയ എല്ലാ ഉപോൽപന്നങ്ങളും ഓരോ ആവശ്യത്തിലേക്ക് ഉപയോഗപ്പെടുന്നു. മാംസം കഴിഞ്ഞാൽ ഏറെ ഡിമാൻറുള്ളതാണ് തുകൽ. കാള, പശു, എരുമ, പോത്ത് ഇവയുടെ തുകലിന് ഏകദേശം 600/- രൂപയും ആട്ടിൻ തുകലിന് 120/- രൂപയും ഉണ്ട്. വളം നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ് എല്ല്.

ഈ പഞ്ചായത്തിൽ ഒരു ഉപോൽപന്ന സംസ്കരണ യൂണിററിനുള്ള സാദ്ധ്യതകൾ കുറവാണ്. കിട്ടുന്ന തുകൽ ഉടൻതന്നെ വിററഴിക്കുകയാണ് ഉത്തമം.

## K ജൈവവളം

ഏററവും പുതിയ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിൽ 2200 കന്നുകാലികൾ (പശു, കാള, എരുമ, പോത്ത്) ഉണ്ട്. അവയിൽ നിന്നും ലഭിക്കുന്ന ചാണകവും മൂത്രവും ഈ കാർഷികമേഖലയിൽ ജൈവവളമായി ഉപയോഗിക്കുന്നു. ഒരു കുട്ട ചാണകത്തിൽ 15രൂപ വിലയുണ്ട്.

കാർഷിക വിളകൾക്ക് ജൈവവളം കൂടുതലായി ഉപയോഗിക്കാൻ കർഷകരെ ബോധവൽക്കരിക്കണം.

## L ഊർജം. (Biogas)

വിളവൂർക്കൽ പഞ്ചായത്തിൽ ധാരാളം ആളുകൾ ചാണകത്തിൽ നിന്നും Biogas ഉൽപാദിപ്പിക്കുകയും അത് വീട്ടിലെ പാചക ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.

നമ്മുടെ നാട്ടിലെ വർദ്ധിച്ചുവരുന്ന ഊർജത്തിന്റെ ആവശ്യവും വിറകിന്റെ ദൗർലഭ്യവും പശുക്കൾ ഉള്ള വീടുകളിൽ എളുപ്പം നിർമ്മിക്കാവുന്നതും ചെലവുകുറഞ്ഞതുമായ ബയോഗ്യാസ് പ്ലാൻറുകൾ പ്രാധാന്യം എടുത്തുകാണിക്കുന്നു.

ഇവിടെ കിട്ടുന്ന ചാണകം ബയോഗ്യാസ് ഉൽപാദനത്തിന് ഉപയോഗിക്കുവാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. പശുക്കൾ ഉള്ള ഓരോ വീട്ടിലും Biogas plant തുടങ്ങുന്നതിനുള്ള സബ്സിഡി അനുവദിക്കണം. Biogas ഉൽപാദനത്തിനു ശേഷം ലഭിക്കുന്ന Slurry വളരെ നല്ല ജൈവവളമാണ്.

## M മൃഗശക്തി

വിളവൂർക്കൽ പഞ്ചായത്തിൽ 16 കാളകൾ ജോലിക്കായി മാത്രം ഉപയോഗിക്കപ്പെടുന്നു എന്നാണ് സെൻസസ് റിപ്പോർട്ട്. കാളവണ്ടികൾ നവീകരിക്കുകയും കുറഞ്ഞ അദ്ധ്വാനത്തിൽ കൂടുതൽ ജോലി നിർവ്വഹിക്കപ്പെടുന്നതിനുള്ള രീതികൾ ആവിഷ്കരിക്കപ്പെടുകയും വേണം. (ചക്രത്തിൽ ടയർ ഉപയോഗിക്കുന്നത് പോലുള്ളവ) വയലുകളിൽ പോത്തുകളെ കൂടുതലായി ഉപയോഗിക്കണം.

## N കർഷക പരിശീലനം

മൃഗസംരക്ഷണ മേഖലയിൽ ആവശ്യമായ പ്രാഥമിക പരിജ്ഞാനം കർഷകനിൽ എത്തിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി.

തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിലുള്ള ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെൻറർ ഈ രംഗത്ത് എടുത്തുപറയത്തക്ക സേവനമാണ് കാഴ്ചവക്കുന്നത്. വിവിധ വിഷയങ്ങളിൽ ഒരു ദിവസം മുതൽ ഒരാഴ്ചവരെയുള്ള ട്രെയിനിംഗ് നടത്തി സർട്ടിഫിക്കററ് നൽകുന്നു. വിളവൂർക്കൽ പഞ്ചായത്തിലേക്ക് എൽ. എം. ററി. സിയിൽ നിന്നുള്ള വിദഗ്ദ്ധ സംഘത്തെ വരുത്തി താൽപര്യമുള്ള കർഷകർക്ക് പരിശീലനം കൊടുക്കാവുന്നതാണ്.

## O വന്ധ്യത നിവാരണം

മൃഗ ചികിൽസാരംഗത്ത് അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു വലിയ പ്രശ്നമാണ് കറവമാടുകളിലെ വന്ധ്യത. വന്ധ്യത വന്നുഭവിക്കുന്നതിനുള്ള കാരണങ്ങൾ അനവധിയാണ്.

ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബ്ലോക്ക് തലത്തിൽ ഒരു task force രൂപീകരിച്ച് ഗൈനക്കോളജിയിൽ വിദഗ്ധരായവരുടെ സേവനം ലഭ്യമാക്കണം. ഈ task forceന്റെ സഹായത്തോടെ വർഷംതോറും 2 പ്രാവശ്യമെങ്കിലും ഈ പഞ്ചായത്തിൽ വന്ധ്യത നിവാരണ ക്യാമ്പും ചികിത്സയും നടത്തേണ്ടതാണ്.

## P പേവിഷബാധ നിർമ്മാജനം

മനുഷ്യനും മൃഗങ്ങളും ഒരു പോലെ നേരിടുന്ന മഹാവിപത്താണ് പേവിഷബാധ. എന്നാൽ ചികിത്സയില്ലാത്തതും മരണം സുനിശ്ചിതവുമായ ഈ രോഗത്തിന്റെ അന്ത്യം ഭയാനകവും വേദനാജനകവുമാണ്.

ഈ പഞ്ചായത്തിൽ 1996 ലെ സെൻസസ് അനുസരിച്ച് 2270 ഉടമസ്ഥനുള്ള നായ്ക്കളും 80 ഓളം ഉടമസ്ഥനില്ലാത്ത നായ്ക്കളുമാണുള്ളത്.

മൃഗാശുപത്രിയിൽ നിന്നും പേവിഷത്തിനെതിരായ കുത്തിവയ്പ് സൗജന്യ നിരക്കിൽ ചെയ്യുന്നുണ്ട്. എന്നാൽ ഇപ്പോൾ കുത്തിവയ്പ് നിർബന്ധമല്ല. എന്താണ് ചെയ്യേണ്ട തെന്നാൽ

1 അലഞ്ഞുതിരിയുന്ന നായ്ക്കളെയും ഉടമസ്ഥനില്ലാത്തവയെയും നശിപ്പിക്കുക.

2 വർഷംതോറുമുള്ള പ്രതിരോധ കുത്തിവയ്പും, ലൈസൻസും വളർത്തുനായ്ക്കൾക്ക് നിർബന്ധമാക്കുക.

3 വാക്സിൻ സൗജന്യമായോ പകുതി വിലയ്ക്കോ നൽകുക.

4 പേവിഷബാധയെക്കുറിച്ച് സെമിനാറുകളും ചർച്ചാക്ലാസും സംഘടിപ്പിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

5 ചപ്പുചവറുകളും ഭക്ഷണാവശിഷ്ടങ്ങളും തെരുവിൽ വലിച്ചെറിയുന്നത് വിലക്കുക തന്നെ ചെയ്യുക.

6 ജില്ലാ ആസ്ഥാനത്ത് പേവിഷനിർണയകേന്ദ്രം സ്ഥാപിക്കുക.

## Q കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകാവുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷ

വീട്ടിൽ വളർത്തുന്ന കറവമാടുകളെ ആശ്രയിച്ച് കഴിയുന്ന കർഷകന് അവയുടെ പെട്ടെന്നുണ്ടാവുന്ന മരണം സ്ഥിരമായ ഉൽപാദനശേഷി നഷ്ടം (P.T.D) ഇവമൂലം താങ്ങാനാവാത്ത സാമ്പത്തിക നഷ്ടം വന്നുകൂടുന്നു ഇതിന് പരിഹാരമായി എല്ലാ കറവമാടുകളെയും കാളകളെയും മററും ഇൻഷ്വർ ചെയ്യേണ്ട നടപടികൾ ഉണ്ടാവേണ്ടതുണ്ട്. അതുവഴി സാമ്പത്തിക നഷ്ടം നികത്തുവാൻ സാധിക്കുന്നു.

## R കർഷകർക്ക് അംഗീകാരം

മൃഗ സംരക്ഷണ മേഖലയിൽ നേട്ടങ്ങളുണ്ടാക്കുന്ന കർഷകരെ ഉചിതമായി ആദരിക്കാറില്ല എന്നുതന്നെ പറയാം. ഇതിന് മാററം വരേണ്ടിയിരിക്കുന്നു. തീർച്ചയായും ഹതക്ക് അംഗീകാരം കൊടുക്കണം. ഓരോ രംഗത്തും മികച്ച നേട്ടങ്ങൾ ഉണ്ടാക്കുന്ന കർഷകരെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാന തലത്തിൽ അംഗീകരിച്ച് ആദരിച്ചേ മതിയാകൂ.

## S വിളവൂർക്കൽ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1 വിളവൂർക്കൽ മൃഗാശുപത്രിക്ക് സ്വന്തമായി, സ്ഥലം, കെട്ടിടം ഇവ അനുവദിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. (A. I medicines, refrigirator, tre laboratory facilities, Phone, Vehicle etc.)

ഉപകേന്ദ്രത്തിനും വാടകയില്ലാതെ കെട്ടിടം, സ്ഥലം നല്കുക.

2 മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് വർത്തിക്കുക.

3 S. L. B. P പദ്ധതി വരുമാന പരിധിയില്ലാതെ പ്പാക്കുക. എരുമക്കുട്ടികളെ കൂടി ഉൾപ്പെടുത്തുക. ലിത്തീററ വിലവർദ്ധനവ് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കുക.

4 പേവിഷ പ്രതിരോധ കുത്തിവയ്പ് നിർബന്ധമാക്കുക. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കു ലൈസൻസ് ഏർപ്പെടുത്തുക. വാക്സിൻ സൗജന്യമായോ പകുതി വിലയ്ക്കോ ലഭ്യമാക്കുക.

5 പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് മിനി ഡ റി യൂണിററ് ബാങ്ക് വായ്പയോടെ അനുവദിക്കു പാൽ ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണന പ്രോത്സാഹിപ്പിക്കുക.

6 പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീററപ്പൂൽ ഷിക്ക് ഉപയോഗിക്കുക. പുൽവിത്ത് സൗജന്യമാ നൽകുക.

7 പ്രാദേശിക തീററ നിർമ്മാണ യൂണിററ് ആരംഭി ക, (സഹകരണാടിസ്ഥാനത്തിൽ) കാലിതീററക്ക് സ സിഡി അനുവദിക്കുക.

8 പാൽ വിപണന സൊസൈററികൾ പ്രാപ്യമായ രീ യിൽ പുനസംഘടിപ്പിക്കുക.

9 മാംസോൽപാദന വർദ്ധനവിന് അനധികൃത അറ ശാലകൾ നിരോധിക്കുക, ശാസ്ത്രീയമായ അറവുശ കൾ സ്ഥാപിക്കുക, മൂൻപിൻ മാംസപരിശോധന നി ബന്ധമാക്കുക. കാളകുട്ടി/പോത്തിൻകുട്ടി പരിപാല

പദ്ധതിയിൽ സബ്സിഡി നിരക്കിൽ കാലിത്തീററ നൽകി നടത്തുക. മാംസോൽപാദക സഹകരണ സംഘം സ്ഥാപിക്കുക, വില്പന ശാലകൾ ആരംഭിക്കുക. ആട് വളർത്തൽ പ്രോൽത്സാഹിപ്പിക്കുക, ഇറച്ചിക്കോഴി, പന്നി, മുയൽ വളർത്തൽ യൂണിററുകൾ ആരംഭിച്ച് തൽപരരായവർക്ക് പരിശീലനം നൽകുക.

10. മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിന് പ്രഗ്ഗർ നേഴ്സറി തുടങ്ങുക. അടുക്കള മുററത്തെ കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുക, സ്കൂൾ പൗൾട്രി ക്ലബ്ബ് തുടങ്ങുക.

11. 500 കന്നുകാലികൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

12. ചികിൽസ രജിസ്ട്രേഷനുള്ളവർക്ക് മാത്രമാക്കുക.

13. അറവുശാല ഉല്പോൽപന്നങ്ങൾക്ക് ഇടനിലക്കാരില്ലാതെ വിപണനം സാദ്ധ്യമാക്കുക.

14. ചാണകം കൃഷിക്ക് കൂടുതലായി ഉപയോഗിക്കാൻ പ്രേരണ ചെലത്തുക.

15. ലഭ്യമായ ചാണകം ഉപയോഗിച്ച് കൂടുതൽ Biogas plant ആരംഭിക്കുക. അതിനായി സബ്സിഡി നൽകുക.

16. ആവശ്യമുള്ളവർക്ക് മൃഗസംരക്ഷണ മേഖലയിൽ പരിശീലനം നൽകുക.

17. വന്ധ്യത പരിശോധനക്കും ചികിത്സയ്ക്കുമായി ബ്ലോക്ക് തലത്തിൽ task force രൂപീകരിക്കുക. സേവനം ഉറപ്പാക്കുക.

18. കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുക.

19. അർഹരായ കന്നുകാലി കർഷകരെ അംഗീകരിച്ച് ആദരിക്കുക.

മൃഗസംരക്ഷണ രംഗത്തെ പ്രവർത്തനങ്ങളെ പരിശോധിച്ച് ഒരു സമഗ്ര ആസൂത്രണം നടത്തി പദ്ധതികൾ രൂപപ്പെടുത്തി അതിനെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷക ലഭ്യത, അദ്ധ്വാനം ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായകമാക്കുക എന്നതായിരിക്കട്ടെ ഈ രംഗത്തെ വികസനത്തിന്റെ ലക്ഷ്യം ഗ്രാമതല ആസൂത്രണത്തിലൂടെ അത് തീർച്ചയായും സാധിതമാക്കാം.

# മത്സ്യബന്ധനം

തിരുവനന്തപുരം നഗരവുമായി തൊട്ടുകിടക്കുന്ന ഒരു പ്രദേശമാണ് വിളവൂർക്കൽ പഞ്ചായത്ത്. ഇവിടെ നിന്നും 17 കി.മി. തെക്കോട്ട് സഞ്ചരിച്ചാൽ വിഴിഞ്ഞം കടൽ തീരവും ഉദ്ദേശം 14 കി. മി. പടിഞ്ഞാറോട്ടു സഞ്ചരിച്ചാൽ ശംഖുമുഖം കടൽ തീരത്തും എത്തിച്ചേരാം. അതുകൊണ്ടുതന്നെ പ്രത്യക്ഷത്തിലല്ലെങ്കിലും പരോക്ഷമായിട്ട് മത്സ്യബന്ധനവുമായിട്ടോ വിപണനവുമായിട്ടോ ബന്ധപ്പെടാറുള്ളതല്ലാതെ ഈ പഞ്ചായത്തിനുള്ളിൽ മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല. ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം വാർഡുകളിലും എല്ലാ ദിവസവും പ്രവർത്തിക്കുന്ന ചന്തകൾ സ്ഥിതി ചെയ്യുന്നതിനാലും ഭൂരിഭാഗം ആളുകളും മത്സ്യം ആഹാരപദാർത്ഥമായി ഉപയോഗിക്കുന്നതിനാലും ഈ പ്രദേശത്തുള്ളവരിൽ ഒരു ന്യൂനപക്ഷം മേൽപറഞ്ഞ കടൽ തീരങ്ങളിൽ എത്തി മത്സ്യം വാങ്ങി ഈ പഞ്ചായത്തിൽ കൊണ്ടുവന്ന് വിററ് ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നു.

മത്സ്യം വാങ്ങുന്നതിന് ധാരാളം പണം നമ്മുടെ നാട്ടിലെ ജനങ്ങൾ ചിലവഴിക്കുന്നുണ്ട്. പലപല കൈകൾ മറിഞ്ഞ് നമ്മുടെ നാട്ടിലെത്തുന്ന മത്സ്യത്തിന് യഥാർത്ഥ വിലയെക്കാൾ കൂടുതൽ വില നാം നൽകുന്നു.

ഏകദേശം ചെറുതും വലുതുമായി മുപ്പത്തിരണ്ടോളം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കൃഷി ഭൂമി കുറഞ്ഞു വരുന്ന ഈ കാലഘട്ടത്തിൽ ഈ കുളങ്ങൾ ആരാലും സൂക്ഷിപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും നശിച്ചുപോകാൻ സാധ്യതയുണ്ട്. ഈ കുളങ്ങളെ ശുദ്ധീകരിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്തിയാൽ പഞ്ചായത്തിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന പണത്തെ ഇവിടെ തന്നെ പിടിച്ചു നിറുത്താൻ കഴിയും. മാത്രമല്ല തൊഴിലില്ലായ്മക്ക് നാമമാത്രമായിട്ടെങ്കിലും ഒരു പരിഹാരവും ഉണ്ടാകും ഇതുമായി ബന്ധപ്പെടാൻ താൽപര്യമുള്ള ആളുകളെ കണ്ടെത്തുകയും മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം, മത്സ്യകുഞ്ഞുങ്ങൾ, തീററ ഇവ നൽകി കുളങ്ങൾ മത്സ്യകൃഷിക്കനുയോജ്യമാക്കി കുറഞ്ഞ വാടകയ്ക്ക് നൽകാവുന്നതാണ്. ഇതിലൂടെ നശിച്ചുപോകുമായിരുന്ന നമ്മുടെ പ്രകൃതിദത്തമായ ജലസ്ത്രോതസ്സിനെ സംരക്ഷിക്കാൻ കഴിയുന്നു. കുറച്ചെങ്കിലും കുടുംബങ്ങൾക്ക് ജീവിത മാർഗ്ഗമാകുന്നു. ശുദ്ധമായ മത്സ്യം ലഭ്യമാകുന്നു. പഞ്ചായത്തിന്റെ വരുമാനത്തിന് ഇത് ഒരു ഘടകവുമാകുന്നു.

# വ്യവസായം

ആധുനിക സമൂഹത്തിൽ ഏതൊരു വികസിത രാഷ്ട്രത്തിന്റെയും സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനം വ്യവസായവത്കരണമാണെന്ന് കാണാം. ഒരു വശത്ത് കൃഷിക്ക് അപചയം സംഭവിച്ചപ്പോൾ മറുവശത്ത് വ്യവസായം ഉയർത്തെഴുന്നേൽക്കുകയായിരുന്നു. ജനപ്പെരുപ്പവും വിദ്യാഭ്യാസ പുരോഗതിയും ശരവേഗത്തിൽ മുന്നേറുന്ന ഇന്നത്തെ സമൂഹത്തെ സംബന്ധിച്ചിടത്തോളം വ്യവസായം ഇല്ലാത്ത ഒരവസ്ഥ ചിന്തിക്കാൻ പോലും നമുക്ക് കഴിയില്ല. രൂക്ഷമായ തൊഴിലില്ലായ്മയും അറ്റമില്ലാത്ത ഉപഭോഗവശ്യങ്ങളും പരിഹരിക്കാൻ വ്യവസായവത്കരണമല്ലാതെ മറ്റൊരുവഴിയും നമ്മുടെ മുന്നിലില്ല. രാഷ്ട്രീയവും, സാംസ്കാരികവും, സാമൂഹികവുമായ കാരണങ്ങളാൽ തകർന്നടിഞ്ഞുപോയ പലരാഷ്ട്രങ്ങളും ഉയർത്തെഴുന്നേറ്റത് വ്യവസായവത്കരണം ഒന്നുകൊണ്ട് മാത്രമാണെന്ന് ഈ സമയം നാം ഓർക്കുന്നത് നന്നായിരിക്കും. പക്ഷെ വൈദ്യുതി ക്ഷാമവും തൊഴിൽ തർക്കങ്ങളും ഇത്രയേറെ രൂക്ഷമായ നമ്മുടെതുപോലെ ഒരു സംസ്ഥാനത്തെ സംബന്ധിച്ചേടത്തോളം വ... കിട വ്യവസായങ്ങൾക്കുള്ള സാദ്ധ്യത പ്രതീക്ഷജനകമ... എന്നറിയാമല്ലോ. ഇങ്ങനെ ഒരു സാഹചര്യത്തിൽ വ്യവ... യപുരോഗതിക്ക് വേണ്ടി നമുക്ക് ആശ്രയിക്കാവുന്ന ഒ... ഒരു മാർഗ്ഗം പരമ്പരാഗത ചെറുകിട വ്യവസായങ്ങളെ... ണ്. അത്തരം ഒരു സംരംഭംവാർത്തെടുക്കാനുള്ള ഏററവ... അനുയോജ്യമായ സമയമാണ് ഇപ്പോൾ സംജാതമായി... ക്കുന്നത്.

വിളവൂർക്കൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തേ... ളം പരമ്പരാഗത ചെറുകിട വ്യവസായത്തിന് അവല... മായ സാഹചര്യമാണിന്ന്. പരമ്പരാഗത തൊഴിലുകളാ... തുണിനെയ്ത്ത്, കുട്ടനെയ്ത്ത്, മൺപാത്ര നിർമ്മാണ... ഈററ പരമ്പ് നിർമ്മാണം കരകൗശല വസ്തു നിർമ്മ... ണം എന്നിവ ഇന്നും ഈ പഞ്ചായത്തിൽ ചിലകുടുംബ... ളിൽ മാത്രം ഒതുങ്ങിയെങ്കിലും കാണാവുന്നതാണ്.

ഈ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വ്യവസായസ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു

| വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | ആൺ | പെൺ |
|---|---|---|---|
| 1. തീപ്പെട്ടിനിർമ്മാണ യൂണിററ് | 11 | 1 | 10 |
| 2. മെഴുക്തിരി നിർമ്മാണ യൂണിററ് | 6 | — | 6 |
| 3. നെയ്ത്ത് നിർമ്മാണ ശാല | 8 | — | 8 |
| 4. സോപ്പ് നിർമ്മാണ യൂണിററ് | 5 | — | 5 |
| 5. റബ്ബർ നിർമ്മാണ യൂണിററ് | 8 | — | 8 |
| 6. തേയില ഫുഡ് പ്രോഡക്ററ് യൂണിററ് | 9 | 5 | 4 |
| 7. ഹോളോ ബ്രിക്സ് | 4 | 4 | |
| 8. ഫ്ളവർമിൽ 5 | 5 | 5 | |
| 9. റൈസ്മിൽ | 10 | 2 | 8 |
| 10. ഓയിൽമിൽ | 2 | 7 | |
| ഇൻജിനീയറിംഗ് വർക്ക്ഷോപ്പുകൾ | 26 | 26 | — |
| പ്രിൻറിംഗ് പ്രസ്സ് | 12 | 4 | 8 |
| സോഡാ നിർമ്മാണം | 3 | 3 | — |

മേൽപ്പറഞ്ഞിട്ടുള്ള വ്യവസായങ്ങളിൽ തീപ്പെട്ടി നിർമ്മാണ യൂണിറ്റൊഴികെ ബാക്കിയെല്ലാം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളാണ്. തീപ്പെട്ടി നിർമ്മാണ യൂണിറ്റ് ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിലാണ്. പൊതുമേഖലയിലുള്ള വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. മേൽപറഞ്ഞ വ്യവസായങ്ങളെല്ലാം തന്നെ ലാഭകരമായ രീതിയിൽ നടക്കുന്ന വ്യവസായങ്ങളാണ്. സർക്കാർ തലത്തിൽ നിന്നും ഇവ പരിപോഷിപ്പിക്കുന്നതിനുള്ള നടപടി ഉണ്ടാവുകയാണെങ്കിൽ ഒരുവൻ വ്യവസായ സാദ്ധ്യതയാണ് ഈ പഞ്ചായത്തിൽ ഒളിഞ്ഞ് കിടക്കുന്നത്. ഇവയ്ക്ക് പുറമേ കുടിൽ വ്യവസായങ്ങളും നിലവിലുണ്ട്. മെഴുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, ഫർണിച്ചർ നിർമ്മാണം, സോഡാ നിർമ്മാണം, കരകൗശലവാസ്തു ശിൽപ്പ നിർമ്മാണം തുടങ്ങിയവ കുടിൽ വ്യവസായങ്ങൾക്ക് ഉദാഹരണമാണ്. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും ചൂള വ്യവസായവും, കരിങ്കൽ വ്യവസായവും നിലവിലുണ്ട്.

വിജയകരമായി നടക്കുന്ന മറ്റൊരു വ്യവസായമാണ് അച്ചടി വ്യവസായം. 3 പ്രസ്സുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ മേഖലക്ക് കഴിഞ്ഞിട്ടുണ്ട്. തടിമിൽ വ്യവസായവും വിജയകരമായി മുന്നോട്ട് പോകുന്ന വ്യവസായമാണെങ്കിലും തൊഴിലാളികളെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്ന് ഉള്ളവരായതിനാൽ തൊഴിലിന്റെ കാര്യത്തിൽ പഞ്ചായത്ത് വാസികൾക്ക് പ്രയോജനപ്പെടുന്നില്ല.

വിജയികളായ വ്യവസായ സംരംഭകർക്ക് ക്ഷാമം ഇല്ലാ എന്നുള്ളത് മേൽപ്പറഞ്ഞിരിക്കുന്ന വ്യവസായങ്ങളുടെ വിജയത്തിൽ നിന്നും മനസ്സിലാക്കാമല്ലോ. എങ്കിലും വിപുലമായ രീതിയിലുള്ള വ്യവസായ പുരോഗതിക്ക് ആവശ്യമായ സാമ്പത്തിക ഭദ്രത ഇല്ലാത്തത് കാരണം പലരും ഈ വ്യവസായങ്ങളുമായി ഒതുങ്ങികഴിയുകയാണ്. പുതിയ വ്യവസായം ആരംഭിക്കാനുള്ള സ്ഥലസൗകര്യം ഈ പഞ്ചായത്തിനെ സംബന്ധിച്ച് പ്രശ്നമുള്ള കാര്യമല്ല. പക്ഷെ വായ്പാ സൗകര്യങ്ങളുടെ അഭാവവും വ്യവസായ ലൈസൻസുകൾ ലഭിക്കാനുള്ള തടസ്സങ്ങളും വ്യവസായ മേഖലയിലെ പ്രശ്നങ്ങളാണ്. വ്യവസായത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളിൽ മുൻഗണന കൊടുക്കേണ്ടത് ചെറുകിടകുടിൽ വ്യവസായങ്ങളെയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനാണ്.

നെയ്ത്തു വ്യവസായമാണ് മുൻഗണന കൊടുക്കേണ്ട മറ്റൊരു വ്യവസായം. പരിശീലനം ലഭിച്ചവരും, പ്രാഗത്ഭ്യം തെളിയിച്ചവരുമായ 150-ളം നെയ്ത്തു തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലാഭകരമായ രീതിയിൽ ലഭ്യമാക്കുവാൻ നമുക്ക് സാധിക്കും. മാത്രമല്ല ഒരു വ്യവസായശാലയുടെ സുഗമമായ പ്രവർത്തനത്തിന് സന്നദ്ധ സംഘടനാടിസ്ഥാനത്തിൽ ഭൂരിഭാഗം ജനങ്ങളെയും പങ്കെടുപ്പിക്കുവാനും കഴിയും എന്ന് ഉറപ്പുണ്ട്. ഈ പഞ്ചായത്തിൽ ധാരാളം വിപണന കേന്ദ്രങ്ങൾ ഉള്ളതിനാൽ ഇവിടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സാദ്ധ്യതയും വളരെ വിപുലമാണ്. മാത്രമല്ല മറ്റു സ്ഥലങ്ങളിലും വിപണന സാദ്ധ്യതയ്ക്കുള്ള സജ്ജീകരണങ്ങളുമുണ്ട് ഇങ്ങനെയൊരു വ്യവസായ സ്ഥാപനത്തിന്റെ പ്രവർത്തനം നിയന്ത്രിക്കാൻ പഞ്ചായത്ത് തലത്തിൽ ശക്തമായ ഒരു മാനേജ്മെന്റിന് രൂപം കൊടുക്കുവാനും നമുക്ക് കഴിയും. ഇത്തരത്തിൽ ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുകയാണെങ്കിൽ അത് ഈ വാർഡിന്റെ മാത്രമല്ല ഈ പഞ്ചായത്തിന്റെ ഒന്നടങ്കം വികസനത്തിന് അടിസ്ഥാന ഘടകമാകും.

ധവള വിപ്ലവം എന്ന ആശയം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കാൻ സാധിക്കുന്ന ഒരു പഞ്ചായത്താണ് ഇത്. കറവയുള്ള ആയിരത്തോളം കാലികൾ ഇവിടെയുണ്ട്. പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും വർദ്ധിച്ച തോതിലുള്ള ഉപഭോഗവും നമുക്കിവിടെ കാണാൻ കഴിയും. ഇവിടെ കന്നുകാലി കർഷകരെ സഹായിക്കാൻ പാൽ പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുകയാണെങ്കിൽ ഇവിടത്തെ പാൽ ഉൽപ്പാദനം വർദ്ധമാനമായ തോതിൽ വർദ്ധിപ്പിക്കാൻ കഴിയും. മാത്രമല്ല പാലുൽപ്പന്നങ്ങളായ ഐസ്ക്രീം, വെണ്ണ, നെയ്യ് തുടങ്ങിയവ ഉണ്ടാക്കുവാൻ ആവശ്യമായ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ അത്തരമൊരു സ്ഥാപനം ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സ്വീകരിച്ച് വിപണനം നടത്തുവാൻ പൂർണ്ണമായും തയ്യാറാണെന്ന് ഇവിടത്തെ മൊത്ത - ചില്ലറ വ്യാപാരികൾ സമ്മതിച്ചിട്ടുണ്ട്.

മുട്ടക്കോഴി വളർത്തലിന് ഏറ്റവും അനുയോജ്യമായ ഘടകങ്ങളാണ് ഇവിടെ ഉള്ളത്. ഈ സംരംഭം ഒരു കുടിൽ വ്യവസായം എന്ന രീതിയിൽ കോഴി വളർത്തലിന് സന്നദ്ധരായവർക്ക് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളും കോഴിക്കൂടും നൽകിയാൽ അതിൽ നിന്ന് കിട്ടുന്ന മുട്ടകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വിറ്റഴിക്കുവാൻ ഉള്ള സജ്ജീകരണങ്ങൾ ഉണ്ടെന്ന് മാത്രമല്ല പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം നടത്തിക്കൊള്ളാമെന്ന് സമ്മതിക്കുന്നു. പാൽ സഹകരണ സംഘത്തോടൊപ്പം മുട്ടയും ശേഖരിച്ച് വിൽക്കാനുള്ള സംവിധാനം രൂപം കൊള്ളുകയും അതുമൂലം വ്യവസായ വികസനവും മാത്രമല്ല എല്ലാവർക്കും പോഷക ആഹാരം എന്ന ആശയവും നടപ്പാവുകയും ചെയ്യും.

## ഗ്രാമ സഭയിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. ചെറുകിട കുടിൽ വ്യവസായങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

2. വ്യാവസായിക അടിസ്ഥാനത്തിൽ ഒരു തീപ്പെട്ടി നിർമ്മാണശാല സ്ഥാപിക്കുക.

3. അനർട്ടിന്റെ കീഴിൽ വരുന്ന ഇലക്ട്രോണിക് ഉൽപ്പാദനങ്ങളുടെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

4. പോൾട്രി ഫോമുകൾ, പന്നിവളർത്തൽ ശാലകൾ സ്ഥാപിക്കുക.

5. കൊപ്ര സംഭരണ യൂണിററ് സ്ഥാപിക്കുകയും, അതോടൊപ്പം വെളിച്ചെണ്ണ നിർമ്മാണത്തിന് ഒരു യൂണിററ് സ്ഥാപിക്കുക.

6. ഒരു അച്ചടിശാല ആരംഭിക്കുക.

7. എല്ലാ വാർഡിലും റെഡിമെയ്ഡ് ഗാർമെൻറ്സ് സ്ഥാപിക്കുക.

8. ഇൻജിനീയറിംഗ് വർക്ക്ഷോപ്പ്, സോഡ നിർമ്മാണ ഫാക്ടറി നിർമ്മിക്കുക.

9. ടെലിഫോൺ ബൂത്ത് (STD, ISD, Local) സ്ഥാപിക്കുക.

10. റബ്ബർ, തോൽ ഇവകൊണ്ട് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളും അവയുടെ വിപണനവും നടത്തുവാനുള്ള ഒരു സ്ഥാപനം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

11. ഹോളോ ബ്രിക്സ്, കോൺക്രീറ്റ് ജനൽ, ഡോ[ർ] ഇവയുടെ നിർമ്മാണം നടത്തുന്നതിന് ഒരു യൂണി[റ]റ് സ്ഥാപിക്കുക.

12. പച്ചക്കറികളുടെ ശേഖരണവും വിപണനവും ന[ട]ത്തുവാൻ എല്ലാ വാർഡിലും യൂണിററുകൾ സ്ഥാ[പി]ക്കുക.

13. റെഡിമെയ്ഡ് തുണിത്തരങ്ങളുടെ നിർമ്മാണവും വിപണനവും നടത്തുവാനുള്ള യൂണിറ്റുകൾ എല്ലാ വാർഡിലും സ്ഥാപിക്കുക.

14. വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു യൂണിററ് സ്ഥാപിക്കുക.

15. പാറപൊട്ടിക്കൽ സഹകരണാടിസ്ഥാനത്തിൽ വാർഡുകൾ തോറും നടപ്പിലാക്കുക.

# ഊർജ്ജം

ഊർജ്ജ രൂപങ്ങളുടെ പരസ്പര പൂരകങ്ങളായ പ്രവർത്തനം കൊണ്ട് നിലനിൽക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്. പുതിയതായി സൃഷ്ടിക്കാനോ നശിപ്പിക്കാനോ കഴിയാത്ത ഈ അത്ഭുത ശക്തി അനശ്വരമാണെന്നതുകൊണ്ടു മാത്രം ആശ്വാസ്യമായ ജീവിതം നമുക്ക് ലഭ്യമാകുന്നില്ല. സാഹചര്യങ്ങളുടെ പ്രവർത്തനം ഏററവും കൂടുതൽ ബാധിക്കുന്ന മേഖല ഊർജ്ജമാണെന്ന സത്യംഇനിയും നാം അംഗീകരിക്കേണ്ടിയിരിക്കുന്നു.മാനുഷികോർജ്ജം മുതൽ ന്യൂക്ലിയർ ശക്തിവരെ മനുഷ്യൻെറ രക്ഷകനും ശിക്ഷകനും ആയി വിലസുമ്പോൾ ആരെയും അറിയിക്കാതെയും ഉള്ള ഊർജ്ജമാററം കൂടുതലും ശിക്ഷകൻെറ രൂപത്തിലായിരിക്കും പരിണമിക്കുക. താപത്തിൻെറയും, പ്രകാശത്തിൻെറയും വൈദ്യുതിയുടേയും രൂപത്തിൽ മനുഷ്യൻെറ നിത്യോപയോഗ വസ്തുക്കളിൽ ഒന്നായി ഊർജ്ജം മാറുമ്പോൾ ദീർഘകാലാടിസ്ഥാനത്തിൽ ഈ ഊർജ്ജത്തെ എങ്ങനെ സംരക്ഷിക്കാമെന്ന് നാം ആലോചിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻെറ ശ്രദ്ധയില്ലാത്ത പരിചരണംമൂലം നമ്മുടെ ആവശ്യത്തിൻെറ രൂപത്തിലുള്ള ഊർജ്ജം മറെറാരു രൂപത്തിലേക്ക് മാററപ്പെടുകയും ഉപയോഗശൂന്യമാകുകയും ചെയ്യുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ നമ്മുടെ ഊർജ്ജ പ്രതിസന്ധിയും ഉപഭോഗ രീതിയും തമ്മിൽ തട്ടിച്ചുനോക്കുന്നത് നന്നായിരിക്കും. എന്നും ഊർജ്ജത്തെ മനുഷ്യൻെറ മിത്രമാക്കി കൂടെ കൂട്ടേണ്ടത് നമ്മുടെ ഏററവും വലിയ ആവശ്യമാണെന്നു ഓർക്കുക

ഒരു പഞ്ചായത്തെന്ന രീതിയിൽ നമ്മുടെ പ്രദേശത്തെ ഊർജ്ജ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിന് മുമ്പ് പ്രധാന ഊർജ്ജ സ്രോതസ്സുകളെക്കുറിച്ചും ഉപഭോഗ രീതിയെക്കുറിച്ചും ചർച്ച ചെയ്യേണ്ടിയി[]രിക്കുന്നു. അടുത്ത കാലംവരെ പരമ്പരാഗത രീതിയിൽ ഊർജ്ജവിനിയോഗം നടത്തിയിരുന്നവരായിരുന്നു ഈ പഞ്ചായത്തിലുണ്ടായിരുന്നത്. ഇപ്പോഴും 90% വീടുകളിലും വിറകടുപ്പ് തന്നെയാണ് പ്രചാരത്തിലുള്ളത്. വിറക്, തെങ്ങുൽപ്പന്നങ്ങൾ തുടങ്ങിയവ വ്യാപകമായി ഉപയോഗത്തിലുണ്ട്. വിറകുൽപ്പന്ന ഉപയോഗം ഗണ്യമായ തോതിൽ കുറയ്ക്കുന്ന പൊടിയടുപ്പുകൾ ഇന്ന് 50% ത്തോളം വീടുകളിലും പ്രചാരത്തിലുണ്ട്. ഗോവർ ഗ്യാസ് അടുപ്പുകളും L.P.G ഗ്യാസ് അടുപ്പുകളും അ[]പൂർവ്വമായി ദർശിക്കാമെങ്കിലുംവ്യാപ്പകമല്ല. 90% ആളുകളും ആഹാരം പാകം ചെയ്യുന്നത് ഒരു നേരമാണ്. രണ്ടു നേരങ്ങളിലായി പാകം ചെയ്യുന്നവരുടെ എണ്ണം തുലോം കുറവാണ്. ആയതിനാൽ പാചക മേഖലയിലെ ഊർജ്ജ നഷ്ടം ഈ പഞ്ചായത്തിനെസംബന്ധിച്ചിടത്തോളംഇല്ലെന്ന് തന്നെ പറയാം.

മുൻകാലങ്ങളിൽ വെളിച്ചത്തിനായി അധികം പേരും ഉപയോഗിച്ചിരുന്നത് മണ്ണെണ്ണ വിളക്കുകളായിരുന്നു. എന്നാൽ ഇന്ന് മറ്റെല്ലാ ഭാഗങ്ങളിലുമെന്നപോലെ തന്നെ ഇവിടെയും വൈദ്യുതിയുടെ ഉപയോഗം കുറവല്ല. 70% ത്തോളം വീടുകളും വൈദ്യുതീകരിച്ചതാണ്. ഭൂരിഭാഗം വീടുകളിലും വൈദ്യുതി പ്രകാശത്തിന് വേണ്ടിയാണ് ഉപയോഗിക്കുന്നതെങ്കിലും T.V., റേഡിയോ, തേപ്പുപെട്ടി, ടേപ്പ്റിക്കാർഡർ തുടങ്ങിയവയുടെ വ്യാപകമായ ഉപഭോഗം മൂലമുണ്ടാകുന്ന വൈദ്യുത നഷ്ടം മൊത്തം ഉപഭോഗത്തിൻെറ 40%ത്തോളംവരും. റഫ്രിജറേറർV.C.R തുടങ്ങിയ ഉയർന്ന നിലവാരത്തിലുള്ള വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ഏതാണ്ട് 10%

തിൽ താഴയേവരൂ. ഹോട്ടലുകളും ഭൂരിഭാഗം വ്യവസായ സ്ഥാപനങ്ങളും പരമ്പരാഗത രീതിയിലുള്ളവയായതി നാൽ ഈ മേഖലയിൽ വൈദ്യുതിയുടെ ഉപഭോഗം വള രെ കുറവാണ്. ഈ പ്രദേശത്തിൽ പ്രവർത്തിക്കുന്ന 3 പസ്സുകൾ, ഒരു റൈസ്മിൽ, 5 ഫ്ളവർ മില്ലുകൾ, ഒരു തടിമില്ല്, ഒരു സിനിമാ തീയേറ്റർ, 6 ഇലക്ട്രി ക് വർക്ഷോപ്പുകൾ, ഒരു ഹോളോ ബ്രിക്സ് ഫാക്ടറി എന്നിവയാണ് വ്യാപകമായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ.

പഞ്ചായത്താഫീസ്, ഇലക്ട്രിസിററി ഓഫീസ്, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, വില്ലേജാഫീസ് എന്നിവ യാണ് വൈദ്യുത ഉപഭോഗം വ്യാപകമായ രീതിയിൽ നട ത്തുന്ന സർക്കാർസ്ഥാപനങ്ങൾ. ജലവിതരണ പദ്ധതി വ്യാവസായിക അടിസ്ഥാനത്തിൽ വൈദ്യുതോപഭോഗം നടത്തുന്ന മറെറാരു ഘടകമാണ്.

## പുതിയ സാദ്ധ്യതകൾ

1. കന്നുകാലികൾ ധാരാളം ഉള്ള ഒരു പഞ്ചായത്ത് എന്ന രീതിയിൽ പഞ്ചാബ് മാതൃകയിൽ ഒരു ഗോവർഗ്യാസം പ്ലാൻറ് സ്ഥാപിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഇവി ടെയുണ്ട്. ഏതാണ്ട് 1000 ത്തോളം കന്നുകാലികൾ ഈ പഞ്ചായത്തിലുണ്ട്. തൻമൂലം ഇത്തരത്തിലൊരു സംരം ഭം വൻ വിജയമായി തീരും എന്നാണ് പ്രതീക്ഷ.

2. റബ്ബർ കൃഷി വ്യാപകമായ രീതിയിലുള്ള ഒരു പഞ്ചാ യത്താണ് ഇത്. അതിനാൽ റബ്ബറിൻെറ അവശിഷ്ടങ്ങ ളിൽ നിന്നും Anert നിർമ്മിക്കുന്നതുപോലെ പുതിയൊ രു ഊർജ്ജ സംരംഭത്തിനുള്ള സാദ്ധ്യതയുമുണ്ട്.

## ഇന്നത്തെ പ്രശ്നങ്ങൾ

ഇന്നത്തെ ഈ ആധുനികയുഗത്തിലും ഈ പഞ്ചായ ത്തിലെ 30% ത്തിലേറെ ആളുകളും വൈദ്യുതീകരിക്കാത്ത വീടുകളിലാണ് താമസിക്കുന്നത്. ഇതിന് പ്രധാനകാ രണം വൈദ്യുത കണക്ഷൻ ലഭ്യമാകാനുള്ള അധിക സാമ്പ ത്തിക സാദ്ധ്യതയാണ്. ദാരിദ്ര്യരേഖയ്ക്കുതാഴെ വരു ന്നവരുള്ള ഇത്തരക്കാരെ സംബന്ധിച്ചിടത്തോളം സ്വന്തം നിലവിൽ വൈദ്യുതീകരണം ലഭ്യമാക്കാനുള്ള സാദ്ധ്യത വളരെ പരിമിതമാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽഇ വരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ച് കൊ ടുക്കേണ്ടതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാ ണ്

നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ ഏറ്റ വും വലിയപ്രശ്നം വോൾട്ടേജില്ലായ്മയാണ്. ആവശ്യ ങ്ങൾക്കനുസൃതമായ ട്രാൻസ്ഫോർമറുകളുടെ അഭാവമാ ണ് ഇതിന് പ്രധാനകാരണം. സ്റ്റെപ്പ് അപ്പ് സ്റ്റെബിലൈ സറുകളുടെ ഉപഭോഗവും വോൾട്ടേജ് ക്ഷാമത്തിൻെറ മറ്റൊ രു കാരണമാണ്.

വോൾട്ടേജ് ക്ഷാമവും പവർകട്ടും വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ പരോക്ഷ മായി വിദ്യാഭ്യാസമേഖലയ്ക്കും കോട്ടം സംഭവിക്കുന്നു.

വൈദ്യുതി ക്ഷാമം കുറയ്ക്കുന്നതിൻെറ ഭാഗമായും പ്രകാശം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും മിക്കവാ രും വീടുകളിൽ ട്യൂബ് ലൈററുകൾ ഉപയോഗിച്ചുവരു ന്നു. എന്നാൽ വോൾട്ടേജ് ക്ഷാമം നിമിത്തം 6 മണികഴി ഞ്ഞാൽ ട്യൂബ് ലൈററുകൾ കത്താത്ത അവസ്ഥയാണ്. ഇലക്ട്രിക് ചോക്കുകളുടെ വ്യാപകമായ പ്രചാരം ഇ പ്പോൾ ഈ പഞ്ചായത്തിലില്ലാത്തതിനാൽ അധികനേരവും 210 വോൾട്ട് ബൾബുകളാണ് കത്തിക്കുന്നത്.

വഴിവിളക്കുകളുടെ അഭാവം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വലിയൊരു പ്രശ്നമാണ്. ഭൂ രിഭാഗം കുടുംബങ്ങളിലെയും പല അംഗങ്ങളും രാത്രി വൈകിയാണ് വീടുകളിലെത്തുന്നത്. കൂരിരുട്ടായതി നാൽ പല അപകടങ്ങളും പതിയിരിക്കുന്ന വഴിയിലൂ ടെ ജീവൻപോലും പണയം വച്ചാണ് പലരും സഞ്ച രിക്കുന്നത്. ഇത്തരത്തിൽ മരണം സംഭവിച്ചവരും ഈ പഞ്ചായത്തിലുണ്ട്.

## ഗ്രാമസഭയിൽ ഉയർന്നുവന്ന ആവശ്യങ്ങളിൽ പ്രധാനപ്പെട്ടവ

1. വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൽ തെരുവുവിള ക്കുകൾ സ്ഥാപിക്കാത്ത എല്ലാ റോഡുകളിലും ഇട വഴികളിലും തെരുവുവിളക്കുൾ സ്ഥാപിക്കുകയും നിലവിലുള്ള തെരുവുവിളക്കുകൾ രാത്രികാലങ്ങ ളിൽ കത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
2. മങ്കാട്ടുകടവ്, തൈവിള, പെരുകാവ്, ശാസ്താം കോവിൽ എന്നിവിടങ്ങളിലും മലയം ജംഗ്ഷൻ, വിളവൂർക്കൽ ഹൈസ്കൂളിന് മുൻവശം എന്നി വിടങ്ങളിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപി ക്കണം.
3. വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിൻെറ വിവിധ മേഖലകൾ വോൾട്ടേജ് ക്ഷാമം മൂലം ബുദ്ധിമുട്ടുക യാണ്. വോൾട്ടേജ് ക്ഷാമം രൂക്ഷമായിരിക്കുന്ന പ്ര ദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
4. വൈദ്യുതി എത്താത്ത പട്ടികജാതി കോളനികളിൽ വൈദ്യുതി എത്തിക്കണം.
5. വൈദ്യുതി എത്താത്ത കോളനികളിലും ഫലപ്രദ മായ മററു പ്രദേശങ്ങളിലും സൗരോർജ്ജം കൊണ്ട് കത്തുന്ന വിളക്കുകൾ സ്ഥാപിക്കണം.
6. പോയാട്, നേമം മേജർസെക്ഷനുകളുടെ പ്രവർത്തന പരിധി മലയം, പൊററ റോഡിൽ മണലുവിളഭാഗ ത്ത് എത്തിനിൽക്കുന്നു. ഇവ തമ്മിൽ ബന്ധിപ്പി ച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
7. തിരുമല സബ്സ്റ്റേഷനിൽ നിന്നും പെരുകാവ് പൊററവഴി മലയിൻകീഴ് ഫീഡറിലേയ്ക്കുപോകു ന്ന 11KV ഫീഡറിൽ പെരുകാവിലും പാറപ്പൊററയി ലുംട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
8. പൊററയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇലക് ട്രിക്കൽ ഓവർസീയർ ആഫീസ് ഒരു സബ് ഇൻജി നിയർ ആഫീസായി ഉയർത്തുകയും നേമം സെക്ഷ ൻെറ കീഴിൽ വിളവൂർക്കൽ പഞ്ചായത്തിൽ മലയം ഭാ ഗത്ത് ഒരു ഓവർസീയർ ആഫീസ് സ്ഥാപിക്കുക യും ചെയ്യുക.

# ഗതാഗതം

ചലിക്കാനും ചലിപ്പിക്കാനുമുള്ള മനുഷ്യന്റെ വ്യഗ്രത പുരാതനശിലായുഗങ്ങൾ മുതൽക്കേ ആരംഭിച്ചിരുന്നു. പരിണാമസിദ്ധാന്ത പ്രകാരം ഇഴഞ്ഞു നീങ്ങിയമണ്ഡലങ്ങളിൽ നിന്നും ഇരുകാലികളായി മാറിയപ്പോൾ സഞ്ചാര സൗകര്യങ്ങൾക്ക് പുതിയ പുതിയ മാർഗ്ഗങ്ങൾ തേടാൻ അവൻ നിർബന്ധിതനായി. ചക്രങ്ങളുടെ കണ്ടുപിടുത്തവും പിന്നീടങ്ങോട്ട് ആധുനികയുഗത്തിലെ ജംബോ വിമാനങ്ങൾ വരെയുള്ള കണ്ടുപിടുത്തങ്ങളും അവന്റെ അന്വേഷണത്തിന്റെ ഫലമായിരുന്നു. പക്ഷേ ഗതാഗത വികസനം യഥാർത്ഥത്തിൽ നടന്നിട്ടുള്ളത് വികസിത രാഷ്ട്രങ്ങളിൽ മാത്രമാണ് നമ്മുടെ രാഷ്ട്രംപോലൊരു വികസിത രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം ഗതാഗതവികസനം ഭാവനകളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണല്ലോ? വ്യവസായ പുരോഗതി കൈവരിക്കാൻ ശ്രമിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ഗതാഗത പുരോഗതി എത്രത്തോളം പ്രാധാന്യം അർഹിക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ. സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും എന്നാൽ ഗതാഗത പുരോഗതി അത്യന്താപേക്ഷിതവും ആയിരിക്കുന്ന നമ്മെ സംബന്ധിച്ചിടത്തോളം ജനശക്തികൂടി ഉപയോഗപ്പെടുത്തി മാത്രമേ ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയൂ. കേരള എന്നത് നമ്മുടെ സംസ്ഥാനം എന്നതിനുപരി ഒരു കുടുംബമായി കണ്ട് കുടുംബത്തിന്റെ അംഗങ്ങളായ നമ്മൾക്കെല്ലാം ഒരുമിച്ചു ചേർന്ന് പ്രവർത്തിക്കാം. പ്രശ്നങ്ങൾ കണ്ടുപിടിക്കുന്നതോടൊപ്പം പരിഹാരമാർഗ്ഗങ്ങളും നമുക്കുതന്നെ ആലോചിക്കാം.

റോഡ് ഗതാഗതം മാത്രം നിലവിലുള്ള ഒരു പഞ്ചായത്താണ് വിളവൂർക്കൽ പഞ്ചായത്ത്. എല്ലാഗ്രാമസഭകളിൽ നിന്നും ഏററവും കൂടുതൽ മുൻഗണന നൽകി ചർച്ചചെയ്യപ്പെട്ടതും ഗതാഗതം തന്നെയായിരുന്നു. പുതിയ റോഡുകളുടെ നിർമ്മാണവും നിലവിലുള്ള റോഡുകളുടെ പുനഃനിർമ്മാണവും ഉൾപ്പെടെ ധാരാളം കാര്യക്ഷമമായ നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളത്. പുതിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനും പുനർനിർമ്മാണ പ്രവർത്തനത്തിനും സന്നദ്ധ അടിസ്ഥാനത്തിൽ ചെയ്തു തീർക്കാവുന്ന എല്ലാ പ്രവർത്തനങ്ങൾക്കും പരിപൂർണ്ണ സന്നദ്ധ സഹകരണം ഈ പഞ്ചായത്തു നിവാസികൾ ഉറപ്പു നൽകിയിട്ടുണ്ട്. എന്നുള്ളതു ഈ മേഖലയിലെ വികസന പുരോഗതിക്ക് അടിവരയിടുന്നു. ഈ മേഖലയിലെ പ്രശ്നങ്ങൾ വലിച്ചു നീട്ടി പരത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കാരണം ഗ്രാമസഭ റിപ്പോർട്ടുകൾ വിശദമായി പരിശോധിക്കുകയാണെങ്കിൽ ഈ മേഖലയിലെ പ്രശ്നങ്ങൾ വ്യക്തമാക്കും. പരിഹാരമാർഗ്ഗങ്ങൾക്ക് സന്നദ്ധപ്രവർത്തനവും സർക്കാർ ധനസഹായവും ഒരുമിച്ചു കൊണ്ട് ഒരു പ്രവർത്തനമല്ലാതെ മറെറാരു മാർഗ്ഗവും നിർദ്ദേശിക്കാനില്ല. ഗ്രാമസഭാ നിർദ്ദേശങ്ങൾ പൂർണ്ണമായും ചേർക്കുന്നു നിർദ്ദേശങ്ങൾ എല്ലാം തന്നെ സമയബന്ധിതമായി നടപ്പാക്കേണ്ടതാണെന്ന് പറയേണ്ടതില്ലല്ലോ.

ഈ പഞ്ചായത്തിൽ നിലവിലുള്ള പ്രധാനപ്പെട്ട റോഡുകൾ ചുവടെ ചേർക്കുന്നു.

| P.W.D. റോഡുകൾ | നീളം |
|---|---|
| 1. പാപ്പനംകോട് - മലയിൻകീഴ് | 5 KM. |
| 2. വിളവൂർക്കൽ - പിടാരം | 3.30 KM. |

N.R.E.P. റോഡുകൾ

| റോഡുകൾ | നീളം |
|---|---|
| 1. ചൂഴാററുകോട്ട - പെരുകാവ് | 3 KM. |
| 2. പിടാരം - പുതുവീട്ടുമേലെ | 2 KM. |
| 3. പെരുകാവ് - മങ്കാട്ടുകടവ് | 1.25 KM. |

പഞ്ചായത്ത് റോഡുകളുടെ വിവരം ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്നും ലഭ്യമാണ്. അതിനാൽ ഇവിടെ പ്രതിപാദിക്കുന്നില്ല.

റോഡുകളുടെ സ്ഥിതി പൊതുവായി വിലയിരുത്തിയാൽ മതിയാകും. കാരണം മിക്കവാറും എല്ലാ വാർഡുകളിലേയും റോഡുകളുടെ സ്ഥിതി ഒരുപോലെയാണ്. മിക്കവഴികളിലും ഓടകൾ ഇല്ലാത്തതുകാരണം മഴക്കാലത്ത് റോഡുകൾ ഓടകളായി മാറുന്ന സ്ഥിതിവിശേഷമാണ്. കയററിറക്കമുള്ളതും, ടാർ ചെയ്യാത്തതുമായ ധാരാളം റോഡുകൾ ഈ പഞ്ചായത്തിലുണ്ട്. ഇത്തരം റോഡുകളുടെ ടാറിങ് അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണ്. ഗതാഗത മാർഗ്ഗങ്ങളുടെകാര്യം എടുത്തുപറയേണ്ടതാണ്. ഒരുകാര്യമാണ് കാരണം ഈ പഞ്ചായത്തിലെ തൊണ്ണൂററി അഞ്ച് ശതമാനം ജനങ്ങളുടെയും ഗതാഗതോപാധി ട്രാൻസ്പോർട്ട് ബസ്സാണ്. അതിനാൽ ഈ മേഖലയിലെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കു

കയാണ് ഒന്നാമതായി ചെയ്യേണ്ടത്. ഇപ്പോൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ബസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സർവ്വീസുകളുടെ പേര് | ഷെഡ്യൂളുകളുടെ എണ്ണം |
|---|---|
| മങ്കാട്ടുകടവ് - മലയിൻകീഴ് റൂട്ടിൽ ലോക്കൽ ഉൾപ്പെടെ | 6+2 Local |
| പൊററയിൽ - മങ്കാട്ടുകടവ് | 1 |
| പൊററയിൽ - പേയാട് | 2 |
| വിഴവൂർ - മങ്കാട്ടുകടവ് | 2 |
| വിഴവൂർ ചൂഴാററുകോട്ട | 1 |

മേൽപ്പറഞ്ഞ സർവ്വീസുകളിൽ പാപ്പനംകോട് മലയിൻകീഴ് സർവ്വീസുകൾ ഒഴികെ ബാക്കിയെല്ലാ സർവ്വീസുകളും ഇടറോഡുകളിൽ കൂടിയാണ് ഓടുന്നത്. അപ്രതീക്ഷിതമായി വരുന്ന സർവ്വീസ് ക്യാൻസലേഷനുകളും, സർവ്വീസ് തകരാറുകളുംജനങ്ങളെവളരെയധികം ബുദ്ധിമുട്ടിക്കുന്നു.ഇടറോഡുകളായതിനാൽ മററുസർവ്വീസുകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ഇത്തരം സാഹചര്യത്തിൽ യാത്രക്കാർ കാൽനടയായോ, മററു വാഹനങ്ങളെ ആശ്രയിച്ചോ യാത്ര ചെയ്യേണ്ടിവരുന്നു. ജനസാന്ദ്രതയേറിയ പ്രദേശമായതിനാൽ നിലവിലുള്ള സർവ്വീസുകൾപോലും അപര്യാപ്തമാണ്. മങ്കാട്ടുകടവ്, മലയിൻകീഴ് റൂട്ടിൽ ബസ്സുകൾ കോൺവായ് അടിസ്ഥാനത്തിലാണ് ഓടുന്നത്. ആയതിനാൽ Peakhour കഴിഞ്ഞാൽ മണിക്കൂറുകളോളം ബസ്സുകൾ ഒന്നും ഉണ്ടാവാറില്ല. Peakhour നെ സംബന്ധിച്ചിടത്തോളം ഇനിയും സർവ്വീസുകൾ പ്രസ്തുത റൂട്ടിൽ ആവശ്യമാണ്. പൊററയിൽ വഴി ഓടുന്ന ബസ്സുകൾ കൃത്യമായി ഓടുന്നില്ല, എന്നുമാത്രമല്ല നിലവിലുള്ളവ പര്യാപ്തവുമാണ്. ചൂഴാററുകോട്ട - വിഴവൂർവഴി ഓടുന്ന ബസ്സുകളുടെ കാര്യവും മേൽ പ്രസ്താവിച്ചതുപോലെയാണ്. പാപ്പനംകോട്, മലയിൻകീഴ് റൂട്ടിൻ ഓടുന്ന ബസ്സുകളും കോൺവായ് അടിസ്ഥാനത്തിലാണ് ഓടുന്നത്. നിലവിലുള്ള സർവ്വീസുകളെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ ഈ സർവ്വീസുകൾ മെച്ചപ്പെടുത്തിയതുകൊണ്ടു മാത്രം ഗതാഗത പ്രശ്നത്തിന് പരിഹാരമാകുന്നില്ല. കാരണം ജനസാന്ദ്രതയുള്ള മിക്കമാറും പ്രദേശങ്ങൾ ബസ്സു റൂട്ടിൽ നിന്നും വളരെയധികം അകന്നുമാറിയാണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം പ്രദേശങ്ങളിൽ ഉള്ളവർക്ക് ബസ്സ് യാത്രയ്ക്കായി കിലോമീറ്ററോളം സഞ്ചരിക്കേണ്ടിവരുന്നു. പ്രസ്തുത പ്രദേശങ്ങളിൽ ബസ്സ് റൂട്ടിന് അനുയോജ്യമായ റോഡുകൾ ഉള്ളതിനാൽ പുതിയ സർവ്വീസ് ആരംഭിക്കുന്നത് സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരു അനുഗ്രഹമായിരിക്കും.

പുതിയ സർവ്വീസുകൾ ആരംഭിക്കേണ്ട സ്ഥലങ്ങൾ ഇനി പറയുന്നു.

1. പിടാരം - കാരാം കോട്ടുകോണം - ചന്തമുക്ക് - പേയാട്
2. വിഴവൂർ - വഴുതോട്ടുവിള - പൊററയിൽ
3. മലയം - മണലിവിള - പൊററയിൽ
4. പുതുവീട്ടുമേലെ - കുണ്ടമൺഭാഗം
5. വാളിയോട്ടുകോണം - കുരുശുമുട്ടം - പള്ളിമുക്ക്
6. ഈഴക്കോട് - കോളച്ചിറ - പാലോട്ടുവിള. സമയബന്ധിതമായ ഏതൊരു പ്രവർത്തനത്തിനും അടിസ്ഥാനമായഘടകം ഗതാഗതമാണെന്ന് അറിയാമല്ലോ? വേഗതയിൽ മുന്നോട്ടുപോകുന്ന നമ്മുടെ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഗതാഗതത്തിന്റെ പ്രസക്തി കുറച്ചൊന്നുമല്ല. ഇതുവരെ രേഖപ്പെടുത്തിയ വിവരങ്ങൾ അധികൃതർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് കരുതുന്നു. അവകാശങ്ങൾ ചോദിച്ചുവാങ്ങുന്നതോടൊപ്പം ഒരു ജനാധിപത്യ രാജ്യത്തിലെ പൗരന്മാർ എന്നനിലക്ക് നമ്മുടെ കടമകളെക്കുറിച്ച് നമുക്ക് ബോധവാൻമാരാകാം. വികസനം പുസ്തകത്തിൽ നിന്ന് പുറംലോകത്തേക്ക് എത്തുമെന്നതിൽ നമക്കിനി സംശയം വേണ്ട.

# ഗ്രാമസഭയിൽ നിന്ന് വന്ന റോഡുകളുടെ നിർദ്ദേശങ്ങൾ

## വാർഡ് 1 ചൂഴാററുകോട്ട

1. ചൂഴാററുകോട്ട - മങ്കാട്ടുകടവ് റോഡ് സൈഡ്വാരം കെട്ടി ടാർ ചെയ്യുക.
2. ചൂഴാററുകോട്ട - ചന്തവിളറോഡ് സഞ്ചാരയോഗ്യമാക്കുക.
3. ചൂഴാററുകോട്ട-മൂക്കുന്നി നഗർ-മലയടിവാരം - നിരപ്പ്വിള - വെള്ളെയ്ക്കോണം റോഡ് വികസിപ്പിക്കുക.
4. ചാവടി ഭാഗത്ത് നിന്ന് തോട്ടിലേക്ക് പോകുന്ന റോഡിൻെറ ശോചനീയാവസ്ഥമാററി സഞ്ചാരയോഗ്യമാക്കുക.
5. ചൂഴാററുകോട്ട-തൃക്കണ്ണാപുരം പാലം നിർമ്മാണം ഊർജ്ജിതപ്പെടുത്തുക.
6. ചൂഴാററുകോട്ട - ജംഗ്ഷനിലുള്ള വളവ് നേരെയാക്കി ആക്സിഡൻറ് ഒഴിവാക്കുക.
7. കുരുവിക്കാട് വെള്ളെയ്ക്കോണം റോഡ് സഞ്ചാരയോഗ്യമാക്കുക.
8. ആശാൻവിളാകംക്ഷേത്രനട റോഡ് പുനരുദ്ധരിക്കുക.

## വാർഡ് 2 വിഴവൂർ

1. വിഴവൂർ - കുണ്ടറത്തോപ്പ് റോഡ്, വിഴവൂർ - പിടയംകോട്ടുകോണം, കല്ലുപാലം വേങ്കൂർ, വിഴവൂർ ചേരുവിള-എരിക്കലം എന്നീ റോഡുകൾ ടാറുചെയ്തു ഗതാഗതയോഗ്യമാക്കുക.
2. ചേരുവിള C. S. I. ചർച്ച്, വിഴവൂർ കുണ്ടറത്തോപ്പുമായി ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.
3. തെങ്ങോട്ട്വിളയിൽ നിന്നും മരുതുംമൂട്വരെ ഒരു പുതിയ റോഡ് നിർമ്മിക്കുക.
4. വിഴവൂർ ചെററാരിക്കൽ ചേരുവിള പറമ്പുംതല റോഡ് പുനരുദ്ധാരണ പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
5. വിഴവൂർ-പൊററയിൽ-മലയിൻകീഴ് റോഡ് 8 മീറ്റർ വീതിയാക്കി ബസ്സ് സർവ്വീസ് ആരംഭിക്കുക.
6. വിഴവൂർ sc/st കോളനിയിലേക്കുള്ള നടപ്പാതകൾ ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക.
7. പിടയംകോട്ടുകോണം- വേങ്കൂർ റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.
8. പിടയംകോട്ടുകോണം-കോനറതലയ്ക്കൽ റോഡ് സൈഡ് വാരംകെട്ടി സഞ്ചാരയോഗ്യമാക്കുക.

## വാർഡ് 3 മലയം

1. മലയം-പൊററയിൽ റോഡ്ടാറ് ചെയ്യുക. ഇടയ്ക്കുള്ള മലയം തോടിൻെറ പാലത്തിൻെറ പണി ഊർജ്ജിതപ്പെടുത്തുക.
2. മലയം - വണ്ടിയമൺ വിഴവൂരുമായി ബന്ധിപ്പിക്കുന്നറോഡ്, മണലിവിള-കൊച്ചു പൊററയുമായി ബന്ധിപ്പിക്കുന്ന റോഡ് എന്നിവ വീതികൂട്ടി, ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.
3. മൂലോണം - കുറിച്ചിലുവിള മേലെ വലിയവിള റോഡ് വീതികൂട്ടി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുക.
4. വണ്ടിയമൺ കടകണ്ണറതലയ്ക്കൽ വിളത്തറതലയ്ക്കൽ-കുറിച്ചിൽ വിള വഴുതോട്ടുവിള റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
5. വിളവൂർക്കൽ വെള്ളംകുളം വഴി പോകുന്ന റോഡ് മലയം പൊററ റോഡുമായി ബന്ധിപ്പിക്കുക.
6. മലയം മൂക്കുന്നിമല റോഡ് വിളവൂർക്കൽ പഞ്ചായത്തിൻെറ ഭാഗമായി വരുന്ന ഒരു കിലോമീററർ ദൂരം ടാർ ചെയ്യുക.
7. പിടയംകോട് ഇടവഴിയും, പുതുവീട്ടു വിള ഇടവഴിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു നടപ്പാത നിർമ്മിക്കുക.

## വാർഡ് 4 വിളവൂർക്കൽ

1. അയണിയോട് വഴി-നാരങ്ങത്തലകൊച്ചു പൊററ റോഡ് വീതികൂട്ടി ടാർ ചെയ്ത് വിളവൂർക്കൽ നാലാം കല്ലിൽ എത്തിക്കുക.
2. മണലൂവിള തലപ്പംകോട്വഴി വിളവൂർക്കൽ പാലം എത്തുന്ന റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുക.
3. ആൽത്തറ-തുമരിച്ചൽ മരിച്ചീനിവിള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
4. വിളവൂർക്കൽ തെങ്ങെത്താംകോട് ഹരിജൻ കോളനി ഭാഗത്തേക്കുള്ള P. W. D. ബണ്ട് വീതികൂട്ടി ടാർ ചെയ്യുക.

5. വിളവൂർക്കൽ നാലാം കല്ല് മുരീക്കറത്തല റോഡ് കോവിലുവിളയുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.

6. വഴുതൂർക്കോണം-ആമക്കുളം മുതൽ വിലിൻറിന് സമീപമുള്ള മച്ചേൽത്തടം വീതികൂട്ടി ടാർ ചെയ്യുക.

7. മായിക്കോണം മുതൽ വേലിക്കരവിളാകം വരെ P.W.D. ബണ്ടിൽ എത്തുന്ന തടം ഗതാഗത യോഗ്യമാക്കുക.

8. വിളവൂർക്കൽ റേഷൻകട ജംഗ്ഷനിൽ നിന്നും നടവരമ്പിൽകൂടി തെങ്ങത്താംകോട് ഭാഗത്തേക്കുള്ള ബണ്ട് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക

9. വിളവൂർക്കൽ വലിയ പാലം-മങ്കാട് - തെങ്ങത്താംകോട് - കോവിലുവിള റോഡ് വീതികൂട്ടി ടാർ ചെയ്യുക.

10. വിളവൂർക്കൽ പാലം തുടങ്ങി കുണ്ടാക്കോണംവഴി കോവിലുവിള റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കണം.

11. കോവിലുവിള റോഡ് - പ്ലാങ്കോട്ട് മുകൾ-തെങ്ങത്താംകോട് ബണ്ടിൽ ഇറങ്ങുന്നവഴി ഗതാഗത യോഗ്യമാക്കുക.

12. പുറത്തേക്കാട്-അയണിയോട് ഭാഗത്തുള്ള ഇടവഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

13. വിളവൂർക്കൽ പാലം-പേവറത്തല വഴി-കോണത്തുകുളം വഴി കൊച്ചുപൊററ റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

## വാർഡ് V പൊററയിൽ

1. പൊററയിൽ വയലിക്കട റോഡ്, കുരിയോട് കുട്ടത്തുകാൽ റോഡ് തീപ്പെട്ടിക്കമ്പനി വഴിയുമായി കോണത്തേക്ക് പോകുന്ന പാത വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക.

2. കുന്നുവിള-ആയാംവിള റോഡ് കോളച്ചിറയുമായി ബന്ധിപ്പിക്കുക.

3. പൊററയിൽ വയലിക്കട റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

4. കുരിയോട് - കൊമ്പേററി-കോളച്ചിറ - കുറകോണം കാവടിവിള-ഈഴക്കോട് കരിപ്പൂര് എന്നീ റോഡുകൾ വീതികൂട്ടി ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുക.

5. കൊമ്പേററി-കുഴിവിളാകം - കുട്ടത്ത്കാവ് എന്നിവിടങ്ങളിൽ പാലം നിർമ്മിക്കുക.

6. കോളച്ചിറ - കുഞ്ചുവീട്ട്വിളാകം റോഡിൽ പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

7. പാലോട്ടുവിള-കുരിയോട് റോഡ് വേലിക്കര കോളനിയുമായി ബന്ധിപ്പിച്ച് ടാർ ചെയ്തുസഞ്ചാര യോഗ്യമാക്കുക.

8. പിടാരം പണ്ടാരക്കണ്ടം റോഡ്-വിളവൂർക്കൽ പിടാരാ റോഡുമായി ബന്ധിപ്പിച്ച് ടാർ പെയ്തു സഞ്ചാര യോഗ്യമാക്കുക.

9. വേങ്കോട്ടുകോണം-പുളിയറത്തല എന്നീ ഇടവഴികൾ സഞ്ചാര യോഗ്യമാക്കണം.

10. പെരുകാവ്, പൊററയിൽ മലയിൻകീഴ് റോഡ് നിർമ്മിക്കണം.

11. പുളിയറത്തല കോളച്ചിറയുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം.

## വാർഡ് VI പെരുകാവ്

1. S.T. ജമാപള്ളി മുതൽ പരുത്തിപ്പാറ സ്ക്കൂൾവരെ ഉള്ള റോഡ് വീതികൂട്ടി ഓടനിർമ്മിച്ച് ടാർ ചെയ്യണം.

2. ഏറവിളയിൽ നിന്നും എക്സ് സർവീസ് നഗർ വഴി ശാസ്താംകോവിൽ പോകുന്ന റോഡ് ഇലവിൽമൂട് കിഴക്കേവിളാകം സെൻറ് ജമാപള്ളി വരെയുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

3. മങ്കാട്ട്കടവ് പാലം മുതൽ സ്ക്കൂൾ വരെയുള്ള റോഡ് റീ ടാർ ചെയ്യണം.

4. കൈതവിള്, പൊററവിള, കോണാകോട്, ശാസ്താം കോവിൽ റോഡ് സെൻറ് ജമാ പള്ളി, അടൂർ തോപ്പ് റോഡ് ഇവ സഞ്ചാര യോഗ്യമാക്കുക.

5. ശാസ്താം കോവിൽ റോഡ്, മെയിൻ റോഡ്, ക്രോസ് ചെയ്ത് മാവുവിള പൊററയിൽ വിഴവൂർ റോഡിൽ ബന്ധിപ്പിക്കണം.

6. കല്ലം പൊററ മാവുവിള റോഡ് നിർമ്മിക്കുക.

## വാർഡ് VII ഈഴക്കോട്

1. പൊററയിൽ വഞ്ചിക്കോട് റോഡ് പാവച്ചക്കുഴി റോഡുമായോ എലവിൻമൂട് റോഡുമായോ ബന്ധിപ്പിച്ച് വീതികൂട്ടി 8മീററർ ഗതാഗത യോഗ്യമാക്കുക.

2. പുതുവീട്ടുമേലെ മടുത്തു വിളാകം ഇടവഴി വഞ്ചിക്കോട് പിടാരം റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.

3. പാറപ്പൊററ പെരുകാവ് റോഡ് ഗതാഗത യോഗ്യമാക്കുക.

4. പാറപ്പൊററ കൊശവൂർക്കോണം റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

5. ഈഴക്കോട് പഞ്ചായത്ത് കിണററിന് സമീപത്തുനിന്ന് തുടങ്ങുന്ന നടപ്പാത പിടാരം വഞ്ചിക്കോട് റോഡുമായി ബന്ധിപ്പിക്കുക.

6. എരിച്ചിമാംകുഴി നടപ്പാത വികസിപ്പിച്ച് പിടാരം വഞ്ചിക്കോട് റോഡുമായി ബന്ധിപ്പിക്കുക.

7. മങ്കാട്ടുകടവ് റോഡും, പൊററയിൽ റോഡും, മലയിൻകീഴുമായി ബന്ധിപ്പിക്കുക.

## വാർഡ് VIII കുണ്ടമൺഭാഗം

1. പുലിപ്പാറവിള മങ്കാട്ടുകടവ് റോഡ് ഗതാഗതയോഗ്യമാക്കുക.
2. വട്ടവിള, മങ്കാട്ട്കടവ്, കുണ്ടമൺ ഭാഗം, കുരിശുമുട്ടം, കൊല്ലാക്കര, വട്ടവിള വയയ്ക്കൽ തൈവിള, ഊട്ടുപറണി, തൈവിള, ഭഗവതിനട കുരിശുമുട്ടം എന്നീ റോഡുകൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
3. ശങ്കരൻ നായർ റോഡ് വീതികൂട്ടി ബസ് സർവീസ് ആരംഭിക്കുക.
4. പുലിപാറവിള, മങ്കാട്ട്കടവ്, പനച്ചിമൂട് എന്നീ ഭാഗങ്ങളിൽ സൈഡ്‌വാരം കെട്ടി കലുങ്ക് നിർമ്മിച്ച് മങ്കാട്ട്കടവുമായി ബന്ധിച്ച് സഞ്ചാര യോഗ്യമാക്കുക.
5. വട്ടവിള. കളിയിക്കൽ വിളാകം റോഡ് കുരുശുമുട്ടം റോഡുമായി ബന്ധിപ്പിക്കുക.
6. കുണ്ടമൺഭാഗം, കുറിഞ്ഞിമൺ, കട്ടയ്ക്കാൽ റോഡ് വീതികൂട്ടി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.
7. മങ്കാട്ടുകടവ് തച്ചോട്ടുകാവ് റോഡ് P.W.D. ഏറെറടുത്ത് വീതികൂട്ടി റീ ടാർ ചെയ്തു ഈ ഭാഗത്തുള്ള യാത്രാക്ലേശം പരിഹരിക്കുക.
8. പുതുവീട്ടു മേലെ കുരിശുമുട്ടം റോഡിൽ നിന്നും വയലിൽ വരുന്ന പൊതുവഴി കൊല്ലാക്കര റോഡുമായി ബന്ധിപ്പിച്ച് സഞ്ചാര യോഗ്യമാക്കുക.

## വാർഡ് IX കുരുശുമുട്ടം (പനങ്ങോട്)

1. കുരിശുമുട്ടം - പള്ളിമുക്ക് റോഡ് സൈഡ് വാരം കെട്ടി ടാർ ചെയ്യണം.
2. കാരാംകോട്ടുകോണം-കുണ്ടമൺഭാഗം റോഡ് സൈഡ് വാരം കെട്ടി ടാർ ചെയ്തു സഞ്ചാര യോഗ്യമാക്കുക.
3. കവലോട്ടുകോണം തകിടി റോഡ് ഗതാഗത യോഗ്യമാക്കുക.
4. കുരിശുമുട്ടം-കുണ്ടമൺ ഭാഗം റോഡ് ഗതാഗത യോഗ്യമാക്കുക.
5. വാളിയോട്ടുകോണം ലക്ഷം വീട് റോഡ് സഞ്ചാര യോഗ്യമാക്കുക.
6. ചന്തമുക്ക്, കാരാംകോട്ടുകോണം, പള്ളിമുക്ക്, ചാത്രക്കടവ് എന്നിവ ഗതാഗത യോഗ്യമാക്കുക.
7. പനങ്ങോട്, ആലന്തറക്കോണം റോഡ് സഞ്ചാര യോഗ്യമാക്കുക.
8. കാരാംകോട്ടുകോണം, താഴച്ചിറയ്ക്കൽ കുണ്ടമൺ ഭാഗം റോഡിൽ സൈഡ് വാരം കെട്ടി ഓട നിർമ്മിക്കുക.
9. പള്ളിമുക്ക്, കുരിശുമുട്ടം റോഡിന്റെ വശങ്ങളിലെ പുറമ്പോക്ക്ഭൂമി ഉപയോഗിച്ച് റോഡിന്റെ വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
10. പുതുവീട്ടുമേലെ കുരിശുമുട്ടം ഏലാ പൊതുവഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കുക,
11. വാളിയോട്ടുകോണം, തകിടി വഴിനിരപ്പിൽ റോഡ് സഞ്ചാര യോഗ്യമാക്കുക.

## വാർഡ് X കുരിശുമുട്ടം (പേയാട്)

1. ചന്തമുക്ക്, കാരാംകോട്ടുകോണം, പെരിങ്ങോട്ടുകോണം റോഡ് സൈഡ് വാരംകെട്ടി ടാർ ചെയ്യണം.
2. ചന്തമുക്ക്, പിടാരം റോഡിന്റെ ശേഷിച്ചിട്ടുള്ള ഭാഗം ടാർ ചെയ്യണം.
3. ചിറക്കോണം, പുല്ലുവിള റോഡ് നിർമ്മിക്കണം.
4. കാരാംകോട്ടുകോണം, ചാമവിള, ആലംന്തറകോണം-റോഡ്, സൈഡ് വാരം കെട്ടി സഞ്ചാര യോഗ്യമാക്കണം.
5. മലയിൻകീഴ് വിളവൂർക്കൽ പഞ്ചായത്തുകളുടെ അതിർത്തിയായ കുന്നിൻമുകംവരെയുള്ള ഭാഗത്ത് നടപ്പാത നിർമ്മിക്കണം.
6. ചാമവിള റോഡിൽ നിന്നും ദുർഗാദേവി ക്ഷേത്രത്തിലേക്കുള്ള വഴി പിടാരം കാരാംകോട്ടുകോണം റോഡുമായി ബന്ധിപ്പിക്കുക.

# പാർപ്പിടം

സൃഷ്ടിയുടെ കാലം മുതൽ തന്നെ സകല ജീവജാലങ്ങൾക്കും അത്യന്താപേക്ഷിതമായ ഒരു ഘടകമായി നിലകൊള്ളുന്നു പാർപ്പിടം. ഏദൻ തോട്ടത്തിൽ നിന്നും തുടങ്ങിയ മനുഷ്യജീവിതവും ഇതിനൊരപവാദമല്ല ഭ്രമണവും പരിക്രമണവും ദിനരാത്രങ്ങൾക്കും ഋതുക്കൾക്കും ഹേതുവായി മാറുമ്പോൾ ജീവജാലങ്ങൾക്ക് ഋതുഭേദങ്ങളിൽ നിന്നും രാത്രിയുടെ ഭയപ്പെടുത്തുന്ന മൂകാന്തരീക്ഷത്തിൽ നിന്നും രക്ഷപ്രാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പക്ഷേ മനുഷ്യനെ സംബന്ധിച്ചിടത്തോളം ശത്രുക്കളിൽനിന്നും രക്ഷപ്രാപിക്കേണ്ട ഒരു കവചം കൂടി ആവശ്യമായിവന്നു. ഒരുകാലത്ത് വന്യമായ ജീവിതം നയിച്ച് വനത്തിന്റെ ഭീകരാവസ്ഥയിൽ വന്യമൃഗങ്ങളോടും പക്ഷികളോടുമൊപ്പം വിഹരിച്ചിരുന്ന അവസ്ഥയിൽപ്പോലും പാർപ്പിടത്തിന്റെ കാര്യത്തിൽ അവൻ ശ്രദ്ധാലുവായിരുന്നു. കാട്ടുമരച്ചില്ലയിൽ തുടങ്ങിയ ഏറുമാടങ്ങൾ മുതൽ മാനംമുട്ടെ നിറഞ്ഞുനില്ക്കുന്ന മണിമാളികകളിൽ വരെ എത്തി നിൽക്കുന്നു അവന്റെ പാർപ്പിട സങ്കല്പം. കൃഷിയിടങ്ങൾപോലും നികത്തി ബഹുനില ഫ്ളാറ്റുകൾക്ക് രൂപം കൊടുക്കുവാൻ ഇന്നത്തെ സമൂഹം അതീവ തല്പരരാണ്. ''നിദ്രയ്ക്ക് നിറമില്ല'' എന്ന അടിസ്ഥാനതത്വത്തിൽ അടിവരയിടുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇന്ന് ത്വരിതമായി നടക്കുന്നു. സമ്പന്ന ദരിദ്രഭേദമില്ലാത്ത നിറപ്പകിട്ടാർന്ന ശയന സ്വപ്നങ്ങൾക്ക് മനുഷ്യൻ രൂപം കൊടുക്കുമ്പോൾ, പക്ഷേ ഒരു നിശബ്ദ ന്യൂനപക്ഷം ഇന്നും ഗതിയാല്ലാത്ത ആത്മാവുപോലെ കടത്തിണ്ണയിലും ബസ്സ്റ്റാൻഡുകളിലും, റെയിൽവേട്രാക്കുകളിലും വഴിവരമ്പുകളിലും അന്തിയുറങ്ങാനിടം കണ്ടെത്തുന്നു. പറയിപ്പെറ്റ പന്തിരുകുലത്തിന്റെ പിൻഗാമികളായി വാഴ്ത്തപ്പെടുന്ന മാനവസമൂഹം ഒരമ്മയുടെ വയറ്റിൽ പിറന്ന സഹോദരങ്ങളും അവരുടെ പിൻതലമുറകളുമാണ്. അങ്ങനെയെങ്കിൽ നമ്മുടെ സഹോദരന്മാരിൽ ഒരു വിഭാഗം എല്ലാ സുഖസൗകര്യങ്ങളോടും മദിച്ചുല്ലസിക്കുമ്പോൾ മറ്റൊരു വിഭാഗം അതിനവകാശത്തിനുപോലും ഇടമില്ലാതെ അലയുന്നത് ഏറ്റവും വലിയ ക്രൂരതയല്ലേ? ജനാപത്യവ്യവസ്ഥിതിയിൽ നിയമത്തിന്റെ മുന്നിൽ എല്ലാപേരും തുല്യരാണെന്ന്അവകാശപ്പെടുന്ന നാം സമ്പത്തിന്റെ കാര്യത്തിൽ ഉണ്ട് എന്ന് പറയപ്പെടുന്ന തുല്യനത നമ്മെ സംബന്ധിച്ചിടത്തോളം വാക്കുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. തന്മൂലം ദരിദ്രൻ ദരിദ്രനായി ജനിച്ച് ദരിദ്രനായി മരിക്കുകയും സമ്പന്നൻ സമ്പനായി ജനിച്ച് സമ്പന്നനായിത്തന്നെ വിഹരിച്ച് മരിക്കുകയും ചെയ്യുന്നു. ഈ വ്യവസ്ഥിതി മാറി മനുഷ്യനെപോലെ ജീവിക്കുവാനും മരിക്കാനുമുള്ള മനുഷ്യന്റെ ധാർമ്മികമായ അവകാശം കാത്തു സൂക്ഷിക്കുവാൻ ജനകീയാസൂത്രണ പരിപാടി ഊന്നൽ നൽകി പദ്ധതികൾ നടപ്പാക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ജീവിക്കുവാനുള്ള മനുഷ്യന്റെ ധാർമ്മികാവശ്യത്തെക്കുറച്ച് പ്രതിപാദിച്ചുവല്ലോ? പാർപ്പിടം, ആഹാരം, വസ്ത്രം എന്നിവകൊണ്ടുമത്രം അവന്റെ അടിസ്ഥാനാവശ്യങ്ങൾ പൂർണ്ണമാകുന്നില്ല ചിരിക്കാനും ചിന്തിക്കാനുമുള്ള മനുഷ്യന്റെ മാത്രം കഴിവ് അവന്റെ ജീവിതരീതിയിലും പ്രതിഫലിക്കേണ്ടിയിരിക്കുന്നു. മനുഷ്യനും ഭരണകൂടവും തമ്മിലുള്ള പരസ്പര ബന്ധം എന്നും സാമൂഹ്യക്ഷേമപ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ചലിക്കുന്ന വായുവിന്റെ അനുഭൂതി നാം അനുഭവിക്കുന്നതുപോലെ ഭരണ വ്യവസ്ഥിതിയുടെ ഗുണമേന്മകൾ സാധാരണക്കാരൻ അനുഭവിക്കുന്നത് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെയാണ്. പ്രാഥമിക ആവശ്യങ്ങളും, വിദ്യാഭ്യാസ, ആരോഗ്യ, പൊതുവിതരണ സംവിധാനങ്ങളും മെച്ചപ്പെടുത്തേണ്ടത് നമ്മെ സംബന്ധിച്ചിടത്തോളം വളരെയേറെ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇന്നത്തേതിന്റെ ഇരട്ടി വേഗതയിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയാലും ഈ രംഗത്ത് ഒരു സ്വയംപര്യാപ്തത കൈവരിക്കുവാൻ വളരെക്കാലം വേണ്ടിവരും, അതിനാൽ ഈ പഞ്ചായത്തിന്റെ ഘടനയ്ക്കനുസരിച്ചുള്ള ക്ഷേമ പ്രവർത്തന പദ്ധതികൾക്ക് പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പാക്കാൻ സർക്കാർ മുൻകൈയെടുക്കുക തന്നെ വേണം.

## പാർപ്പിടം

ഘടനയിലും നിർമ്മാണ രീതിയിലും വൈവിദ്ധ്യം പുലർത്തുന്ന പലയിനം വീടുകൾ ഈ പഞ്ചായത്തിൽ കാണാം. നിലവിലുള്ള ആകെ കണക്കനുസരിച്ച് 6400-ഓളം വീട്ടുകളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ 50% ത്തോളം വീടുകളും ഓലമേഞ്ഞതാണ്. അടിസ്ഥാനസൗകര്യങ്ങൾ തീർത്തും ദുർലഭമാണ്. ഈ പഞ്ചായത്തിന്റെ 10 വാർഡുകളിലെയും വീടുകളുടെ അവസ്ഥ ഏതാണ്ട് ഒരുപോലെയാണ്. സാധാരണക്കാരും കൂലിപ്പണിക്കാരുമായ ആളുകൾ പാർക്കുന്നതുകാരണം വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അവരവരുടെ ഭാഗത്തുനിന്നും സാമ്പത്തിക വിനിയോഗം തീർത്തും അപ്രാപ്യമാണ്. വീടുകളുടെ ഘടനയെക്കുറിച്ച് പറയുകയാണെങ്കിൽ ഓല, ഓട്, ഒരുനില, ഇരുനില കെട്ടിടങ്ങൾ മൊത്തം വീടിന്റെ 10% ത്തോളം മാത്രമേ വരൂ. ഓടിട്ട വാസയോഗ്യമായ കെട്ടിടങ്ങളും 31 ശതമാനത്തോളംവരും. കുടിലുകൾ 15% ത്തോളം വരും 5% ത്തോളം പാർപ്പിടമില്ലാത്തവരാണ്. ഇരുനിലകെട്ടിടങ്ങൾ മിക്കവാറും ചുമരുകൾ തേച്ച്, പെയിന്റ് ചെയ്ത് വൈദ്യുതീകരിച്ച് മൊസൈക്ക് ചെയ്തതാണ്. ഒരുനില കെട്ടിടങ്ങളുടെ പണി പൂർണ്ണമായി പൂർത്തിയായതും ഭാഗികമായി പൂർത്തിയായതും ഉണ്ട്. മിക്കവാറും ഒരുനിലക്കെട്ടിടങ്ങളെല്ലാം വൈദ്യുതീകരിച്ചതാണ്. ഓടിട്ട കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത് മൺകട്ടയും ചുടു

കല്ലും ഉപയോഗിച്ചാണ്. ദീർഘകാല നിലനില്പിന് സിമൻറ് ചാന്തുപയോഗിച്ച് പൂശേണ്ടത് ആത്യാവശ്യമാണ്. എന്നാൽ 40% ഓടിട്ട വീടുകളിൽ ഏതാണ്ട് 20% ത്തോളം വീടുകളും പൂശാത്തതും ചാണകംമെഴുകിയ തറയോടുകൂടിയതുമാണ്. ഇതിൽ 10% ത്തോളം വീട് വൈദ്യുതീകരിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിൻെറ ഏററവും ശോചനീയാവസ്ഥയുള്ള വീടുകൾ ഓലമേഞ്ഞതും കുടിലുകളുമാണ്. ഓലമേഞ്ഞ മിക്കവാറും വീടുകൾക്കും കരിങ്കൽ കൊണ്ടുള്ള അടിസ്ഥാനമില്ല. ചെളികൊണ്ടുള്ള അടിസ്ഥാനവും മൺകട്ടകൾ കൊണ്ടുള്ള ചുമരുകളുമാണ് മിക്കവാറും വീടുകൾക്കും മൂന്നും നാലും മുറികൾ മാത്രമാണുള്ളത്. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ വസിക്കാവുന്ന വീടുകളല്ല ഭൂരിഭാഗവും. ഓലമേഞ്ഞവീടുകളുടേയും തറ ചാണക മെഴുകിയതാണ്. മാത്രമല്ല ഈ വീടുകൾ പകുതിയേറെയും വൈദ്യുതികരിക്കാത്തതാണ്. ഓലമേഞ്ഞ വീടുകളിൽ അധികം വീടുകളിലും ആവശ്യത്തിനുള്ള വാതിലകളും ജനലുകളും ഇല്ല. തന്മൂലം വീട്ടിനുള്ളിൽ വായുസഞ്ചാരം തീരെയില്ല എന്നുതന്നെ പറയാം. കുടിലുകൾ 5 ശതമാനം ഉണ്ടെന്നു പറഞ്ഞുവല്ലോ, മിക്കവാറും കുടിലുകളെല്ലാം തന്നെ ഓലകൊണ്ടു മറച്ചതും ഓലമേഞ്ഞതുമാണ്. അടുക്കള സൗകര്യം കുടിലുകൾക്കില്ല. മനുഷ്യർ തന്നെയാണോ ഇതിനുള്ളിൽ താമസിക്കുന്നത് എന്ന്അത്ഭുതം തോന്നത്തക്ക രീതിയിലുള്ള കുടിലുകളാണ് ഇവ.

## വീടുകളുടെ എണ്ണം ഒരു ഏകദേശക്കണക്ക്

| | | | |
|---|---|---|---|
| ടെറസ്സ് | — 654 | ഭവന നിർമ്മാണ പദ്ധതി | |
| ഓല | — 3119 | കളിലൂടെ അനുവദിച്ചവിടുകളുടെ എണ്ണം | = 80 |
| ഓട് | — 2170 | ഇനി ആവശ്യമുള്ള വീടുകളുടെ എണ്ണം | - 605 |
| കുടിൽ | — 466 | | |

ഭവന നിർമ്മാണ പദ്ധതികളിൽ JRY, ഗ്രൂപ്പ്ഹൗസ് പദ്ധതി, പുനരധിവാസ ഭവനപദ്ധതി എന്നീ പദ്ധതികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതനുസരിച്ചുള്ള ഭവന നിർമ്മാണം വളരെ പരിമിതമാണെന്നു മാത്രമല്ല, ഈ പദ്ധതികളെല്ലാംതന്നെ ഉപഭോക്താവിന് അപര്യപ്തവും കടക്കെണിയിൽപ്പെടുത്തുന്നതുമാണ്.

വിളവൂർക്കൽ പഞ്ചായത്തിൽ ആകെയുള്ള ഒരു ഹൗസിംഗ് കോളനി (Ex-Servicemen-Colony) യും VI-ാം വാർഡിൽ ഉണ്ട്. ഈ പഞ്ചായത്തിൽ ലക്ഷം വീട് കോളനികളുണ്ട്.

| | | |
|---|---|---|
| 1 | കൊച്ചുപൊററ ലക്ഷം വീട് കോളനി | III-ാം വാർഡ് |
| 2 | അമ്പലത്തിൽ വിളാലക്ഷം വീട് കോളനി | VII-ാം വാർഡ് |
| 3 | കാവ്വിള ലക്ഷം വീട് കോളനി | IX-ാം വാർഡ് |
| 4 | വാളിയോട്ടുകോണം കോളനി | IX-ാം വാർഡ് |

ആകെ 4 സെററിൽമെൻറ് കോളനികൾ നിലവിലുണ്ട്

| | | |
|---|---|---|
| 1 | നാരങ്ങാത്തലയ്ക്കൽ | IV-ാം വാർഡ് |
| 2 | വെള്ളേക്കോണം (2 കോളനികൾ) | I-ാം വാർഡ് |
| 3 | ആലന്തറക്കോണം | IX-ാം വാർഡ് |

11 ഹരിജൻകോളനികൾ ഈ പഞ്ചായത്തിലുണ്ട്. മുകളിൽ പറഞ്ഞതിൽ ആലന്തറക്കോണം, കൊച്ചുപൊറ്റ, നാരങ്ങാത്തലയ്ക്കൽ തുടങ്ങിയവ ഹരിജൻ കോളനികളാണ്.

മററുകോളനികൾ

| | | |
|---|---|---|
| 1 | തലപ്പൻകോട് | — IV-ാം വാർഡ് |
| 2 | തെങ്ങത്താംകോട് | — IV-ാം വാർഡ് |
| 3 | ചരൽക്കുന്ന് | I-ാം വാർഡ് |
| 4 | വിഴവൂർ മിച്ചഭൂമി | — II-ാം വാർഡ് |
| 5 | കുന്നിൽവിള | — X-ാം വാർഡ് |
| 6 | ഷാത്രക്കടവ് | — IX-ാം വാർഡ് |
| 7 | കവലോട്ടുകോണം | — VIII-ാം വാർഡ് |
| 8 | വേലൻവിളാകം | — VII-ാം വാർഡ് |

മേൽപ്പറഞ്ഞ കോളനികളിൽ ലക്ഷം വീട് കോളനിയുടേയു, സെററിൽമെൻറ് കോളനികളുടേയും നില തികച്ചും പരിതാപകരമാണ്. കോളനികളെല്ലാം തന്നെ നിർമ്മാണം നടന്ന അതേയവസ്ഥയിലാണ്. ഇന്നും യാതൊരുവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഇതുവരെ നടന്നിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, വൈദ്യുതി തുടങ്ങിയവ ഇനിയും എത്തിയിട്ടില്ല. ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ ഒന്നും തന്നെ കൃത്യമായി നടക്കുന്നില്ല. വീടുകളെല്ലാം തന്നെ നിലം പൊത്താറായ അവസ്ഥയിലുമാണ്.

ഹരിജൻ കോളനികൾ എല്ലാം പൂർണ്ണമായും ശോചനീയാവസ്ഥയിലല്ല. എന്നാലും ചില കോളനികൾ മേൽപ്പറഞ്ഞ രീതിയിൽ ശോചനീയമാണ്. അടിസ്ഥാന സൗകര്യങ്ങൾ ഇവിടേയും ലഭ്യമല്ല. കടത്തിണ്ണകളിൽ അന്തിയുറങ്ങുന്ന മൂപ്പതോളം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. 40-നും 50-നും ഇടയ്ക്ക് പ്രായമുള്ള പുരുഷന്മാരാണ് ഇവർ. ഇനിയൊരു പാർപ്പിട സൗകര്യം കെട്ടിപ്പടുക്കുവാനുള്ള ആരോഗ്യമോ സമ്പാദ്യമോ ഇവർക്കില്ല. ഇവരുടെ കാര്യത്തിൽ സജീവ ശ്രദ്ധ പതിപ്പിക്കേണ്ടത് നമ്മുടെ ധർമ്മമാണ്.

ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈററി നിലവിലുണ്ട്. പക്ഷേ ഇതിൻെറ പ്രവർത്തനം സാധാരണക്കാരിൽ എത്തുന്നില്ല. അതായത് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല.

വാസ്തുശില്പ മാതൃകയിലും പാർപ്പിടനിർമ്മാണ രംഗത്തിനും വ്യക്തമായ മാററം വന്നിട്ടുണ്ട്. നമ്മുടെ പഴയകാലഘട്ട സംസ്ക്കാരം അനുസ്മരിപ്പിക്കുന്ന തരത്തിൽ പടിപ്പുരയും നാലുകെട്ടും കുളിക്കടവും അമ്പലവുമുള്ള പഴയ തറവാടുകളിലെ അവശിഷ്ടങ്ങളിന്നും ഈ പഞ്ചായത്തിൽ ദർശിക്കാം. ഇത്തരത്തിലുള്ള വിരലിലെണ്ണാവുന്ന തറവാടുകളുടെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. മുൻപ് സൂചിപ്പിച്ചതുപോലെ മൺകട്ടകൾകൊ

ണ്ടുള്ള ഓലക്കെട്ടിടങ്ങളായിരുന്നു സാധാരണക്കാർ നിർമ്മിച്ചിരുന്നത്. ചെളികൊണ്ടും ഓലമറച്ചും വീടുകൾ ഉണ്ടാക്കിയിരുന്നു. ഇഷ്ടികയുടെ ഉപയോഗം ഇടത്തരക്കാരുടെ ഇടയിലുണ്ടായിരുന്നു. പക്ഷേ ഇന്ന് നിർമ്മാണ രീതിയിൽ ചെലവ് കുറയ്ക്കലിന്റേയും മോടിപിടിപ്പിക്കലിന്റേയും ഭാഗമായി വലിയ വ്യത്യാസങ്ങൾവന്നിട്ടുണ്ട്. നിർമ്മാണ വസ്തു ഹോളോബ്രിക്സ് ആയി മാറിയിരിക്കുന്നു. തടിയുടെ ഉപഭോഗം ശരിക്കും ചുരുക്കി കോൺക്രീററ് കട്ടളയും ജനൽ പടിയും പ്രചാരണത്തിലുണ്ട്. ഓടിട്ട വീടിന്റെ നിർമ്മാണം പൂർണ്ണമായും ഇല്ലെന്നുതന്നെ പറയാം. മിക്കവാറും വീടുകളും ഓടുവച്ച് വാർക്കുകയോ ചെയ്യുന്നു. നിർമ്മിതി വീടുകളും പ്രചാരത്തിലുണ്ട്.

പാർപ്പിട നിർമ്മാണം സ്വന്തമായി നിർവ്വഹിക്കുന്നതിനാൽ ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കാനുള്ള സംരംഭങ്ങൾക്ക് വൻവികസനസാദ്ധ്യതകളുണ്ട്. ഹോളോബ്രിക്സ് നിർമ്മാണം നടത്തുന്ന ഒരു S.S.I. Unit IX-ാം വാർഡിൽ പ്രവർത്തിച്ചുവരുന്നു. മററാരു സ്ഥാപനവും ഇതുവരെ നിലവിലില്ല. കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലാളി പ്രശ്നം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അധികം രൂക്ഷമല്ല. എങ്കിലും പുതിയ തലമുറയ്ക്കു ഇത്തരം തൊഴിലിനോടുള്ള വിമുഖത എവിടേയും ഉണ്ട്. ആശാരിപണിയ്ക്ക് ആളില്ലായെന്നത് ഒരു സത്യമാണ്. കൂലിയുടെ കാര്യത്തിൽ വലിയ പ്രശ്നങ്ങളെന്നുമില്ലായെന്നു തന്നെ പറയാം. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്നും നിർമ്മാണ തൊഴിലാളികളെ സംരക്ഷിക്കാനുള്ള നടപടി ഊർജ്ജിതപ്പെടുത്തണം.

ഈ പഞ്ചായത്തിലെ നിലവിലുള്ള കൂലിയും മുൻവർഷങ്ങളിലെ കൂലിയും താഴെകാണും പ്രകാമാണ്

| | 1985 | 1990 | 1996 |
|---|---|---|---|
| മേസൻ | 50/- | 75/- | 125/- |
| സഹായി | | | |
| പുരുഷന്മാർ | 35/- | 55/- | 100/- |
| സ്ത്രീകൾ | 25/- | 40/- | 90/- |
| ആശാരി | 50/- | 100/- | 125/- |
| കമ്പികെട്ട് മേസ്തിരി | 50/- | 80/- | 125/- |
| സഹായി | 30/- | 50/- | 100/- |

ആശാരിപ്പണി, കമ്പികെട്ട് തുടങ്ങിയ പണികൾ പരമ്പരഗതമാണെങ്കിലും മററ് സമുദായങ്ങളിലുള്ളവരും ഇത്തരം പണികളിലേർപ്പെട്ടിരിക്കുന്നു. കോൺട്രാക്ട് സമ്പ്രദായം നിലവിലുണ്ടെങ്കിലും വീട് നിർമ്മാണ രംഗത്ത് ഈ പഞ്ചായത്തിൽ വ്യാപകമല്ല. പരമ്പരാഗത തൊഴിൽ ചെയ്തിരുന്ന ആളുകളിൽ നല്ലൊരു ഭാഗവും അന്യനാടുകളിൽ ജോലി ചെയ്തുവരുന്ന പ്രവണതയും നിലവിലുണ്ട്.

## ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1 വാർഡുകൾതോറും സർവ്വേനടത്തി സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തർവർക്ക് വീടുനിർമ്മിച്ചുനല്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുക.

2 സ്വന്തമായി താമസയോഗ്യമല്ലാത്ത വീടുള്ളവർക്ക് പുനർനിർമ്മാണത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

3 സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുടെ വീട് ഓലമേയുന്നതിനുള്ള സഹായം അനുവദിക്കുക.

4 ഓലമേഞ്ഞ വീടുകളുടെ മേൽക്കൂരമാററി ഓടിടുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

5 ഭവന നിർമ്മാണത്തിനായി വികസന അതോറിട്ടിയിൽ അപേക്ഷ സമർപ്പിക്കുമ്പോൾ അവിടെ നിന്നുള്ള അനുമതിയുടെ കാലതാമസം ഒഴിവാക്കുക്കതിനുള്ളനടപടി സ്വീകരിക്കുക.

6 ഭൂമിയില്ലാത്തവരും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുമായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീടുവച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.

7 സൗജന്യമായി നല്കിയിരിക്കുന്ന വീടുകൾക്ക് പട്ടയം നല്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

8 വീടുപണി പൂർത്തിയാക്കാൻ സാധിക്കാത്ത എല്ലാ തുറയിലുള്ള കുടുംബങ്ങൾക്കും കുറഞ്ഞപലിശ നിരക്കിൽ സർക്കാരിൽ നിന്നും വായ്പ അനുവദിക്കുക.

9 ഹൗസിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സാധാരണക്കാർക്ക് പ്രയോജനപ്പെടത്തക്കരീതിയിൽ മെച്ചപ്പെടുത്തുക.

10 കേരളാ ബിൽഡിംഗ് റൂൾസിൽ ഭേദഗതിവരുത്തുക.

11 കെട്ടിട മെയിൻററനൻസിനുവേണ്ടിയുള്ള സഹകരണ സംഘം ആരംഭിക്കുക.

നിയമത്തിന്റെ ചട്ടക്കൂടും, ഉദ്യോഗസ്ഥ മേധാവിത്വവും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയായി നിലകൊള്ളുന്നു. തലചായ്ക്കാനൊരിടം കണ്ടെത്താൻ കിണഞ്ഞു പരിശ്രമിക്കുന്ന സാധാരണക്കാരന്റെ അഭിവാഞ്ഛ തല്ലിത്തകർക്കുന്ന രീതിയിലുള്ള നിയമ നടപടികൾ മാററി എല്ലാവർക്കും പാർപ്പിടം എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. അതിനുവേണ്ട എല്ലാ സംവിധാനവും ജനകീയ ആസൂത്രണപരിപാടിയിലൂടെ ലഭ്യമാകും എന്ന് പ്രത്യാശിക്കാം.

# സാമൂഹ്യക്ഷേമം

വിളവൂർക്കൽ പഞ്ചായത്തിലെ 70%ത്തോളം കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. IRDP സർവ്വേപ്രകാരം ആകെ സർവ്വെ നടത്തിയ 1726 കുടുംബങ്ങളിൽ 1598 പേരും ദാരിദ്ര്യരേഖയ്ക്ക്താഴെയുള്ളവരാണ്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നൂററിമുപ്പത്തിനാല് കുടുംബങ്ങൾ ഉണ്ട്. പ്രസ്തുത വിഭാഗങ്ങളിലെ ഭൂരിപക്ഷത്തിൻെറ പ്രധാന വരുമാനമാർഗ്ഗം കൂലിപ്പണിയാണ്. തന്മൂലം ദൈനംദിന ജീവിതത്തിനുപോലും ബുദ്ധിമുട്ടുകയാണ്. നാഗരികതയുടെ അവശിഷ്ടങ്ങൾ ഇവിടെയും എത്തിചേർന്നിട്ടുള്ളതിനാൽ കൃഷിയിൽനിന്നുള്ള വരുമാനം ഇല്ലാ എന്നുതന്നെ പറയാം. വിദ്യാഭ്യാസ സൗകര്യങ്ങൾ തീർത്തും വികസിച്ചിട്ടില്ലാത്ത നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാന വിദ്യാഭ്യാസംപോലും തീർത്തും അവതാളത്തിലാണ്. കെട്ടിടമില്ലാത്ത അംഗൻവാടികൾ, സ്ഥസൗകര്യമില്ലാത്ത സ്ക്കൂളുകൾ, പോഷകഹാരം ശരിക്കും ലഭിക്കാത്ത കുട്ടികൾ എന്നിവ വിദ്യാഭ്യാസമേഖലയിൽ ഒരു ചോദ്യചിഹ്നമായി നിലകൊള്ളുന്നു. ജനത്തിന് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള കക്കൂസ് തുടങ്ങിയവപോലും ഇന്ന് നമ്മുടെ നാട്ടിൽ പൂർണ്ണമായും ലഭ്യമല്ല.

IRDP സർവ്വേകളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ആകെ കുടുംബങ്ങൾ | ദാരിദ്ര രേഖയ്ക്കു താഴെ | SC/ST | കക്കൂസ് ഇല്ലാത്തവർ | വീടില്ലാത്തവർ |
|---|---|---|---|---|
| 1726 | 1598 | 134 | 589 | 481 |

നാളിതുവരെ ഈ പഞ്ചായത്തിൽ 10%-ൽ താഴെയുള്ളവർക്ക് മാത്രമേ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളു. ഇതിൽ 5 ശതമാനവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളാണ്. പുതിയ കക്കൂസുകൾ നിർമ്മിച്ചു നൽകുന്ന പഞ്ചായത്തിൻെറ പ്രവർത്തനങ്ങൾ വേഗതയിൽ നടക്കുന്നുവെങ്കിലും ആവശ്യത്തിനനുസരിച്ച് ഇത് ലഭിക്കുന്നില്ല. 8-ാം പദ്ധതികാലത്ത് I.R.D.P. ലിസ്റ്റിൻപ്രകാരം സഹായം ലഭിച്ചവരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ആകെ സഹായം ലഭിച്ചവർ | SC/ST | വീടുകൾ | കക്കൂസുകൾ |
|---|---|---|---|
| 210 | 102 | 80 | 133 |

ട്രൈസം പദ്ധതിപ്രകാരം ഒരാൾക്ക് പോലും പരിശീലനം നൽകാൻ ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. അതിൻെറ ഫലമായി പുതിയ ഒരു തൊഴിൽ മേഖല സൃഷ്ടിക്കപ്പെടുകയോ പുതിയ തൊഴിൽ യൂണിററുകൾ സ്ഥാപിക്കപ്പെടുകയോ ചെയ്തിട്ടില്ല. വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ ഈ പഞ്ചായത്തിലെ ആളുകൾക്കും ലഭിക്കുന്നുണ്ട്. എങ്കിലും ആവശ്യക്കാരുടെ എണ്ണം പരിശോധിക്കുമ്പോൾ ഇത് തുലോം കുറവാണ്. തൊഴിലില്ലായ്മവേതനം 8-ാം പദ്ധതിക്കാലത്ത് 335 പേർക്ക് ലഭിച്ചിട്ടുണ്ട്.

സഹായധനം ലഭിക്കുന്നവർപൂർണ്ണമായും അർഹതയുള്ളവർ തന്നെയാണ്, മാത്രമല്ല ഇതുവരെ നിലവിലിരുന്ന കേന്ദ്രീകൃതരീതിയും സ്ഥിതി വിവരക്കണക്കുകളുടെ അഭാവവും വിവിധ പെൻഷൻ പദ്ധതികൾ ലഭ്യമാക്കുന്നതിന് തടസ്സം സൃഷ്ടിച്ചിരിക്കുന്നു. കഴിഞ്ഞ മൂന്നുവർഷം കർഷക തൊഴിലാളി പെൻഷന് അപേക്ഷിച്ചവരുടെയും പെൻഷൻ കൊടുത്തവരുമായ ആളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| 1993 | | 1994 | | 1995 | |
|---|---|---|---|---|---|
| അപേക്ഷകർ | പെൻഷൻ വാങ്ങിയവർ | അപേക്ഷകർ | പെൻഷൻ വാങ്ങിയവർ | അപേക്ഷകർ | പെൻഷൻവാങ്ങിയവർ |
| 110 | 86 | 112 | 88 | 126 | 98 |

കരകൗശല പെൻഷൻ 4 പേർക്ക് കൊടുത്തിട്ടുണ്ട്.

കേരളത്തിലെ മററു പഞ്ചായത്തിലെന്നപോലെ തന്നെ തൊഴിലില്ലായ്മ രൂക്ഷമായ ഒരു പഞ്ചായത്താണ് വിളവൂർക്കൽ പഞ്ചായത്ത്. വിദ്യാസമ്പന്നരും സാങ്കേതിക മികവുള്ളവരുമായ ചെറുപ്പക്കാർ ധാരാളമുണ്ട്. ഇവരുടെ പുനരധിവസം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്.

ഇതുവരെ നിലവിലിരുന്ന കേന്ദ്രീകൃത രീതിയും സ്ഥിതിവിവരകണക്കുകളുടെ അഭാവവും വിവിധ പെൻഷൻ പദ്ധതികൾ ലഭ്യമാകുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

വികലാംഗർ, തൊഴിൽ പരിശീലനം ലഭിക്കേണ്ടവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, അന്ധർ, എന്നിവർക്കുള്ള സ്കാളർഷിപ്പുകളും മററു സഹായധനങ്ങളും ലഭ്യമാക്കുന്നതിലും വിജയംകൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

സാമൂഹ്യ ക്ഷേമവകുപ്പിലെ നേമം ബ്ലോക്ക് ഐ.സി.ഡി. എസ് പ്രോജക്ടിൻെറ ആഭിമുഖ്യത്തിൽ ഈ പഞ്ചായത്തിൽ 11 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ 6 അംഗൻവാടികൾക്കുമാത്രമേ കെട്ടിടമുള്ളു. ശിശുവിദ്യാഭ്യാസം, പൂരകപോഷകാഹാരം, വീട്ടമ്മമാർക്ക് പോഷകാഹാര വിദ്യാഭ്യാസം, വനിതാക്ഷേമം, കെട്ടിട നിർമ്മാണം ഇവയാണ് നിലവിലുള്ള പദ്ധതികൾ.

കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു. അംഗൻവാടികളിൽ വെൽഫയർ കമ്മിററി രൂപീകരിച്ച് അതിൻെറ പ്രവർത്തനം വിലയിരുത്തേണ്ടത് ആവശ്യമാണ്. നിലവിലുള്ളഅംഗൻവാടികളിൽ മഹിളാ സമാജങ്ങൾ നിർബന്ധമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. മഹിളാസമാജങ്ങൾ മുഖാന്തിരം തൊഴിൽ രഹിതരായ യുവതികൾക്ക് തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കും. അംഗൻവാടികൾ മുഖാന്തിരം താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1 പ്രായപൂർത്തിയായ കുട്ടികൾക്ക് ആരോഗ്യകുടുംബ വിദ്യാഭ്യാസ പരിശീലനം ഏർപ്പെടുത്തുക.

2 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് ക്രഷ് സൗകര്യം ഏർപ്പെടുത്തുക.

3 അംഗൻവാടികളിൽനിന്നും വളരെ അകലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും അഞ്ചുവയസ്സിനു താഴെയുള്ള കുട്ടികൾക്കും പോഷകാഹാരം എത്തിക്കുന്നതിനുവേണ്ടി മിനി അംഗൻവാടികൾ ആരംഭിക്കുക.

4 പ്രീ - സ്കൂൾ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അംഗൻവാടികളിൽ കളിക്കോപ്പുകളും പഠനോപകരണങ്ങളും പഞ്ചായത്തിന്റെയും പൊതുജന പങ്കാളിത്തത്തോടുംകൂടി ലഭ്യമാക്കുക.

# ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1 കെട്ടിടങ്ങളില്ലാത്ത അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നൽകുക.

2 തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനം നല്കുവാനുള്ള നടപടികൾ കൈകൊള്ളുക.

3 ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് വൈദ്യുതീകരിക്കുന്നതിനാവശ്യമായ സഹായധനം നൽകുക.

4 കക്കൂസില്ലാത്തവീടുകൾക്ക് അടിയന്തിരമായി കക്കൂസുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈകൊള്ളുക.

5 ചുററുമതിൽ ഇല്ലാത്ത കിണറുകൾക്ക് ചുററുമതിൽ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകുക.

6 ആരോഗ്യപരിപാലനത്തിന് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

7 പേവിഷനിർമ്മാർജ്ജനത്തിന്റെ ഭാഗമായി അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യാനാവശ്യമായ നടപടികൾ കൈകൊള്ളുക.

8 ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

9 വിവിധ വിഭാഗങ്ങളുടെ പെൻഷനുകൾ കുടിശ്ശിക തീർത്തുകൊടുക്കുകയും പുതിയ പെൻഷന് അർഹതയുള്ളവരെ കണ്ടെത്തി അവർക്ക് പെൻഷൻ നല്കുകയും ചെയ്യുക.

10 വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി വൃദ്ധസദനം സ്ഥാപിക്കുക.

11 ഒരു വീട്ടിൽ ഒരാൾക്കെങ്കിലും തൊഴിൽ നൽകത്തക്ക രീതിയിൽ സഹകരണമേഖലയിൽ തൊഴിൽ ശാലകൾ സ്ഥാപിക്കുക.

12 നിർദ്ധനരായ കുടുംബങ്ങളിലെ വീട്ടിലെ കുട്ടികൾക്ക് പോഷകാഹാരം, യൂണിഫോമും ലഭ്യമാക്കുക.

13 പഞ്ചായത്തുതലത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുക.

14 ഒരു അഗതിമന്ദിരം സ്ഥാപിക്കുക.

15 സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.

16 സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

# ആരോഗ്യം

വിളവൂർക്കൽ പഞ്ചായത്ത് രൂപം കൊള്ളുന്നതിന് മുമ്പ് ഒന്നായിരുന്ന വിളപ്പിൽ പഞ്ചായത്തിൽ വിളപ്പിശാലയിൽ സ്ഥിതി ചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്ററിലും, മലയിൻകീഴ് മണിയറവിള ഗവൺമെന്റ് ഹെൽത്ത് സെന്ററിലും ആണ് ഈ പ്രദേശത്തെ രോഗികൾ ചികിൽസക്കായി എത്തിയിരുന്നത്. ഗതാഗത സൗകര്യങ്ങൾ ഇല്ലായിരുന്ന കാലത്ത്പോലും രോഗികൾ കാൽനടയായിട്ടാണ് ഈ സ്ഥാപനങ്ങളിൽ ചികിൽസക്കായി എത്തിയിട്ടുള്ളത്. ഗർഭിണികൾക്കും, കുട്ടികൾക്കുമുള്ള ആരോഗ്യപരിശോധനയും രോഗപ്രതിരോധങ്ങൾക്കായുള്ള ബോധവൽക്കരണ ത്തിനുള്ള ഭവനസന്ദർശനങ്ങളും യഥാസമയങ്ങളിൽ ഈ പ്രദേശത്ത് എത്താതിരുന്നതിന്റെ അടിസ്ഥാനത്തിൽ സാംക്രമികരോഗങ്ങളും പകർച്ച വ്യാധികളും ഈ പ്രദേശത്തിന്റെ പലഭാഗങ്ങളിലും പടർന്ന് പിടിച്ചിട്ടുള്ളതായി അനുഭവസ്ഥർ പറയുന്നു. ഈ വ്യാധികളുടെ ഫലമായി ധാരാളം ആളുകൾക്ക് ജീവഹാനിസംഭവിച്ചിട്ടുള്ളതായി പറയുന്നു. രോഗത്തെക്കുറിച്ചും അത് സംഭവിക്കുന്നതിനുള്ള സാഹചര്യത്തെക്കുറിച്ചും ജനങ്ങൾക്ക് ഉള്ള അജ്ഞതയായിരുന്നു ഇതിന് കാരണം. ഉയർന്ന ശിശുമരണ നിരക്കും സാധാരണമായിരുന്നു. ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനമേഖലകുറച്ചുകൊണ്ട് ഉപകേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി ആരോഗ്യത്തെകുറിച്ചുള്ള ബോധം ജനങ്ങളിൽ ഉണ്ടാക്കി എടുക്കുന്നതിന് ഇന്ന് കഴിഞ്ഞിട്ടുണ്ട്.

1979-ന് ശേഷം വിളവൂർക്കൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ പഞ്ചായത്തിന് പ്രത്യേകം പ്രാഥമിക ആരോഗ്യകേന്ദ്രം ആവശ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ 1980, 81 കാലഘട്ടത്തിൽ വിളവൂർക്കൽ പഞ്ചായത്തിൽ വിളവൂർക്കൽ പ്രാഥമിക ആരോഗ്യകേന്ദ്രം എന്ന സ്ഥാപനം വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. രോഗങ്ങൾക്കുള്ള പ്രാഥമിക ചികിത്സയാണ് ഇവിടെ നൽകിവരുന്നത്. ദിവസേന 100-നും 150- നും ഇടയ്ക്ക് രോഗികൾ ഈ സ്ഥാപനത്തിൽ വന്നു രോഗനിർണ്ണയം നടത്തുകയും പ്രാഥമിക ചികിത്സ നടത്തുകയും ചെയ്യുന്നു. ദിനംപ്രതി 150-ഓളം രോഗികൾക്ക് ആശ്രയമായ ഈ ആശുപത്രി ഈ പഞ്ചായത്തിലും പരിസരപഞ്ചായത്തുകളിലുംപെട്ട ഏതാണ്ട് 3500 ത്തോളം വരുന്ന ജനങ്ങൾക്ക് ആശ്രയമാണ്. എന്നാൽ ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടം ഇല്ലായ്മ പല അസൗകര്യങ്ങൾക്കും കാരണമാകുന്നു.

ഈ സ്ഥാപനത്തിന്റെ കീഴിൽ 4 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഇവയിൽ ഒന്നിനു മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ഈ സെന്ററുകളിൽ ആഴ്ചയിൽ ഒരു ദിവസം അതാത് പ്രദേശങ്ങളിലെ ഗർഭിണികളേയും കുട്ടികളേയും പരിശോധനാവിധേയമാക്കപ്പെടുന്നു. എന്നാൽ ഈ സെന്ററുകളിൽ സ്ഥലപരിമിതിയും ആവശ്യമായ ഫർണിച്ചറുകളുടെ അഭാവവും ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇപ്പോൾ ഈ സ്ഥാപനത്തിൽ ഒരു മെഡിക്കലാഫീസർ, ഒരു ഹെൽത്ത് ഇൻസ്പെക്ടർ, രണ്ടു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുമാർ 1 ലെപ്രസി ഹെൽത്ത് ഇൻസ്പെക്ടർ, 5 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, 1 ക്ലർക്ക്, ഒരു പ്യൂൺ, ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റൻണ്ടർ എന്നിവർ ഉൾപ്പെടെ 16 പേർ ജോലി ചെയ്യുന്നു.

ഈ പഞ്ചായത്തിൽ കുടുംബക്ഷേമത്തെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടി വളരെ ഫലപ്രദമായി നടപ്പാക്കികൊണ്ടിരിക്കുന്നു എന്നതിന് ധാരാളം ഉദാഹരണമുണ്ട്. ഈ കേന്ദ്രത്തിന്റെ കീഴിൽ ഏതാണ്ട് 92 ശതമാനം ദമ്പതിമാർ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. വരും വർഷങ്ങൾകൊണ്ട് ഇത് 100% ആക്കുന്നതിനുള്ള പ്രയത്നത്തിലാണ്. അതുപോലെ അംഗവൈകല്യ മുള്ളവരുടെ എണ്ണം വിരലിൽ എണ്ണാവുന്നതുമാത്രമാണ്. ശിശുമരണ നിരക്കും ചാപിള്ള ജനനവും 1993 മുതൽ 96 വരെ പരിശോധിച്ചാൽ 5% ന് താഴെ മാത്രമാണ്. സാംക്രമിക രോഗങ്ങളും പകർച്ചവ്യാധികളും ഉണ്ടായതായി കാണുന്നില്ല. എന്നാൽ ഒരു ആയുർവ്വേദ ആശുപത്രിയുടേയും, ഹോമിയോ ആശുപത്രിയുടേയും, അഭാവം രോഗികളെ മറ്റു ആശുപത്രികളെ അഭയം പ്രാപിക്കുന്നതിന് തയ്യാറാകുന്നു.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നിന്നും മലമ്പനി, വസൂരി, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ പാടേ നിവാരണം ചെയ്തതായും കുട്ടികൾക്കുള്ള പോളിയോ പ്രതിരോധ ഔഷധ വിതരണം D.P.T., മീസൽസ്, ക്ഷയരോഗനിവാരണ പരിപാടികൾ, ഡങ്ക്പനി പടരാതിരിക്കാനുള്ള പ്രവർത്തനങ്ങൾ, എലിപനി, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, കോളറ തുടങ്ങിയ രോഗങ്ങൾ ഇല്ലാതാക്കാനുള്ള ഊർജിതമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലം ലഭ്യമാക്കണമെങ്കിൽ എല്ലാ ജനങ്ങൾക്കും ശുദ്ധജലം ഉറപ്പാക്കേണ്ടതാണ്. അതിലൂടെ ജലജന്യരോഗങ്ങളെ തടയാൻ സാധിക്കും. പരിസരശുചിത്വം ഉറപ്പാക്കുന്നതിലൂടെ മറ്റ് സാംക്രമിക രോഗങ്ങളേയും തടയാവുന്നതാണ്.

ഗ്രാമസഭകളിൽ നിന്നുള്ള പൊതു നിർദ്ദേശങ്ങൾ

1. ആശുപത്രികളിൽ സ്വന്തമായ കിടക്കകളോട് കൂടിയ ഒരു കെട്ടിടമുണ്ടാകണം.
2. സ്വന്തമായി കെട്ടിടമില്ലാത്ത ഉപകേന്ദ്രങ്ങളിൽ കെട്ടിടം ഉണ്ടാകണം.
3. വിഴവൂർ ഹെൽത്ത് സെന്ററിന് സ്വന്തമായുള്ള സ്ഥലത്ത് 10 കിടക്കകളെങ്കിലും ഉള്ള ആരോഗ്യകേന്ദ്രം സ്ഥാപിക്കണം.
4. ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർ വാർഡുകളിൽ ഭവന സന്ദർശനങ്ങൾ നടത്തി രോഗപ്രതിരോധത്തെ കുറിച്ചും പരിസര ശുചിത്വത്തെകുറിച്ചും ബോധവൽക്കരണം നടത്തണം.
5. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രിയും, ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം.
6. പൊതുനിരത്തുകളിലെ മാലിന്യങ്ങൾ മാറ്റുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
7. ജലജന്യരോഗങ്ങൾ പടരാതിരിക്കാൻ ജലാശയങ്ങളും പൊതുകിണറുകളും ശുചീകരിക്കുന്നതിനുള്ള നടപടി ഉണ്ടാക്കണം.
8. സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ലഭിക്കത്തക്കവണ്ണം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണം.
9. നിർദ്ദനരായ കുടുംബങ്ങൾക്ക് പോഷകാഹാരം അടങ്ങിയ ഭക്ഷ്യവസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യണം.
10. കോളനി പ്രദേശങ്ങളിൽ സെപ്റ്റിക് ടാങ്ക് അടങ്ങിയ കക്കൂസുകൾ സൗജന്യമായി നിർമ്മിച്ച് നൽകണം.
11. കൊതുകുനിവാരണം ഊർജ്ജിതമാക്കണം.
12. സൗജന്യ മെഡിക്കൽ ക്യാമ്പുകൾ മാസത്തിൽ ഒരു പ്രാവശ്യം നിർബന്ധമാക്കണം. ഇതു പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സംഘടിപ്പിക്കണം.
13. ജനസംഖ്യാടിസ്ഥാനത്തിൽ നിശ്ചിതക്രമം നിശ്ചയിച്ച് ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം എത്താത്ത പ്രദേശങ്ങളിൽ പുതിയതായി ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം.
14. നിർദ്ദനവിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം.
15. പ്രധാനനിരത്തുകളിൽ മലിനജലം കെട്ടികിടക്കുന്നത് തടയാൻ സൈഡിൽ ഓടകൾ നിർമ്മിക്കണം.
16. പ്രധാന ജംഗ്ഷനുകളിൽ മലമൂത്ര വിസർജ്ജനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം.

പ്രാദേശികമായി ഗ്രാമസഭകളിൽ നിന്ന് ധാരാളം നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും സമാന സ്വഭാവമുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പൊതുനിർദ്ദേശങ്ങളായി രൂപപ്പെടുത്തിയിട്ടുണ്ട്. 9-ാം പദ്ധതി ജനകീയ പദ്ധതിയായി ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ആരോഗ്യമുള്ള ഒരു മനുഷ്യനെ ആരോഗ്യമുള്ള ഒരു സമൂഹം വാർത്തെടുക്കാൻ കഴിയുകയുള്ളു എന്ന സങ്കൽപ്പം പ്രാവർത്തികമാക്കാൻ ഊർജ്ജിതമായ ആരോഗ്യബോധവൽക്കരണത്തിലൂടെയും, പ്രവർത്തനങ്ങളിലൂടെയും നമുക്ക് യത്നിക്കാം.

## പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

| നമ്പർ | സ്ത്രീയുടെ പ്രായക്രമം | എണ്ണം |
|---|---|---|
| a | 15-19 | 58 |
| b | 20-24 | 538 |
| c | 25-29 | 996 |
| d | 30-34 | 810 |
| e | 35-39 | 695 |
| f | 40-44 | 287 |

## അമ്മമാരുടെ എണ്ണം

| നമ്പർ | ജീവിച്ചിരുപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ | എണ്ണം |
|---|---|---|
| a | 1 കുട്ടി | 732 |
| b | 2 കുട്ടികൾ | 1817 |
| c | 2- ൽ കൂടുതൽ കുട്ടികൾ | 619 |

## കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ

| നമ്പർ | ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ | എണ്ണം |
|---|---|---|
| a | 1 കുട്ടി | 597 |
| b | 2 കുട്ടികൾ | 1796 |
| c | 2- ൽ കൂടുതൽ കുട്ടികൾ | 598 |

## അംഗവൈകല്യമുള്ളവർ

| നമ്പർ | വിവിധതരത്തിൽപ്പെട്ടവ | എണ്ണം |
|---|---|---|
| a | അന്ധർ | 1 |
| b | ബധിരർ | 2 |
| c | മൂകർ | 3 |
| d | ബധിര-മൂകർ | 5 |
| e | ചലന വൈകല്യങ്ങൾ | 21 |
| | ആകെ | 32 |

## മന്ദബുദ്ധികൾ എണ്ണം

| നമ്പർ | പ്രായം | എണ്ണം | നമ്പർ | പ്രായം | എണ്ണം |
|---|---|---|---|---|---|
| a | 0-15 | — | a | 11-15 | 2 |
| b | 6-10 | 2 | b | 16ന്-മേൽ | 13 |

| | | |
|---|---|---|
| a | ഒരുവയസ്സിനു താഴെപ്രായമുള്ള കുട്ടികളുടെ എണ്ണം | 285 |
| b | പ്രതിരോധ കുത്തുവെയ്പു നടത്തിയവർ | 284 |

| | | |
|---|---|---|
| a | ആകെ ഗർഭിണികൾ | 138 |

N.B: വിവരങ്ങൾ ശേഖരിച്ചത് ഡേറ്റാ കളക്ഷനിൽ നിന്ന്.

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | 284 | 173 | 2 |
| 1994-95 | 286 | 80 | 2 |
| 1995-96 | 283 | 82 | 1 |

N.B: ഇതിലെ മരണവിവരം പഞ്ചായത്തിലെ മരണ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് പുറ ആശുപത്രികളിൽ മരിച്ചവരുടെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 194 | 15 | 4 | 5 |
| 1994-95 | 163 | 9 | 3 | 3 |
| 1995-96 | 171 | 12 | 2 | 4 |

N.B: വിവരങ്ങൾ ശേഖരിച്ചത് ഡേറ്റാകളക്ഷനിൽ നിന്ന്

## മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ രോഗങ്ങൾ സംബന്ധിച്ച വിവരം -പ്രതിവർഷം (എണ്ണം)

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | ത്വക്ക് രോഗം | വാതരോഗം എല്ലാവിഭാഗവും | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പുകടി etc) | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992-93 | ഇല്ല | 35,954 | 714 | 236 | 240 | 6 | 34,758 | 35954 |
| 1993-94 | ഇല്ല | 32,123 | 583 | 182 | 218 | 7 | 31,133 | 32,123 |
| 1994-95 | ഇല്ല | 34,818 | 693 | 193 | 178 | 9 | 33,795 | 34818 |
| 1995-96 | ഇല്ല | 34,767 | 465 | 145 | 187 | 7 | 33,963 | 34,767 |
| ആകെ | ഇല്ല | 137662 | 2455 | 758 | 823 | 29 | 133649 | 137662 |

N.B: വിവരങ്ങൾ ശേഖരിച്ചത് ഡേറ്റാകളക്ഷനിൽ നിന്ന്

## സ്ഥാപനവിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | P.H.C. Vilavoorkal | Alopathy | Rented | 8 | 1980 | സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും ഭരണ പരമായ അധികാരം ഇവിടെ ഇല്ല. |

N.B: വിവരങ്ങൾ ശേഖരിച്ചത് ഡേറ്റാകളക്ഷനിൽ നിന്നും

# വിദ്യാഭ്യാസം

അറിയാനുള്ള അടങ്ങാത്ത അഭിവാഞ്ഛ തുടങ്ങിയതു മുതൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചിരുന്നു. പുതിയ മേഖലകൾ വെട്ടിപ്പിടിക്കാൻ മനുഷ്യൻ കാണിച്ച ഉത്സുകത വിദ്യാഭ്യാസത്തിന്റെ പരിണിതഫലമായിരുന്നു. മറ്റു ജീവജാലങ്ങളിൽ നിന്നു വ്യത്യസ്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും അവനെ പ്രേരിപ്പിച്ചതും അവന്റെ ഉള്ളിൽ ഒളിഞ്ഞുകിടന്നിരുന്ന ഈ വിദ്യാഭ്യാസരീതിയായിരുന്നു. എന്നും അഭിമാനിക്കാവുന്ന തരത്തിൽ നമ്മുടെ സംസ്ഥാനം തലയുയർത്തി ലോക രാഷ്ട്രങ്ങൾക്ക് മുമ്പിൽ നിൽക്കുന്നത് വിദ്യാഭ്യാസം എന്ന മഹാസമ്പത്ത് കൊണ്ട് മാത്രമാണെന്നറിയാമല്ലോ. ഗുരുകുലത്തിന്റെ ഏകാഗ്രമായ അന്തരീക്ഷത്തിൽ നിന്ന് തുടങ്ങിയ കലാലയത്തിന്റെ ചടുലമായ അന്തരീക്ഷങ്ങളിലേക്കെത്തിച്ചേർന്ന വിദ്യാഭ്യാസ സംമ്പ്രദായത്തിന് ഒരുപക്ഷെ നേട്ടങ്ങളും, കോട്ടങ്ങളും ഏറെ ഉണ്ടാകാം. എങ്കിലും അടിസ്ഥാനപരമായി മനുഷ്യനെ മനുഷ്യനായികാണാനും, പെരുമാറാനും പ്രേരിപ്പിച്ച ഒരു ഘടകമെന്ന രീതിയിൽ വിദ്യാഭ്യാസം ഒരിക്കലും കോട്ടങ്ങളിലേക്ക് വിരൽ ചൂണ്ടുന്നില്ല. പ്രായോഗിക നടത്തിപ്പിന്റെ കാര്യത്തിൽ നേരിട്ട ചില പരാജയങ്ങൾ മാത്രമാണ് ഇന്ന് ഈ മേഖലയിലുള്ളത്. കാലത്തിനൊത്ത് സമൂഹവും സംസ്ക്കാരവും മാറിയപ്പോൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്വങ്ങൾ മാത്രം ഇന്നും മാറ്റമില്ലാതെ തുടരുന്നു. സമൂഹനന്മയ്ക്കായി എന്നും നമ്മൾ മുറുകെ പിടിക്കേണ്ട, എന്നാൽ നമ്മൾ പലരും മറന്നുപോകുന്ന ഒരു അടിസ്ഥാനതത്വം ഈ അവസരത്തിൽ നാം ഓർക്കുന്നതു നന്നായിരിക്കും.

"വിത്തമെന്തിന് നമ്മൾക്ക്

വിദ്യ കൈവശമുണ്ടെങ്കിൽ."

വിളവൂർക്കൽ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക ചരിത്രം പരിശോധിക്കുകയാണെങ്കിൽ അക്കാദമിക്ക് രീതിയിലുള്ള വിദ്യാഭ്യാസം പ്രചാര ത്തിലല്ലായിരുന്ന ഒരു പഞ്ചായത്താണ് ഇതെന്ന് കാണാം. കൃഷിക്കും കാലിവളർത്തലിനും പ്രാധാന്യം നൽകിയിരുന്ന. നമ്മുടെ പൂർവ്വികന്മാർ ആധുനിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയതിൽ അത്ഭുതമൊന്നുമില്ല. പക്ഷെ ഇന്ന് സ്ഥിതി വേറെയാണ്. വിദ്യാഭ്യാസം എല്ലാ വിഭാഗത്തിലുള്ള ജനങ്ങളുടെയും അടിസ്ഥാനാവശ്യങ്ങളിലൊന്നാണ്. സാംസ്ക്കാരിക സാമൂഹ്യ പുരോഗതിയുടെ ഉപാധി എന്നതിൽ നിന്ന് മാറി ജീവിതോപാധി എന്ന നിലയിലേക്ക് ഇന്നത്തെ വിദ്യാഭ്യാസം മാറിയിരിക്കുന്നു. അതുകൊണ്ട് തന്നെ ഭാവി തലമുറയുടെ സുരക്ഷയും ശോഭനമായ ഭാവിയും ലക്ഷ്യമാക്കി വിദ്യാഭ്യാസത്തെ പുനർനിർമ്മാണം നടത്തേണ്ടതത്യാവശ്യമാണ്.

ഏകദേശം 80 വർഷങ്ങൾക്ക് മുമ്പാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ വിളവൂർക്കൽ ഗവൺമെന്റ് L.P.S ആരംഭിച്ചത്. ഇപ്പോൾ വിളവൂർക്കൽ പഞ്ചായത്തിലെ ഏക ഗവൺമെന്റ് സ്ക്കൂളാണിത്. ഉദ്ദേശം 80 വർഷത്തെ ചരിത്രം അവകാശപ്പെടാവുന്ന ഈ സ്കൂൾ ആദ്യകാലത്ത് ഒരു ലോവർ പ്രൈമറി സ്കൂളായിരുന്നു. ഈ പ്രദേശത്ത് മറ്റൊരു സ്ക്കൂളും ഇല്ലാതിരുന്ന കാലഘട്ടത്തിൽ ഇവിടത്തെ ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് ഉതകിയിരുന്നത് ഈ സ്കൂളാണ്. തുടർന്ന് ഇത് അപ്പർ പ്രൈമറി സ്കൂളായി 80-81 അധ്യയന വർഷം വരെ പ്രവർത്തിച്ചു. ഈ കാലഘട്ടത്തിൽ കാട്ടാക്കട വിദ്യാഭ്യാസ ഉപജില്ലയിലെ എല്ലാ അർത്ഥത്തിലും മികച്ച നിലവാരം പുലർത്തിയിരുന്ന സ്കൂളാണിത്. ഒരു യു.പി.സ്ക്കൂളിന് ഒരു മികച്ച സ്റ്റേഡിയം ഉണ്ടായിരുന്നുവെങ്കിൽ അത് ഈ സ്കൂളിനായിരുന്നു. ഉദ്ദേശം 2 ഏക്കറോളം സ്ഥലം ഈ സ്കൂളിന് സ്വന്തമായുണ്ട്. 1982-83 സ്കൂൾ വർഷത്തിൽ മാത്രമാണ് ഇതു ഒരു ഹൈസ്കൂളായി ഉയർത്തിയത്. ഹൈസ്കൂളായി ഉയർത്തിയെങ്കിലും ഒരു ഹൈസ്കൂളിനുവേണ്ട യാതൊരു സൗകര്യങ്ങളും 16 വർഷം പിന്നിട്ട ഈ സ്കൂളിനില്ല.

## 1. സ്ഥലസൗകര്യം:-

ഒന്നുമുതൽ പത്തുവരെ സ്റ്റാൻഡേർഡുകളിലായി 1100 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഇന്ന് ഉദ്ദേശം 35 ക്ലാസ്സ് മുറികൾ വേണ്ടസ്ഥാനത്ത് 19 ക്ലാസ് മുറികൾ മാത്രമേയുള്ളു. ഇതു തന്നെ 10 മുറികൾ സ്ഥിരവും, 6 മുറികൾ അർദ്ധസ്ഥിരവും, 3 മുറികൾ താല്ക്കാലികവുമാണ്. കൃത്യമായി ക്ലാസ്സുകൾ നടത്തുന്നതിന് 29 ക്ലാസ്മുറികൾ വേണമെന്നിരിക്കെ ഇതിന്റെ ലഭ്യതയനുസരിച്ച് സ്കൂളിൽ ഇപ്പോൾ Sessional സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുകയാണ്. രാവിലെ 8.20 മുതൽ 12.40 വരേയും, 12.45 മുതൽ 4.50 വരേയും രണ്ട് Session ആയിട്ടാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ഇത് കുട്ടികൾക്കും, അധ്യാപകർക്കും,

രക്ഷകർത്താക്കൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാകുന്നു. P.T.A യുടെ നിവേദനഫലമായി 18 ക്ലാസ്സ് മുറികളുള്ള കെട്ടിടത്തിന് പൊതു മരാമത്ത്‌വകുപ്പ് പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. (Priority No:39) എന്നാൽ അത് ഫണ്ടിന്റെ അഭാവം മൂലം അനുമതി ലഭിച്ചിട്ടില്ല. ഈ കെട്ടിടം നിർമ്മിച്ചു കിട്ടിയാൽ മാത്രമേ ഇവിടുത്തെ സ്ഥലപരിമിതിക്ക് ശാശ്വത പരിഹാരം ആകുകയുള്ളൂ.

## 2. സ്കൂൾ ഗ്രൗണ്ട്:-

യു.പി. സ്കൂൾ ആയിരുന്നപ്പോൾ ഒരുപക്ഷേ സ്ഥലസൗകര്യം ഉണ്ടായിരുന്നുവെങ്കിലും ഹൈസ്കൂൾ ആയി. ഉയർത്തിയപ്പോൾ കെട്ടിടം നിർമ്മിച്ചപ്പോൾ സ്ഥലം കുറയുകയുണ്ടായി. ഹൈസ്കൂളിന് വേണ്ടത്ര സ്ഥലം ലഭ്യമാക്കാൻ അന്നത്തെ സ്പോൺസറിംഗ് കമ്മിറ്റി നാട്ടുകാരിൽ നിന്നും പിരിച്ചെടുത്ത തുകയിൽ 15000 രൂപ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി സർക്കാരിൽ അടച്ചുവെങ്കിലും ആയതിനും യാതൊരു നടപടിയും നാളിതുവരെ ഉണ്ടായിട്ടില്ല. ഈ സ്ഥലം കൂടി ലഭ്യമാക്കിയെങ്കിൽ മാത്രമേ ഗ്രൗണ്ട് നിർമ്മിക്കുന്നതിന് സാധിക്കുകയുള്ളൂ.

## 3. ചുറ്റുമതിൽ:-

സ്കൂളിന്റെ മൂന്നു വശങ്ങളും ഇന്ന് തുറസ്സായി കിടക്കുകയാണ്. ചുറ്റുമതിലില്ലാത്തതു കാരണം സാമൂഹ്യവിരുദ്ധരുടെ ഒരു വിഹാരരംഗമാണ് ഈ സ്കൂൾ. ഇവരുടെ പ്രവർത്തനം കാരണം സ്കൂൾ കെട്ടിടങ്ങൾക്കും, ഫർണിച്ചറിനും കേട് സംഭവിക്കുന്നു. ഇതു ശരിയാക്കാൻ PTA യ്ക്ക് വൻതുക വർഷംതോറും ചെലവാക്കേണ്ടിവരുന്നു. ആയതിനാൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പരിഗണന നല്കേണ്ടതാണ്.

## 4. ഫർണിച്ചർ:-

ആയിരത്തി ഒരുനൂറോളം കുട്ടികളും 35 അധ്യാപകരും മറ്റ് അധ്യാപകേതര ജീവനക്കാരും പെരുമാറുന്ന ഈ സ്ക്കൂളിൽ ഉദ്ദേശം 150 ബഞ്ചും, 72 ഡസ്ക്കും, 5 കസേരയും, 4 സ്റ്റൂളും, 15 ബോർഡുകളും, 15 മേശകളും, 7 അലമാരകളും മാത്രമേയുള്ളൂ. ഇതു തന്നെ പലതും ഇപ്പോൾ ഉപയോഗ ശൂന്യമാണ്. ആയതിനാൽ അടിയന്തിരമായും കുറച്ചു ഫർണിച്ചർ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 5. വാർഷിക അറ്റകുറ്റപണി:-

എല്ലാ വർഷവും മെയ്മാസത്തിൽ തന്നെ വാർഷിക അറ്റകുറ്റപണി നടത്താൻ സ്ഥിരമായ സംവിധാനം ഉണ്ടാകണം. എന്നാൽ ഈ വർഷം വാർഷിക അറ്റകുറ്റപണി ഉണ്ടായിട്ടില്ല.

## 6. പ്രാഥമിക സൗകര്യങ്ങൾ:-

കുട്ടികൾക്കും സ്ക്കൂളിലെ ജീവനക്കാർക്കും അവരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം പോലും ഈ സ്കൂളിലില്ല. വൃത്തിയില്ലാത്ത രീതിയിലുള്ള സൗകര്യങ്ങൾ കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ കുട്ടികൾക്കും ജീവനക്കാർക്കും ഉപയോഗിക്കത്തക്കരീതിയിൽ വൃത്തിയാക്കാവുന്ന രീതിയിലുള്ള മൂത്രപ്പുരയും, കക്കൂസും അടിയന്തിര പ്രാധാന്യം നല്കി നിർമ്മിക്കണം.

## 7. കുടിവെള്ളം:-

കുടിവെള്ളത്തിന് ഈ സ്കൂളിലെ കുട്ടികൾ പൈപ്പുവെള്ളത്തെയാണ് ആശ്രയിക്കുന്നത്. പലദിവസങ്ങളിലും പൈപ്പിൽ ജലം ലഭിക്കാറില്ല. മറ്റു ചില അവസരങ്ങളിൽ കലങ്ങിയ വെള്ളവും. ഇത് ആരോഗ്യത്തിന് ഹാനികരവും മാത്രമല്ല ജലക്കരം ഇനത്തിൽ ഇപ്പോൾ തന്നെ വൻതുക കുടിശ്ശികയായിരിക്കുകയാണ്. ഇത് അടയ്ക്കാൻ PTA യ്ക്ക് യാതൊരു ഫണ്ടും നിലവിവില്ലാതെ ബുദ്ധിമുട്ടുകയാണ്. കുട്ടികളിൽ നിന്നു ലഭിക്കുന്ന തുച്ഛമായ സംഭാവന കൊണ്ടു മാത്രം എല്ലാ കാര്യങ്ങളും നിറവേറ്റുക ബുദ്ധിമുട്ടുള്ളതാണ്.

സ്കൂളിൽ ഒരു കിണർ ഉണ്ടെങ്കിലും അതിലെ ജലം ഉപയോഗയോഗ്യമല്ല. ആയതിനാൽ അതിലെ ജലം ഉപയോഗയോഗ്യമാക്കി ഒരു പമ്പും സ്ഥാപിച്ചാൽ സ്കൂളിലെ കുട്ടികൾക്കാവശ്യമായ ജലം അതിൽ നിന്നും ലഭിക്കും. ആയതിനാൽ ഈ പരിപാടിക്ക് അടിയന്തിര പ്രാധാന്യം നല്കണം.

## 8. ഉച്ചക്കഞ്ഞി:-

വളരെ പിന്നോക്ക പ്രദേശമായ ഇവിടുത്തെ കുട്ടിക്കൾ ഉച്ചയ്ക്ക് ഒരു നേരത്തെ ആഹാരത്തിന് സ്കൂളിലെ ഉച്ചക്കഞ്ഞിയാണ് ആശ്രയം. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഇതിന്റെ വിതരണത്തിന് പലപ്പോഴും തടസ്സം നേരിടുന്നുണ്ട്. സർക്കാരിൽ നിന്നും അരിയും മറ്റും ലഭിക്കുമെങ്കിലും അതിന്റെ പാചകത്തിനും മറ്റുമായി ലഭിക്കുന്ന 10 പൈസ വളരെ തുച്ഛമാണ് ഇക്കാരണത്താൽ വൻ സാമ്പത്തിക ബാധ്യത സ്കൂളിന് നേരിടേണ്ടതായി വരുന്നു. ആയതിനാൽ ഈ തുക വർദ്ധിപ്പിച്ച് ഇതിന്റെ പ്രവർത്തനം സുഗമമാക്കണം.

## 9. പഠനനിലവാരം:-

SSLC വിജയശതമാനത്തിൽ അടിക്കടി പുരോഗതിയുണ്ടാകുന്നുണ്ടെങ്കിലും അത് ഇവിടുത്തെ

ട്ടികളുടേയും, അധ്യാപകരുടേയും കഠിനപ്രയത്നം മാണ്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേ ം ഒന്നാം സ്റ്റാൻഡേർഡിലെ കുട്ടികൾക്ക് 10 നിമുതൽ 4 മണിവരെ (5 മണിക്കൂർ) പഠനസമയം ലഭി ുമ്പോൾ ഷിഫ്റ്റ് സമ്പ്രദായം കാരണം ഈ സ്ക്കൂ ലെ കുട്ടികൾക്ക് 10 മണി മുതൽ 12½ മണിവരെ വറും 2½ മണിക്കൂർ മാത്രമാണ് പഠനം ലഭിക്കു ന്നത്. ഇക്കാരണത്താൽ ഒന്നാം സ്റ്റാൻഡേ ർഡിൽ നിന്നുതന്നെ പഠനം താളം തെറ്റുന്നു. ഈ കുട്ടികൾ ളരെ ബദ്ധപ്പെട്ടു പഠിച്ചെങ്കിൽ മാത്രമേ മറ്റു പ്രദേ ങ്ങളിലെ കുട്ടികളോടൊപ്പം എത്താൻ സാധിക്കുക യുള്ളു. ഈ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണ മെന്ന് PTA അധികൃതരോട് പല പ്രാവശ്യം ആവശ്യ പ്പെട്ടുവെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടു പറഞ്ഞ് അത് എല്ലായ്പ്പോഴും തള്ളപ്പെടുകയാണുള്ളത്. താഴെപറ യുന്ന കാരണങ്ങളാലും ഇവിടുത്തെ വിദ്യാർത്ഥികൾ പിന്നോക്കം പോകുന്നുണ്ട്.

(a) നിലവിലുള്ള സെഷണൽ സമ്പ്രദായം,

(b) അധ്യാപകരുടെ കുറവ്.

(c) ആവശ്യമായ പഠന സാമഗ്രികളുടെ കുറവ്.

(d) യഥാസമയം മുഴുവൻ പാഠപുസ്തകങ്ങളും ലഭി ക്കാത്തതിനാൽ.

(e) ആവശ്യമായ സാധ്യായദിവസങ്ങൾ ലഭിക്കാതി രിക്കുന്നതിനാൽ

(f) അനാവശ്യമായ അവധി പ്രഖ്യാപിക്കൽ.

(g) അധ്യാപകരുടെ പുന:പരിശീലനകുറവ്

(h) പുന:പരിശീലനം ലഭിച്ചാൽ അതിനനുസരിച്ച് പുരോഗമിക്കാനുള്ള സാഹചര്യകുറവ്

(i) അധ്യാപകർക്ക് സിലബസ് മാറ്റമനുസരിച്ച് hand book ലഭിക്കാതിരിക്കൽ (ഉദ്ദേശം 15 വർഷത്തോളമായി ഇത് ലഭിക്കുന്നില്ല.)

(j) അനാവശ്യമായ സമരങ്ങൾ

(k) ബാഹ്യശക്തികളുടെ അനാവശ്യമായ ഇടപെ ടൽ

(l) രക്ഷിതാക്കളുടെ താല്പര്യകുറവ്.

(m) രക്ഷിതാക്കളുടെ സാമ്പത്തികവും, വിദ്യാഭ്യാസപ രവുമായ പിന്നോക്കാവസ്ഥ.

(n) PTA യുടെ അഭാവം.

(o) ചില അധ്യാപകരുടെ താല്പര്യക്കുറവ്

(p) മേലുദ്യോഗസ്ഥരുടെ പരിശോധനകുറവ്.

ഇക്കാര്യങ്ങളിൽ ചെയ്യാൻ കഴിയുന്നത് ചെയ്താൽ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ സാധി ക്കും. ഈ സ്ക്കൂളിനെ സംബന്ധിച്ചിടത്തോളം SSLC വിദ്യാർത്ഥികൾക്ക് ശരിയായ അഭ്യസനവും, Special Class ഉം ലഭിക്കുന്നുണ്ട് Test Paper, രക്ഷിതാക്ക ളുമായുള്ള സമ്പർക്കം, PTA യും മറ്റ് ഏജൻസികളും നല്കുന്ന പ്രോത്സാഹനം എന്നിവ SSLC യുടെ വിജ യശതമാനം കൂടുന്നതിന് ഉപകരിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ക്ലാസ്സുകളിൽ കൂടി പ്രോത്സാഹനം വ്യാപിപ്പിക്കാൻ ശ്രമിക്കണം.

ഈ കംപ്യൂട്ടർ യുഗത്തിൽ നാളെ ഒരു പ ക്ഷേ കംപ്യൂട്ടർ വിദ്യാഭ്യാസം ഇല്ലാത്ത സ്കൂൾ ഈ പഞ്ചായത്തിലായിരിക്കും. ആയതിനാൽ കംപ്യൂട്ടർ വിദ്യാ ഭ്യാസത്തിന് പ്രാമുഖ്യം നല്കണം.

ഹയർ സെക്കണ്ടറി, പ്രീ പ്രൈമറി എന്നിവ യ്ക്ക് പ്രാമുഖ്യം നല്കി ഈ സ്കൂളിൽ ലഭ്യമാക്ക ണം.

കഴിഞ്ഞ നാലു വർഷത്തെ SSLC വിജയശതമാനം താഴെകൊടുക്കുന്നു.

| വർഷം | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| പരീക്ഷ എഴുതിയവർ | 123 | 95 | 98 | 105 |
| വിജയിച്ചവർ | 41 | 39 | 46 | 55 |

വിളവൂർക്കൽ ഗവൺമെന്റ് H.S- ന് പുറമേ മാനേജ്മെന്റ് തലത്തിൽ അംഗീകാരമുള്ള 2 L.P^s സ്ക്കൂ ളുകളും ഒരു U.P സ്ക്കൂളുമുണ്ട്. മാത്രമല്ല അംഗീകാര മില്ലാത്ത 6 ഓളം പ്രൈവറ്റ് L.P സ്കൂളുകളുമുണ്ട്.

അംഗീകാരമുള്ള മാനേജ്മെന്റ് സ്കൂളുകൾ ഇനി പറയുന്നു.

1. കുണ്ടമൺ ഭാഗം L.P.S - VI-ാം വാർഡ്
2. സെന്റ് ഫ്രാൻസിസ് ഈഴക്കോട് L.P.S - VII-ാം വാർഡ്
3. സെന്റ് ഫ്രാൻസിസ് ഈഴക്കോട് U.P.S - VII-ാം വാർഡ്

അംഗീകാരമില്ലാത്ത പ്രൈവറ്റ് സ്ക്കൂളുകൾ ഇനി പ്പറയുന്നു.

1. St. Mary's MS.C L.P.S - VII-ാം വാർഡ്
2. ബിഷപ്പ്വില്യം മലയം L.P.S - III-ാം വാർഡ്
3. ജയ്മാത L.P.S വിഴവൂർ II-ാം വാർഡ്
4. സെന്റ് ജമാ L.P.S - II-ാം വാർഡ്
5. വീനസ് L.P.S (നഴ്സറി) VIII-ാം വാർഡ് .

അംഗീകാരമുള്ളതും അംഗീകാരമില്ലാത്തതുമായ സ്കൂളിലായി ആകെ 3041-ത്തോളം വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ പഠിക്കുന്നുണ്ട്. 1000-ഓളം വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്തുള്ള സ്കൂളിൽ പഠിക്കുന്നുണ്ട്. പഞ്ചായത്തിന് പുറത്തും പോയി പഠിക്കുന്ന വിദ്യാർത്ഥികളിലധികവും ഹൈസ്ക്കൂൾ വിദ്യാർത്ഥികളാണ്. വ്യക്തമായി പരിശോധിക്കുകയാണെങ്കിൽ ഗുണമേന്മയുള്ള ഒരു ഹൈസ്ക്കൂളിന്റെ അഭാവമാണ് ഇത്രയധികം വിദ്യാർത്ഥികളെ പഞ്ചായത്തിന് പുറത്ത് പോയി പഠിക്കാൻ നിർബന്ധിതരാക്കുന്നതെന്ന് കാണാം. ഈയവസരത്തിലാണ് നാം പുതിയൊരു ഹൈസ്ക്കൂളിന്റെ ആവശ്യകതയെപ്പറ്റിചിന്തിക്കേണ്ടത്.

പുതിയ ഒരു ഹൈസ്ക്കൂളിന്റെ ആവശ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഒരു ഹൈസ്ക്കൂളായി വികസിപ്പിക്കാനുള്ള സാഹചര്യം ഏതെങ്കിലും സ്കൂളിനുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഹൈസ്ക്കൂളായി വികസിപ്പിക്കാനുള്ള എല്ലാ സാഹചര്യമുള്ള ഒരേ ഒരു സ്കൂളാണ് സെന്റ് ഫ്രാൻസിസ് U.P.S. ഈഴക്കോട് VII-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്ക്കൂളിനെ സംബന്ധിച്ചിടത്തോളം ഒരു ഹൈസ്ക്കൂളിനാവശ്യമുള്ള സ്ഥലസൗകര്യം യഥേഷ്ടമുണ്ട്. ഏതാണ്ട് രണ്ടേക്കറിൽ കൂടുതൽ ഭൂമി ഈ സ്ക്കൂളിനുണ്ട്. മാത്രമല്ല ഇപ്പോഴത്തെ ഇവിടത്തെ വിജയശതമാനം 95% - ൽ കുടുതലുമാണ്. 80% വിദ്യാർത്ഥികളും 80% ത്തിലേറെ മാർക്ക് നേടുന്നവരുമാണ്.

അംഗീകാരമുള്ള സ്ക്കൂളുകളുടെ നിലവാരം താഴെ കൊടുക്കുന്നു.

| സ്ക്കൂൾ | ആകെ കുട്ടികൾ | അദ്ധ്യാപകർ | വിജയ ശതമാനം |
|---|---|---|---|
| സെന്റ് മേരീസ് കുണ്ടമൺഭാഗം L.P.S. | 287 | 8 | 90% |
| സെന്റ്:ഫ്രാൻസിസ് L.P.S. ഈഴക്കോട് | 177 | 8 | 90% |
| സെന്റ്:ഫ്രാൻസിസ് U.P.S. ഈഴക്കോട് | 193 | 8 | 95% |

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എല്ലാ സ്കൂളുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചമല്ല. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി തന്നെ ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ എല്ലാ സ്ക്കൂളുകളിലും P.T.A. യും മദർ P.T.A യും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സജീവമായ P.T.A പ്രവർത്തനം ഒരു സ്ക്കൂളിലും നടക്കുന്നില്ല എന്നതാണ് സത്യം.

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ ഇംഗ്ലീഷ് മീഡിയം പഠിപ്പിക്കുവാനുള്ള രക്ഷകർത്താക്കളുടെ വ്യഗ്രത മനസ്സിലാകും, ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളിനെപ്പറ്റി ആലോചിക്കേണ്ടത് ഈ സാഹചര്യത്തിലാണ്.

അക്കാദമിക്ക് വിദ്യാഭ്യാസരീതിയെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അക്കാദമിക് വിദ്യാഭ്യാസരീതികൊണ്ട് മാത്രം വിദ്യാഭ്യാസം പരൂർത്തിയാകുന്നില്ല. അക്കാദമിക്ക് വിദ്യാഭ്യാസത്തിൽ വിജയിച്ചവരും, പരാജയപ്പെട്ടവരും ആയ യുവജനങ്ങളെ പുനരധിവസിപ്പിക്കാൻ സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇനിയും ആരംഭിക്കേണ്ടിയിരിക്കുന്നു. അത്തരം സ്ഥാപനങ്ങൾ വിജയകരമായി നടത്തുന്നതിനാവശ്യമായ എല്ലാ സാഹചര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏതാണ്ട് 8 ഓളം Type writting ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഫീസ് കൊടുത്തു പഠിക്കുവാൻ സാധാരണക്കാരായ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നുണ്ട്. കമ്പ്യൂട്ടറിന്റെ അതിപ്രസരം മറ്റു സ്ഥലങ്ങളിൽ വ്യാപരിച്ചിരിക്കുന്നതുകാരണം സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ സമീപ പ്രദേശങ്ങളിൽ പോയി കമ്പ്യൂട്ടർ വിദ്യാഭ്യാസം നേടുന്നത് ടൈപ്പ്റൈറ്റിംഗ് മേഖലക്ക് ഭീഷണിയാവുന്നുണ്ട്.

വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കാനുതകുന്ന പോഷക സംഘടനകളാണല്ലോ വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ തുടങ്ങിയവ. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഇവയുടെ പ്രവർത്തനം മെച്ചമാണെങ്കിലും പഞ്ചായത്തൊട്ടാകെ ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ മെച്ച

ല്ലാ എന്ന് കാണാം. വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ എന്നിവയുടെ കൂടുതൽ വിവരങ്ങൾ സംസ്ക്കാരത്തിൽ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

സംസ്ഥാനത്ത് നടപ്പാക്കിവന്ന സാക്ഷരതാ യജ്ഞം ഈ പഞ്ചായത്തിലെ വയോജന വിദ്യാഭ്യാസത്തെ വളരെയധികം പരിപോഷിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ സാക്ഷരകതാ പ്രവർത്തനം ഒരിടത്തും തന്നെയില്ല. സാക്ഷരതാ പരിപാടിയിൽ സമ്പൂർണ്ണ ബോധവൽക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു പ്രവർത്തനരീതി ആവിഷ്കരിക്കുന്നത് നന്നായിരിക്കും.

ഗ്രാമസഭയിൽ നിന്നും ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. പ്രൈമറി വിദ്യാഭ്യാസരംഗത്തുള്ള അസൗകര്യം പരിഹരിക്കുക.
2. സാമ്പത്തിക പിന്നാക്കാവസ്ഥയിൽ ഉള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ യൂണിഫോം എന്നിവ സൗജന്യമായി നൽകുക.
3. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് വേണ്ടി ഒരു തൊഴിൽ അധിഷ്ഠിത വിദ്യാകേന്ദ്രം അനുവദിക്കുക.
4. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിന് വേണ്ടി പുതിയ ഹൈസ്ക്കൂൾ അനുവദിക്കുക.
5. നിലവിലുള്ള സ്ക്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
6. വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിലേക്ക് ഒരു കോച്ചിങ്ങ് സെന്റർ ആവശ്യമുണ്ട്.
7. വിദ്യാർത്ഥികൾക്ക് കലാപരവും കായികപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് ഒരു കലാകായിക വിദ്യാകേന്ദ്രം ആവശ്യമാണ്.
8. നിർദ്ധന കുടുംബങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു സൗജന്യ ട്യൂഷൻ സെന്റർ അനുവദിക്കുക.
9. നിലവിലുള്ള വായനശാലകളിൽ കുട്ടികളുടെ വിദ്യാഭ്യാസപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പുസ്തകങ്ങൾ എത്തിക്കുക.
10. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാകേന്ദ്രം അനുവദിക്കുക.
11. വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് സൗജന്യമായി വിദ്യാഭ്യാസം നൽകി അവരെ പ്രോൽസാഹിപ്പിക്കുക.

# കുടിവെള്ളം

ഭൂമിയുടെ $^2/_3$ ഭാഗവും ജലമാണ്. ഭൂമിയിൽ ജീവജാലങ്ങൾ രൂപം കൊണ്ട കാലംമുതൽ ജലവും ജീവജാലങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട്. ജലമില്ലാതെ ഒരു ജീവിക്കും നിലനിൽക്കാൻ സാധിക്കുകയില്ല. ദിവസങ്ങളോളം മനുഷ്യന് ആഹാരമില്ലാതെ ജീവിക്കാൻ കഴിയും. എന്നാൽ കുടിവെള്ളമില്ലാതെ ഒരു ദിവസംപോലും ജീവിക്കാൻ അവന് കഴിയില്ല. ഇതിൽ നിന്നുതന്നെ കുടിവെള്ളത്തിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. പണ്ട്കാലം തെറ്റാതെ പെയ്യുന്ന മഴമൂലവും ഇടതൂർന്നുനിൽക്കുന്ന വനഭൂമിയുണ്ടായിരുന്നതിനാലും ഭൂമിയിൽ പതിക്കുന്ന ജലം മണ്ണിൽതാണ് ജല സ്രോതസ്സുകളിൽ നീരുറവയായി പൊടിഞ്ഞ്, മനുഷ്യന് ഉപയോഗപ്രദമായി തീരുമായിരുന്നു. ഇന്ന്, വനങ്ങൾ നശിച്ചകാരണം കാലം തെറ്റി പെയ്യുന്ന മഴയിൽ ലഭിക്കുന്ന ജലം കുത്തിയൊലിച്ച് നദികളിൽ പതിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ നാട്ടിൽ പലപ്പോഴും കുടിവെള്ള ക്ഷാമം ഉണ്ടാകാറുണ്ട്.

വിളവൂർക്കൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു പരിധിവരെ ഇവിടുത്തെ ജനങ്ങൾ ഇക്കാര്യത്തിൽ ഭാഗ്യവാന്മാരാണ്. ഇവിടെ ഒരു ഭാഗത്ത് കരമനയാറ് ഒഴുകുന്നതുകൊണ്ടും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി മുപ്പതിലേറെ കുളങ്ങളും തോടുകളും നീരുറവകളും ഉള്ളതുകൊണ്ട് പരമ്പരാഗത ജല സ്രോതസ്സ് ഇന്നും നിലനിൽക്കുന്നു. ഇവിടത്തെ ജനങ്ങൾ കുടിവെള്ളത്തിന് കൂടുതലും ആശ്രയിക്കുന്നത് കിണർവെള്ളത്തിനെയാണ്. അപൂർവ്വം വീടുകളൊഴിച്ചാൽ ഭൂരിഭാഗം വീടുകൾക്കും കിണറുകൾ സ്വന്തമായി ഉണ്ട്. മാത്രമല്ല, പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പൊതുകിണറുകളും ഉണ്ട്.

## പൊതുകിണറുകളുടെ വിവരം

| വാർഡ് നമ്പർ | കിണറുകളുടെ എണ്ണം | ഉപയോഗ നില | ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| I | 1 | ഉപയോഗപ്രദം | 10 |
| II | 2 | ഉപയോഗപ്രദം | 25 |
| III | 4 | 2 എണ്ണം ഉപയോഗശൂന്യം | 50 |
| IV | 2 | ഉപയോഗപ്രദം | 20 |
| V | 4 | 3 എണ്ണം ഉപയോഗപ്രദം | 25 |
| VI | 4 | 2 എണ്ണം ഉപയോഗപ്രദം | 60 |
| VII | 4 | 2 എണ്ണം ഉപയോഗപ്രദം | 65 |
| VIII | 3 | 1 എണ്ണം ഉപയോഗപ്രദം | 25 |
| IX | 7 | 3 എണ്ണം ഉപയോഗപ്രദം | 150 |
| X | 2 | 3 എണ്ണം ഉപയോഗപ്രദം | 50 |
| ആകെ | 36 | | 480 |

ആകെയുള്ള 36 പൊതുകിണറുകളിൽ അടിയിൽ പാറയായതിനാലും ഓരു കലർന്ന വെള്ളം ഉള്ളതിനാലും പരിസരത്തുള്ള മരങ്ങളിൽ നിന്ന് ഇല കൊഴിഞ്ഞ് അഴുകുന്നതിനാലും പത്തോളം കിണറ്റിലെ ജലം ഉപയോഗശൂന്യമായിരിക്കുന്നു. എന്നിരുന്നാലും 480-ഓളം കുടുംബങ്ങൾക്ക് ഈ പൊതുകിണർകൊണ്ട് ഉപയോഗം സിദ്ധിക്കുന്നു.

## കുഴൽകിണറുകൾ

| വാർഡ് | കുഴൽകിണറിന്റെ എണ്ണം | ഉപയോഗസ്ഥിതി | ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| II | 1 | പ്രവർത്തനക്ഷമം | |
| IV | 1 | പ്രവർത്തനക്ഷമം | |
| VII | 1 | പ്രവർത്ത്നക്ഷമം | |
| IX | 1 | പ്രവർത്തനക്ഷമം | |

ഈ പഞ്ചായത്തിലെ നാലോളം കുഴൽ കിണറുകൾ പൊതു ആവശ്യത്തിനായി നിർമ്മിച്ചിട്ടുണ്ട്. ഇരുമ്പുസത്തു കർന്ന ജലം വരുന്നതിനാലും ഓരുകലർന്ന വെള്ളമായതിനാലും പൈപ്പിൽ നിന്നും കിണറ്റിൽ നിന്നും ആവശ്യമുള്ള ജലം ലഭിക്കുന്നതിനാലും കുഴൽകിണറിലെ ജലം ഇപ്പോൾ ഉപയോഗിക്കാറില്ല.

ഈ പഞ്ചായത്തിന്റെ ഒരു ഭാഗമായ മങ്കാട്ടുകടവിൽ കരമനയാറ്റിൽ ജലസംഭരണി നിർമ്മിച്ച് രണ്ടു പമ്പുകൾ സ്ഥാപിച്ച് ജലം പമ്പുചെയ്ത് പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലൊന്നായ വാളിയോട്ടുകോണം കുന്നിൽ നിർമ്മിച്ചിട്ടുള്ള ടാങ്കിൽ എത്തിച്ച് വിളവൂർക്കൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വിതരണം നടക്കത്തക്കവിധത്തിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ ഭാഗമായ കുന്നിൻമുഗൾ, ക്ഷേത്രക്കടവ് തുടങ്ങിയ പ്രദേശങ്ങളിൽ ഇവിടെ നിന്നും ജലം എത്തിക്കാൻ കഴിയാത്തതുകൊണ്ട് കുന്നിൻമുകളിൽ മറ്റൊരു ടാങ്കു നിർമ്മിച്ച് മേൽപ്പടി പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും പമ്പുഹൗസിന്റെ കാര്യക്ഷമതയില്ലായ്മയും വോൾട്ടേജ് ക്ഷാമവും പൈപ്പ് ലൈനിലൂടെയുള്ള ശുദ്ധജല വിതരണത്തിന് പലപ്പോഴും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഈ പ്രദേശങ്ങൾ ഉയർന്ന പ്രദേശങ്ങളായതിനാൽ വേനൽക്കാലങ്ങളിൽ പൂർണ്ണമായും ജല ദൗർലഭ്യം നേരിടുന്നു. പാറപൊറ്റ, ഈഴക്കോട്, കല്ലംപൊറ്റ, മാവുവിള, കാരാങ്കോട്ടുകോണം, വെള്ളെക്കോണം, വഴുതൂർക്കോണം, താഴച്ചിറയ്ക്കൽ, കരിയറമുകൾ തുടങ്ങിയ പ്രദേശങ്ങളിൽ ഇനിയും കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

ജലം അമൂല്യമാണ്. കുടിവെള്ളം പലപ്പോഴും ദുർവിനിയോഗം ചെയ്യുന്നതിനായി കണ്ടുവരുന്നു. നിസ്സാരമായ കാരണങ്ങൾകൊണ്ടും നാട്ടുകാർ വിചാരിച്ചാൽ തീർക്കാവുന്നതായിട്ടും ജലം പലപ്പോഴും ഒഴുകി നശിക്കാറുണ്ട്. ജലസമ്പത്ത് സംരക്ഷിക്കാനുള്ള ബാധ്യത പൊതുജനങ്ങളിലും നിക്ഷിപ്തമാണ്. ജലം ലഭിക്കാത്ത ഒരവസ്ഥ ഉണ്ടാകാതിരിക്കാൻ ശുദ്ധജലം ഒഴുകി നശിക്കാതിരിക്കാനുള്ള മുൻകരുതലുകൾ ഉപഭോക്താക്കളുടെ ഭാഗത്തുനിന്നും നിർബന്ധമായും ഉണ്ടാകേണ്ടിയിരിക്കുന്നു. ജനകീയാസൂത്രണം അതിന്റെ ചവിട്ടുപടിയായിത്തീരും എന്ന കാര്യത്തിൽ സംശയമില്ല.

# സംസ്കാരം

ആചാരാനുഷ്ഠാനങ്ങളുടെ, വിളഭൂമിയായ നമ്മുടെ പഞ്ചായത്ത് പ്രദേശമാകെ ഐതീഹ്യങ്ങളാൽ പൊതിയപ്പെട്ട സ്ഥലനാമങ്ങൾകൊണ്ട് മഹത്തരവും സാംസ്കാരിക പൈതൃകങ്ങളാൽ ചുറ്റപ്പെട്ടതും ആണ്. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും മാറാലകൾ പൊട്ടിച്ചെറിയുന്നതിന് പുരോഗമ പ്രസ്ഥാനങ്ങളുടെ ആവിർഭാവം ഒരനുഗ്രഹമായി തീർന്നിട്ടുണ്ട്. അമ്പലമണികൾ മുഴങ്ങുന്ന ക്ഷേത്രാങ്കളങ്ങളും പള്ളി മണിമുഴങ്ങുന്ന പള്ളി മുറ്റങ്ങളും, ഐതീഹ്യങ്ങളാൽ ചുറ്റപ്പെട്ട കാവുകളും കുളങ്ങളും, വിശുദ്ധ ഖുറാന്റെ വചനങ്ങൾ മുഴങ്ങുന്ന ആരാധനാലയവും കൈകോർത്തു നില്ക്കുന്ന ഹിന്ദുവിന്റേയും ക്രിസ്ത്യാനിയുടേയും, നിസ്ക്കാര തഴമ്പു വീണ മുസൽമാന്റേയും സഹനങ്ങളുടേയും ത്യാഗങ്ങളുടേയും ഗാഥകൾ അലിഞ്ഞു ചേർന്ന ഇവിടത്തെ മണ്ണിന് തലമുറയോട് കൈമാറാൻ അനവധി കഥകളുണ്ട്.

പാണ്ഡിനാട്ടിലെ രണ്ടു രാജവംശങ്ങൾ (1. ഉലകുടയപെരുമാൾ തമ്പുരാന്റെ വംശവും, 2. മധുര രാജാവിന്റെ വംശവും) തമ്മിലുണ്ടായ യുദ്ധത്തിൽ യൗവ്വനകാലത്ത് വീരചരമം പ്രാപിച്ച ഉലകുടയപെരുമാൾ രാജാവിന്റെ കഥയുമായി ബന്ധപ്പെട്ട ഐതീഹ്യങ്ങളാൽ വലയം ചെയ്യിട്ടുള്ള കേരളത്തിലെ തന്നെ ഒന്നോ രണ്ടോ തമ്പുരാൻ ക്ഷേത്രങ്ങളിൽ ചരിത്രപരമായി തന്നെ പ്രാധാന്യമുള്ള ഒന്നായ ചൂഴാറ്റുകോട്ട തമ്പുരാൻ ക്ഷേത്രത്തിന്റെ ഐതീഹ്യം ഇങ്ങനെ പ്രതിപാദിക്കുന്നു. യുദ്ധത്തിൽ മധുര രാജാവിനോട് തോറ്റ തന്റെ അച്ഛനുൾപ്പെടെ മരണപ്പെട്ടുവെന്നറിഞ്ഞ യുവരാജാവായ ഉലകുടയപെരുമാൾ മധുര രാജാവിനെതിരായി പടയൊരുക്കം നടത്തുകയും യുദ്ധത്തിനു പുറപ്പെടുകയും ചെയ്യുന്നു. പോകുന്നതിനു മുൻപ് ശിവനേയും ദേവിയേയും ഉപാസിച്ച് ഉടവാളും വാങ്ങിയിരുന്നു. ആവശ്യപ്പെടുമ്പോൾ മടക്കി നല്കാം എന്ന കരാറിൻമേലാണം വാൾ നൽകിയത്. യുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ ദേവിയുടെ മറ്റൊരു ഭക്തനായിരുന്ന മധുര രാജാവിന്റെ ആവശ്യപ്രകാരം, ഉടവാൾ ദേവി മടക്കി വാങ്ങുകയും ഇതിൽ മനംനൊന്ത് തമ്പുരാൻ സ്വന്തം ഉടവാൾ കൊണ്ട് തന്നെത്താൻ കുത്തി വീരചരമം പ്രാപിക്കുകയും ചെയ്തു. തന്റെ യജമാനനെ നഷ്ടപ്പെട്ട തമ്പുരാന്റെ ആന ഈ വിവരം തമ്പുരാന്റെ അമ്മയെ അറിയിച്ചു എന്നും ആ മഹാൻതന്നെ സേവിക്കാൻ തുനിഞ്ഞവരുടെ സങ്കേതങ്ങളിൽ വന്നു ചേർന്നുവെന്നും തമ്പുരാന്റെ ആത്മാംശം ഈ സങ്കേതങ്ങളിൽ എത്തിയിട്ടുണ്ടെന്നും അങ്ങനെ നദിയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ചൂഴാറ്റകോട്ട എന്നറിയപ്പെടുന്ന സ്ഥാലത്ത് പൂർവ്വികർ ഒരമ്പലം പണിത് ആഴ്ചതോറും പൂജയും വർഷത്തിലൊരിക്കൽ ഊട്ടും പാട്ടും നടത്തി തമ്പുരാന്റെ ആത്മാംശത്തെ ആരാധിച്ചുവെന്നുമാണ് ഐതിഹ്യം. ഇതുമൂലം ഇന്നും തുടർന്നുവരുന ചടങ്ങുകളുടെ ഫലമായി നാടിന് സർവ്വ ഐശ്വര്യങ്ങളും വന്നു തുടങ്ങിയെന്നാണ് വിശ്വാസം.

നമ്മുടെ പ്രദേശത്തെ മറ്റൊരു പ്രസിദ്ധമായ ക്ഷേത്രം പെരുകാവിലെ ശ്രീകണ്ഠൻ ശാസ്തക്ഷേത്രമാണ്. ഇതിന്റെ ആദ്യകാല ചരിത്രം പുതിയ തലമുറയ്ക്ക് അന്യമാണ്. മറ്റൊരു ശാസ്താക്ഷേത്രം ഈ പഞ്ചായത്തിൽ ഉള്ളതായിയ അറിവില്ല. ആയിരത്തോളം വർഷം പഴക്കമുള്ള ഒന്നാണ് ഈ ക്ഷേത്രമെന്ന് പഴമക്കാർ പറയുന്നത്. എന്നാൽ ഇന്നത്തെ രീതിയിൽ പുനരുദ്ധീകരിച്ചിട്ട് 50 വർഷകാലമേ ആയുള്ളു. മണ്ഡല ഉത്സവകാലമാണ് ഇവിടത്തെ പ്രധാന ഉത്സവകാലം. നമ്മുടെ ജനങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തെ ധന്യമാക്കുന്ന ക്ഷേത്രങ്ങളാണ് പൊറ്റയിൽ ചെല്ലമംഗക്ഷേത്രവും, കുന്നുവിള ദേവീ ക്ഷേത്രവും പേയാട് അമ്മൻ കോവിൽ ക്ഷേത്രവും. പേയാട് ജംഗ്ഷനു സമീപം വാണിക വൈശ്യസമുദായങ്ങളുടെ ഒരു മുത്താരമ്മൻ ക്ഷേത്രമുണ്ട്. ഇവിടുത്തെ ഉത്സവം ദർശിക്കാൻ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുമാത്രമല്ല തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിന്റെ പ്രാന്ത പ്രദേശങ്ങളിൽ നിന്നുപോലും ഭക്തർ എത്താറുണ്ട്. ഈ ക്ഷേത്ര ഉത്സവത്തിന് അമ്മൻകൊട മഹോത്സവം എന്നാണ് പറയപ്പെടുന്നത്. ദൈവീകമായ അനുഗ്രഹം സിദ്ധിച്ചവർ പിരിച്ചെടുത്ത ചാട്ട കൊണ്ട് സ്വന്തം ശരീരത്തിൽ അടിക്കുന്നതാണ് ഇവിടുത്തെ പ്രധാന ചടങ്ങ്. മഞ്ഞനീരാട്ടവും ഒരാചാരമാണ്. എല്ലാ ജാതിമത വിഭാഗങ്ങളിലുംപെട്ടവർ ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നു എന്നുള്ളതാണ് ഇവിടുത്തെ പ്രത്യേകത.

നമ്മുടെ നാട്ടിലെ മറ്റൊരു പ്രധാനപ്പെട്ട ക്ഷേത്രമാണ് തേവിക്കോണം ശ്രീ ഈശ്വരകലാഭൂതനാഥ ക്ഷേത്രം. പരമശിവൻ ആരാധനാമൂർത്തിയായ ഈ ക്ഷേത്രം ചിര പുരാതനമയി ഒന്നാണ്. മുൻപ് വാളും ശൂലവും ആയിരുന്നു ഇവിടുത്തെ പ്രതിഷ്ഠ, ഇപ്പോൾ

അത് വിഗ്രഹമായി മാറിയിട്ടുണ്ട്. അതുപോലെ കവലോട്ടുകോണം മല്ലൻ തമ്പുരാൻ ക്ഷേത്രം വളരെ പുരാതനവും പ്രശസ്തമായ ഒന്നാണ്. വാളും ശൂലവുമാണ് ഇവിടുത്തെയും പ്രധാന പ്രതിഷ്ഠ. ജനങ്ങൾക്ക് അന്യമായ ഐതീഹ്യങ്ങളാൽ ചുറ്റപ്പെട്ട ശിവ പ്രതിഷ്ഠയുള്ള മലയം ശിവക്ഷേത്രവും പുരാതനമായതാണ്. ചെറുതും വലുതുമായ ധാരളം ക്ഷേത്രങ്ങളും കാവുകളും ക്രിസ്തീയ ആരാധനാലയങ്ങളും പുരാതനവും പ്രാദേശികവുമായ ഐതീഹ്യങ്ങളാൽ ചുറ്റപ്പെട്ട് കിടക്കുന്ന ഈ പ്രദേശം വിവിധ ആചാരങ്ങളും, അനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്ന സമ്മിശ്ര സാംസ്ക്കാരിക പൈതൃകത്തിന് മകുടോദാഹാരണമാണ്.

നമ്മുടെ സംസ്കാരത്തിൽ എന്നും ഭാഗഭാക്കുകളാകുന്ന ഒന്നാണ് കലയും സാഹിത്യവും. സാഹിത്യത്തിന്റെ ഉറവിടം പുസ്തകങ്ങളും ആ പുസ്തകങ്ങളുടെ ആവാസഭൂമി ഗ്രന്ഥശാലകളുമായിരുന്നു. നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകൾ ഇന്ന് ജീർണ്ണതയെ നേരിടുകയാണ്. ഈ പ്രദേശത്ത് 5 ഗ്രന്ഥശാലകളാണുള്ളത്. അവ

1. M.G.M ഗ്രന്ഥശാല, വിളവൂർക്കൽ
2. ജനതാ ഗ്രന്ഥശാല, പാമാംകോട്
3. യൂവയോഗം ഗ്രന്ഥശാല, പെരുകാവ്
4. വിദ്യാപ്രബോധിനി ഗ്രന്ഥശാല, പേയാട്
5. മോഡൽ ഗ്രന്ഥശാല, വിഴിവൂർ എന്നിവയാണ്.

ഇതിൽ സ്വന്തമായി കെട്ടിടമുള്ള ഗ്രന്ഥശാലകൾ 4 എണ്ണം മാത്രമാണ്. പാമാംകോട് ഗ്രന്ഥശാലയ്ക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. വിളവൂർക്കൽ MGM ഗ്രന്ഥശാല ആരംഭിച്ചത് 1953-ആണെങ്കിലും 57-ൽ ആണ് സ്വന്തമായി കെട്ടിടം നിർമ്മച്ചത്. കാലപ്പഴക്കം ഈ കെട്ടിടത്തെ ഒരു പുരാവസ്തുവാക്കി മാറ്റി. 1947-ൽ ആരംഭിച്ച യുവയോഗം ഗ്രന്ഥശാലയുടേയും സ്ഥിതി ഇതുന്നെയാണ്. കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച ഗ്രന്ഥശാലകളുടെ മന്ദിരങ്ങൾ അടിയന്തിരമായി പുതുക്കി പണിയേണ്ടിയിരിക്കുന്നു. അതോടൊപ്പം പാമാംകോട് ജനത ഗ്രന്ഥശാലയ്ക്ക് സ്വന്തമായി ഒരു കെട്ടിടം ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ വക സാംസ്കാരിക നിലയം ഈഴക്കോട് സ്ഥിതിചെയ്യുന്നു. ഇവിടെ ശരിക്കുള്ള പ്രവർത്തനം ഇതുവരേയും ആരംഭിച്ചിട്ടില്ല. ഇത് ഗ്രന്ഥശാലയായിട്ടും സാംസ്കാരികേന്ദ്രമായിട്ടും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനതയാണ് ഇതിന് വിഘാതമായി തീർന്നിട്ടുള്ളത്. ഗ്രന്ഥശാലകളില്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകളും സാംസ്കാരിക കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള കൂട്ടായ പ്രയത്നം ആവശ്യമാണ്. പ്രപഞ്ചജാലകങ്ങളായ ദിനപത്രങ്ങൾ വായിക്കാനുള്ള ആവശ്യം നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ലഭ്യമാക്കാനായി പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ വായനശാലകൾ ആരംഭിക്കുക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു അവശ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ T.V. കിയോസ്ക്കുകൾ സ്ഥാപിക്കുകയെന്നത് ഗ്രാമസഭകളിൽ നിന്ന് പൊതുനിർദ്ദേശമായി ഉയർന്നു വന്നിട്ടുണ്ട്.

യുവതിയുവാക്കളായ ധാരാളം കായിക പ്രതിഭകൾ ഉള്ള പഞ്ചായത്താണ് നമ്മുടേത്. പക്ഷേ അവർക്ക് ഈ രംഗങ്ങളിൽ വളർന്നുവരുന്നതിന് ആവശ്യമായ പ്രോത്സാഹനം വളരെ കുറവാണ്. പൊതുകളിസ്ഥലമായി പെരുകാവിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് മിനി സ്റ്റേഡിയം മാത്രമാണുള്ളത്. ഇവിടെ സ്ഥലപരിമിതി ഒരു പ്രശ്നമായി അനുഭപ്പെടുന്നുണ്ട്. അതിനാൽ സ്റ്റേഡിയം വിപുലപ്പെടുത്തേണ്ട ആവശ്യം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ നാട്ടിലെ കലാകായിക പ്രതിഭകൾ സ്ക്കൂളുകളുടെ കളിസ്ഥലങ്ങൾ ഉപയോഗിച്ചാണ് പരിശീലനം ചെയ്യുന്നത്. ഇവിടെ അധികൃതരുടെ അനുവാദം പരിശീലനത്തിന് തടസ്സമാകാറുണ്ട്. ജില്ലാ-സംസ്ഥാനതലങ്ങളിൽ വരെ എത്തിയിട്ടുള്ള കലാകായിക പ്രതിഭകളുടെ നാടായ നമ്മുടെ പ്രദേശത്ത് അവർക്ക് ആവശ്യമായ പ്രോത്സാഹനം മതിയാ രീതിയിൽ എത്തിക്കേണ്ടിയിരിക്കുന്നു.

ഇവ കൂടാതെ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പതിനഞ്ചാളം വരുന്ന കലാകായിക സമിതികൾ നിലവിലുണ്ട്. ഇവയൊക്കെതന്നെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവയുമാണ്. ആവശ്യമായ കലാകായിക ഉപകരണങ്ങളുടെ ദൗർലഭ്യവും കൊണ്ട് പലതും പ്രവർത്തന രഹിതങ്ങളാണ്. എന്നിരുന്നാലും വാർഷികാഘോഷങ്ങൾ സംഘടിപ്പിക്കുന്ന പ്രവണത പൊതുവെ കാണാറുണ്ട്.

1. ആർട്ട്സ്-സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നല്കുക.
2. സന്നദ്ധസംഘടനകൾക്ക് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകുക.

3. കലാകായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കലാകേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. കായിക പരിശീലനങ്ങൾക്കാവശ്യമായ കളി സ്ഥലങ്ങളും പരിശീലകരേയും നൽകുക.

5. സാംസ്കാരിക സമിതികൾക്ക് സൗജന്യമായി T.V സെറ്റുകൾ നൽകുക എന്നിവ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങളായി ഉയർന്നുവന്നിട്ടുള്ളതാണ്.

നമ്മുടെ പ്രദേശത്ത് മുൻപുണ്ടായിരുന്നതും മൺമറഞ്ഞ് പൊയ്ക്കൊണ്ടിരിക്കുന്നതുമായ പഴയ ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും ഭാഗമായ നാടൻ പാട്ടുകളും, വേലൻ പാട്ട്, തമ്പുരാൻ പാട്ട്, തോറ്റംപ്പാട്ട്, പുള്ളുവൻ പാട്ട്, ശാസ്താംപ്പാട്ട് എന്നിവയുടെ പൊരുൾ വരും തലമുറയ്ക്ക് അന്യമായിതീരാതെ സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായി നിലനിർത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനൊക്കെവേണ്ടിയുള്ള പ്രവർത്തനങ്ങൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പ്രദേശത്തുണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## പട്ടികജാതി-പട്ടിക വർഗ്ഗക്ഷേമം

ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലവലില്ലാത്ത ഒരു പഞ്ചായത്താണ് വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി വികസന പ്രവർത്തനങ്ങൾ പട്ടികജാതി സങ്കേതങ്ങളിൽ കേന്ദ്രീകരിച്ച് 1992 മുതൽക്കേ നടപ്പിലാക്കി വരുകയാണ്.

പട്ടികജാതി സങ്കേതങ്ങളാണ് ഈ പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ടവ. അവ താഴെകാണും പ്രകാരമാണ്.

1. കുരിശുംമുട്ടം തെക്ക് (ചാരക്കടവ്) 35 കുടുംബങ്ങൾ (ഐ.എച്.ഡി.പി.1992-93)
2. കുരിശുംമുട്ടം തെക്ക് (വിളങ്ങൽപച്ച) 52 കുടുംബങ്ങൾ
3. ആലന്തരകോണം 15 കുടുംബങ്ങൾ
4. കുരിശുമുട്ടം കുന്നിൻമുകൾ 15 കുടുംബങ്ങൾ
5. കവലോട്ടുകോണം 20 കുടുംബങ്ങൾ
6. ചരൽക്കുളം 15 കുടുംബങ്ങൾ
7. തെങ്ങുവിളാകം മിച്ചഭൂമി വിഴവൂർ 14 കുടുംബങ്ങൾ
8. വേലൻ വിളാകം-പെരുകാവ് 15 കുടുംബങ്ങൾ
9. നാരങ്ങാരുവിള സെറ്റിൽമെന്റ് 10 കുടുംബങ്ങൾ
10. തലപ്പാൻകോട് 14 കുടുംബങ്ങൾ
11. തെങ്ങന്താംകോട്-വിളവൂർക്കൽ 13 കുടുംബങ്ങൾ

1991-ലെ സെൻസസ് പ്രകാര് 961 പുരുഷന്മാരും 1017 സ്ത്രീകളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. കൂടാതെ പട്ടികവർഗ്ഗത്തിൽ 10 പുരുഷന്മാരും 8 സ്ത്രീകളും ഉള്ളതായി സർവ്വേ കണക്കുകളിൽ കാണുന്നു.

കോളിനി പ്രദേശക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ഗതാഗതം എന്നീ സൗകര്യങ്ങൾ ലഭ്യമല്ലാത്തവയാണ് അധികവും. ആവശ്യമായ ഭൂമിയോ, പാർപ്പിട സൗകര്യങ്ങളോ കിട്ടാത്തവരും ഉണ്ട്. സെറ്റിൽമെന്റ് കോളനികളിൽ ഓല കൊണ്ട് മറച്ച് കുടിലുണ്ടാക്കി താമസിക്കുന്നവരുണ്ട്. ഈ പഞ്ചായത്തിൽ നിന്നും JRY സ്കീമിൽ ഒരു വർഷം മൂന്നോ നാലോ പേർക്ക് വീടു നിർമ്മിക്കുന്നതിന് ധനസഹായം ചെയ്തു വരുന്നുണ്ട്. അതുകൊണ്ട് വീടില്ലാത്ത ഇത്തരം കുടുംബാങ്ങളെ സ്വന്തമായ കെട്ടുറപ്പുള്ള വീടുകളിൽ താമസിപ്പിക്കണമെങ്കിൽ സർക്കാരിന്റെ ഭാഗത്തു നിന്നും സത്വര നടപടികൾ എടുക്കേണ്ടിയിരിക്കുന്നു.

ജാതി പറഞ്ഞ് വിളിക്കുന്ന രീതി നിലവിലില്ലാത്തതും വളരെ ഐക്യത്തോടെ ജീവിക്കുന്നവരുമാണ് ഇവിടുത്തെ ജനങ്ങൾ. പട്ടികജാതി വർഗ്ഗക്കാരുടെ വീടുകളിൽ നടക്കുന്ന ആഘോഷങ്ങളില്യ് വിവാഹചടങ്ങുകളിലും ഈ പഞ്ചായത്തിലുള്ള മറ്റു എല്ലാ വിഭാഗത്തിലുള്ള ആളുകൾ സഹകരിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തുവരുന്നുന്നു. ഇതിൽ നിന്നുതന്നെ ഈ പഞ്ചായത്തിലെ ജനങ്ങളുടെ സഹകരണ മനോഭാവം വെളിവാകുന്നുണ്ട്.

ഈ വിഭാഗത്തിൽപ്പെട്ടവരിൽ ബഹുജന സംഘടനാരംഗത്ത് നേതൃത്വപരമായ കഴിവ് തെളി

യിച്ചിട്ടുള്ളവരും വിവിധ രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവരും ഉണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികൾ വിദ്യാഭ്യാസം നടത്തിവരുന്നുണ്ട് എങ്കിലും അവർക്കാവശ്യമായ പ്രോത്സാഹനമോ അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ല. പഠനം നിർത്തിയവർ തന്നെ കെട്ടിട നിർമ്മാണമായും ചൂള പണിയുമായും ചെറിയ ചെറിയ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുകയാണ്.

മറ്റു സ്ഥലങ്ങളിൽ പോയി കൃഷി ചെയ്യുന്നവരും സ്വന്തമായി കൃഷിയില്ലാത്തവരും ധാരാളമുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയവരുടെ എണ്ണം പരിമിതമാണ്. ആയതിനാൽ വിദ്യാഭ്യാസപരമായ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ മേഖലകളിൽ സർക്കാർ ജീവനക്കാരുടെ എണ്ണം കുറവാണ്. സ്കൂളുകളിൽ നിന്നും ലംസംഗ്രാന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 215 ആണ്.

പട്ടികജാതി വർഗ്ഗക്കാരുടെ സാമൂഹിക, സാംസ്ക്കാരിക പ്രവർത്തനമണ്ഡലങ്ങൾ ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളും അപര്യാപ്തത.
2. ദാരിദ്യം, പട്ടിണി.
3. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
4. തൊഴിൽപരമായ പിന്നോക്കാവസ്ഥ
5. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള തടസ്സങ്ങൾ
6. അപകർഷതാബോധം

## പരിഹാരമാർഗ്ഗങ്ങൾ

1. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സൗജന്യമായി ഭൂമിയും പാർപ്പിടവും നല്കുക.
2. നിലവിലുള്ള വീടുകൾക്ക് അറ്റകുറ്റപണി നടത്തി ശോചനീയാവസ്ഥ പരിഹരിക്കുക.
3. അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാക്കുക.
4. ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ ഉറപ്പുവരുത്തുക.
5. സ്വയം തൊഴിൽ കണ്ടെത്തലിന് സാങ്കേതിക പരിശീലനം നല്കുക.
6. പഞ്ചായത്തടിസ്ഥാനത്തിൽ പട്ടികജാതി സഹകരണസംഘങ്ങൾ രൂപവൽക്കരിക്കുക.
7. ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ പ്രോത്സാഹനം നല്കുക.
8. കോളിനി പ്രദേശങ്ങളിൽ സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും കലാകായികരംഗങ്ങളിൽ കൂടുതൽ പ്രോത്സാഹനം നല്കുകയും ചെയ്യുക.
9. കോളനി പ്രദേശങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക.
10. സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയരംഗങ്ങളിലെ പ്രതിഭകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുക.
11. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ആവിഷ്ക്കരിക്കുക.
12. ആരോഗ്യപരമായ സേവനം മെച്ചപ്പെടുത്തുക.,
13. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നല്കുക.
14. എല്ലാ തുറകളിലും വൈദഗ്ധ്യ ബോധവൽക്കരണം.

# വനിത

അർദ്ധനാരീശ്വര സങ്കല്പത്തിൽ നിന്നും അടർന്നു വീണ ഒരു ഇതളാണ് ഭാരതീയ സ്ത്രീ സങ്കല്പം. ലോക ചരിത്രത്തിന്റെ താളുകൾ പിന്നിലേയ്ക്ക് മറിക്കുമ്പോൾ വികസനത്തിന്റെ പാതയിൽ എന്നും സ്ത്രീയും ഉണ്ടായിരുന്നു. സ്ത്രീയ്ക്ക് സമൂഹത്തിൽ തുല്യപദവി നൽകുന്നതോടൊപ്പം സാമൂഹിക സുരക്ഷിതത്വവും വാഗ്ദാനം ചെയ്യേണ്ടിയിരിക്കുന്നു. സംഘടിതമായ ഒരു ന്യൂനപക്ഷം അസംഘടിതമായ ഒരു മഹാ ഭൂരിപക്ഷത്തെ അമ്മാനമാടുന്ന ഒരു ഉത്തമോദാഹരണമാണ് നമ്മുടെ സ്ത്രീകൾ. പുരുഷന്റെ മദ്യപാനത്താൽ സ്ത്രീയുടെ ജീവിതം ഹോമിക്കപ്പെടുന്ന അവസ്ഥ മാറേണ്ടിയിരിക്കുന്നു. സ്ത്രീയുടെ ജീവിതം

ഉന്നത നിലവാരത്തിൽ എത്തണമെങ്കിൽ മദ്യനിരോധനം കർശനമായി പാലിക്കേണ്ടിയിരിക്കുന്നു.

സ്ത്രീയുടെ ജീവിതത്തെ കുരുതികൊടുത്തു കൊണ്ടിരിക്കുന്ന മറ്റൊരു ശാപമാണ് സ്ത്രീധനം. പ്രതിവർഷം ആയിരക്കണക്കിന് പെൺകുട്ടികൾ ആർഷ ഭാരതത്തിൽ അകാല മൃത്യു അടയുന്നു.. ഈ പഞ്ചായത്തിൽ ഇപ്രകാരമുള്ള മരണം സംഭവിച്ചിട്ടില്ലായെങ്കിലും സ്ത്രീധനത്തിന്റെ പേരിൽ ദാമ്പത്യജീവിതം തകർന്നവരും പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്നവരുമായ നിരവധി പെൺകുട്ടികൾ ഉണ്ട്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം അനിവാര്യമാണ്. ബോധവൽക്കരണത്തിലൂടെ ഇത് പരിഹരിക്കപ്പെടണം. രാഷ്ട്രീയ-സാമൂഹിക സംഘടനകർക്ക് ഇതിന് നേതൃത്വം നൽകാൻ കഴിയണം.

വിളവൂർക്കൽ പഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 50 ശതമാനത്തിലേറെ സ്ത്രീകളാണ്. സാധാരണക്കാരായ സ്ത്രീകളായതിനാൽ ഇവരിൽ ഭൂരിഭാഗവും അടുക്കള ഭരണവുമായി ഒതുങ്ങി കഴിയുന്നവരാണ്. എങ്കിലും സാമൂഹ്യത്തിന്റെ വിവിധ തുറകളിൽ ഇവരുടെ പങ്കാളിത്തം നമുക്ക് കാണാൻ കഴിയും. നമ്മുടെ സംസ്ക്കാരം കല്പിച്ചിരിക്കുന്ന വിലക്കുകൾ കാരണം നമ്മുടെ സ്ത്രീകൾ സമൂഹത്തിലേയ്ക്ക് ഇറങ്ങിവരാൻ മടിച്ചുനിൽക്കുന്നു.

ഇന്നത്തെ പഞ്ചായത്ത് രാജ് സംവിധാനം സ്ത്രീകളെ കൂടുതലായി പൊതുരംഗത്ത് ഇറങ്ങുന്നതിന് സഹായകരമായിതീർന്നിട്ടുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്താൻ നമ്മുടെ സ്ത്രീ സമൂഹം പരമാവധി ശ്രമിക്കേണ്ടതാണ്. അതോടൊപ്പം സ്ത്രീകൾക്ക് യോജിച്ച വിധത്തിലുള്ള തൊഴിൽ മേഖലകൾ കണ്ടെത്തി ശക്തിപ്പെടുത്തുകയും ജനകീയാസൂത്രണ പ്രക്രിയയിൽ വനിതാവികസനത്തിന് കൂടുതൽ ഊന്നൽ നൽകുകയും ചെയ്യേണ്ടതാണ്.

ഇവിടുത്തെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഭൂരിഭാഗവും സാക്ഷരരാണ്. കൂലിപ്പണിയിലേർപ്പെട്ടിരിക്കുന്നവരും പരമ്പരാഗതതൊഴിൽ ചെയ്യുന്നവരും ആകെ ജനസംഖ്യയുടെ 5 ശതമാനം മാത്രമേ വരുകയുള്ളൂ. ചുരുക്കം സ്ത്രീകൾ സർക്കാർ ജീവനക്കാരായും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായും ഉണ്ടെന്നത് ഒഴിച്ചാൽ ഭൂരിപക്ഷത്തിനും തൊഴിലവസരങ്ങൾ ലഭ്യമല്ല. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളെ താഴെപ്പറയുന്നന രീതിയിൽ വിഭജിക്കാം.

1. കൂലിപ്പണിക്കാർ
2. കർഷകത്തൊഴിലാളികൾ
3. വീട്ടുജോലിക്കാർ
4. ചെറുകിട കച്ചവടങ്ങൾ
5. ഉദ്യോഗസ്ഥർ
6. ഇടത്തരം വീട്ടമ്മമാർ
7. വിദ്യാർത്ഥിനികൾ
8. സ്വയം തൊഴിൽചെയ്യുന്നവർ
9. പരമ്പരാഗത തൊഴിലാളികൾ
10. പൊതു പ്രവർത്തകർ

കാർഷിക ഭൂമിചുരുങ്ങി വരുന്ന സാഹചര്യത്തിൽ ഇന്നലെവരെ കാർഷികത്തൊഴിലിൽ ഏർപ്പെട്ടിരുന്ന നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് അവരുടെ ജീവിതമാർഗ്ഗം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇവർക്ക് പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കേണ്ടി യിരിക്കുന്നു.

ഇഷ്ടിക നിർമ്മാണവുമായും നമ്മുടെ നാട്ടിലെ സ്ത്രീകൾ ബന്ധപ്പെട്ടിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ ചില മേഖലകളിൽ ഇഷ്ടികവ്യവസായം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെങ്കിലും ഇഷ്ടിക നിർമ്മാണം പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നുവെന്ന ആക്ഷേപത്തിനു മുൻപിൽ ഇവരുടെ ജീവിതമാർഗ്ഗത്തിൻമേലും അനിശ്ചിതത്വത്തിന്റെ കരിനിഴൽ വീണിരിക്കുകയാണ്. പാറമടയിൽ പണിയെക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം ജീവനുപോലും സുരക്ഷിതത്വ മില്ലാതിരിക്കുന്നു. എന്തൊക്കെയായാലും നിത്യവൃത്തിക്കു വേണ്ടി പണിയെടുക്കുന്ന നമ്മുടെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ജീവന് സുരക്ഷിതത്വം ലഭിക്കുന്നില്ല എന്നുമാത്രമല്ല ജോലി സ്ഥിരതയോ ചെയ്യുന്ന ജോലിക്ക് അർഹമായ വേതനമോ ലഭിക്കാത്ത അവസ്ഥയും ഉണ്ട്. ഇതിനൊക്കെ ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്തേ ണ്ടിയിരിക്കുന്നു.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും ഇത് സ്ത്രീകളുടെ ഉന്നമനത്തിനും സാമൂഹ്യക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്നുവെന്നും ഉറപ്പു വരുത്തുക.
2. വനിത/പട്ടികജാതി വനിത സഹകരണ

സംഘങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കുക. ഇതിലൂടെ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ ആട്, കോഴി, പന്നി, കൂൺകൃഷി, പൂന്തോട്ടനിർമ്മാണം, പച്ചക്കറിത്തോട്ടം തുടങ്ങിയവയ്ക്ക് ആവശ്യമായ സമ്പത്തിക-സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.

3. കുടിൽ വ്യവസായങ്ങളായ നെയ്ത്ത്, മെഴുകുതിരി, അച്ചാറ് നിർമ്മാണം, റെഡിമെയിഡ് വസ്ത്രനിർമ്മാണം തുടങ്ങിയവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം കുറഞ്ഞ പലിശ നിരക്കിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുക.

4. ഒരു വീട്ടിൽ ഒരു സ്ത്രീയ്ക്കെങ്കിലും തൊഴിൽ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

5. വികലാംഗരായ വനിതകൾക്ക് അവരുടെ കായിക ക്ഷമതയ്ക്കനുസരണമായ തൊഴിൽ മേഖലകൾ ഉണ്ടാക്കിക്കൊടുക്കുക.

6. അടുക്കളത്തോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും ഇതിനാവശ്യമായ വിത്ത്, വളം, കീടനാശിനി, സാമ്പത്തികം എന്നിവ ലഭ്യമാക്കുകയും വിപണസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

7. വിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

8. സ്ത്രീകൾ രക്ഷിതാക്കളായി വരുന്ന കുടുംബങ്ങൾക്ക് അവരുട വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ച് നൽകുന്നതിനു വേണ്ട സംവിധാനം ഏർപ്പെടുത്തുക.

9. സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് ബോധവൽക്കരണമടക്കമുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

10. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.

## സഹകരണമേഖല

ചരിത്രാതീതകാലം മുതൽക്കു തന്നെ മനുഷ്യനിൽ പരസ്പരം സഹകരിക്കാനുള്ള പ്രവണത ഉണ്ടായിരുന്നതായി കാണുന്നു. അപരിഷ്കൃത കാലഘട്ടത്തിൽ നിന്ന് പരിഷ്കാരത്തിന്റെ കാലഘട്ടത്തിലേയ്ക്ക് മനുഷ്യൻ പ്രയാണമാരംഭിച്ചപ്പോൾ ഇതിന് ആക്കം കൂടി. ഇതിൽ നിന്നാണ് സഹകരണ പ്രസ്ഥാനങ്ങൾ ഉടലെടുത്തത്.

വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് 1979-ന് മുൻപ് വിളപ്പിൽ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. അതു കൊണ്ടുതന്നെ ആദ്യകാലഘട്ടങ്ങളിൽ സഹകരണ പ്രസ്ഥാനം ഉടലെടുത്തപ്പോൾ വിളപ്പിൽ പഞ്ചായത്തിന്റെ വകയായിട്ടുമാത്രമേ രൂപം കൊള്ളാൻ കഴിഞ്ഞിട്ടുള്ളൂ. വിശാലമായ ഭൂപ്രകൃതിയും കൂടുതൽ ജനസംഖ്യയും ഉണ്ടായിരുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ ഒന്നായ വിളപ്പിൽ പഞ്ചായത്തിന്റെ അന്നത്തെ വിളവൂർക്കൽ വാർഡിന്റെയും, ഈഴക്കോട് വാർഡിന്റേയും ചില ഭാഗങ്ങൾ കൂടി പ്രവർത്തന പരിധി ആക്കികൊണ്ട് ഈ പ്രദേശവുമായി ബന്ധപ്പെട്ട് ആദ്യമായി രൂപം കൊണ്ട സഹകരണസ്ഥാപനം മലയിൻകീഴ് സർവ്വീസ് സഹകരണ ബാങ്കാണ്. അതിനു ശേഷം വിളപ്പിൽ സർവ്വീസ് സഹകരണബാങ്ക് രൂപം കൊണ്ടു. ഇപ്പോൾ വിളവൂർക്കൽ പഞ്ചായത്ത് പ്രവർത്തനപരിധിയായി വരുന്ന നിരവധി സഹകരണ സ്ഥാപനങ്ങൾ ഉണ്ട് അവ ചുവടെ ചേർക്കുന്നു.

1. മലയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 605.
2. വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്ക്. ക്ലിപ്തം നമ്പർ 2522
3. വിളവൂർക്കൽ ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ T.47
4. വിളവൂർക്കൽ ക്ഷീരോത്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ T.210 (D) APCOS
5. വെണ്മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 3221
6. വിഴവൂർ വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ T. 1025
7. പുതുവീട്ടുമേലെ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ T. 194 (D) APCOS
8. വിളപ്പിൽ ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ 316

## മലയിൻകീഴ് സർവ്വീസ് സഹകരണ സംഘം

ഉദ്ദേശം 73 വർഷങ്ങൾക്കു മുൻപ് മലയിൻകീഴ് പഞ്ചായത്തു പഴയവിളപ്പിൽ പഞ്ചായത്തിന്റെ വിളവൂർക്കൽ, മലയം, പൊറ്റയിലെ ഒരു ഭാഗം എന്നിവ പ്രവർത്തന പരിധിയാക്കി രൂപീകരിച്ചതാണ് മലയിൻ കീഴ് സർവ്വീസ് സഹകരണ സംഘം. ആദ്യകാലത്ത് പ്രാഥമിക സർവ്വീസ് സഹകരണ സംഘമായി ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്ന് 9440 അംഗങ്ങളും 1 കോടി 55 ലക്ഷം അംഗീകൃത ഓഹരി മൂലധനവും 32,82,393 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും ഉണ്ട്. സ്ഥിരം നിക്ഷേപമായും ഹ്രസ്വകാല നിക്ഷേപമായും 3 കോടി യിൽ പരം രൂപ പൊതു ജനങ്ങളിൽ നിന്നും സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകളും ഹയർ പർച്ചേഴ്സ് വായ്പകളും സ്വർണ്ണ പണയ വായ്പകളും നൽകിവരുന്നുണ്ട്. കൃഷിക്കാവശ്യമായ വളം കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്ന കാര്യത്തിലും ഈ ബാങ്ക് മുൻപന്തിയിലാണ്. കൺസ്യൂമർ ബിസ്സിനസ്സ്, റേഷൻ വിതരണം എന്നിവയും ഏറ്റെടുത്തു നടത്തുന്നു. സ്വന്തമായി കെട്ടിടവും കല്യാണമണ്ഡപവും ഈ സ്ഥാപനത്തിനുണ്ട്. പ്രസിദ്ധമായ മലയിൻകീഴ് ചന്ത പ്രവർത്തിക്കുന്നത് ഈ ബാങ്കിന്റെ വക സ്ഥലത്താണ്. പഞ്ചായത്തിന്റെ പുരോഗമന പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഈ സ്ഥാപനം എപ്പോഴും സന്നദ്ധമായിട്ടുണ്ട്.

## വിളപ്പിൽ സർവ്വീസ് സഹകരണ ബാങ്ക്

പഴയ വിളപ്പിൽ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും പ്രവർത്തനപരിധി ആക്കിക്കൊണ്ട് 1946-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു. ആരംഭകാലത്ത് ഈ സഹകരണ സ്ഥാപനത്തിന്റെ പേര് വിളപ്പിൽ ഗ്രാമോദ്ധാരണ സഹകരണ സംഘം എന്നായിരുന്നു. റേഷൻ വ്യാപാരവുമായി ബന്ധപ്പെട്ട് മാത്രമായിരുന്നു ഇതിന്റെ പ്രവർത്തനം. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഈ സ്ഥാപനത്തിന് നാശം സംഭവിക്കുകയും ലിക്വിഡേഷന്റെ വക്കിൽ എത്തുകയും ചെയ്തു. എന്നാൽ ബഹുജനങ്ങളുടെ നിശ്ചയദാർഢ്യം ഈ സ്ഥാപനത്തെ നശിക്കാൻ അനുവദിച്ചില്ല. ആത്മാർത്ഥതയുള്ള ഒരുപിടി ആളുകൾ ഇതിന്റെ പ്രവർത്തനം ഏറ്റെടുക്കുകയും പുതു ജീവൻ നൽകുകയും ചെയ്തു. ഇന്ന് 14,177 അംഗങ്ങൾ ഈ സ്ഥാപനത്തിലുണ്ട്. അംഗീകൃത മൂലധനമായി 20 ലക്ഷം രൂപയും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനമായി 18.14 ലക്ഷം രൂപയും സ്ഥിരം, ഹ്രസ്വകാലം എന്നീ പദ്ധതി പ്രകാരം 245.46 ലക്ഷം രൂപ നിക്ഷേപവും സ്വരൂപിക്കാൻ സാധിച്ചിട്ടുണ്ട്. കാർഷിക വായ്പ, നബാഡ് വായ്പ, സ്വർണ്ണപണയ വായ്പ, മദ്ധ്യകാല-ദീർഘകാല വായ്പകൾ ഹയർ പർച്ചേഴ്സ് വായ്പ എന്നിവ വിതരണം നടത്തി വരുന്നു.

കൃഷിക്കാവശ്യമായ വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിൽപ്പനയും ഈ സംഘത്തിനുണ്ട്. 1946-ൽ ഒരു ഗ്രാമോദ്ധാരണ സഹകരണസംഘമായി പ്രവർത്തനമാരംഭിച്ച്, പ്രതികൂലമായ സാഹചര്യങ്ങളെ നേരിട്ട് ഒരു പ്രാഥമിക സഹകരണസംഘമായി വളർന്ന ഈ സ്ഥാപനം 1980തോടുകൂടിയാണ് സഹകരണ ബാങ്ക് ആയി തീർന്നത്. പേയാട്, വിദ്യാ പ്രബോധിനി ഗ്രാമീണ ഗ്രന്ഥശാലയുടെ ഒരു മുറിയിൽ ജനിച്ചു വീണ ഈ സഹകരണ സ്ഥാപനത്തിന് ഇന്ന് വ്യാപാര മേഖലയായ പേയാട് ജംഗ്ഷനിൽ 24 സെന്റ് സ്ഥലവും അതിൽ മനോഹരമായ ബാങ്കുമന്ദിരവും ഇതിന്റെ ശാഖ പ്രവർത്തിക്കുന്ന വിളപ്പിൽശാലയിൽ 23 സെന്റ് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ ഒരു ശാഖ ആരംഭിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഈ പഞ്ചായത്തിന്റെ ഹൃദയഭാഗമായ പെരുകാവിൽ 8 സെന്റ് സ്ഥലവും വാങ്ങിയിട്ടുണ്ട്. നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുക എന്ന യാന്ത്രിക പ്രവൃത്തികൾക്കു പുറമേ സ്ക്കൂൾ കുട്ടികൾക്ക് നോട്ടുബുക്കുകൾ വാങ്ങികൊടുക്കുക, ഉച്ചക്കഞ്ഞിക്കുള്ള സാമ്പത്തിക സഹായം നല്കുക, നിർധനരായ രോഗികൾക്ക് ചികിത്സാസൗകര്യം നല്കുക, എന്നിവയും പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുക എന്നതും ഈ സ്ഥാപനത്തിന്റെ പ്രവർത്തന പ്രത്യേകതകളാണ്.

## വിളവൂർക്കൽ ഹൗസിംഗ് സഹകരണ സംഘം.

1980-ൽ വിളവൂർക്കൽ, വിളപ്പിൽ, കള്ളിക്കാട്, കാട്ടാക്കട, മറുകിൽ എന്നീ 5 പഞ്ചായത്തുകളിലെ ആളുകൾക്ക് വീടു നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയും പണവും വായ്പയായി നല്കുക, എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ചതാണ് വിളവൂർക്കൽ ഹൗസിംഗ് സഹകരണസംഘം. ഇതിന്റെ ആസ്ഥാനം വിളവൂർക്കൽ പഞ്ചായത്തിലെ 6-ാം വാർഡായ പെരുകാവിലെ ഏറവിള എന്ന സ്ഥലത്താണ്. ഈ സംഘത്തിന് 1980 അംഗങ്ങളും 21 ലക്ഷം രൂപാ അംഗീകൃത ഓഹരി മൂലധനവും 1,82000 രൂപാ പിരിഞ്ഞുകിട്ടിയ ഒഹരി മൂലധനമായി ഉണ്ട്. ഈ സംഘത്തിൽ നിന്നും നാളിതുവരെയായി 105

ആളുകൾക്ക് 35 ലക്ഷം രൂപാ വായ്പ നൽകിയുട്ടുള്ളതായി കാണാം. ഈ സംഘത്തിന്റെ പ്രവർത്തനം പലവക കാരണങ്ങൾകൊണ്ട് തൃപ്തികരമല്ല.

## ക്ഷീരവ്യവസായ സഹകരണ മേഖല

ഈ പഞ്ചായത്ത് പ്രവർത്തന പരിധിയാക്കിക്കൊണ്ട് വിവിധ പ്രദേശങ്ങളിലായി ഉദ്ദേശം 4 ഓളം ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കന്നുകാലിവളർത്തലുമായി ബന്ധപ്പെട്ടിട്ടുള്ള കർഷകർക്ക് അവർ ഉൽപാദിപ്പിക്കുന്ന പാൽ സംഭരിക്കുകയും ന്യായമായ വില ലഭ്യമാക്കുന്നതിന് തീറ്റ, കൃത്യമ ബീജോൽപ്പാദനം എന്നിവ നൽകുന്നതിനും ഉദ്ദേശിച്ചാണ് ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ആരംഭിച്ചിട്ടുള്ളത്. ആദ്യകാലങ്ങളിൽ ക്ഷീരവ്യവസായ സഹകരണസംഘങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ ഈ മേഖലയുമായി ബന്ധമുള്ള, താൽപര്യമുള്ള ഏതൊരാളിനും അംഗമായി ചേരാവുന്നതാണ്. വെൺമാറനല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘവും, വിളപ്പിൽ ക്ഷീരവ്യവസായ സഹകരണസംഘവും ഇത്തരം സംഘങ്ങളാണ്. കാലക്രമേണ ക്ഷീരോൽപാദനവുമായി ബന്ധപ്പെട്ടവർക്കുമാത്രമേ ഇത്തരം സംഘങ്ങളിൽ അംഗങ്ങളാകാൻ പാടുള്ളു എന്ന നിയമം പ്രാബല്യത്തിൽ വന്നു. കന്നുകാലികളെ വളർത്തുന്നവർക്കും, കറവക്കാർക്കും മാത്രമേ ഇത്തരം സംഘങ്ങളിൽ അംഗങ്ങളാകാൻ പാടുള്ളു. ഇപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ഈ മേഖലയിലെ സംഘങ്ങളാണ് വിളവൂർക്കൽ ക്ഷീരോൽപാദക സഹകരണസംഘവും, പുതുവീട്ടുമേലെ ക്ഷീരോൽപാദക സംഘവും.

## വനിതാ സഹകരണസംഘം

വനിതകളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി രൂപീകരിച്ച് ഈ പഞ്ചായത്തിന്റെ രണ്ടാം വാർഡായ വിഴവൂരിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണ് വിഴവൂർ വനിതാ സഹകരണസംഘം. ഈ സംഘത്തിൽ 396 അംഗങ്ങളാണുള്ളത്. സാധാരണ വായ്പകളും ദിവസപ്പിരിവ് വായ്പകളും നല്കി വരുന്നു. ഈ സംഘം ഇപ്പോൾ ബാലാരിഷ്ഠതയിലാണ്.

ഈ പഞ്ചായത്തിന് സ്വന്തമായ ഒരു പ്രാഥമിക സഹകരണസംഘം ക്രഡിറ്റ് മേഖലയിൽ ഉണ്ടാകണം എന്നുള്ളതാണ് ജനകീയാസൂത്രണ ഗ്രാമസഭകളിൽ പൊതുവേ ഉയർന്നുകേട്ട ആവശ്യം.

കൂടുതൽ വനിതാ സഹകരണസംഘങ്ങളും ക്ഷീരോൽപാദക സഹകരണസംഘങ്ങളും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക വിളകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദ്യോശ്യത്തോടുകൂടി അവ വിറ്റഴിക്കുന്നതിനുള്ള സൗകര്യത്തിനും വേണ്ടി പഞ്ചായത്തിന്റെ ഏതെങ്കിലും കേന്ദ്രങ്ങളിൽ മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

കൂടുതൽ സഹകരണസ്ഥാപനങ്ങൾ ഉണ്ടാകുന്നതോടുകൂടി അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭിക്കുകയും ജനങ്ങളുടെയിടയിൽ പരസ്പര വിശ്വാസവും സഹകരണവും ഊട്ടിയുറപ്പിക്കാനും സാധാരണക്കാരുടെയിടയിൽ സമ്പാദ്യശീലം വളർത്താനും അതിലൂടെ പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ അവരെ പങ്കാളികളാക്കാനും സാധിക്കും.

# വിഭവസമാഹരണം

അനാദികാലം മുതൽക്കുതന്നെ ലോകചരിത്രത്തിൽ മാറ്റത്തിന്റെ മാറ്റൊലികൾക്ക് അടിവരയിട്ടിരുന്ന ഏറ്റവും വലിയ വിഭവമാണ് മാനുഷികവിഭവം. മാറ്റം പ്രകൃതിയുടെ നിയമം എന്നപോലെ മാറ്റത്തിന്റെ അടിസ്ഥാനം മാനവനാകുന്നു. പുതിയ പുതിയ ജീവിതമാനങ്ങൾ തേടുവാനുള്ള മാനുഷിക ത്വര എന്നും വിപ്ലവകരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കാനനത്തിൽ നിന്നും കൈരളിയിലേക്കുള്ള അവന്റെ അന്വേഷണം അടങ്ങാത്ത മനുഷ്യതൃഷ്ണയുടെ ദൃഷ്ടാന്തമാണ്. ലോകരാഷ്ട്രത്തിന്റെ ചരിത്രതാളുകൾ പിന്നിലേക്ക് മറിക്കുമ്പോൾ ആഴങ്ങളിൽ നിന്നും മുത്തുകൾ തേടുന്ന മനുഷ്യമനസ്സിന്റെ മകുടോദാഹരണങ്ങൾ നമുക്ക് ദർശിക്കാം. കല്ലേപിളർക്കുന്ന കല്പനകളുടെ യുഗത്തിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ പാരമ്യതയിൽ എത്തി നിൽക്കുന്ന നവീന യുഗത്തിലേക്ക് കടന്നുകയറി വിഹരിക്കുന്ന മനുഷ്യന് ഇന്നും അത്യന്താപേക്ഷിതമായ അടിസ്ഥാനഘടകം മാനുഷിക സഹകരണത്തിന്റെ നിസ്വാർത്ഥ സേവനമാണ്. നഗരജീർണ്ണതകളിൽ നിന്നും തെന്നിമാറി ഗ്രാമത്തിന്റെ തനതു സൗന്ദര്യം ഉൾക്കൊണ്ടുകൊണ്ട് പരിലസിക്കുന്ന തിരുവനന്തപുരം നഗരസഭയോട് തൊട്ടുരുമ്മിക്കിടക്കുന്ന പഞ്ചായത്തായ വിളവൂർക്കൽ പഞ്ചായത്തിന്റെ വിഭവ സമാഹരണസാദ്ധ്യതകൾ നമുക്ക് പരിശോധിക്കാം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മാനുഷിക വിഭവം ഒഴിച്ചു

നിർത്തിക്കൊണ്ടുള്ള ഒരു പ്രവർത്തനവും ഒരിക്കലും പ്രായോഗികമല്ല. ചെറുകിട കർഷകർക്കും കൂലിപ്പണിക്കാർക്കും ഭൂരിപക്ഷമുള്ള ഈ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമവാസികളുടെ കായികമായുള്ള ശ്രമദാനം പൂർണ്ണമായും ഉറപ്പാക്കാവുന്നതാണ്. എന്നാൽ സാമ്പത്തിക വിഭവസമാഹരണം മിക്കവാറും സാദ്ധ്യമല്ലതന്നെ. എങ്കിലും ന്യൂനപക്ഷമായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വ്യാപാരിവ്യവസായികളിൽ നിന്നും ഭൂഉടമകളിൽ നിന്നും എണ്ണത്തിൽ കുറവാണെങ്കിലും ഗൾഫുനാടുകളിൽ പണിയെടുക്കുന്ന ഗ്രാമവാസികളിൽ നിന്നും സാമ്പത്തിക വിഭവം സമാഹരിക്കാൻ ശ്രമിക്കാവുന്നതാണ്.

പ്രകൃതി കനിഞ്ഞുനൽകിയിരിക്കുന്ന ജീവന്റെ അടിസ്ഥാനഘടകമായ ജലം മോശമല്ലാത്ത രീതിയിൽ ലഭിച്ചുവരുന്ന ഒരു പഞ്ചായത്താണ് ഇത്. പക്ഷെ പദ്ധതി ആസൂത്രണത്തിന്റെ പാകപ്പിഴവുമൂലം ലഭ്യമായ നമ്മുടെ ജലസമ്പത്ത് പരമാവധി പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ജൈവവളം വേണ്ടത്ര ഉള്ള മണ്ണ് നമ്മുടെ പഞ്ചായത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വിഭവമാണ്. പക്ഷെ കാർഷികരംഗത്ത് ഈ വിഭവത്തെ പൂർണ്ണമായും ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വിശാലവും സമൃദ്ധവുമായ പാടശേഖരം ഒരിക്കൽ ഈ പഞ്ചായത്തിന്റെ പ്രത്യേകതയായിരുന്നു. ഇഷ്ടിക നിർമ്മാണവും മറ്റു ദീർഘവിളകളും ഈ പാടശേഖരത്തെ കൈയ്യേറിക്കൊണ്ടിരിക്കുന്നു. ജനകീയ ശക്തിയുടെ പ്രതികരണം ഇതിനെതിരെ രൂപം കൊള്ളേണ്ടിയിരിക്കുന്നു.

സാങ്കേതികത്തികവുള്ള പരമ്പരാഗത തൊഴിലാളികൾ ഈ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട മറ്റൊരു വിഭവമാണ്. ഇവരുടെ കഴിവിനെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ വിഭവത്തെ പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

വർദ്ധമാനമായ തോതിലല്ലെങ്കിലും ലഭ്യമാകുന്ന കാർഷികവിഭവങ്ങളും ഉണ്ട്. റബ്ബർ, തേങ്ങ, മരിച്ചീനി, വാഴക്കുല, പാൽ, മുട്ട തുടങ്ങിയവ സംസ്ക്കരിക്കുന്നതിനൊ വിപണനം നടത്തുന്നതിനോ കേന്ദ്രീകൃത സൗകര്യങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം അപര്യാപ്തമാണ്. സഹകരണാടിസ്ഥാനത്തിലോ, പഞ്ചായത്തു തലത്തിലൊ ഇതിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ തനതായ വരുമാന മാർഗ്ഗങ്ങൾ പരിശോധിച്ചാൽ ദൈനംദിനം പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളത്തിനും തികയാത്ത അവസ്ഥയാണ് ഉള്ളത്. കെട്ടിട നികുതി, തൊഴിൽക്കരം, ലൈസൻസ്ഫീസ്, വിനോദ നികുതി തുടങ്ങിയവയാണ് പഞ്ചായത്തിന്റെ തനതായ വരുമാന മാർഗ്ഗം. ഉദ്ദേശം മൂന്നു ലക്ഷത്തോളം രൂപാ മാത്രമാണ് ഈ ഇനങ്ങളിൽ നിന്നും ഒരു വർഷത്തേക്ക് പഞ്ചായത്തിന് ലഭിക്കുന്നത്. സർക്കാർകാലാകാലങ്ങളിൽ നല്കുന്ന ധനസഹായം കൊണ്ടും വായ്പകൾ കൊണ്ടും മാത്രമാണ് ഈ പഞ്ചായത്ത് നിലനിൽക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ വരുമാനത്തെക്കാൾ കൂടുതൽ ചിലവു ചെയ്യേണ്ടിവരുന്ന ഒരു പഞ്ചായത്തും കൂടിയാണ് ഇത്. അതുകൊണ്ടുതന്നെ ജനങ്ങളുടെ ആഗ്രഹങ്ങൾക്കൊത്ത് വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഏറ്റെടുക്കുന്നവ പൂർത്തിയാക്കാനും പലപ്പോഴും കഴിയാറില്ല. ജനകീയ പങ്കാളിത്തവും കായികയും സാമ്പത്തികവുമായ സഹായവും ഉണ്ടെങ്കിൽ ഒരുപരിധിവരെ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണം നടത്താൻ സാധിക്കും. മാത്രമല്ല, പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ പുതിയ സങ്കേതങ്ങളും കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ വികസന രൂപരേഖ പൂർണ്ണമാണെന്ന് ഞങ്ങളവകാശപ്പെടുന്നില്ല. പരിമിതമായ സമയത്തിനുള്ളിൽ നിന്നുകൊണ്ട് കിട്ടാവുന്നത്രയും വിവരങ്ങൾ ശേഖരിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഈ വികസന രൂപരേഖ തയ്യാറാക്കുവാനാവശ്യമായ വിവരങ്ങൾ തന്ന് സഹായിച്ച എല്ലാ രാഷ്ട്രീയ, സാംസ്കാരിക-സാമൂഹ്യനായകൻമാർക്കും, മുൻതലമുറക്കാരായ കാരണവൻമാർക്കും വിവിധ ഡിപ്പാർട്ടുമെന്റുകൾക്കും അതിന്റെ മേലധികാരികൾക്കും L.R.P.മാർക്കും മറ്റിതര പ്രവർത്തകർക്കുമുള്ള നന്ദിയും കടപ്പാടും ഞങ്ങൾ ഈ അവസരത്തിൽ അറിയിക്കുന്നു. എന്തെങ്കിലും വിവരങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ രൂപരേഖയുടെ നിർമ്മാണം വികസന പ്രവർത്തനങ്ങളുടെ തുടക്കം മാത്രമാണ്. ഇനിയുള്ള വികസന പ്രവർത്തനങ്ങൾ എല്ലാ തുറയിലുമുള്ള ജനങ്ങളുടേയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് നിർത്തട്ടെ.

ജനകീയാസൂത്രണസമിതി

വിളവൂർക്കൽ പഞ്ചായത്ത്

| പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ (1996-97) | | | | | പഞ്ചായത്തിന്റെ ഒരു വർഷത്തെ ചിലവ് | | |
|---|---|---|---|---|---|---|---|
| ക്രമ നം: | ഇനം | തുക രൂപ | പൈ | ക്രമ നം: | ഇനം | തുക രൂപ | പൈ |
| 1. | കെട്ടിടനികുതി | 158020 | 00 | 1. | അലവൻസ് കമ്മിറ്റി | 150000 | 00 |
| 2. | തൊഴിൽ നികുതി | 47250 | 00 | 2. | ശമ്പളം(ജീവനക്കാർ) | 750000 | 00 |
| 3. | ഡി&ഒ. ലൈസൻസ് | 7500 | 00 | 3. | കറന്റ് | 75000 | 00 |
| 4. | പി.എഫ്.എ. | 840 | 00 | 4. | ടെലിഫോൺ | 12000 | 00 |
| 5. | കുത്തകപാട്ടം | 5000 | 00 | 5. | തപാൽ | 10000 | 00 |
| 6. | വിനോദനികുതി | 10000 | 00 | 6. | നിയമസംബന്ധമായത് | 10000 | 00 |
| 7. | അധികവിനോദനികുതി | 6000 | 00 | 7. | തെരഞ്ഞെടുപ്പ് | 10000 | 00 |
| 8. | കാഴ്ചനികുതി | 1000 | 00 | 8. | അച്ചടി | 25000 | 00 |
| 9. | സർചാർജ് | 250 | 00 | 9. | വള്ളം വാടക | 3000 | 00 |
| 10. | കെട്ടിട ലൈസൻസ് | 20000 | 00 | 10. | കേരളോത്സവം | 10000 | 00 |
| 11. | ലേലം | 1000 | 00 | 11. | സ്കൂൾ അവാർഡ് യൂണിഫോം | 15000 | 00 |
| 12. | ചന്ത | 3000 | 00 | | | | |
| 13. | ഫാറവില | 500 | 00 | | | | |
| 14. | ലൈബ്രറി സെസ്സ് | 7901 | 00 | | | | |
| 15. | എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 141467 | 00 | | | | |
| 16. | വി.റ്റി.സി | 486815 | 00 | | | | |
| 17. | എംപ്ലോയ്മെന്റ് പ്രോഗ്രാം | 200000 | 00 | | | | |
| 18. | ഡ്യൂട്ടി 75% | 102507 | 00 | | | | |
| 19. | വി.ആർ. എം ഗ്രാന്റ് | 56065 | 00 | | | | |
| 20. | മൈനർ ഇറിഗേഷൻ | 7880 | 00 | | | | |
| 21. | ഉപാധിരഹിതഫണ്ട് | 1017000 | 00 | | | | |
| | ആകെ | 22,79,995 | 00 | | ആകെ | 10,70,000 | 00 |

N:B: പഞ്ചായത്തിന്റെ തനതു വരുമാനമായി 3ലക്ഷം രൂപ ലഭിക്കുമ്പോൾ ഇത്രയും തുക ചിലവാക്കേണ്ടിവരുന്നു.

ഗ്രാമസഭകളിൽ നിന്നുരിത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളുടെ മുൻഗണനാക്രമം ഗ്രാമസഭകളിൽ വച്ചു തന്നെ നിർദ്ദേശിക്കുകയുണ്ടായി. നിർദ്ദേശിക്കപ്പെട്ട മുൻഗണനാക്രമം വാർഡടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

### വാർഡ്-1

1. കുടിവെള്ളം, ആരോഗ്യം, പരിസര ശുചിത്വം
2. ഗതാഗതവും, ഊർജ്ജവും
3. കൃഷി, ജലസേചനം
4. ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം
5. വ്യവസായം
6. സംസ്കാരം
7. വിദ്യാഭ്യാസം
8. സഹകരണം
9. മൃഗസംരക്ഷണം
10. ഹരിജനക്ഷേമം
11. വനിത
12. വിഭവ സമാഹരണം

### വാർഡ് 2

1. കൃഷി, ജലസേചനം
2. ഗതാഗതവും ഊർജ്ജവും
3. ഭവന നിർമ്മാണം, സമൂഹ്യക്ഷേമം
4. വ്യവസായം
5. വിദ്യാഭ്യാസം
6. മൃഗസംരക്ഷണം, മത്സ്യബന്ധനം
7. പട്ടികജാതി - പട്ടികവർഗ്ഗം
8. വനിത
9. സംസ്കാരം
10. ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം
11. സഹകരണം
12. വിഭവസമാഹരണം

### വാർഡ് 3

1. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
2. ഗതാഗതം, ഊർജ്ജം
3. ഭവന നിർമ്മാണം, ക്ഷേമ പ്രവർത്തനങ്ങൾ
4. കൃഷി, ജലസേചനം
5. വ്യവസായം
6. വനിത
7. വിദ്യാഭ്യാസം
8. സംസ്കാരം
9. സഹകരണം
10. പട്ടികജാതി - പട്ടികവർഗ്ഗം
11. മൃഗപരിപാലനം, മത്സ്യബന്ധനം
12. വിഭവസമാഹരണം.

### വാർഡ് 4

1. ഗതാഗതം, ഊർജ്ജം
2. സംസ്കാരം
3. കൃഷി, ജലസേചനം
4. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനം
5. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
6. വ്യവസായം
7. മൃഗപരിപാലനം, മത്സ്യബന്ധനം
8. വിദ്യാഭ്യാസം
9. സഹകരണം
10. വനിത
11. പട്ടികജാതി - പട്ടികവർഗ്ഗം
12. വിഭവ സമാഹരണം

### വാർഡ് 5

1. ഗതാഗതം, ഊർജ്ജം
2. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
3. വിദ്യാഭ്യാസം
4. വനിത
5. കൃഷി, ജലസേചനം
6. വ്യവസായം
7. ഭവന നിർമ്മാണം, സമൂഹ്യക്ഷേമം
8. മൃഗസംരക്ഷണം, മത്സ്യബന്ധനം
9. സഹകരണമേഖല
10. വിഭവ സമാഹരണം,
11. പട്ടികജാതി - പട്ടികവർഗ്ഗം
12. സംസ്കാരം

### വാർഡ് 6

1. ഗതാഗതം, ഊർജ്ജം
2. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്യം
3. വ്യവസായം
4. വിദ്യാഭ്യാസം
5. സഹകരണമേഖല
6. സംസ്കാരം
7. ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം
8. കൃഷി, ജലസേചനം
9. വനിത
10. മൃഗസംരക്ഷണം, മത്സ്യബന്ധനം
11. പട്ടികജാതി - പട്ടികവർഗ്ഗം
12. വിഭവസമാഹരണം

## വാർഡ് 7

1. ഗതാഗതം, ഊർജ്ജം
2. കൃഷി, ജലസേചനം
3. വിദ്യാഭ്യാസം
4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
5. വ്യവസായം
6. സഹകരണം
7. വനിത
8. സംസ്കാരം
9. പട്ടികജാതി - പട്ടികവർഗ്ഗം
10. മൃഗസംരക്ഷണം, മത്സ്യബന്ധനം
11. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
12. വിഭവ സമാഹരണം

## വാർഡ് 8

1. ഗതാഗതം, ഊർജ്ജം
2. വ്യവസായം
3. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
4. വിദ്യാഭ്യാസം
5. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
6. കൃഷി, ജലസേചനം
7. വനിത
8. മൃഗസംരക്ഷണം, മത്സ്യബന്ധനം
9. പട്ടികജാതി - പട്ടികവർഗ്ഗം
10. സംസ്കാരം
11. സഹകരണമേഖല
12. വിഭവ സമാഹരണം

## വാർഡ് 9

1. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
2. പട്ടികജാതി - പട്ടികവർഗ്ഗം
3. കൃഷി, ജലസേചനം
4. ഗതാഗതം, ഊർജ്ജം
5. വിദ്യാഭ്യാസം
6. വ്യവസായം
7. ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
8. സഹകരണം
9. വനിത
10. സംസ്കാരം
11. മൃഗസംരക്ഷണം, മത്സ്യബന്ധനം
12. വിഭവ സമാഹരണം

## വാർഡ് 10

1. ഗതാഗതം, ഊർജ്ജം
2. കൃഷി, ജലസേചനം
3. വ്യവസായം
4. സംസ്കാരം
5. ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
6. വിദ്യാഭ്യാസം
7. മൃഗസംരക്ഷണം, മത്സ്യബന്ധനം
8. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം
9. വനിത
10. സഹകരണം
11. ആരോഗ്യം, കുടിവെള്ളം
12. വിഭവ സഹകരണം

## വിളവൂർക്കൽ പഞ്ചായത്താഫീസ് — നിലവിലുള്ള ജീവനക്കാർ

1. ശൈലജാദേവി കെ. — (സെക്രട്ടറി)
2. കെ. കൃഷ്ണൻകുട്ടി — ഹെഡ്ക്ലാർക്ക്
3. വിക്ടർ രാജ് ഡി. — UDC
4. ശ്രീകല എം. ബി. — UDC
5. അഗസ്ററിൻ ജെ. — LDC
6. യശോധരൻ കെ. — LDC
7. ഇന്ദിര റ്റി. — പ്യൂൺ
8. സരസു സി. — പ്യൂൺ
9. തങ്കപ്പൻ — പാർടൈം ഫെറിമാൻ
10. വിജയൻ — പാർടൈം സ്വീപ്പർ